# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലക്കാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: mlpkd.ksad@kerala.gov.in

ഫോൺ : 0491-2534024

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.എം.എ3-351/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/12/2023
ഇ-മെയിൽ: mlpkd.ksad@kerala.gov.in
ഫോൺ: 0491-2534024

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പാലക്കാട് മുനിസിപ്പാലിറ്റി

സർ,

**വിഷയം : പാലക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-11, 1-12-1 to 1-12-13, 3-1, 3-2, 3-3, 3-4 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (അർബൻ), തിരുവനന്തപുരം (ഉപരിപത്രം സഹിതം)
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട് (ഉപരിപത്രം സഹിതം)
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.പി.കെ.എം.എ3-351/2023 തീയ്യതി: 29/12/2023

## പാലക്കാട് ജില്ലയിലെ പാലക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പാലക്കാട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2023 മുതൽ 30-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 85 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു.പി.ജി. | ഡെപ്യൂട്ടി ഡയറക്ടർ | 26-06-2023 | 20-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-06-2023 | 20-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.രമാദേവി.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.രാജൻ.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.പ്രദീഷ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഫസീല.കെ.എ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.സുനിത.ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രിയ അജയൻ | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.ജയകുമാർ.ഡി | സെക്രട്ടറി | 01-04-2022 | 12-09-2022 |
| ശ്രീ.അനിതാദേവി.എ.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-09-2022 | 12-01-2023 |
| ശ്രീ.അജേഷ്.ടി.ജി | സെക്രട്ടറി | 13-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.സി.സുബ്രഹ്മണ്യൻ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 21-07-2022 |
| ശ്രീ.അരുൺ.ജെ.രഞ്ജ് | മുനിസിപ്പൽ എഞ്ചിനീയർ | 22-07-2022 | 31-03-2023 |
| ശ്രീമതി.ആഭമോൾ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻ ചാർജ്) | 01-04-2022 | 31-01-2023 |
| ശ്രീ.സന്തോഷ് കുമാർ.കെ.വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-02-2023 | 31-03-2023 |
| ശ്രീ.മനോജ് കുമാർ.സി | ഹെൽത്ത് സൂപ്പർവൈസര് | 01-04-2022 | 31-03-2023 |
| ശ്രീമതി.നദീറ | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2022 | 31-03-2023 |
| ശ്രീമതി.വനജ.ടി.കെ | ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സിമി.കെ.ഇ | എസ്.സി.ഡി.ഒ | 01-04-2022 | 31-03-2023 |
| ഡോ.രോഹിണി | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പുഷ്കല | പ്രിൻസിപ്പൽ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഉഷാദേവി | ICDS സൂപ്പർവൈസർ | 01-04-2022 | 07-07-2022 |
| ശ്രീമതി.പ്രീത | ICDS സൂപ്പർവൈസർ | 08-07-2022 | 07-01-2023 |
| ശ്രീമതി.പ്രമീള.എ | ICDS സൂപ്പർവൈസർ | 08-01-2023 | 16-01-2023 |
| ശ്രീമതി.ബേബി.കെ.കോലത്ത് | ICDS സൂപ്പർവൈസർ | 17-01-2023 | 31-03-2023 |
| ശ്രീ.കൃഷ്ണൻ | കൃഷി ഫീൽഡ് ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.കതിരേശൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല | 1-1-1 |
| 3 | കാഷ് ബുക്കിലെ മുന്നിരിപ്പ്, നീക്കിയിരുപ്പ് എന്നിവ കൃത്യമല്ല | 1-1-2 |
| 4 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-3 |
| 5 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല | 1-1-5 |
| 7 | തനത് ഫണ്ട് ചെലവുകളുടെ അക്കൗണ്ടിംഗിന്റെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല | 1-1-6 |
| 8 | പ്രതിമാസ ബാങ്ക് റീകൺസിലീയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-7 |
| 9 | Bank Reconciliation Statement-ൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-8 |
| 10 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്യുന്ന തുകകൾ രസീത് നൽകി കണക്കിലെടുത്തില്ല | 1-1-9 |
| 11 | റീകൺസിലിയേഷൻ പത്രികകൾ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-11 |
| 13 | ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല | 1-1-12 |
| 14 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-14 |
| 16 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-15 |
| 17 | ജേണൽ വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനക്കായി ലഭ്യമാക്കിയില്ല | 1-1-16 |
| 18 | കുടിശ്ശിക തുകയുടെ കാലപ്പഴക്കത്തിന് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-17 |
| 19 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയില്ല – വർക്ക് ഷീറ്റ് സൂക്ഷിച്ചിട്ടില്ല | 1-1-18 |
| 20 | സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ആയി നല്കിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഫണ്ട് വിനിയോഗം | 1-4 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | ക്ഷേമ പെൻഷനുകൾ | 1-7 |
| 27 | ക്യാഷ് പരിശോധന | 1-8 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 30 | മാധവരാജ ക്ലബിന്റെ കെട്ടിട നിർമ്മാണം ക്രമവൽക്കരണം - ഗുരുതരമായ ക്രമക്കേടുകൾ | 1-11 |
| 31 | ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിൽ ഗുരുതരമായ ക്രമക്കേടുകളിന്മേൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ് - ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 1-12 |
| 32 | പെർമിറ്റ് ഫീസ് അടവാക്കുന്നതിന് മുമ്പ് തന്നെ ഫീസ് അടവാക്കിയതായി തെറ്റായി ഫയലിൽ രേഖപ്പെടുത്തി പെർമിറ്റ് നൽകി | 1-12-1 |

| | | |
|---|---|---|
| 33 | ചട്ടപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ ഇല്ലാതെയും അപേക്ഷ ഫീസും പെർമിറ്റ് ഫീസും അടവാക്കുന്നതിനു മുമ്പേയും പെർമിറ്റ് അനുവദിച്ചു | 1-12-2 |
| 34 | പെർമിറ്റ് ഫീസ് അടവാക്കുന്നതിന് ഒരുമാസം മുമ്പേ ഫീസ് അടച്ചതായി ഫയലിൽ രേഖപ്പെടുത്തി പെർമിറ്റ് നൽകി | 1-12-3 |
| 35 | 14-03-2023 ന് നൽകിയ ബിൽഡിംഗ് പെർമിറ്റ് അപേക്ഷ 28-02-2023 ന് വിരമിച്ച ഉദ്യോഗസ്ഥ അംഗീകരിച്ചു | 1-12-4 |
| 36 | കോമ്പൗണ്ടിംഗ് ഫീസ് അടവാക്കുന്നതിന് രണ്ട് മാസം മുമ്പ് തന്നെ കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് നൽകി | 1-12-5 |
| 37 | കോമ്പൗണ്ടിംഗ് ഫീസ് അടവാക്കുന്നതിന് രണ്ട് മാസം മുമ്പ് തന്നെ കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് വസ്തുനികുതി നിർണ്ണയിച്ചു | 1-12-6 |
| 38 | ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ സമർപ്പിച്ച തിയതിക്ക് മുമ്പേ തന്നെ ബിൽഡിംഗ് പെർമിറ്റ് നൽകി | 1-12-7 |
| 39 | അപേക്ഷ നൽകുന്നതിന് മുമ്പ് തന്നെ കെട്ടിടം ക്രമവൽക്കരിച്ച് നൽകി | 1-12-8 |
| 40 | IBPMS മുഖേന മടക്കിയ അപേക്ഷ നേരിട്ട് സ്വീകരിച്ച് പരിശോധന നടത്താതെ പെർമിറ്റ് നൽകി | 1-12-9 |
| 41 | ഫീസ് അടവാക്കുന്നതിനും മുമ്പ് തന്നെ Name Transfer, ഒക്യുപെൻസി സർട്ടിഫിക്കറ്റ് എന്നിവ അനുവദിച്ചു | 1-12-10 |
| 42 | മതിയായ രേഖകളില്ലാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു | 1-12-11 |
| 43 | ഫീസ് അടവാക്കുന്നതിന് മുമ്പേ പെർമിറ്റ്/ക്രമവൽക്കരണം അനുവദിച്ചു | 1-12-12 |
| 44 | പെർമിറ്റുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ | 1-12-13 |
| 45 | പെർമിറ്റ് ഫീസ് അടവാക്കുന്നതിന് മുമ്പും അനുമതി പത്രങ്ങൾ ഇല്ലാതെയും ബിൽഡിംഗ് പെർമിറ്റ് നൽകി | 1-12-14 |
| 46 | ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനായുള്ള IBPMS സോഫ്റ്റ്‌വെയറിൽ മുഴുവൻ വിവരങ്ങളും ലഭ്യമല്ല | 1-13 |
| 47 | വസ്തുനികുതി ഇളവ് (വേക്കൻസി റെമിഷൻ) അനുവദിച്ചതിലെ അപാകങ്ങൾ | 1-14 |
| 48 | നഗരസഭ ലൈസൻസ് നൽകിയ സ്ഥാപനങ്ങൾക്കും വേക്കൻസി റെമിഷൻ അനുവദിച്ചു | 1-14-1 |
| 49 | വേക്കൻസി റെമിഷൻ നൽകിയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റിസിൽ തെറ്റായി രേഖപ്പെടുത്തി | 1-14-2 |
| 50 | തൊഴിൽ നികുതി - പിരിവ് ഊർജ്ജിതമാക്കേണ്ടതാണ് | 1-15 |
| 51 | ഫ്രണ്ട് ഓഫീസ് കളക്ഷൻ പരിശോധന- പരിശോധനയ്ക്ക് ഹാജരാക്കിയതിൽ രശീത് പ്രിന്റിംഗിനുള്ള സാംഖ്യ സ്റ്റേഷനറികൾ രണ്ടെണ്ണം കുറവ് | 1-16 |
| 52 | സിനിമാ തിയേറ്ററുകളുടെ വിനോദനികുതി പിരിവ്-അപാകങ്ങൾ | 1-17 |
| 53 | ചിൽഡ്രൻസ് പാർക്ക് -ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ് | 1-18 |
| 54 | തറവാടകയിനത്തിൽ നഷ്ടം | 1-19 |
| 55 | തറവാടക പിരിവ്- ഫയലുകൾ ഹാജരാക്കിയില്ല | 1-19-1 |
| 56 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക- അപാകങ്ങൾ | 1-20 |
| 57 | ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡിൽ നിന്നും 23,16,384 രൂപ വാർഷിക വാടക ഈടാക്കിയിട്ടില്ല | 1-21 |
| 58 | ഒരേ ചെലവിന് രണ്ടു തവണ തുക നൽകി | 1-22 |
| 59 | പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക – ആംനസ്റ്റി സ്കീം പ്രയോജനപ്പെടുത്തണം | 1-23 |
| 60 | വർദ്ധിച്ചു വരുന്ന വെള്ളക്കരം കുടിശ്ശിക - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-24 |
| 61 | VEELS – വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-25 |
| 62 | ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്ക്രാപ്പേജ് പോളിസി പ്രയോജനപ്പെടുത്തിയില്ല | 1-26 |
| 63 | വാഹന പരിപാലനം | 1-27 |
| 64 | ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്യേണ്ടതാണ് | 1-27-1 |

| | | |
|---|---|---|
| 65 | വളർത്തുനായകൾക്ക് ടോക്കൺ ഘടിപ്പിച്ച ബെൽറ്റ് - വാങ്ങൽ നടത്തിയതിലെ അപാകങ്ങൾ | 1-28 |
| 66 | ജി.എസ്.ടി.ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-29 |
| 67 | നഗരത്തിലെ ഉത്സവങ്ങൾക്കുള്ള പ്രത്യേക ശുചീകരണം -അംശദായം വാങ്ങിയിട്ടില്ല | 1-30 |
| 68 | ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തൊഴിലാളികൾക്ക് വേതനം -വേതന ബിൽ ഇല്ല | 1-31 |
| 69 | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ ബയോബിന്നുകൾ വാങ്ങി | 1-32 |
| 70 | ഹരിതകർമ്മ സേനയ്ക്ക് സുരക്ഷാ സാമഗ്രികൾ വാങ്ങൽ-GeM മുഖേന പർച്ചേസ് നടത്തിയിട്ടില്ല | 1-33 |
| 71 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം- അപാകങ്ങൾ | 1-34 |
| 72 | മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - ക്യൂ ആർ കോഡ് പതിപ്പിക്കൽ -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-35 |
| 73 | ശുചീകരണ വാഹനങ്ങളിലെ ജി.പി.എസ് ട്രാക്കിംഗ് സംവിധാനം- മറ്റു വാഹനങ്ങളിലേക്ക് മാറ്റി ഘടിപ്പിക്കേണ്ടതാണ് | 1-36 |
| 74 | മാലിന്യ നിർമാർജ്ജന വാഹനങ്ങളുടെ പരിപാലനവും ഇന്ധന ചെലവും-പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 1-37 |
| 75 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-38 |
| 76 | എസ്.സി.ഡി.ഒ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ | 1-39 |
| 77 | വീട് വാസയോഗ്യമാക്കൽ - വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ രണ്ടാം ഗഡു അനുവദിച്ചു | 1-39-1 |
| 78 | വീട് വാസയോഗ്യമാക്കൽ - കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കേണ്ടതാണ് | 1-39-2 |
| 79 | കോക്ലിയർ ഇംപ്ലാന്റേഷൻ - രേഖകൾ ഹാജരാക്കണം | 1-40 |
| 80 | അങ്കണവാടികൾക്ക് പ്രഷർകുക്കർ വാങ്ങൽ–പ്രൊക്യുർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല | 1-41 |
| 81 | വീട് വാസയോഗ്യമാക്കൽ -മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ ഹാജരാക്കണം | 1-42 |
| 82 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്–ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണം | 1-43 |
| 83 | അങ്കണവാടികൾക്ക് പോഷകാഹാരം - ജി എസ് ടി -ടി ഡി എസ് കിഴിവ് നടത്തിയിട്ടില്ല | 1-44 |
| 84 | കാലിത്തീറ്റ വാങ്ങൽ - അധിക ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തിയില്ല | 1-45 |
| 85 | ലെഗസി വേസ്റ്റ് പദ്ധതി - ബയോ റെമഡിയേഷൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-46 |
| 86 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - Phase I - പദ്ധതി രൂപീകരണം നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-47 |
| 87 | ധനവിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതിഫണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു - 84,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-48 |
| 88 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-49 |
| 89 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-50 |
| 90 | സ്ട്രീറ്റ് ലൈറ്റ് എ എം സി.ചെലവു രേഖകൾ ലഭ്യമായില്ല 3826501/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-51 |
| 91 | കരാർ ചമക്കുന്നതിലെ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല | 1-51-1 |
| 92 | എഗ്രിമെന്റ് വെക്കുന്നതിലും, പ്രവർത്തി പൂർത്തീകരണത്തിലും കാലതാമസം ഫൈൻ ഈടാക്കിയില്ല | 1-52 |
| 93 | കരാറുകാരൻ സ്റ്റാംപ് പേപ്പർ വാങ്ങുന്നതിനു മുൻപുള്ള തിയതിയിൽ എഗ്രിമെന്റ് വെച്ചതിൽ ക്രമക്കേട്-വിശദീകരണം ആവശ്യപ്പെടുന്നു | 1-53 |
| 94 | പട്ടിക്കര ഷൺമുഖ സ്ട്രീറ്റ്, കർണകിയമ്മൻ കോവിൽ സ്ട്രീറ്റ് റോഡ് മെയിന്റനൻസ് & റിപ്പെയർ – വാർഡ് നമ്പർ 42-പ്രവൃത്തിയിലെ അപാകതകൾ | 1-54 |
| 95 | മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 1-55 |

| | | |
|---|---|---|
| 96 | കള്ളിക്കാട് കാപ്പുകളം മഹാത്മാഗാന്ധി നഗർ PVR നഗർ ഗ്രാമം റോഡ് മെയിന്റനൻസ് & ഡ്രൈനേജ് റിപ്പെയർ – വാർഡ് 47—പ്രവൃത്തിയിലെ അപാകതകൾ | 1-56 |
| 97 | പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു അവലോകനം | 1-57 |
| 98 | ശ്മശാനം പ്രവർത്തന സജ്ജമാക്കേണ്ടതാണ് | 1-58 |
| 99 | കല്പാത്തി പുഴയിലെ കടവുകൾ, നടപ്പാലം നിർമ്മാണം - നിലവിലെ സ്ഥിതി ലഭ്യമാക്കേണ്ടതാണ് | 1-59 |
| 100 | ആസൂത്രണത്തിലെ വീഴ്ച - 250 ലക്ഷത്തിന്റെ പദ്ധതി നടപ്പിലായില്ല | 1-60 |
| 101 | അമൃത് പദ്ധതി- അവലോകനം | 1-61 |
| 102 | ഹെൽത്ത് ഗ്രാന്റ് ആയി ലഭിച്ച 6.64 കോടി രൂപ ചെലവഴിച്ചില്ല | 1-62 |
| 103 | IHSDP പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റുകൾ മുഴുവനും കൈമാറിയിട്ടില്ല | 1-63 |
| 104 | PMAY ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-64 |
| 105 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതാണ് | 1-65 |
| 106 | നഗരത്തിലെ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കൽ - രണ്ട് പ്രൊജക്ടുകളും ഫലവത്തായില്ല | 1-66 |
| 107 | ട്രാഫിക് സിഗ്നലുകളും ക്യാമറകളും സ്ഥാപിക്കൽ– 10 വർഷം കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-66-1 |
| 108 | കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കൽ– പദ്ധതി പൂർത്തിയായിട്ടില്ല | 1-66-2 |
| 109 | കണ്ടിജന്റ് പെൻഷനേഴ്സ് / കുടുംബ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിച്ചിട്ടില്ല | 1-67 |
| 110 | സ്ഥിരം കണ്ടിജന്റ് ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി -അവലോകനം | 1-68 |
| 111 | സോളാർ പ്ലാന്റ് - മീറ്റർ റീഡിംഗ് നിരീക്ഷിക്കേണ്ടതാണ് | 1-69 |
| 112 | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ – വാർഷിക പദ്ധതി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കുന്നില്ല | 1-70 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഒരേ ചെലവിന് രണ്ടു തവണ തുക നൽകി | 3-1 |
| 2 | ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - അപാകതകൾ | 3-2 |
| 3 | മാലിന്യനിർമ്മാർജന വാഹനങ്ങളുടെ പരിപാലനവും ഇന്ധനചെലവും-പദ്ധതി നിർവഹണത്തിലെ അപാകതകൾ | 3-3 |
| 4 | ബയോബിൻ വാങ്ങൽ - അപാകങ്ങൾ | 3-4 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാടക കുടിശ്ശിക വിവരങ്ങൾ |
| 4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 5 | വാർഷികകണക്കുകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പാലക്കാട് മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട് എന്നിവയും 31-03-2023 തിയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 06-07-2023 തിയതിയിലെ 1-ാം നം തീരുമാനം പ്രകാരം അംഗീകരിച്ച് 07-07-2023 തിയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരഭരണസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
2. സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികയിൻമേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പാലക്കാട് മുനിസിപ്പാലിറ്റിയുടെ** 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടേയും 31-03-2023 ലെ സാമ്പത്തിക നിലയുടേയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: 29-12-2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 5, 6 എന്നിവ പ്രകാരം ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സെക്രട്ടറി/അക്കൌണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനം ദിനം പ്രിന്റെടുത്ത് സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

നഗരസഭയിലെ തനത് ഫണ്ടുകളുടെ ചെലവുകൾ കൈകൊണ്ടെഴുതുന്ന കാഷ് ബുക്കിലാണ് രേഖപ്പെടുത്തുന്നത്. ഇതിൽ വരവുകൾ രേഖപ്പെടുത്തുന്നില്ല. ഈ കാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തുന്ന തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകളുടെയും സാംഖ്യ പ്രകാരമുള്ള ബാങ്ക് ബുക്കുകളിലേയും മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

### 1-1-2 കാഷ് ബുക്കിലെ മുന്നിരിപ്പ്, നീക്കിയിരുപ്പ് എന്നിവ കൃത്യമല്ല

സാംഖ്യയിലുള്ള കാഷ് ബുക്ക് പ്രകാരം വർഷാരംഭത്തിലെ (01-04-2022) മുന്നിരിപ്പ് ആയി 33,30,492 രൂപയാണ് ചേർത്തിരിക്കുന്നത്. എന്നാൽ 31-03-2022 ലെ ഡെയിലി കൗണ്ടർ കളക്ഷൻ 42,34,689 രൂപ അന്ന് തന്നെ ബാങ്കിലടവാക്കിയിട്ടില്ലാത്തതാണ്. യഥാർത്ഥ കൈയ്യിലിരുപ്പ് തുകയിലും കുറവ് തുക കാഷ് മുന്നിരുപ്പ് ആയി വാർഷികക്കണക്കിൽ ചേർത്തിരിക്കുന്നു.

വർഷാന്ത്യത്തിലെ (31-03-2023) ലെ കൗണ്ടർ കളക്ഷൻ 26,43,152 രൂപയാണ്. ഈ തുക 31-03-2023 ന് ബാങ്കിൽ അടവാക്കിയിട്ടില്ല. എന്നാൽ സാംഖ്യയിലുള്ള കാഷ് ബുക്ക് പ്രകാരം നീക്കിയിരുപ്പ് 17,38,941 രൂപ മാത്രമാണ്. യഥാർത്ഥ കൈയ്യിലിരുപ്പ് തുകയിലും കുറവ് തുക കാഷ് നീക്കിയിരുപ്പായി വാർഷികക്കണക്കിൽ ചേർത്തിരിക്കുന്നു.
വരവു തുകകൾ യഥാസമയം ബാങ്കിലടവാക്കുന്നുണ്ടെങ്കിലും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയിൽ നടത്തേണ്ട കോൺട്രാ എൻട്രികൾ കൃത്യമായി നടത്താത്തതിനാലാണ് മേൽ അപാകം ഉണ്ടായിട്ടുള്ളത്.

### 1-1-3 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

2022-23 വർഷം ഡെപ്പോസിറ്റ് ആയി കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവക്ക് നൽകിയ തുകകൾ Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-4 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

പൊതുടാപ്പുകളുടെ വെള്ളക്കരം ആയി 6,63,55,763 രൂപയുടെ കുടിശ്ശിക ആംനെസ്റ്റി സ്കീം പ്രകാരം 3,71,21,118 രൂപയായി പുനർ നിർണ്ണയിച്ചിട്ടുണ്ടെന്ന് 28-10-2022 ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. എന്നാൽ വെള്ളക്കര ഇനത്തിലുള്ള ബാധ്യതയുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-5 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല

ബാലൻസ് ഷീറ്റിൽ B-11 ഷെഡ്യൂളിൽ ഇൻവെസ്റ്റ്മെന്റ് - ഇക്യുറ്റി ഷെയർ ആയി 70,00,000 രൂപയും B-13 ഷെഡ്യൂളിൽ സ്ഥിരനിക്ഷേപമായി 7,99,99,999 രൂപയും ചേർത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

### 1-1-6 തനത് ഫണ്ട് ചെലവുകളുടെ അക്കൗണ്ടിംഗിന്റെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല

തനത് ഫണ്ടിൽ നിന്നുമുള്ള ചെലവുകൾ മാന്വലായി തയ്യാറാക്കുന്ന വൗച്ചറുകൾ ഉപയോഗിച്ച് നടത്തുകയും മാന്വലായി സൂക്ഷിക്കുന്ന കാഷ് ബുക്കിൽ രേഖപ്പെടുത്തുകയും പിന്നീട് ഈ ചെലവുകൾ അക്കൗണ്ടിംഗ്

സോഫ്റ്റ്‌വെയറായ സാംഖ്യയിലേക്ക് ചേർക്കുകയുമാണ് നിലവിൽ ചെയ്തുവരുന്നത്. സാംഖ്യയിൽ നിന്നുള്ള പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിക്കാത്തതിനാൽ ചെലവ് നടത്തിയ എല്ലാ വൗച്ചറുകളും അതാത് ശീർഷകത്തിൽ കൃത്യമായി അക്കൗണ്ട് ചെയ്യുന്നുണ്ടോയെന്നും എല്ലാ ചെലവുകളും അക്കൗണ്ട് ചെയ്തിട്ടുണ്ടോയെന്നും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

**1-1-7 പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല**

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടേയും പ്രതിമാസ റീകൺസലിയേഷൻ നടത്തുന്നില്ല.

**1-1-8 Bank Reconciliation Statement-ൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല**

വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ Directly Debited By Bank എന്ന ഇനത്തിൽ വൻ തുകകൾ ചേർത്തിരിക്കുന്നു. ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ ചെലവ് നടത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഈ തുകകൾ ക്രമീകരിച്ചിട്ടില്ല.

**1-1-9 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്യുന്ന തുകകൾ രസീത് നൽകി കണക്കിലെടുത്തില്ല**

ഓൺലൈനായി നഗരസഭയിൽ ലഭിക്കുന്ന തുകകൾ അതാത് ശീർഷകങ്ങളിൽ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല. ബിൽഡിംഗ് പെർമിറ്റ് ഇനത്തിൽ 2022-23 വർഷം ഓൺലൈനായി എത്ര തുക ലഭിച്ചു എന്ന വിവരം നഗരസഭയിൽ ലഭ്യമല്ല.

**1-1-10 റീകൺസിലിയേഷൻ പത്രികകൾ പൊരുത്തപ്പെടുന്നില്ല**

താഴെപ്പറയുന്ന അക്കൗണ്ടുകളുടെ വർഷാന്ത്യ (31-03-2023) റീകൺസിലിയേഷൻ പത്രികകൾ പൊരുത്തപ്പെടുന്നില്ല.

| Account No | Closing Balance As Per Bank Book | Add (Cheque Issued But Not Presented/ Directly Credited By Bank) | Less (Cheques Deposited But Not Collected/ Directly Debited By Bank) | Total Arrived In Statement | Closing Balance As Per Bank Statement | Difference |
|---|---|---|---|---|---|---|
| SBI 5747 | 748244 | 0 | 728377 | 19867 | 748244 | 728377 |
| BRGF | 36981 | 247 | 0 | 37228 | 36981 | -247 |
| Canara NULM | 0 | 2642187 | 4163458 | - 1521271 | 0 | 1521271 |
| Canara Own Fund | 50046123 | 36868577 | 25895965 | 61018835 | 51095654 | -9923181 |
| HDFC Ayyankali | 37698 | 0 | 50,00,000 | -49,62,302 | 37,698 | 5000000 |
| Indian Bank Amrut | 11000 | 9376 | 1334538 | - 1314162 | 0 | 1314162 |
| KGB | 96414858 | 40543421 | 16803224 | 120155055 | 100883653 | -19271402 |
| SBI Own Fund | 15337404.85 | 10981022.52 | 30533719.1 | -4215291.73 | 7714714.27 | 11930006 |
| SIB Prof Tax | 929176 | 0 | 11427 | 917749 | 929176 | 11427 |

| | | | | | | |
|---|---|---|---|---|---|---|
| ICICI Swach Bharat | 2263450 | 500400 | 166250 | 2597600 | 2263850 | -333750 |
| TSB Own Fund | 465206 | 25283233 | 24865199 | 883240 | 1 | -883239 |
| SBI (Old SBT) Own Fund | 23491750 | 1987521.20 | 15554347.37 | 9924923.83 | 24972442.83 | 15047519 |
| Indian Bank Road Restoration | 31032917 | 197385 | 1182420 | 30047882 | 31032917 | 985035 |
| PNB Amrut | 1800000 | 694287 | 694287 | 1800000 | 0 | -1800000 |
| HDFC CFC | 27895086 | 8248276 | 50170171 | -14026809 | 27895086 | 41921895 |

**1-1-11 നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല**

ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് നൽകി 3 മാസം കഴിഞ്ഞിട്ടും പണമാക്കാത്ത നിരവധി ചെക്കുകൾ കാണുന്നു. ആയത് Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്.

**1-1-12 ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല**

താഴെപ്പറയുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1. വസ്തുനികുതി
2. ലൈസൻസ് ഫീസ്
3. ബിൽഡിംഗ് പെർമിറ്റ്

**1-1-13 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല**

താഴെപ്പറയുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിലെ തുകകളും വാർഷികക്കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

എ) തൊഴിൽ നികുതി - ട്രേഡേഴ്സ്

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 7599450 | 5475730 | 2123720 |
| വാർഷികക്കണക്ക് പ്രകാരം (*) | 8173870 | 7288720 | 693650 |

* : വാർഷികക്കണക്കിൽ നീക്കിയിരുപ്പ് തുക തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ബി) വാടക - തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 47360263 | 32066636 | 15293627 |
| വാർഷികക്കണക്ക് പ്രകാരം | 47293896 | 33483270 | 13814041 |

**1-1-14 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

എ) താഴെക്കാണിച്ചിട്ടുള്ള രജിസ്റ്ററുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

- Stock Register
- Deposit Register
- Loan Register

ബി) അഡ്വാൻസ് രജിസ്റ്ററും വാർഷികക്കണക്കിലെ ബന്ധപ്പെട്ട ശീർഷകത്തിലെ തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-15 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 15(2) പ്രകാരം താഴെ കാണിച്ച വരവിനങ്ങളുടെ ഡിമാന്റുകൾ വർഷാരംഭത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

| ഡിമാന്റ് ശീർഷകം | ഡിമാന്റ് തുക | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ നം |
|---|---|---|---|
| 110010100 - Property Tax (General) | 123,882,327 | 13/Jul/2022 | 42200104 |
| 110100100 - Profession Tax – Institutions / Professionals/Traders | 54,741,340 | 13/Jul/2022 | 42200102 |
| 130100800 - Rent From Shopping Complex | 47,293,896 | 13/Jul/2022 | 42200103 |
| 140110100- License Fees For Dangerous & Offensive Traders | 35,00,000 | 13/Jul/2022 | 42200108 |

**1-1-16 ജേണൽ വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനക്കായി ലഭ്യമാക്കിയില്ല**

Prior Period Items ആയി വാർഷികക്കണക്കിൽ രേഖപ്പെടുത്തിയ താഴെക്കാണിച്ചിട്ടുള്ള ഇനങ്ങളുടെ ജേണൽ വൗച്ചറുകളും അനുബന്ധ രേഖകളും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

Prior Period Income - Assigned Revenues And Compensation : (-) 4,305,377.00

Prior Period Income - Rent Form Lease Of Lands : (-) 489,865.00

Prior Period Income - Licence Fees : (-) 4,537,382.00

Prior Period Income - Other Income : (-) 238,512.00

Prior Period Expense - Remission & Refund - Other Fees : 94,931.00

Prior Period - Programme Expenses : (-) 16,051,126.00

**1-1-17 കുടിശ്ശിക തുകയുടെ കാലപ്പഴക്കത്തിന് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

വാർഷികക്കണക്കിൽ Provisions ആയി ചേർത്തിട്ടുള്ള തുകകൾ മുൻവർഷത്തേതു തന്നെയാണ്. തൻവർഷം Provisions രേഖപ്പെടുത്തിയിട്ടില്ല.

**1-1-18 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയില്ല – വർക്ക് ഷീറ്റ് സൂക്ഷിച്ചിട്ടില്ല**

തൻവർഷം ആസ്തികളുടെ തേയ്മാനം (Depreciation) കണക്കാക്കിയിട്ടില്ല. വാർഷികക്കണക്കിൽ Depreciation ആയി ചേർത്തിട്ടുള്ള തുകകൾ മുൻവർഷത്തേതു തന്നെയാണ്.

**1-1-19 സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ആയി നല്കിയ തുക ഉപയോഗിച്ച് ആസ്തികൾ**

**സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല**

വിവിധ ഗ്രാന്റുകളിൽ നിന്നും തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിനായി വിനിയോഗിച്ച തുക Capital Contribution എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ബി-3 ഷെഡ്യൂളിൽ Capital Contribution ഹെഡിൽ മുന്നിരിപ്പായി ഉള്ള 40,51,72,487 രൂപ തന്നെയാണ് ഉള്ളത്. 2022-23 വർഷം രേഖപ്പെടുത്തലുകൾ ഇല്ല.

## 1-2 ബജറ്റ്

നഗരസഭ കൗൺസിലിന്റെ 24.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 290,48,59,573 രൂപ വരവും 266,64,83,201 രൂപ ചെലവും 23,83,76,372 രൂപ നീക്കിയിരുപ്പുമുള്ള 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. മുൻബാക്കിയുൾപ്പെടെ 204,32,17,302 രൂപ വരവും 148,23,48,229 രൂപ ചെലവും 56,08,69,073 രൂപ നീക്കിയിരിപ്പും ഉള്ള പുതുക്കിയ ബജറ്റ് 24.03.2022 തിയതിയിലെ 1-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 405175445 |
| വരവ് | 912921291 |
| ആകെ | 1318096736 |
| ചെലവ് | 971631970 |
| നീക്കിയിരിപ്പ് | 346464766 |

## 1-4 ഫണ്ട് വിനിയോഗം

ACR പ്രകാരം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 62631532 | 62631532 | 56696086 | 5935446 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 50660666 | 50660666 | 23209645 | 27451021 |
| വികസന ഫണ്ട് – ടി.എസ്.പി | 0 | 104000 | 104000 | 0 | 104000 |
| മെയിന്റനൻസ്, റോഡ് | 0 | 97186000 | 97186000 | 70213770 | 26972230 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 46256000 | 46256000 | 7540768 | 38715232 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് | 0 | 29477393 | 29477393 | 30854416 | -1377023 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 96417112 | 96417112 | 73247418 | 23169694 |

| ഗ്രാന്റ് – ടൈഡ് | | | | |
|---|---|---|---|---|

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക് - ന്റെ ACR ൽ ഫണ്ട് വരവിലധികം ചെലവ് രേഖപ്പെടുത്തി.

റീകൺസിലിയേഷൻ കൃത്യമായി നടത്താത്തതിനാൽ തനത് ഫണ്ട്, വിവിധ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ വിവരങ്ങൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ചെലവ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

1) 2022-23 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വിവിധ ഫണ്ടിനങ്ങളിലെ ചെലവ് വിവരങ്ങൾ നഗരസഭയിലെ വിവിധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരമുള്ള ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 56696086 | 78211554 |
| വികസന ഫണ്ട്-എസ്.സി.പി | 23209645 | 23302979 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക് | 30854416 | 30820934 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് | 73247418 | 71837418 |

2) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്കും ഖണ്ഡിക 1-1-1 മുതൽ 1-1-19 വരെ പരാമർശിക്കുന്ന അപാകങ്ങൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|
| 489 | 625788836 | 304 | 273160701 | 185 | 62 |

**നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം**

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ (ഐ.കെ.എം ചെലവു പത്രിക പ്രകാരമുള്ളത്) താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 6 | 4 | 46525942 | 6231368 | 13.4 |
| പ്രിൻസിപ്പാൾ | 1 | 1 | 5500000 | 5500000 | 100 |
| പട്ടികജാതി വികസന | 7 | 7 | 23188000 | 12942448 | 55.8 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 380 | 212 | 374225747 | 157298308 | 42 |
| മുനിസിപ്പൽ എഞ്ചിനീയർ | 1 | 1 | 65000000 | 413000 | 0.6 |
| ഐ.ഇ.ഒ | 8 | 3 | 1620000 | 236900 | 14.6 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 2 | 2 | 4127972 | 4127972 | 100 |
| ഐ.സി. ഡി.എസ് സൂപ്പർ വൈസർ | 10 | 8 | 24194750 | 20168342 | 83.4 |
| പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ | 11 | 9 | 43199492 | 39606861 | 91.7 |
| കൃഷി ഫീൽഡ് ഓഫീസർ | 10 | 9 | 5443568 | 4190334 | 77 |
| സീനിയർ വെറ്ററിനറി സർജൻ | 5 | 5 | 3019000 | 1279800 | 42.4 |
| ഹെൽത്ത് സൂപ്പർവൈസർ | 48 | 43 | 29744365 | 21165368 | 71.2 |
| **ആകെ** | **489** | **304** | **625788836** | **273160701** | **43.7** |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് നൽകുന്നത് | ഭരണ ചെലവുകൾ | ആകെ | |
| 5109950 | 5172709 | 10282659 | 9523732 | 718335 | 10242067 | 40592 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കാഷ് ബുക്കും വാർഷികക്കണക്കും പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമ പെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2472000 | 220 |
| വിധവാപെൻഷൻ | 61789500 | 4647 |
| വാർദ്ധക്യകാല പെൻഷൻ | 112274100 | 9092 |
| വികലാംഗപെൻഷൻ | 14933000 | 1246 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2619200 | 241 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും നടത്തുകയും റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയക്കുകയും ചെയ്തിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.06.2015 | 2013-14, 2014-15 | 18.03.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.01.2023 | 2019-20 To 2021-22 | 13.02.2023 |

## 1-10 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**ജോലിവിഭജനം**

- ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും, പരിശോധനകൾ നടത്തുന്നതിനും കൃത്യമായ ജോലിവിഭജനം ഏർപ്പെടുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിലെ നിർദേശങ്ങൾ പാലിക്കാതെ ക്രമവിരുദ്ധമായി പെർമിറ്റ് നൽകിയിട്ടുണ്ട്.
- ഓരോ സെക്ഷനിലും സൂക്ഷിക്കേണ്ട രേഖകൾ, രജിസ്റ്ററുകൾ എന്നിങ്ങനെ വ്യക്തമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, അപ്രകാരമുള്ള എല്ലാ രേഖകളും/രജിസ്റ്ററുകളും ബന്ധപ്പെട്ട വിഭാഗം ജീവനക്കാർ സൂക്ഷിക്കുന്നില്ല. ആയത് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകളും ഇല്ല.
- മേൽനോട്ടത്തിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഇത് ഉറപ്പു വരുത്തുന്നതിനുള്ള നടപടികളുണ്ടാകുന്നുമില്ല.
- Manual Of Office Procedure ലെ വ്യവസ്ഥകൾ അനുസരിച്ച് പേഴ്സണൽ രജിസ്റ്ററുകൾ പരിപാലിക്കേണ്ടതും അതാത് സെക്ഷൻ മേധാവിമാർ പരിശോധന നടത്തി തപാലുകളുടെ തുടർനടപടികൾ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

**ധനകാര്യ ആസൂത്രണം**

- ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം പാലിക്കേണ്ട നിയതമായ നടപടിക്രമങ്ങളുടെ ബോധപൂർവ്വമായ ലംഘനം, സ്ഥാപനത്തിന്റെ പൊതുതാൽപര്യത്തിനപ്പുറം സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലുള്ള പദ്ധതി രൂപീകരണ-നിർവ്വഹണ പ്രക്രിയകൾ എന്നിവ സ്ഥാപനത്തിന്റെ സാമ്പത്തിക സുരക്ഷയെയും വിശ്വാസ്യതയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്.

**സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ**

- സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പൂർണ്ണമായും പാലിക്കുന്നില്ല. പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല.
- നിർവ്വഹണ ഉദ്യോഗസ്ഥർ വാങ്ങൽ നടപടികൾ പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങൾ, അതാത് സമയത്തുള്ള സർക്കാർ ഉത്തരവുകൾ എന്നിവയനുസരിച്ച് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.
- സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരിപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

**ആസ്തികൾ സൃഷ്ടിക്കലും പരിപാലനവും കയ്യൊഴിക്കലും**

- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർജ്ജിച്ച ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ അറ്റകുറ്റപ്പണികൾ, കൂട്ടിചേർക്കലുകൾ എന്നിവയനുസരിച്ച് മൂല്യം ഭേദഗതി ചെയ്യുകയോ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തുകയോ ചെയ്യുന്നില്ല.
- നഗരസഭയുടെ ആസ്തികളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ (ഉടമസ്ഥാവകാശം ഉൾപ്പെടെ) ഇല്ലാത്തതിനാൽ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കപ്പെടുന്നത് എല്ലാം നഗരസഭയുടെ ആസ്തികളിൽ തന്നെയാണോ എന്ന് ഉറപ്പു പറയാനാവാത്ത സ്ഥിതിയാണുള്ളത്.
- നഗരസഭയുടെ ആസ്തികൾ സംരക്ഷിക്കുന്നതിലും അലംഭാവമുണ്ട്. ഉദാഹരണമായി മുനിസിപ്പൽ ടൗൺഹാൾ പുനരുദ്ധാരണം ആരംഭിച്ചിട്ട് വർഷങ്ങളായെങ്കിലും നിലവിലും പൂർത്തീകരിച്ചിട്ടില്ല. കൃത്യമായ ആസൂത്രണമില്ലായ്മ, ഫണ്ട് ലഭ്യതക്കുറവ് എന്നിവ മൂലം കോടികൾ ചെലവഴിച്ചിട്ടും വർഷങ്ങൾക്കു ശേഷവും ഒലവക്കോട് ഷോപ്പിംഗ് കോംപ്ലക്സ്, കാനറാ ബാങ്ക് കോംപ്ലക്സ്, സ്റ്റേഡിയം ബൈപാസ് റോഡിലെ ജൈവവിപണനകേന്ദ്രം, ടൌൺഹാൾ അനക്സ് എന്നിവ പൂർത്തീകരിച്ച് നഗരസഭയുടെ സ്ഥിരവരുമാനമാർഗ്ഗങ്ങളാക്കാനായിട്ടില്ല.
- അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും അതേസമയം നാശോന്മുഖമാകുന്നതിനു മുൻപും വില്പന നടത്തി നഗരസഭാഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്ന് തുടർനടപടികളുണ്ടാകേണ്ടതുണ്ട്.

**ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുടെ പാലനം**

- നഗരസഭാ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മുൻകാലങ്ങളിലെ ശമ്പള പരിഷ്ക്കരണങ്ങൾ അംഗീകരിക്കുന്നതിനായി രേഖകൾ യഥാസമയം ഓഡിറ്റിൽ ലഭ്യമാക്കുന്നില്ല.
- ജീവനക്കാർ വിരമിക്കാറാകുമ്പോഴാണ് പല സേവനപുസ്തകങ്ങളും അംഗീകാരത്തിനായി ഓഡിറ്റിൽ ലഭ്യമാക്കുന്നത്. വിരമിച്ച/മരണപ്പെട്ട ജീവനക്കാരുടെ പെൻഷൻ/കുടുംബപെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലും വളരെയധികം കാലതാമസം വരുന്നുണ്ട്.
- വിരമിച്ച കണ്ടിജന്റ് ജീവനക്കാർക്ക് നഗരസഭയിൽ നിന്നും പെൻഷൻ പേയ്മെന്റ് ഓർഡർ വിതരണം ചെയ്യുന്നില്ല/വിതരണം ചെയ്തിട്ടുള്ള പെൻഷൻ പേയ്മെന്റ് ഓർഡറിൽ വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

## 1-11 മാധവരാജ ക്ലബിന്റെ കെട്ടിട നിർമ്മാണം ക്രമവൽക്കരണം – ഗുരുതരമായ ക്രമക്കേടുകൾ

ഫയൽ നം:- EJBR-872/10-11/E4

പാലക്കാട് നഗരസഭയിലെ 41-ാം വാർഡിൽ മാധവരാജ ക്ലബ് എന്ന സ്ഥാപനത്തിന്റെ അനധികൃതമായി നിർമ്മിച്ച 4522.13 $M^2$ കെട്ടിടം ക്രമവൽക്കരിച്ച് 12-01-2023 ന് ഒക്യുപെൻസി സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലും അനുബന്ധ വിവരങ്ങളും പരിശോധിച്ചതിൽ നിലവിലുള്ള 2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ (KMBR) വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടും ഗുരുതര ക്രമക്കേടുകൾ നടത്തിയും വ്യാജരേഖകൾ ചമച്ചുമാണ് ക്രമവൽക്കരണം നടത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**എ) ക്രമവൽക്കരണത്തിനുള്ള അപേക്ഷ ഫീസ് ഈടാക്കുന്നതിന് മുമ്പ് ക്രമവൽക്കരണം നടത്തി**

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 94 പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷയോടൊപ്പം തന്നെ ഫീസ് അടവാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാധവരാജ ക്ലബിന്റെ ക്രമവൽക്കരിക്കാനുള്ള അപേക്ഷ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് 17/08/2022 ന് ക്ലാർക്ക് നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും സെക്ഷൻ സൂപ്രണ്ട് 17-08-2022 ന് തന്നെ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള അപേക്ഷ ഫീസ് അടവാക്കിയ രസീതിന്റെ തിയതി 13-02-2023 ആണ് (രസീതി നമ്പർ 122390118905). 13-02-2023 ന് അപേക്ഷ ഫീസ് അടവാക്കിയ അപേക്ഷയിൻമേൽ 17-08-2022 ന് തന്നെ നടപടി സ്വീകരിച്ചത് ക്രമപ്രകാരമല്ല.

**ബി) കൈവശാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുമ്പ് തന്നെ അപേക്ഷ സ്വീകരിച്ചു**

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(2) പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഫയലിൽ അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് യാക്കര വില്ലേജ് ഓഫീസർ അനുവദിച്ചിട്ടുള്ളത് 02-01-2023 നാണ് (നം:-74405444). അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുമ്പ് തന്നെ അപേക്ഷ സ്വീകരിച്ച് നടപടികൾ ആരംഭിച്ചത് ചട്ടലംഘനമാണ്.

**സി) ഔദ്യോഗിക ചുമതല നൽകാത്ത ഉദ്യോഗസ്ഥൻ പരിശോധന നടത്തി**

GO(Rt)No.2272/2020/LSGD Dt 03-12-2020 പ്രകാരം High Risk വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ പരിശോധന നടത്തുന്നതിന് അസി. എക്സി. എഞ്ചിനീയറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ അപേക്ഷയിൻമേൽ പരിശോധന നടത്തി ഫയലിൽ ക്രമവൽക്കരണം നടത്താവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തത് നഗരസഭയിലെ ഓവർസിയർ ആണ്. ഈ ഓവർസിയർക്ക്, നഗരസഭ അസി.എക്സി. എഞ്ചിനീയറുടെ 06-12-2022 ലെ G10-1476/2022 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം കെട്ടിടം സ്ഥിതിചെയ്യുന്ന വാർഡിന്റെ ബിൽഡിംഗ് ഇൻസ്പെക്ടർ ആയി ചുമതല നൽകിയിട്ടില്ല. കെട്ടിടനിർമ്മാണം ക്രമവൽക്കരിച്ച് നൽകാവുന്നതാണെന്ന ഓവർസിയറുടെ ശുപാർശ മേലുദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, അസി. എക്സി. എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ ആരും തന്നെ കാണുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. GO(Rt)No.2272/2020/LSGD Dt 03-12-2020 പ്രകാരമുള്ള ഉത്തരവിന്റെ അനുബന്ധം ആയി ചേർത്തിട്ടുള്ള സൈറ്റ് ഇൻസ്പെക്ഷൻ ചെക്ക് ലിസ്റ്റ് പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ തയ്യാറാക്കിയിട്ടില്ല.

**ഡി) ന്യൂനതകൾ പരിഹരിക്കാതെ ക്രമവൽക്കരണം നടത്തി**

ബഹു. കേരള ഹൈക്കോടതിയുടെ 10/10/2019 നുള്ള WP(C) 5302/18, 20-01-2021 ലെ CC(C) 1667/2020 എന്നീ വിധികളുടെ അടിസ്ഥാനത്തിൽ 05-03-2021 ന് മാധവരാജ ക്ലബ് സെക്രട്ടറി നൽകിയ അപേക്ഷയെ തുടർന്ന് 17-03-2021 ന് നഗരസഭ സെക്രട്ടറിയും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തിയിരുന്നു. പരിശോധനയെതുടർന്ന് താഴെപ്പറയുന്ന

ന്യൂനതകൾ ഉണ്ടെന്ന് നഗരസഭ സെക്രട്ടറി 05-04-2021 ന് പുറപ്പെടുവിച്ച EJBR-872/10-11/E4 നമ്പർ നടപടിക്രമത്തിൽ പരാമർശിച്ചിട്ടുണ്ട്.

എ) കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം ഉയരം 14.70 M ആണ്. എന്നാൽ സെക്രട്ടറിയും, എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരും നടത്തിയ സ്ഥലപരിശോധനയിൽ നാലാമത്തെ നിലയിൽ പ്ലാനിൽ 1.20 M ഉയരമുള്ള പാരപെറ്റായി കാണിച്ചിട്ടുള്ള ഭാഗത്ത് 3.30 M ഉയരത്തിൽ കോളം, വാൾ വിത്ത് ഓപ്പണിംഗ് എന്നിവ നിർമ്മിച്ചിട്ടുള്ളതിനാൽ ഇത് ഹൈറൈസ് കെട്ടിടമാണെന്നും കക്ഷി നിർമ്മാണം നടത്തിയതിൽ നിന്നും വ്യത്യസ്തമായ പ്ലാൻ ആണ് ക്രമവൽക്കരിക്കാൻ സമർപ്പിച്ചതെന്നും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

ബി) ഫയർ & റെസ്ക്യൂ വകുപ്പിന്റെ എൻ.ഒ.സി ലഭ്യമാക്കിയിട്ടില്ല.

സി) ഹൈറൈസ് ബിൽഡിംഗിന് ആവശ്യമായ സെറ്റ് ബാക്ക്/യാർഡ് നൽകിയിട്ടില്ല.

ഡി) ഹൈറൈസ് ബിൽഡിംഗിന് KMBR ചട്ടം 120 പ്രകാരം സ്ട്രക്ചറൽ ഡിസൈൻ, ഡ്രോയിംഗ് & സ്ട്രക്ചറൽ സ്റ്റബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിച്ചിട്ടില്ല.

ഇ) റെയിൻവാട്ടർ, സോളാർ സിസ്റ്റങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

എഫ്) ഡിസേബിൾ പേഴ്സൺ ഫെസിലിറ്റീസ് (റാമ്പ്, ടോയ്ലെറ്റ്) നിർമ്മിച്ചിട്ടില്ല.

ജി) പാർക്കിംഗ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

മേൽ ന്യൂനതകൾ പരിഹരിക്കാതെയാണ് 12-01-2023 ന് കെട്ടിടം ക്രമവൽക്കരിച്ച് ഉത്തരവ് നൽകിയിട്ടുള്ളത്

**ഇ) കെട്ടിട ഉടമക്ക് അറിയിപ്പ് നൽകാതെ തുടർനടപടികൾ സ്വീകരിച്ചു**

ഫയലിലെ കുറിപ്പിൽ സെക്രട്ടറി 10-01-2023 ന് "കെട്ടിടത്തിന്റെ ഫയർ എൻ.ഒ.സി സമർപ്പിച്ചിട്ടില്ലാത്തതാണെന്നും ആയത് സമർപ്പിക്കുന്നതിന് അപേക്ഷകന് അറിയിപ്പ് നൽകുക" എന്നും ഉത്തരവ് നൽകിയിട്ടുണ്ട്. തുടർന്ന് 10-01-2023 ന് തന്നെ "അറിയിപ്പ് ഒപ്പുവെക്കുന്നതിനായി സമർപ്പിക്കുന്നു" എന്ന് ക്ലർക്ക് നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും സൂപ്രണ്ട് 10-01-2023 ന് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ അറിയിപ്പ് കെട്ടിട ഉടമക്ക് നൽകിയിട്ടില്ല.

**എഫ്) ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രം ഇല്ലാതെ ക്രമവൽക്കരണം നടത്തി**

2019 ലെ ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് A1, A2, B, C, E, F, G1, G2, H ഗണത്തിലുള്ള 1000 ചതുരശ്രമീറ്ററിലധികം Built-up Area ഉള്ള കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രം നിർബന്ധമാണ്. ഫയലിൽ "ഫയർ എൻ.ഒ.സി സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് Affidavit ഹാജരാക്കിയിട്ടുണ്ട്" എന്ന് ക്ലർക്ക് 11-01-2023 തിയതിയിൽ രേഖപ്പെടുത്തുകയും തുടർന്ന് സൂപ്രണ്ട് ഫയൽ സെക്രട്ടറിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഫയലിലുള്ള അപേക്ഷന്റെ സാക്ഷ്യപത്രം പരിശോധിച്ചതിൽ "*പ്രസ്തുത കെട്ടിടം High Rise Buildings ൽ വരാത്തതുകൊണ്ട് ഫയർ എൻ.ഒ.സി ആവശ്യമില്ല എന്നാണ് മനസ്സിലാക്കുന്നതെന്നും ഏതെങ്കിലും കാരണത്താൽ ഫയർ എൻ.ഒ.സി ആവശ്യപ്പെടുകയാണെങ്കിൽ 6 മാസത്തിനകം ഹാജരാക്കാം*" എന്നും അപേക്ഷകൻ മുദ്രപത്രത്തിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ചട്ടങ്ങൾ പ്രകാരം ഇത്തരത്തിലുള്ള സത്യവാങ്മൂലം സ്വീകരിച്ച് ക്രമവൽക്കരണം നടത്താൻ കഴിയില്ല.

ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രം ഇല്ലാതെ അപേകന്റെ സത്യവാങ്മൂലം സ്വീകരിച്ച് കെട്ടിടം ക്രമവൽക്കരിച്ച് നൽകിയത് ചട്ടലംഘനമാണ്.

**ജി) മുദ്രപത്രങ്ങളിൽ തിരുത്തലുകൾ വരുത്തി**

അപേക്ഷകൻ ഫയർ എൻ.ഒ.സി സംബന്ധിച്ച് സത്യവാങ്മൂലം 100 രൂപയുടെ DX 986129, DX 986130 എന്നീ ക്രമനമ്പറുകളുള്ള രണ്ട് മുദ്രപത്രങ്ങളിലാണ് സമർപ്പിച്ചിട്ടുള്ളത്. ഈ മുദ്രപത്രങ്ങളിൽ ട്രഷറിയുടെ സീലിൽ തിയതി തിരിച്ചറിയാൻ കഴിയാത്ത വിധം തിരുത്തലുകൾ വരുത്തിയിട്ടുണ്ട്. കൂടാതെ മുദ്രപത്ര

വെണ്ടർ രേഖപ്പെടുത്തിയ തിയതിയിലും തിരുത്തലുകൾ വരുത്തി വില്പന തിയതി 28-12-2022 എന്നാക്കി മാറ്റിയിട്ടുണ്ട്. ഒറ്റപ്പാലം സബ് ട്രഷറി ഓഫീസർ ഈ കാര്യാലയത്തിന് നൽകിയ 15-12-2023 ലെ ടി.ആർ.1/910/2023 നമ്പർ കത്ത് പ്രകാരം ശ്രീമതി.രാജലക്ഷ്മി.കെ, സ്റ്റാമ്പ് വെണ്ടർ, ഒറ്റപ്പാലം എന്നിവരിൽ നിന്നും 08-08-2023 നാണ് മാധവരാജ ക്ലബ് സെക്രട്ടറി ശ്രീ.വിമൽവേണ മേൽ മുദ്രപത്രങ്ങൾ വാങ്ങിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

08-08-2023 ന് വില്പന നടത്തിയ മുദ്രപത്രത്തിൽ തിരുത്തലുകൾ വരുത്തി 28-12-2022 എന്നാക്കി മാറ്റി അപേക്ഷകൻ സമർപ്പിച്ചതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>എച്ച്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ സ്റ്റേ നിലനിൽക്കെ കെട്ടിടം ക്രമവൽക്കരിച്ചു</u>**

കെട്ടിടം ക്രമവൽക്കരിച്ചുകൊണ്ട് 12-01-2023 ന് സെക്രട്ടറി ഫയലിൽ "അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരവും ഫയർ എൻ.ഒ.സി സമർപ്പിക്കുമെന്നുള്ള Affidavit ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും ടി കെട്ടിടം 2022-23 വർഷം മുതൽ ക്രമവൽക്കരിച്ചുകൊണ്ട് ബഹു.ഹൈക്കോടതി വിധി നടപ്പാക്കി ഉത്തരവാകുന്നു" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ 10/10/2019 നുള്ള WP(C) 5302/18, 20-01-2021 ലെ CC(C) 1667/2020 എന്നീ വിധികളുടെ അടിസ്ഥാനത്തിൽ 05-03-2021 ന് ക്ലബ് സെക്രട്ടറി നൽകിയ അപേക്ഷയെ തുടർന്ന് 17-03-2021 ന് നഗരസഭ സെക്രട്ടറിയും എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥരും സംയുക്തമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ നിരവധി ന്യൂനതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള 05-04-2021 ലെ EJBR-872/10-11/E4 നമ്പർ നടപടിക്രമം പ്രകാരം ക്രമവൽക്കരണത്തിനുള്ള ക്ലബിന്റെ അപേക്ഷ നിരസിച്ച് സെക്രട്ടറി ഉത്തരവ് നൽകിയിട്ടുള്ളതാണ്. കെട്ടിടം ക്രമവൽക്കരിക്കാനുള്ള അപേക്ഷ നിരസിച്ചത് ഇനിയൊരു അറിയിപ്പ് ഉണ്ടാവുന്നത് വരെ സ്റ്റേ ചെയ്ത് കൊണ്ട് ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ (IA No 629/21) അപ്പീൽ നം 281/21 ലെ ഉത്തരവ് നിലവിരിക്കെ കെട്ടിടം ക്രമവൽക്കരിച്ചത് ക്രമപ്രകാരമല്ല.

**<u>ഐ) കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുന്നതിന് മുമ്പ് ക്രമവൽക്കരണം നടത്തി</u>**

ഫയലിൽ 12-01-2023 ന് സെക്രട്ടറി നൽകിയ ഉത്തരവിൽ "ക്രമവൽക്കരണത്തിന് നിയമപ്രകാരമുള്ള ഫീസ് ഈടാക്കിയശേഷം Occupancy Certificate തയ്യാറാക്കി സമർപ്പിക്കുക എന്നും കെട്ടിടങ്ങൾക്ക് UAC ചുമത്തിയ കാലയളവിലെ കെട്ടിട നികുതി UAC നിരക്കിൽ തന്നെ അടക്കേണ്ടതാണെന്നും" നിർദേശിച്ചിട്ടുണ്ട്. സെക്ഷൻ ക്ലർക്ക് 12-01-2023 ന് തന്നെ "സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ O/C, C/R ഒപ്പുവെക്കുന്നതിനായി സമർപ്പിക്കുന്നു" എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും സൂപ്രണ്ട് ശുപാർശ ചെയ്യുകയും സെക്രട്ടറി 12-01-2023 ന് തന്നെ Occupancy Certificate, Completion Report എന്നിവ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ക്രമവൽക്കരിക്കുന്നതിനുള്ള കൊമ്പൗണ്ടിംഗ് ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

2019 ലെ ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 95(4) പ്രകാരം 4522.13 $M^2$ വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിന് അടവാക്കേണ്ടത് 90,443 രൂപയാണ് (4522.13X10X2). സാംഖ്യയിലെ വിവരങ്ങൾ പ്രകാരം ഈ ഫീസ് അടച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| രസീതി നം | തിയതി | തുക |
|---|---|---|
| 122400100480 | 27-02-2023 | 76,340.00 |
| 123390106343 | 10-07-2023 | 14,103.00 |
| ആകെ | | 90,443.00 |

2019 ലെ ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 95(3) പ്രകാരം കോമ്പൗണ്ടിംഗ് ഫീ ഈടാക്കിയതിന് ശേഷം മാത്രമേ ക്രമവൽക്കരണം നടത്താവൂ. എന്നാൽ 27-02-2023 നും 10-07-2023 നും കോമ്പൗണ്ടിംഗ് ഫീ അടവാക്കിയ അപേക്ഷകന് 12-01-2023 ന് തന്നെ

കെട്ടിടം ക്രമവൽക്കരിച്ച് Occupancy Certificate, Completion Report എന്നിവ അനുവദിച്ച് നൽകിയത് സെക്ഷൻ ക്ലർക്ക്, സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ ക്രമക്കേടാണ്.

**ജെ) അപേക്ഷകനിൽ നിന്നും ഫോം-2 സ്വീകരിക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി**

2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം കെട്ടിട ഉടമയിൽ നിന്നും ഫോം -2 സ്വീകരിക്കേണ്ടതും ചട്ടം 12(4) പ്രകാരം സെക്രട്ടറി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ സ്ഥലത്ത് പോയി പരിശോധന നടത്തി ഫോം-6 ൽ ആവശ്യമായ വിവരങ്ങൾ ശേഖരിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ റവന്യൂ ഇൻസ്പെക്ടർ 20-01-2023 ന് നോട്ട് ഫയലിൽ "സെക്രട്ടറിയുടെ മേൽ നിർദേശ പ്രകാരം കെട്ടിടം Occupancy Certificate, Completion Report നൽകി റെഗുലറൈസ് ചെയ്തിരിക്കുന്നു. ആയത് പ്രകാരം കെട്ടിട നമ്പർ നൽകുന്നതിന് Form 6, Form 2 എന്നിവ അംഗീകാരത്തിന്" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഫോം 6 ഉം സെക്രട്ടറി 25-01-2023 എന്ന തിയതി വെച്ച് അംഗീകരിച്ചിട്ടുണ്ട്. അപേക്ഷകനിൽ നിന്നും ഫോം-2 സ്വീകരിക്കാതെ വസ്തുനികുതി നിർണ്ണയം നടത്തിയ റവന്യൂ ഇൻസ്പെക്ടറുടെ നടപടി ചട്ടലംഘനമാണ്.

**കെ) 27-02-2023 ഈടാക്കിയ കോമ്പൗണ്ടിംഗ് ഫീസ് കുറവാണെന്ന് 20-01-2023 ന് തന്നെ റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തു**

റവന്യൂ ഇൻസ്പെക്ടർ 20-01-2023 ന് ഫയലിൽ റെഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് കാണുന്നുണ്ടെന്നും ആയത് അടവാക്കാൻ ഫയൽ എഞ്ചിനീയറിംഗ് സെക്ഷനിലേക്ക് അയക്കാവുന്നതാണെന്നും രേഖപ്പെടുത്തിട്ടുണ്ട്. 27-02-2023 ഈടാക്കിയ കോമ്പൗണ്ടിംഗ് ഫീസ് കുറവാണെന്ന് 20-01-2023 ന് തന്നെ ഫയലിൽ റിപ്പോർട്ട് ചെയ്ത റവന്യൂ ഇൻസ്പെക്ടറുടെ നടപടി ദുരൂഹമാണ്.

**എൽ) ചട്ടപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചില്ല**

2019 ലെ KMBR ചട്ടം 95(3) പ്രകാരം ക്രമവൽക്കരണം നടത്തുന്ന കെട്ടിടങ്ങൾക്ക് ബാധകമായ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കിയതിനുശേഷം സെക്രട്ടറി KMBR Appendix-G1 ലെ മാതൃകയിലുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**എം) വസ്തുനികുതി കുടിശ്ശിക ഈടാക്കാതെ ക്രമവൽക്കരണം നടത്തി**

മാധവരാജ ക്ലബിന്റെ അനധികൃത കെട്ടിടങ്ങൾക്ക് 41/1203(1), (2), (3) എന്നീ കെട്ടിട നമ്പറുകൾ അനുവദിച്ച് 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം അനധികൃത കെട്ടിടങ്ങളായി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. 2014-15 രണ്ടാം അർദ്ധവർഷം മുതൽ 2022-23 ഒന്നാം അർദ്ധവർഷം വരെ 5,59,57,519 രൂപ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനായി സെക്രട്ടറി 16-08-2023 ന് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത്രയും ഭീമമായ കുടിശ്ശിക വരുത്തിയ കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് നൽകിയത് ക്രമപ്രകാരമല്ല.

കൂടാതെ ഭീമമായ കുടിശ്ശിക നിലനിൽക്കെ 2022-23 ഒന്നാം അർദ്ധവർഷത്തിൽ ഡിമാന്റ് ചെയ്യേണ്ട വസ്തുനികുതിയേക്കാൾ കുറവ് തുക മാത്രം വസ്തുനികുതി സ്വീകരിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം | അർദ്ധ വർഷ ഡിമാന്റ് തുക (സെസുകൾ ഉൾപ്പെടെ) | ഈടാക്കിയ തുക | രസീതി നം | തിയതി |
|---|---|---|---|---|
| 41/1203(1) | 200615 | 46634 | 1046/52281 | 29/03/2023 |
| 41/1203(2) | 231182 | 31912 | 1046/52282 | 29/03/2023 |
| 41/1203(3) | 1371199 | 105784 | 1046/52283 | 29/03/2023 |

**എൻ) ഭരണസമിതി തീരുമാനം നടപ്പിലാക്കിയിട്ടില്ല**

നഗരസഭ കൗൺസിലിന്റെ 26-09-2023 ലെ 9(1) നമ്പർ തീരുമാനം പ്രകാരം മാധവരാജ ക്ലബിന് നിയമങ്ങൾക്ക് വിരുദ്ധമായാണ് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് എന്നും നിയമ വിരുദ്ധമായി നൽകിയിട്ടുള്ള ഒക്യുപൻസി സർട്ടിഫിക്കറ്റ് റദ്ദാക്കാനും ആയതിനുവേണ്ട നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാനും നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭരണസമിതി തീരുമാനം നടപ്പിലാക്കിയിട്ടില്ല.

**ഒ) വിജിലൻസ് അന്വേഷണം- തുടർനടപടികൾ സ്വീകരിക്കണം**

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 08-09-2023 യോഗ തീരുമാനം നമ്പർ 1, ആയത് അംഗീകരിച്ച മുനിസിപ്പൽ കൗൺസിലിന്റെ 26-09-2023 ലെ 9(1) നമ്പർ തീരുമാനം എന്നിവ പ്രകാരം ക്രമവിരുദ്ധമായ ഉത്തരവ് നൽകിയതിൽ നഗരസഭാ ഉദ്യോഗസ്ഥരുടെ പങ്ക് പരിശോധിക്കാനായി സംസ്ഥാന വിജിലൻസിലേക്ക് അന്വേഷണത്തിനായി ശുപാർശ ചെയ്യുന്നതിനും, അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുവാൻ കൂട്ടു നിന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാരിലേക്ക് ശുപാർശ ചെയ്യാനും നിർദേശം നൽകിയിട്ടുണ്ട്. ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം 61/05-12-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദേശങ്ങൾ :**

1. മാധവരാജ ക്ലബിന്റെ കെട്ടിടം ക്രമവൽക്കരിച്ച് നൽകുന്നതിന് വേണ്ടി ചട്ടങ്ങൾ ലംഘിച്ച് ക്രമക്കേടുകൾ നടത്തിയ സെക്ഷൻ ക്ലർക്ക്, സൂപ്രണ്ട്, ഓവർസിയർ, റവന്യൂ ഇൻസ്പെക്ടർ, സെക്രട്ടറി എന്നിവർക്കെതിരെ ഭരണവകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ്.
2. മുദ്രപത്രത്തിൽ തിരുത്തലുകൾ വരുത്തി സമർപ്പിച്ച അപേക്ഷകനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. മാധവരാജ ക്ലബിന് നിയമങ്ങൾക്ക് വിരുദ്ധമായി അനുവദിച്ച ഒക്യുപൻസി സർട്ടിഫിക്കറ്റ് റദ്ദു ചെയ്യുവാനുള്ള നഗരസഭ കൗൺസിലിന്റെ 26-09-2023 ലെ 9(1) നമ്പർ തീരുമാനം നടപ്പാക്കേണ്ടതാണ്.
4. കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ ഉൾപ്പെടുത്തി വിശദമായ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

**1-12 ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിൽ ഗുരുതരമായ ക്രമക്കേടുകളിന്മേൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ് - ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു**

നഗരസഭയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട ഫയലുകൾ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററുകൾ, ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടും, സർക്കാർ ഉത്തരവുകൾ പാലിക്കാതെയും നഗരസഭയിൽ നിരവധി ബിൽഡിംഗ് പെർമിറ്റുകൾ നൽകുകയും അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനായോ അനധികൃത കെട്ടിടം ക്രമവൽക്കരിക്കുന്നതിനായോ ഉള്ള അപേക്ഷ സമർപ്പിക്കുന്നതിനും, പെർമിറ്റ്/കോമ്പൗണ്ടിംഗ് ഫീസ് അടവാക്കുന്നതിനും മുമ്പ് ഉള്ള തിയതിയിൽ പെർമിറ്റ്/ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. നഗരസഭ സെക്രട്ടറിയുടെ താൽക്കാലിക ചുമതല റവന്യൂ ഓഫീസർ, പി.എ ടു സെക്രട്ടറി എന്നീ ഉദ്യോഗസ്ഥർ വഹിച്ചിരുന്ന തിയതികളിലാണ് ക്രമവിരുദ്ധമായി പെർമിറ്റ് അനുവദിക്കൽ/ക്രമവൽക്കരണം നടത്തിയിരിക്കുന്നത്. ഈ ഉദ്യോഗസ്ഥർക്ക് സെക്രട്ടറിയുടെ ചുമതല ഇല്ലാതിരുന്ന കാലയളവിൽ ലഭിച്ച അപേക്ഷകളിൽ പഴയ

തിയതിയിൽ ഫയലിൽ നടപടികൾ സ്വീകരിച്ചതായി രേഖപ്പെടുത്തുകയും താൽക്കാലിക ചുമതല ഉണ്ടായിരുന്ന തിയതിയിൽ പെർമിറ്റ്/ക്രമവൽക്കരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനായി ഫയലുകളിൽ ഫീസ് അടച്ച തിയതി, രസീതി നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്താതെയും ഫീസ് അടച്ച തിയതി തെറ്റായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബിൽഡിംഗ് പെർമിറ്റുകളുടെ പരിശോധനക്കായി ബിൽഡിംഗ് ഇൻസ്പെക്ടറായി ചുമതല നൽകിയിട്ടില്ലാത്ത ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പരിഗണിച്ചും, സൈറ്റ് പരിശോധന റിപ്പോർട്ട് ഇല്ലാതെയും, സെക്ഷൻ സൂപ്രണ്ട്, അസിസ്റ്റന്റ് എഞ്ചിനീയർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ തുടങ്ങിയ ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥർ കാണാതെയും ആണ് ഫയലുകളിൽ ക്രമവിരുദ്ധമായി നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഫയർ&റെസ്ക്യൂ വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ആയത് ഇല്ലാതെയും പെർമിറ്റുകൾ നൽകിയിട്ടുണ്ട്.

ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ ഭരണവകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പ്രധാന അപാകങ്ങൾ ഉപഖണ്ഡികകൾ 1-12-1 മുതൽ 1-12-13 വരെയായി ചേർത്തിട്ടുണ്ട്.

**1-12-1 പെർമിറ്റ് ഫീസ് അടവാക്കുന്നതിന് മുമ്പ് തന്നെ ഫീസ് അടവാക്കിയതായി തെറ്റായി ഫയലിൽ രേഖപെടുത്തി പെർമിറ്റ് നൽകി**

ഫയൽ നം:- BA-320/22-23/E6

ശ്രീമതി.സിൻസിയ.എം & ഷാഹിൻ നസ്രിൻ.എൻ എന്നിവർ 1523.20 M2 വിസ്തീർണ്ണമുള്ള റെസിഡെൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിനായി IBPMS മുഖേന പെർമിറ്റിന് അപേക്ഷിക്കാൻ കഴിയുന്നില്ലെന്നും Manual Permit അനുവദിച്ചു തരണമെന്നും തിയതി രേഖപ്പെടുത്താതെ അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷ ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അപേക്ഷ തുടർനടപടികൾക്കായി ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് 10-01-2023 ന് സെക്ഷൻ ക്ലർക്ക് നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും സൂപ്രണ്ട് 10-01-2023 ന് തന്നെ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. KMBR ന് വിധേയമാണെന്നും പെർമിറ്റ് നൽകാവുന്നതാണെന്നും തിയതി രേഖപ്പെടുത്താതെ ഓവർസിയർ റിപ്പോർട്ട് ചെയ്യുകയും ഫീസ് ഈടാക്കി പെർമിറ്റ് നൽകാൻ സെക്രട്ടറി 20-01-2023 ന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. രസീതി നമ്പർ 122400100826 പ്രകാരം 10,668 രൂപ അടവാക്കിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടറിയുടെ നിർദേശ പ്രകാരം തുക അടവാക്കിയിട്ടുണ്ടെന്നും പെർമിറ്റ് ഒപ്പു വെക്കുന്നതിനായി 21-01-2023 ന് സെക്ഷൻ ക്ലർക്ക് നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും സൂപ്രണ്ട് അംഗീകരിക്കുകയും സെക്രട്ടറി 21-01-2023 ന് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. IBPMS ൽ അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതിനാലാണ് നേരിട്ട് പെർമിറ്റ് അപേക്ഷ നൽകുന്നതെന്നും Manual Permit നൽകണമെന്നും ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിലുള്ള അപേക്ഷകരുടെ ഒപ്പുകളും, KMBR ചട്ടപ്രകാരമുള്ള Annexure A1 പ്രകാരമുള്ള അപേക്ഷ, പ്ലാൻ എന്നിവയിലുള്ള അപേക്ഷകരുടെ ഒപ്പുകളും വ്യത്യസ്തമാണ്.
2. പെർമിറ്റിന് അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അപേക്ഷ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. അപേക്ഷ ഫീസ് അടവാക്കാതെ അപേക്ഷ സ്വീകരിച്ചത് ചട്ടവിരുദ്ധമാണ്.
3. പെർമിറ്റ് ഫീസ് അടവാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയ 122400100826 നമ്പർ രസീതിയുടെ വിവരങ്ങൾ സാംഖ്യയിൽ പരിശോധിച്ചതിൽ 27-02-2023 നാണ് തുക ഫ്രണ്ട് ഓഫീസിൽ അടവാക്കിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ഫീസ് അടവാക്കുന്നതിനും ഒരു മാസം മുമ്പ് തന്നെ ഫീസ് അടവാക്കിയതായി രേഖപ്പെടുത്തി 21-01-2023 ന് പെർമിറ്റ് നൽകിയത് ചട്ടലംഘനമാണ്. ഫീസ് അടവാക്കാതെ തന്നെ ഫീസ് അടച്ചു എന്ന് തെറ്റിദ്ധരിപ്പിച്ച് ഫയലിൽ രേഖപ്പെടുത്തിയ ക്ലർക്ക്,

മേലൊപ്പുവെച്ച സൂപ്രണ്ട്, അംഗീകരിച്ച് പെർമിറ്റ് നൽകിയ സെക്രട്ടറി എന്നീ ഉദ്യോഗസ്ഥർ ഗുരുതരമായ കൃത്യവിലോപമാണ് നടത്തിയിട്ടുള്ളത്.

4. നഗരസഭ അസി.എക്സി. എഞ്ചിനീയറുടെ 06-12-2022 ലെ G10-1476/2022 ഉത്തരവ് പ്രകാരം അപേക്ഷകന്റെ വാർഡിന്റെ ചുമതല നൽകിയിട്ടുള്ള ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അല്ല ഫയൽ കൈമാറിയിട്ടുള്ളത്. ഫയൽ കൈകാര്യം ചെയ്ത ഓവർസിയർക്ക് ബിൽഡിംഗ് ഇൻസ്പെക്ടറുടെ ചുമതല നൽകിയിട്ടില്ല.
5. പാലക്കാട് -3 വില്ലേജ് ഓഫീസറുടെ 24-12-2022 ലെ 75176487 നമ്പർ കൈവശ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം നിർമ്മിക്കാൻ അപേക്ഷിച്ചിട്ടുള്ള ബ്ലോക്ക് 132 റീസർവ്വേ നമ്പർ 31 (പഴയ സർവേ നം.4023) സ്ഥലം "നിലം" എന്ന വിഭാഗത്തിൽപ്പെടുന്നതാണ്. ഭൂമി തരംമാറ്റിയ ഉത്തരവ് ഇല്ലാതെ പെർമിറ്റ് നൽകിയത് ക്രമപ്രകാരമല്ല.
6. 2019 ലെ KMBR ചട്ടങ്ങളിലെ ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് A1, A2, B, C, E, F, G1, G2, H ഗണത്തിലുള്ള 1000 ചതുരശ്രമീറ്ററിലധികം Built-up Area ഉള്ള കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രം നിർബന്ധമാണ്. ആയത് ഇല്ലാതെ പെർമിറ്റ് നൽകിയത് ചട്ടലംഘനമാണ്.
7. അപേക്ഷയൊടൊപ്പമുള്ള പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 15-05-2008 ലെ J-2360/2008/K-Dis, J-2357/2008/K-Dis, J-2359/2008/K-Dis, J-2358/2008/K-Dis, J-2356/2008 /K-Dis ഉത്തരവുകൾ, 17-05-2008 ലെ J-2367/2008/K-Dis ഉത്തരവ് എന്നിവ പ്രകാരം ശ്രീ.സുദേവൻ, S/o വേലപ്പൻ എന്ന വ്യക്തിക്ക് സ്വന്തം ആവശ്യത്തിന് റെസിഡെൻഷ്യൽ അപാർട്ട്മെന്റുകൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം ശ്രീമതി.സിൻസിയ.എം & ഷാഹിൻ നസ്രിൻ.എൻ എന്നിവർക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/14-11-2023) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടം 2019 ലെ KMBR ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-12-2 ചട്ടപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ ഇല്ലാതെയും അപേക്ഷ ഫീസും പെർമിറ്റ് ഫീസും അടവാക്കുന്നതിനു മുമ്പേയും പെർമിറ്റ് അനുവദിച്ചു

ഫയൽ നമ്പർ : BA/315/22-23/E4

ശ്രീ.മുസ്തഫ.എച്ച് എന്ന വ്യക്തി 1572.71 $M^2$ വിസ്തീർണ്ണമുള്ള കമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ ഫീസ് ആയ 130 രൂപ രസീതി നമ്പർ 122400100322 പ്രകാരം 20-01-2023 ന് അടവാക്കിയിട്ടുണ്ടെന്ന് ഫയലിലുള്ള Building Committe Questionnaire ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്നെന്ന് ക്ലർക്ക് തിയതി ഇല്ലാതെ ഫയലിൽ കുറിപ്പെഴുതിയിട്ടുണ്ട്. മേലുദ്യോഗസ്ഥർ ആരും ആയത് അംഗീകരിച്ചിട്ടില്ല. കക്ഷി നൽകിയ അപേക്ഷ പ്രകാരം സ്ഥലം പരിശോധിച്ചെന്നും പൊസെഷൻ പ്രകാരം നിലം ആണെന്നും ഡാറ്റ ബാങ്കിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും അംഗീകാരം നൽകാവുന്നതാണെന്നും ഓവർസിയർ തിയതി രേഖപ്പെടുത്താതെ ഫയലിൽ എഴുതിയിട്ടുണ്ട്. തുടർന്ന് ഫീസ് ഈടാക്കി പെർമിറ്റ് നൽകാൻ സെക്രട്ടറി 20-01-2023 ന് ഉത്തരവ് നൽകിയിട്ടുണ്ട്. രസീതി നമ്പർ 122420119875 രൂപ 16,500 എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് പെർമിറ്റ് തയ്യാറാക്കി ഒപ്പുവെക്കുന്നതിനായി സമർപ്പിക്കുന്നു എന്ന് ക്ലർക്ക് 21-01-2023 ന് രേഖപ്പെടുത്തുകയും സെക്രട്ടറി 21-01-2023 ന് പെർമിറ്റ് ഒപ്പുവെക്കുകയും ചെയ്തിട്ടുണ്ട്. ഈ പെർമിറ്റ് നൽകിയത് സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.

1. അപേക്ഷ ഫീസ് 20-01-2023 ന് അടവാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയ രസീതി നമ്പർ 122400100322 ന്റെ വിവരങ്ങൾ സാംഖ്യയിൽ പരിശോധിച്ചതിൽ 22-02-2023 നാണ് ഫ്രണ്ട് ഓഫീസിൽ ഫീസ് അടവാക്കിയതെന്ന് കാണുന്നു. 22-02-2023 ന് അടച്ച ഫീസ് 20-01-2023 ന്

അടച്ചതായി രേഖപ്പെടുത്തിയത് ക്രമവിരുദ്ധമാണ്.

2. പെർമിറ്റ് ഫീസ് അടച്ചതായി ഫയലിൽ തിയതി ഇല്ലാതെ രേഖപ്പെടുത്തിയ രസീതി നമ്പർ 122420119875 ന്റെ വിവരങ്ങൾ സാംഖ്യയിൽ പരിശോധിച്ചതിൽ 15-02-2023 നാണ് ഫ്രണ്ട് ഓഫീസിൽ ഫീസ് അടവാക്കിയിട്ടുള്ളത്. 15-02-2023 ന് പെർമിറ്റ് ഫീസ് അടച്ച അപേക്ഷകന് 21-01-2023 തിയതിയിൽ ബിൽഡിംഗ് പെർമിറ്റ് നൽകിയത് ചട്ടവിരുദ്ധമാണ്.
3. അപേക്ഷ ഫീസ് അടച്ച് പെർമിറ്റിനായി അപേക്ഷ നൽകി തുടർന്ന് ഫയലിൽ നടപടികൾ സ്വീകരിച്ച് സ്ഥലപരിശോധന നടത്തി ഫീസ് ഈടാക്കാൻ നിർദേശം നൽകിയശേഷം പെർമിറ്റ് അനുവദിക്കുന്നതാണ് നടപടിക്രമം എന്നിരിക്കെ 15-02-2023 ന് പെർമിറ്റ് ഫീസ് അടവാക്കിയ അപേക്ഷകൻ 22-02-2023 ന് അപേക്ഷ ഫീസ് ഒടുക്കിയത് എന്നതിനാൽ തന്നെ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള നടപടിക്രമങ്ങൾ എല്ലാം തന്നെ യഥാർത്ഥത്തിലുള്ളതല്ല എന്ന് വ്യക്തമാണ്.
4. അപേക്ഷയോടൊപ്പമുള്ള പാലക്കാട് 1 വില്ലേജ് ഓഫീസർ ഇഷ്യു ചെയ്ത 71786047 നമ്പർ കൈവശ സർട്ടിഫിക്കറ്റിൽ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന റീസർവേ ബ്ലോക്ക് 14 ൽ ഉൾപ്പെട്ട റീസർവേ നമ്പർ 67 ലുള്ള 0.1039 ഹെക്ടർ സ്ഥലത്തിന്റെ തരം "നിലം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തരം മാറ്റാതെ 1572.71 $M^2$ വിസ്തീർണ്ണമുള്ള കമേഴ്സ്യൽ കെട്ടിടത്തിന് പെർമിറ്റ് നൽകിയത് ചട്ടലംഘനമാണ്.
5. 2019 ലെ KMBR ചട്ടങ്ങളിലെ ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് A1, A2, B, C, E, F, G1, G2, H ഗണത്തിലുള്ള 1000 ചതുരശ്രമീറ്ററിലധികം Built-up Area ഉള്ള കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രം നിർബന്ധമാണ്. ആയത് ഇല്ലാതെ പെർമിറ്റ് നൽകിയത് ചട്ടലംഘനമാണ്.
6. ഫയൽ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്നെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് എഞ്ചിനീയറിംഗ് വിഭാഗം സൂപ്രണ്ട് അംഗീകരിക്കാതെ ബിൽഡിംഗ് ഇൻസ്പെക്ടറുടെ ചുമതല ഇല്ലാത്ത ഓവർസിയർക്ക് ഫയൽ കൈമാറിയിട്ടുണ്ട്. ഓവർസിയറുടെ റിപ്പോർട്ട് മേലുദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, അസി.എക്സി. എഞ്ചിനീയർ എന്നിവർ അംഗീകരിച്ചിട്ടില്ല.
7. GO(Rt)No.2272/2020/LSGD Dt 13-12-2020 പ്രകാരം നഗരസഭകളിൽ Low Risk കെട്ടിടങ്ങൾ ഓവർസിയറും Medium Risk കെട്ടിടങ്ങൾ അസി.എഞ്ചിനീയറും High Risk കെട്ടിടങ്ങൾ അസി. എക്സി. എഞ്ചിനീയറും ആണ് പരിശോധന നടത്തേണ്ടത്. 1572.71 $M^2$ വിസ്തീർണ്ണമുള്ള കമേഴ്സ്യൽ കെട്ടിടം High Risk വിഭാഗത്തിലാണ് ഉൾപ്പെടുന്നത് എന്നിരിക്കെ ഓവർസിയർ മാത്രം പരിശോധന നടത്തി പെർമിറ്റ് നൽകിയത് മേൽ ഉത്തരവിന്റെ ലംഘനമാണ്. കൂടാതെ മേൽ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന സൈറ്റ് ഇൻസ്പെക്ഷൻ ചെക്ക് ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/29-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടം 2019 ലെ KMBR ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-3 പെർമിറ്റ് ഫീസ് അടവാക്കുന്നതിന് ഒരുമാസം മുമ്പേ ഫീസ് അടച്ചതായി ഫയലിൽ രേഖപ്പെടുത്തി പെർമിറ്റ് നൽകി**

ഫയൽ നമ്പർ : BA/319/22-23/E6

ശ്രീമതി.ഷീമോൾ കാജ എന്നവർ 1516.90 $M^2$ തറ വിസ്തീർണ്ണമുള്ള വാസഗൃഹം നിർമ്മിക്കുന്നതിനായുള്ള ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ സമർപ്പിക്കാൻ IBPMS മുഖേന സാധിക്കുന്നില്ലെന്നും Manual Permit അനുവദിക്കണമെന്നും തിയതി രേഖപ്പെടുത്താതെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ തുടർനടപടികൾക്കായി ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് സെക്ഷൻ ക്ലർക്ക് 10-01-2023 ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേലുദ്യോഗസ്ഥർ ആരും ആയത്

അംഗീകരിച്ചിട്ടില്ല. തുടർന്ന് സ്ഥലം പരിശോധിച്ചതായും പ്ലാൻ സമർപ്പിച്ചിരിക്കുന്നത് KMBR പ്രകാരമാണെന്നും ഫീസ് ഈടാക്കി പെർമിറ്റ് നൽകാവുന്നതാണെന്നും ഓവർസിയർ തിയതി രേഖപ്പെടുത്താതെ ഫയലിൽ എഴുതിയിട്ടുണ്ട്. ഫീസ് ഈടാക്കി പെർമിറ്റ് നൽകാൻ സെക്രട്ടറി 20-01-2023 ന് ഉത്തരവായിട്ടുണ്ട്. രസീതി നമ്പർ 122400100825 പ്രകാരം പെർമിറ്റ് ഫീസ് ആയി 10,619 രൂപ അടവാക്കിയതായി രേഖപ്പെടുത്തി പെർമിറ്റ് ഒപ്പുവെക്കുന്നതിനായി എന്ന് സെക്ഷൻ ക്ലർക്ക് 21-01-2023 ന് ഫയലിൽ രേഖപ്പെടുത്തുകയും 21-01-2023 ന് സെക്രട്ടറി അംഗീകരിച്ച് ബിൽഡിംഗ് പെർമിറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകങ്ങൾ താഴെപ്പറയുന്നു.

1. സെക്രട്ടറി ഒപ്പുവെച്ച ബിൽഡിംഗ് പെർമിറ്റിൽ ശ്രീമതി.ഷീമോൾ കാജയുടെ 09-01-2023 ലെ അപേക്ഷയാണ് റെഫറൻസ് ആയി കാണിച്ചിരിക്കുന്നത്. അപേക്ഷ ഫീസ് ആയ 130 രൂപ അടവാക്കിയതായി ഫയലിൽ എഴുതിയിട്ടുണ്ടെങ്കിലും രസീതി നമ്പർ, തിയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
2. IBPMS മുഖേന അപേക്ഷിക്കാൻ സാധിക്കുന്നില്ലെന്നും Manual Permit അനുവദിക്കണമെന്നുമുള്ള ശ്രീമതി.ഷീമോൾ കാജയുടെ പേരിലുള്ള അപേക്ഷയിൽ ഒപ്പുവെച്ചിരിക്കുന്നത് ശ്രീ.എം.എ.കാജ മൊയ്തീൻ ആണ്. അപേക്ഷക അല്ലാത്തയാൾ ഒപ്പിട്ട അപേക്ഷ സ്വീകരിച്ചത് ക്രമവിരുദ്ധമാണ്.
3. അപേക്ഷ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്നെന്ന് ക്ലർക്ക് രേഖപ്പെടുത്തിയെങ്കിലും ആയത് മേലുദ്യോഗസ്ഥർ ആരും അംഗീകരിക്കാതെ ബിൽഡിംഗ് ഇൻസ്പെക്ടറുടെ ചുമതലയില്ലാത്ത ഓവർസിയർക്ക് ഫയൽ കൈമാറിയിട്ടുണ്ട്. ഓവർസിയറുടെ റിപ്പോർട്ട് മേലുദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, അസി.എക്സി. എഞ്ചിനീയർ എന്നിവർ അംഗീകരിച്ചിട്ടില്ല.
4. പെർമിറ്റ് ഫീസ് അടവാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയ രസീതി നമ്പർ 122400100825 ന്റെ വിവരങ്ങൾ സാംഖ്യയിൽ പരിശോധിച്ചതിൽ ആയത് 27-02-2023 നാണ് ഫ്രണ്ട് ഓഫീസിൽ അടവാക്കിയിട്ടുള്ളത് എന്ന ബോധ്യപ്പെട്ടു. 27-02-2023 ന് മാത്രം അടവാക്കിയ ഫീസിന്റെ വിവരങ്ങൾ ഫയലിൽ തിയതി ഇല്ലാതെ രേഖപ്പെടുത്തി പെർമിറ്റ് ഒപ്പുവെക്കുന്നതിനായി എന്ന് 21-01-2023 ന് ഫയലിൽ കുറിപ്പ് എഴുതിയ ക്ലർക്ക്, ആയത് അംഗീകരിച്ച് 21-01-2023 ന് പെർമിറ്റ് അനുവദിച്ച സെക്രട്ടറി എന്നിവരുടെ നടപടികൾ ക്രമവിരുദ്ധമാണ്.
5. 2019 ലെ KMBR ചട്ടങ്ങളിലെ ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് A1, A2, B, C, E, F, G1, G2, H ഗണത്തിലുള്ള 1000 ചതുരശ്രമീറ്ററിലധികം Built-up Area ഉള്ള കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രം നിർബന്ധമാണ്. ആയത് ഇല്ലാതെ പെർമിറ്റ് നൽകിയത് ചട്ടലംഘനമാണ്.
6. GO(Rt)No.2272/2020/LSGD Dt 13-12-2020 പ്രകാരം നഗരസഭകളിൽ Low Risk കെട്ടിടങ്ങൾ ഓവർസിയറും Medium Risk കെട്ടിടങ്ങൾ അസി.എഞ്ചിനീയറും High Risk കെട്ടിടങ്ങൾ അസി. എക്സി. എഞ്ചിനീയറും ആണ് പരിശോധന നടത്തേണ്ടത്. 1516.90 $M^2$ തറ വിസ്തീർണ്ണമുള്ള വാസഗൃഹം Meduim Risk വിഭാഗത്തിലാണ് ഉൾപ്പെടുന്നത് എന്നിരിക്കെ ഓവർസിയർ മാത്രം പരിശോധന നടത്തിയത് മേൽ ഉത്തരവിന്റെ ലംഘനമാണ്. കൂടാതെ മേൽ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന സൈറ്റ് ഇൻസ്പെക്ഷൻ ചെക്ക് ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 45/29-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടം 2019 ലെ KMBR ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-4 14-03-2023 ന് നൽകിയ ബിൽഡിംഗ് പെർമിറ്റ് അപേക്ഷ 28-02-2023 ന് വിരമിച്ച ഉദ്യോഗസ്ഥ അംഗീകരിച്ചു**

ഫയൽ നം:- BA/287/22-23/E4

ശ്രീമതി.ശേഷാംബാൾ Alias ലീല എന്നിവരുടെ 375.25 $M^2$ വിസ്തീർണ്ണമുള്ള ഗാർഹികാവശ്യത്തിനുള്ള ബിൽഡിംഗ് പെർമിറ്റിനുള്ള 09-01-2023 ലെ അപേക്ഷയിലെ അപാകങ്ങൾ പരിഹരിക്കുന്നതിനായി 25-01-2023 ന് നോട്ടീസ് നൽകിയിരുന്നു. തുടർന്ന് വീണ്ടും അപേക്ഷ നൽകിയതിൽ പ്ലാൻ പ്രകാരമുള്ള ഗ്രൗണ്ട് ഫ്ലോറിലെ പാസേജിൽ ചുമർ നിർമ്മാണം നടത്താനും, KMBR ലെ Rule 41 പ്രകാരം Lighting And Ventillation ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്താനും നോട്ടീസ് നൽകാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവ് നൽകിയിട്ടുണ്ട്. നോട്ടീസ് ഒപ്പുവെക്കുന്നതിനായി ക്ലർക്ക് സമർപ്പിച്ചതായും സൂപ്രണ്ട് അംഗീകരിച്ചതായും 23-02-2023 തിയതിയിൽ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തിയതി തിരുത്തിയിട്ടുള്ളതായി കാണുന്നു. അപേക്ഷൻ നോട്ടീസ് പ്രകാരം ചുമർ നിർമ്മാണം പൂർത്തീകരിച്ചു എന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഫയൽ തുടർ നടപടിക്ക് സമർപ്പിക്കുന്നു എന്നും ക്ലർക്ക് 27-02-2023 ന് നോട്ട് ഫയലിൽ കുറിപ്പ് എഴുതുകയും ഫീസ് കളക്ട് ചെയ്ത് പെർമിറ്റ് നൽകാൻ 27-02-2023 ന് സെക്രട്ടറി ഉത്തരവ് നൽകുകയും പെർമിറ്റ് നൽകാവുന്നതാണെന്ന് ക്ലർക്ക് അന്ന് തന്നെ രേഖപ്പെടുത്തുകയും സെക്രട്ടറി 27-02-2023 ന് പെർമിറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.

1. നഗരസഭയിൽ നിന്നും ലഭിച്ച നോട്ടീസ് പ്രകാരം ന്യൂനതകൾ പരിഹരിച്ച് ചുമർപണി തീർത്തിട്ടുണ്ടെന്നും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷക നൽകിയ അപേക്ഷയിലെ തിയതി 14-03-2023 ആണ്. ഈ അപേക്ഷ ഫ്രണ്ട് ഓഫീസിൽ 14-03-2023 ന് 9385-ാം നമ്പറായി സ്വീകരിച്ചിട്ടുണ്ട്. 14-03-2023 ന് ലഭിച്ച അപേക്ഷ 27-02-2023 ന് ലഭിച്ചു എന്ന് നോട്ട് ഫയലിൽ തെറ്റിദ്ധരിപ്പിച്ച് രേഖപ്പെടുത്തിയ ക്ലർക്കും ആയത് 27-02-2023 തിയതി രേഖപ്പെടുത്തി അംഗീകരിച്ച സെക്രട്ടറി-ഇൻ-ചാർജ്ജും ഗുരുതരമായ ക്രമക്കേട് നടത്തിയിട്ടുണ്ട്.
2. പെർമിറ്റ് ഫീസ് അടവാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. രസീത് നം.122390121287 എന്ന് മാത്രമാണ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തിയതി രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ മേൽ രസീതി പ്രകാരം 2727 രൂപ പെർമിറ്റ് ഫീസ് അടച്ചിട്ടുള്ളത് 15-03-2023 ന് മാത്രമാണ്. പെർമിറ്റ് ഫീസ് അടവാക്കുന്ന തിയതിക്ക് മുമ്പ് തന്നെ പെർമിറ്റ് നൽകിയത് ചട്ടവിരുദ്ധമാണ്.
3. 14-03-2023 ന് ലഭിച്ച അപേക്ഷയും 15-03-2023 ന് അടച്ച പെർമിറ്റ് ഫീസും പരിഗണിച്ച് പെർമിറ്റ് നൽകിയ സെക്രട്ടറി-ഇൻ-ചാർജ് 28-02-2023 ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ട് എന്നിരിക്കെ ടിയാൾ ഈ ഫയൽ കൈകാര്യം ചെയ്തത് ക്രമപ്രകാരമല്ല.
4. നോട്ട് ഫയലിൽ നോട്ടീസ് നൽകിയ നൽകിയ തിയതി 23-02-2023 ന് എന്ന് തിരുത്തിയിട്ടുണ്ട്. എന്നാൽ ഫയലിലുള്ള നോട്ടീസിന്റെ പകർപ്പിൽ സൂപ്രണ്ട് 07-03-2023 ന് ആണ് ഒപ്പിട്ടിരിക്കുന്നത്.
5. നോട്ടീസിന് അപേക്ഷകൻ നൽകിയ മറുപടി പരിശോധിക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (81/18-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ക്രമക്കേടുകൾ സംബന്ധിച്ച് ഭരണ വകുപ്പിനെ അറിയിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-5 കോമ്പൗണ്ടിംഗ് ഫീസ് അടവാക്കുന്നതിന് രണ്ട് മാസം മുമ്പ് തന്നെ കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് നൽകി**

ഫയൽ നമ്പർ :- BA-177/21-22/E5

ശ്രീ.സാജുദ്ദീൻ.എ എന്ന വ്യക്തിയുടെ 294$m^2$ ബിൽറ്റ്-അപ് ഏരിയ ഉള്ള കമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ 11-10-2021 ന് സമർപ്പിക്കുകയും അപേക്ഷ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് ക്ലർക്ക് 22-12-2021 ന് നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽനോട്ട ചുമതലയുള്ള ആരും ആയത് അംഗീകരിച്ചിട്ടില്ല. തുടർന്ന് കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ KMBR പ്രകാരമാണെന്നും ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകാവുന്നതാണെന്നും ഓവർസിയർ തിയതി രേഖപ്പെടുത്താതെ നോട്ട് ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫീസ് കളക്ട് ചെയ്ത് ഒക്യുപെൻസി സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യാവുന്നതാണെന്ന് സെക്രട്ടറി 23-02-2023 ന് ഉത്തരവായിട്ടുണ്ട്. രസീത് നമ്പർ 122390100108 തി 02/23 പ്രകാരം 5,880 രൂപ ഫീസ് അടച്ചതായി നോട്ട് ഫയലിൽ എഴുതിയിട്ടുണ്ട്. തുടർന്ന് 23-02-2023 ന് തന്നെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.

1. 11-10-2021 ന് സമർപ്പിച്ച പെർമിറ്റ് അപേക്ഷയിൽ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് ക്ലർക്ക് 22-12-2021 നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫയലിൽ നടപടി സ്വീകരിക്കുന്നതിന് രണ്ട് മാസത്തിലധികം കാലതാമസം വരുത്തിയിട്ടുണ്ട്.
2. ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർന്ന് മേൽനോട്ട ചുമതലയുള്ള എഞ്ചിനീയറിംഗ് വിഭാഗം സൂപ്രണ്ടിന് ഫയൽ കൈമാറാതെ ഈ വാർഡിന്റെ ചുമതലയില്ലാത്ത ഓവർസിയർക്ക് ഫയൽ നൽകിയിട്ടുണ്ട്. തുടർന്ന് 2023 വരെയും ഫയലിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.
3. നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള 122390100108 നമ്പർ രസീതിയുടെ വിവരങ്ങൾ സാംഖ്യ പ്രകാരമുള്ള ചിട്ട/ഡേ ബുക്ക് പരിശോധിച്ചതിൽ 08-04-2022 ന് ശ്രീ.വാസു എന്ന വ്യക്തി വസ്തുനികുതി അടവാക്കിയതാണെന്ന് കാണുന്നു. എന്നാൽ 123390100108 എന്ന രസീതി പ്രകാരം 05-04-2023 ന് ശ്രീ.സാജുദ്ദീൻ.എ എന്ന പേരിൽ 5,880 രൂപ പെർമിറ്റ് ഫീസ് ഇനത്തിൽ അടവാക്കിയതായിട്ടുണ്ട്. 05-04-2023 ന് മാത്രമാണ് കോമ്പൗണ്ടിംഗ് ഫീസ് അടവാക്കിയിട്ടുള്ളത് എന്നിരിക്കെ ആയതിന് രണ്ട് മാസം മുമ്പ് 23-02-2023 ന് കെട്ടിടം ക്രമവൽക്കരിച്ച് ഒക്യുപെൻസി നൽകിയത് ചട്ടവിരുദ്ധമാണ്.
4. 2019 ലെ KMBR ചട്ടം 95(3) പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് അടവാക്കി Appendix-G1 പ്രകാരമുള്ള മാതൃകയിൽ റെഗുലറൈസ് ചെയ്ത് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.
5. 23-02-2023 ന് നൽകിയ Occupency Certificate-ൽ Regularised On 11-10-2021 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 05-04-2023 നാണ് കോമ്പൗണ്ടിംഗ് ഫീസ് അടവാക്കിയിട്ടുള്ളത്. 2019 ലെ KMBR ചട്ടം 95(3) പ്രകാരം തുക അടവാക്കിയ ശേഷം മാത്രമാണ് റെഗുലറൈസ് ചെയ്യാവുന്നത് എന്നിരിക്കെ 11-10-2021 പ്രാബല്യത്തിൽ 23-02-2023 ന് റെഗുലറൈസ് ചെയ്തത് ചട്ടലംഘനമാണ്.
6. അപേക്ഷയോടൊപ്പമുള്ള പാലക്കാട് -1 വില്ലേജ് ഓഫീസറുടെ 08/09/2021 ലെ 588343282 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം നിർമ്മിച്ച ബ്ലോക്ക് 73 ൽ റീസർവേ നമ്പർ 51 പ്രകാരമുള്ള സ്ഥലം "നിലം" എന്ന വിഭാഗത്തിലാണുള്ളത്. ആയത് തരംമാറ്റാതെ കെട്ടിടം ക്രമവൽക്കരിച്ച് ഉത്തരവ് നൽകിയതിന് ക്രമപ്രകാരമല്ല.
7. അപേക്ഷയോടൊപ്പമുള്ള പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് Abut ആയിട്ടാണുള്ളത്. ഈ വശത്തുള്ള സ്ഥലമുടമയുടെ സമ്മതപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 32/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടം 2019 ലെ KMBR ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-12-6 കോമ്പൗണ്ടിംഗ് ഫീസ് അടവാക്കുന്നതിന് രണ്ട് മാസം മുമ്പ് തന്നെ കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ച് വസ്തുനികുതി നിർണ്ണയിച്ചു

ഫയൽ നമ്പർ :- BA/170/22-23/E6

ശ്രീമതി. ആത്തിക്ക, പുത്തൻവീട്, മണലാഞ്ചേരി, തിരുനെല്ലായി പി.ഒ എന്നിവരുടെ 102.5 $M^2$ വിസ്തീർണ്ണമുള്ള ഗാർഹികാവശ്യത്തിനുള്ള കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കാനുള്ള 02-09-2022 ലെ അപേക്ഷയിൽ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് ക്ലർക്ക് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ആരും തന്നെ അംഗീകരിച്ചിട്ടില്ല. തുടർന്ന് ഓവർസിയർ കെട്ടിടം KMBR പ്രകാരമാണെന്നും ക്രമവൽക്കരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുകയും (തിയതി രേഖപ്പെടുത്തിയിട്ടില്ല) ഫീസ് വാങ്ങി ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകാൻ സെക്രട്ടറി ഉത്തരവാകുകയും (തിയതി ഇല്ല) ചെയ്തിട്ടുണ്ട്. തുടർന്ന് രസീതി നമ്പർ 122390122350 പ്രകാരം 721 രൂപ അടവാക്കിയിട്ടുണ്ടെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകാവുന്നതാണെന്ന ക്ലർക്കിന്റെ 20-01-2023 ലെ റിപ്പോർട്ട് സെക്രട്ടറി 20-01-2023 ന് തന്നെ അംഗീകരിച്ച് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. തുടർന്ന് 20-01-2023 ന് തന്നെ റവന്യൂ ഇൻസ്പെക്ടർ ഫോം-2, 6 എന്നിവ അംഗീകാരത്തിനായി സെക്രട്ടറിക്ക് നൽകുകയും 20-01-2023 ന് തന്നെ അംഗീകരിച്ച് കെട്ടിട നമ്പർ 30/654(5) അനുവദിക്കുകയും ചെയ്തിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകങ്ങൾ താഴെക്കൊടുക്കുന്നു.

1. സെക്ഷൻ ക്ലർക്ക് നോട്ട് ഫയലിൽ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് 02-09-2022 ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് മേലുദ്യോഗസ്ഥർ അംഗീകരിക്കാതെ ഓവർസിയർക്ക് കൈമാറിയിട്ടുണ്ട്.
2. ഫയൽ കൈകാര്യം ചെയ്ത ഓവർസിയർക്ക് ബിൽഡിംഗ് ഇൻസ്പെക്ടറുടെ ചുമതല നൽകിയിട്ടില്ല. കൂടാതെ മേലുദ്യാഗസ്ഥർക്ക് ഫയൽ കൈമാറിയിട്ടില്ല.
3. 122390122350 പ്രകാരം 721 രൂപ ഫീസ് അടവാക്കിയതായി ഫയലിൽ രേഖപ്പെടുത്തി 20-01-2023 ന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭയിലെ സാംഖ്യ പ്രകാരമുള്ള ചിട്ട/ഡേ ബുക്ക് വിവരങ്ങൾ പ്രകാരം 28-03-2023 നാണ് മേൽ രസീതി പ്രകാരം തുക അടവാക്കിയിരിക്കുന്നത്. <u>28-03-2023 ന് അടവാക്കിയ രസീതി നമ്പർ രേഖപ്പെടുത്തി 20-01-2023 ന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയത് ചട്ടവിരുദ്ധമാണ്.</u>
4. ക്രമവൽക്കരണ ഫീസ് അടവാക്കാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയ 20-01-2023 തിയതിയിൽ തന്നെ അപേക്ഷകനിൽ നിന്നും വസ്തുനികുതി നിർണ്ണയിക്കുന്നതിനായി ഫോം-2 സ്വീകരിച്ച് റവന്യൂ ഓഫീസർ സൈറ്റ് പരിശോധന നടത്തി വസ്തുനികുതി നിർണ്ണയിച്ച് ഫോം-6 അംഗീകരിച്ച് നൽകിയത് ക്രമവിരുദ്ധമാണ്.
5. കെട്ടിട നമ്പർ 30/654(5) യുമായി ബന്ധപ്പെട്ട ഫോം-2, 6 എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.
6. 2019 ലെ KMBR ചട്ടം 95(3) പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് അടവാക്കി Appendix-G1 പ്രകാരമുള്ള മാതൃകയിൽ റെഗുലറൈസ് ചെയ്ത് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.
7. 20-01-2023 ന് നൽകിയ ഒക്യുപൻസി സർട്ടിഫിക്കറ്റിൽ Regularised On 17-09-2022 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 2019 ലെ KMBR ചട്ടം 95(3) പ്രകാരം തുക അടവാക്കിയ ശേഷം മാത്രമാണ് റെഗുലറൈസ് ചെയ്യാവുന്നത് എന്നിരിക്കെ 28-03-2023 ന് കോമ്പൗണ്ടിംഗ് ഫീസ് അടവാക്കിയിട്ടുള്ള കെട്ടിടം 17-09-2022 പ്രാബല്യത്തിൽ 20-01-2023 ന് ക്രമവൽക്കരിച്ച് നൽകിയത് ചട്ടലംഘനമാണ്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 32/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടം 2019 ലെ KMBR ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-7 ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ സമർപ്പിച്ച തിയതിക്ക് മുമ്പേ തന്നെ ബിൽഡിംഗ് പെർമിറ്റ്**

നൽകി

ഫയൽ നം:- BA/307/22-23/E6

ശ്രീ.ഷെഹീർ.പി.എം, ശ്രീമതി.നിലാവർണ്ണീസ, സാദിഖ് മൻസിൽ, വെണ്ണക്കര, നൂറണി എന്നിവരുടെ 215.69 M2 വിസ്തീർണ്ണമുള്ള റെസിഡെൻഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ബിൽഡിംഗ് പെർമിറ്റ് അപേക്ഷയിൽ രസീത് നമ്പർ 1224200118961 തിയതി 24-01-2023 പ്രകാരം അപേക്ഷാ ഫീസ് ആയ 130 രൂപ അടച്ചതായി രേഖപ്പെടുത്തുകയും, ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് ക്ലർക്ക് തിയതി ഇല്ലാതെ ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ആരും തന്നെ അംഗീകരിച്ചിട്ടില്ല. തുടർന്ന് കെട്ടിടം KMBR പ്രകാരമാണെന്നും ഫീസ് അടവാക്കി അംഗീകാരം നൽകാവുന്നതാണെന്നും തിയതി രേഖപ്പെടുത്താതെ ഓവർസിയർ നോട്ട് ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫീസ് ഈടാക്കി പെർമിറ്റ് നൽകാൻ സെക്രട്ടറി 25-01-2023 ന് ഉത്തരവായിട്ടുണ്ട്. തുടർന്ന് രസീതി നമ്പർ 122420118962 (അപേക്ഷ ഫീസ് നൽകിയതിന്റെ തൊട്ടടുത്ത രസീതി നമ്പർ) പ്രകാരം 1,515 രൂപ പെർമിറ്റ് ഫീസ് അടച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന ക്ലർക്കിന്റെ 25-01-2023 ലെ ശുപാർശ അംഗീകരിച്ച് 25-01-2023 ന് തന്നെ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.

1. KMBR Appendix A1 മാതൃകയിലുള്ള അപേക്ഷയിൽ അപേക്ഷകർ 01.02.2023 തിയതിയിലാണ് ഒപ്പ് വെച്ചിട്ടുള്ളത്. അംഗീകൃത സൂപ്പർവൈസറും അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് 01-02-2023 നാണ്. കൂടാതെ അപേക്ഷ ഫീസ് ആയ 130 രൂപ അടവാക്കിയ 1224200118961 നമ്പർ രസീതിയുടെ വിവരങ്ങൾ സാംഖ്യയിൽ പരിശോധിച്ചതിൽ ആയത് 04-02-2023 നാണ് ഫ്രണ്ട് ഓഫീസിൽ അടവാക്കിയതെന്ന് കാണുന്നു. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പേ 25-01-2023 തിയതിയിൽ പെർമിറ്റ് അനുവദിച്ചത് ഗുരുതരമായ ചട്ടലംഘനമാണ്.
2. പെർമിറ്റ് ഫീസ് അടവാക്കിയതായി രേഖപ്പെടുത്തിയ 122420118962 നമ്പർ രസീതും 04-02-2023 തിയതിലേതാണ്. പെർമിറ്റ് ഫീസ് അടവാക്കുന്നതിന് മുമ്പ് തന്നെ പെർമിറ്റ് നൽകിയത് ചട്ടലംഘനമാണ്.
3. നഗരസഭ അസി.എക്സി. എഞ്ചിനീയറുടെ 06-12-2022 ലെ G10-1476/2022 ഉത്തരവ് പ്രകാരം അപേക്ഷകന്റെ വാർഡിന്റെ ചുമതല നൽകിയിട്ടുള്ള ബിൽഡിംഗിന് ഇൻസ്പെക്ടർക്ക് അല്ല ഫയൽ കൈമാറിയിട്ടുള്ളത്.
4. അപേക്ഷ ഫീസ് ഈടാക്കി അപേക്ഷ സ്വീകരിച്ച് സെക്ഷൻ ക്ലർക്കും ഓവർസിയറും പരിശോധന നടത്തി സെക്രട്ടറി അംഗീകരിച്ച് ഫീസ് അടവാക്കാൻ നിർദേശിച്ചിട്ടുണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2019 ലെ KMBR ലെ ചട്ടം 9 പ്രകാരം സൈറ്റ് പരിശോധനയും നടത്തേണ്ടതുണ്ട്. എന്നാൽ ഫീസുകൾ അടവാക്കിയ രസീതി നമ്പറുകൾ പരിശോധിച്ചതിൽ അപേക്ഷ ഫീസ് അടച്ചതിന്റെ തൊട്ടടുത്ത രസീതി ആയി തന്നെ പെർമിറ്റ് ഫീസും അടവാക്കിയിട്ടുണ്ട് (അപേക്ഷ ഫീസ്:- 1224200118961, പെർമിറ്റ് ഫീസ്:- 122420118962). ക്ലർക്ക്, ഓവർസിയർ, സെക്രട്ടറി എന്നിവർ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള നടപടിക്രമങ്ങളെല്ലാം തന്നെ യഥാർത്ഥത്തിലുള്ളതല്ല എന്ന് വ്യക്തമാണ്.
5. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15-11-2008 ലെ 72671/ആർ.എ.1/2008/തസ്വഭവ ഉത്തരവ് പ്രകാരം 300 $M^2$ വരെ പ്ലിന്ത് ഏരിയയുള്ള കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകി ഉത്തരവായിട്ടുണ്ടെങ്കിലും സെക്രട്ടറിയാണ് മേൽ സൂചിപ്പിച്ച പെർമിറ്റ് നൽകിയിട്ടുള്ളത്. കൂടാതെ സെക്ഷൻ ക്ലർക്ക്, ഓവർസിയർ, സെക്രട്ടറി എന്നിവർ മാത്രമാണ് ഈ ഫയൽ കൈകാര്യം ചെയ്തിരിക്കുന്നതെന്ന് കാണുന്നു. എഞ്ചിനീയറിംഗ് വിഭാഗം സൂപ്രണ്ട്, അസി.എഞ്ചിനീയർക്ക് എന്നിവർക്ക് ഫയൽ കൈമാറിയതായിട്ടില്ല.
6. 2019 ലെ KMBR ലെ ചട്ടം 5(1) പ്രകാരം അപേക്ഷയോടൊപ്പം പ്ലാൻ തയ്യാറാക്കിയ ലൈസൻസ്ഡ്

സൂപ്പർവൈസറുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഫയലിൽ ഇല്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/14-11-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടം 2019 ലെ KMBR ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-8 അപേക്ഷ നൽകുന്നതിന് മുമ്പ് തന്നെ കെട്ടിടം ക്രമവൽക്കരിച്ച് നൽകി**

ഫയൽ നം: BA/314/22-23/E4

ശ്രീമതി.ഷാജിത.എ എന്നിവരുടെ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷയിൽ രസീതി നമ്പർ 122400100323 പ്രകാരം അപേക്ഷ ഫീസ് ആയി 130 രൂപ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് തിയതി ഇല്ലാതെ സെക്ഷൻ ക്ലർക്ക് ഫയലിൽ രേഖപ്പെടുത്തുകയും മേലുദ്യോഗസ്ഥർ അംഗീകരിക്കാതെ ആയത് ഓവർസിയർക്ക് കൈമാറിയിട്ടുമുണ്ട്. കക്ഷി നൽകിയ കംപ്ലീഷൻ പ്ലാൻ പ്രകാരം സ്ഥലം പരിശോധിച്ചിട്ടുണ്ടെന്നും നിർമ്മാണം KMBR പ്രകാരം പൂർത്തീകരിച്ചിട്ടുണ്ടെന്നും ക്രമവൽക്കരിച്ച് നൽകാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുകയും ഫീസ് ഈടാക്കി ഒക്യുപെൻസി നൽകാൻ സെക്രട്ടറി 20-01-2023 ന് തന്നെ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. "ബഹു.സെക്രട്ടറിയുടെ നിർദേശ പ്രകാരം ഫീസ് അടവാക്കിയിട്ടുണ്ടെന്നും രസീതി നമ്പർ 122420119865, തുക 2268, തിയതി 01/2023 " എന്നും ഫയലിൽ എഴുതിയിട്ടുണ്ട്. “O/C, C/R നൽകാവുന്നതാണ്" എന്ന് 21-01-2023 തിയതിയിൽ ക്ലർക്ക് രേഖപ്പെടുത്തിയിട്ടുള്ളതും 21-01-2023 ന് ഒപ്പുവെച്ചു എന്ന് സെക്രട്ടറി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. കംപ്ലീഷൻ റിപ്പോർട്ട് സെക്രട്ടറി 21-01-2023 തിയതിയിൽ ഒപ്പുവെച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെപ്പറയുന്നവക്ക് മറുപടി/വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. അപേക്ഷ ഫീസ് 20-01-2023 ന് അടവാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള രസീതി നമ്പർ 122400100323 ന്റെ വിവരങ്ങൾ സാംഖ്യയിൽ പരിശോധിച്ചതിൽ ആയത് 22-02-2023 ന് മാത്രമാണ് ഫ്രണ്ട് ഓഫീസിൽ അടവാക്കിയിട്ടുള്ളതാണെന്ന് കാണുന്നു. കൂടാതെ കോമ്പൗണ്ടിംഗ് ഫീസ് അടവാക്കിയയാതി ഫയലിൽ രേഖപ്പെടുത്തിയ രസീതി നമ്പർ 122420119865 ന്റെ വിവരങ്ങൾ പരിശോധിച്ചതിൽ ആയത് 15-02-2023 ന് മാത്രമാണ് അടച്ചിട്ടുള്ളതെന്ന് കാണുന്നു. കോമ്പൗണ്ടിംഗ് ഫീസ് അടച്ച ശേഷമാണ് അപേക്ഷ ഫീസ് അടവാക്കിയിട്ടുള്ളത് എന്നതിനാൽ തന്നെ ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള നടപടിക്രമങ്ങൾ എല്ലാം തന്നെ യഥാർത്ഥത്തിലുള്ളതല്ല എന്ന് വ്യക്തമാണ്.
2. അപേക്ഷ ഫീസ് അടവാക്കുന്നതിനും കൊമ്പൗണ്ടിംഗ് ഫീസ് അടവാക്കുന്നതിനും ഒരുമാസം മുമ്പേയുള്ള തിയതിയിൽ കെട്ടിടനിർമ്മാണം ക്രമവൽക്കരിച്ച് കംപ്ലീഷൻ റിപ്പോർട്ട് നൽകിയത് ചട്ടവിരുദ്ധമാണ്.
3. ഫയലിലുള്ള അപേക്ഷയിലും ബിൽഡിംഗ് കമ്മിറ്റി ക്വസ്റ്റ്യണെയറിലും അപേക്ഷ ഫീസ് 20-01-2023 ന് അടവാക്കിയതായും കോമ്പൗണ്ടിംഗ് ഫീസ് 01/2023 ൽ അടവാക്കിയതായും ഒക്യുപെൻസി സർട്ടിഫിക്കറ്റ്/കംപ്ലീഷൻ റിപ്പോർട്ട് അനുവദിക്കാവുന്നതാണെന്നും തെറ്റിദ്ധരിപ്പിച്ച് രേഖപ്പെടുത്തിയ ജീവനക്കാരുടെ നടപടി ഗുരുതരമായ കൃത്യവിലോപമാണ്.
4. നഗരസഭ അസി.എക്സി. എഞ്ചിനീയറുടെ 06-12-2022 ലെ G10-1476/2022 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം കെട്ടിടം സ്ഥിതിചെയ്യുന്ന വാർഡിന്റെ ബിൽഡിംഗ് ഇൻസ്പെക്ടർ ആയി ചുമതല നൽകിയിട്ടില്ലാത്ത ഓവർസിയർ ആണ് ഫയൽ കൈകാര്യം ചെയ്തിട്ടുള്ളത്. ഓവർസിയറുടെ റിപ്പോർട്ട് മേലുദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, അസി.എക്സി. എഞ്ചിനീയർ എന്നിവർ അംഗീകരിച്ചിട്ടില്ല.
5. 2019 ലെ KMBR ചട്ടം 95(3) പ്രകാരം കോമ്പൗണ്ടിംഗ് ഫീസ് അടവാക്കി Appendix-G1 പ്രകാരമുള്ള മാതൃകയിൽ റെഗുലറൈസ് ചെയ്ത് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 46/29-11-2023) മറുപടി

ലഭ്യമാക്കിയിട്ടില്ല. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-9 IBPMS മുഖേന മടക്കിയ അപേക്ഷ നേരിട്ട് സ്വീകരിച്ച് പരിശോധന നടത്താതെ പെർമിറ്റ് നൽകി**

ഫയൽ നമ്പർ :- BA/299/22-23/E6

ശ്രീ.നഫീർ മുഹമ്മദ്.എൻ എന്ന വ്യക്തി IBPMS മുഖേന 13-01-2023 നൽകിയ ബിൽഡിംഗ് പെർമിറ്റ് അപേക്ഷയിൽ Technical Shortwall/Drawing Not In Format എന്ന രേഖപ്പെടുത്തി മടക്കിയിട്ടുണ്ട്. തുടർന്ന് അപേക്ഷകൻ നേരിട്ട് അപേക്ഷ നൽകിയതായും 24-01-2023 ലെ പെർമിറ്റ് അപേക്ഷയിൽ രസീത് നമ്പർ 122390117307 പ്രകാരം 130 രൂപ അപേക്ഷ ഫീസ് അടവാക്കിയതായും രേഖപ്പെടുത്തി ബിൽഡിംഗ് ഇൻസ്പെക്ടർക്ക് ഫയൽ അയക്കാവുന്നതാണെന്ന് സെക്ഷൻ ക്ലർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് സ്ഥലം പരിശോധിച്ചതായും നിലവിലുള്ള ഗ്രൗണ്ട് ഫ്ലോറിൽ അധികമായും ഫസ്റ്റ് ഫ്ലോർ നിർമ്മിക്കുന്നതിനുമാണ് അപേക്ഷയെന്നും പ്ലാൻ സമർപ്പിച്ചിട്ടുള്ളത് KMBR പ്രകാരമാണെന്നും 1,386 രൂപ ഫീസ് ഈടാക്കി അംഗീകാരം നൽകാവുന്നതാണെന്നും ഓവർസിയർ രേഖപ്പെടുത്തുകയും ഫീസ് ഈടാക്കി പെർമിറ്റ് നൽകാൻ 24-01-2023 ന് തന്നെ സെക്രട്ടറി ഇൻ ചാർജ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 1,386 രൂപ ഫീസ് രസീതി നമ്പർ 1223900117306 പ്രകാരം അടവാക്കിയിട്ടുണ്ടെന്നും പെർമിറ്റ് നൽകാവുന്നതാണെന്നും സെക്ഷൻ ക്ലർക്ക് 24-01-2023 ന് രേഖപ്പെടുത്തുകയും സൂപ്രണ്ട് 25-01-2023 ന് അംഗീകരിച്ച് സെക്രട്ടറി 25-01-2023 ന് പെർമിറ്റ് നൽകിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകങ്ങൾ താഴെക്കൊടുക്കുന്നു.

1. IBPMS മുഖേന 13-01-2023 നൽകിയ അപേക്ഷയിൽ Technical Shortwall/Drawing Not In Format എന്ന രേഖപ്പെടുത്തി മടക്കിയിട്ടുണ്ട്. തുടർന്ന് IBPMS വഴിയല്ലാതെ നേരിട്ട് അപേക്ഷ സ്വീകരിച്ച് പെർമിറ്റ് നൽകിയിട്ടുണ്ട്.
2. ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർന്ന് മേൽനോട്ട ചുമതലയുള്ള എഞ്ചിനീയറിംഗ് വിഭാഗം സൂപ്രണ്ടിന്റെ അംഗീകാരമില്ലാതെ കെട്ടിടം സ്ഥിതി ചെയ്യുന്ന വാർഡിന്റെ ചുമതലയുള്ള ബിൽഡിംഗ് ഇൻസ്പെക്ടർ അല്ലാത്ത ഓവർസിയർക്ക് ഫയൽ കൈമാറിയിട്ടുണ്ട്. ഓവർസിയറുടെ റിപ്പോർട്ട് മേലുദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, അസി.എക്സി. എഞ്ചിനീയർ എന്നിവർ അംഗീകരിച്ചിട്ടില്ല.
3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15-11-2008 ലെ 72671/ആർ.എ.1/2008/തസ്വഭവ ഉത്തരവ് പ്രകാരം 300 $M^2$ വരെ പ്ലിന്ത് ഏരിയയുള്ള കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകി ഉത്തരവായിട്ടുണ്ടെങ്കിലും സെക്രട്ടറിയാണ് മേൽ സൂചിപ്പിച്ച പെർമിറ്റ് നൽകിയിട്ടുള്ളത്.
4. സെക്ഷൻ ക്ലർക്ക് അപേക്ഷ ഫീസ് അടവാക്കിയിട്ടുണ്ടെന്നും ഓവർസിയർക്ക് കൈമാറാമെന്നും നോട്ട് ഫയലിൽ കുറിപ്പ് രേഖപ്പെടുത്തുകയും തുടർന്ന് ഓവർസിയർക്ക് ഫയൽ കൈമാറി ടിയാൻ സ്ഥലം പരിശോധിച്ച് പ്ലാൻ KMBR പ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തി സെക്രട്ടറിക്ക് ഫയൽ സമർപ്പിക്കുകയും ഫീസ് ഈടാക്കാൻ സെക്രട്ടറി ഉത്തരവ് നൽകിയതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. <u>ഒരേ ദിവസം തന്നെ അപേക്ഷ ഫീസ് അടവാക്കിയ രസീതിന്റെ (നം. 122390117307) തൊട്ടു മുമ്പിലെ രസീതായി (നം.122390117306) പെർമിറ്റ് ഫീസ് അടവാക്കിയിട്ടുണ്ട് എന്നതിനാൽ ഫയലിൽ രേഖപ്പെടുത്തിയ നടപടിക്രമങ്ങൾ യഥാർത്ഥത്തിലുള്ളവയല്ല എന്ന് വ്യക്തമാണ്.</u>
5. സെക്രട്ടറി നോട്ട് ഫയലിൽ ഒപ്പിട്ടിരിക്കുന്നത് 25-01-2023 ന് ആണെങ്കിലും അംഗീകരിച്ച ബിൽഡിംഗ് പെർമിറ്റിൽ 24-01-2023 ആണ് തിയതി രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകങ്ങൾക്ക് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 47/29-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ

സ്വീകരിക്കേണ്ടതാണ്.

**1-12-10 ഫീസ് അടവാക്കുന്നതിനും മുമ്പ് തന്നെ Name Transfer, ഒക്യുപെൻസി സർട്ടിഫിക്കറ്റ് എന്നിവ അനുവദിച്ചു**

ഫയൽ നമ്പർ :- BA/09/21-22/E4

ശ്രീ.കാച്ചാ ഹുസൈൻ എന്ന വ്യക്തിക്ക് കമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് 17-11-2021 ന് പെർമിറ്റ് നൽകിയിരുന്നു. ശ്രീ.കാച്ചാ ഹുസൈൻ മരണപ്പെട്ടതിനാൽ അവകാശികളായ ശ്രീ.സക്കീർ ഹുസൈൻ, ഷാഹിർ ഹുസൈൻ എന്നിവർ പെർമിറ്റ് മാറ്റി നൽകണമെന്ന് അപേക്ഷ നൽകിയിട്ടുണ്ട് (തിയതി ഇല്ല). KMBR Appendix H പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റും അപേക്ഷകർ സമർപ്പിച്ചിട്ടുണ്ട്.

കംപ്ലീഷനുവേണ്ടി സമർപ്പിച്ച അപേക്ഷ സഹിതം ഫയൽ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയക്കാവുന്നതാണെന്ന് സെക്ഷൻ ക്ലർക്ക് തിയതി രേഖപ്പെടുത്താതെ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേലുദ്യോഗസ്ഥർ ആരും ആയത് അംഗീകരിച്ചിട്ടില്ല. തുടർന്ന് “Document, Possession, Land Tax എന്നിവ ഹാജരാക്കിയിട്ടുണ്ടെന്നും Name Transfer ചെയ്ത് കംപ്ലീഷൻ നൽകാവുന്നതാണെന്നും" ഓവർസിയർ ഫയലിൽ രേഖപ്പെടുത്തുകയും “Name Transfer അനുവദിച്ച് O/C നൽകുക" എന്ന് സെക്രട്ടറി ഫയലിൽ ഉത്തരവ് നൽകിയിട്ടുണ്ട്. 122390118887 എന്ന രസീതി പ്രകാരം ഫീസ് 100 രൂപ അടവാക്കിയിട്ടുണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒക്യുപെൻസി നൽകാവുന്നതാണെന്ന് ക്ലർക്ക് 20.01.2023 ന് രേഖപ്പെടുത്തുകയും 20.01.2023 ന് തന്നെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുമുണ്ട്. 20.01.2023 ന് തന്നെ റവന്യൂ ഇൻസ്പെക്ടർ ഫോം 2, 6 എന്നിവ അംഗീകാരത്തിനായി സമർപ്പിക്കുകയും 23.01.2023 ന് സെക്രട്ടറി ആയത് അംഗീകരിക്കുകയും ചെയ്തിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ഫീസ് ഈടാക്കിയ രസീതി നമ്പർ 122390118887 ന്റെ വിവരങ്ങൾ സാംഖ്യയിൽ പരിശോധിച്ചതിൽ 13-02-2023 നാണ് ഫീസ് അടവാക്കിയിട്ടുള്ളത്. ഫീസ് അടവാക്കുന്നതിന് മുമ്പ് തന്നെ Name Transfer അനുവദിച്ച് ഒക്യുപെൻസി അനുവദിച്ചത് ക്രമപ്രകാരമല്ല.
2. ഫീസ് അടവാക്കാതെ തന്നെ ഒക്യൂപെൻസി നൽകാവുന്നതാണെന്ന് രേഖപ്പെടുത്തിയ ക്ലർക്ക്, ആയത് അംഗീകരിച്ച സെക്രട്ടറി എന്നിവരുടെ നടപടി ക്രമവിരുദ്ധമാണ്.
3. മേൽനോട്ട ചുമതലയുള്ള എഞ്ചിനീയറിംഗ് വിഭാഗം സൂപ്രണ്ടിന്റെ അംഗീകാരമില്ലാതെ തന്നെ ബിൽഡിംഗ് ഇൻസ്പെക്ടറുടെ ചുമതല നൽകിയിട്ടില്ലാത്ത ഓവർസിയർക്ക് ഫയൽ കൈമാറിയിട്ടുണ്ട്.
4. ഫീസ് അടവാക്കുന്നതിന് മുമ്പ് തന്നെ വസ്തുനികുതി നിർണ്ണയത്തിനായി അപേക്ഷകനിൽ നിന്നും ഫോം-2 സ്വീകരിച്ച് റവന്യൂ ഇൻസ്പെക്ടർ സ്ഥലപരിശോധന നടത്തി ഫോം 6 സമർപ്പിച്ചതും സെക്രട്ടറി ആയത് അംഗീകരിച്ച് നികുതി നിർണ്ണയിച്ചതും നടപടിക്രമങ്ങളിലെ വീഴ്ചയാണ്.

മേൽ അപാകങ്ങൾക്ക് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 48/29-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-11 മതിയായ രേഖകളില്ലാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു**

ഫയൽ നം:- BA/122/22-23/E6

ശ്രീ.ബാലഗോപാലൻ.പി എന്ന വ്യക്തി 948.87 $M^2$ വിസ്തീർണ്ണമുള്ള കമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനായി 13-07-2022 ന് നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയോടൊപ്പമുള്ള കൈവശ സർട്ടിഫിക്കറ്റ് പ്രകാരം സ്ഥലത്തിന്റെ തരം നിലം എന്നാണെന്നും 09-12-1986 ലെ സബ് കളക്ടറുടെ ഉത്തരവ് നം.D.Dis.7600/86 പ്രകാരം വാസഗൃഹം നിർമ്മിക്കുന്നതിനുള്ള

KLU ഉത്തരവ് ലഭിച്ചിട്ടുണ്ടെന്നും അംഗീകൃത മാസ്റ്റർപ്ലാൻ പ്രകാരം പ്രസ്തുത സ്ഥലം Special Category Residential Zone ആണെന്നും GO(MS)No.210/09/LSGD Dt 11-09-2009 പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസ് ലഭിക്കുന്ന മുറയ്ക്ക് 200 $M^2$ വരെയുള്ള Single Family Residential കെട്ടിടങ്ങൾക്ക് മാത്രമാണ് അനുമതി നൽകാൻ നിർവാഹമുള്ളു എന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകന് അറിയിപ്പ് നൽകാൻ അസി.എക്സി. എഞ്ചിനീയർ ഉത്തരവ് നൽകുകയും 29-07-2022 ന് അപേക്ഷകന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് അപേക്ഷകൻ നഗരസഭക്കെതിരെ ബഹു.ഹൈക്കോടതിയിൽ കേസ് നൽകുകയും (നം.WP(C)No.26692/2022) ബഹു.ഹൈക്കോടതിയുടെ 14-12-2022 ലെ വിധി പ്രകാരം അപേക്ഷകന് നൽകിയ നോട്ടീസ് (Ex.3) Set Aside ചെയ്തിട്ടുള്ളതിനാൽ പെർമിറ്റ് അനുവദിച്ച് 12-01-2023 ന് സെക്രട്ടറി ഉത്തരവ് നൽകുകയും ഫീസ് ഈടാക്കി 19-01-2023 ന് പെർമിറ്റ് നൽകിയിട്ടുണ്ട്.

തുടർന്ന് ശ്രീ.തസ്ലീം കാജ എന്ന വ്യക്തി ശ്രീ.ബാലഗോപാലിൽ നിന്നും സ്ഥലം വാങ്ങിയതായും പെർമിറ്റ് തന്റെ പേരിലേക്ക് മാറ്റിനൽകണമെന്നും പഴയ പെർമിറ്റിൽ മാറ്റങ്ങൾ വരുത്തിയിട്ടുള്ളതിനാൽ പ്ലാൻ റിവൈസ് ചെയ്ത് വീണ്ടും പെർമിറ്റ് നൽകണമെന്നും 23-02-2023 ന് അപേക്ഷിക്കുകയും തുടർനടപടികൾക്കായി ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അനുവദിക്കാമെന്ന് ക്ലർക്ക് നോട്ട് ഫയലിൽ രേഖപ്പെടുത്തുകയും സൂപ്രണ്ട് അന്നുതന്നെ അംഗീകരിച്ച് ഓവർസിയർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഫീസ് ഈടാക്കി അംഗീകാരം നൽകാവുന്നതാണെന്ന് ഓവർസിയർ ഫയലിൽ തിയതി ഇല്ലാതെ രേഖപ്പെടുത്തുകയും സെക്രട്ടറി 27-02-2023 ന് 2884.47 M2 വിസ്തീർണ്ണമുള്ള കമേഴ്സ്യൽ കെട്ടിടത്തിന് പെർമിറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.

1. അപേക്ഷയോടൊപ്പമുള്ള കൈവശ സർട്ടിഫിക്കറ്റ് പ്രകാരം സ്ഥലത്തിന്റെ തരം നിലം എന്നാണെന്നും 09-12-1986 ലെ സബ് കളക്ടറുടെ ഉത്തരവ് നം.D.Dis.7600/86 പ്രകാരം വാസഗൃഹം നിർമ്മിക്കുന്നതിനുള്ള KLU ഉത്തരവ് ലഭിച്ചിട്ടുണ്ടെന്നും ഓവർസിയർ 23-07-2022 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും നഗരസഭ അപേക്ഷകന് 29-07-2022 ന് നൽകിയ നോട്ടീസിൽ ഈ അപാകം പരാമർശിച്ചിട്ടില്ല. GO(MS)No.210/09/LSGD Dt 11-09-2009 പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ കൺകറൻസ് ലഭിക്കുന്ന മുറയ്ക്ക് 200 $M^2$ വരെയുള്ള Single Family Residential കെട്ടിടങ്ങൾക്ക് മാത്രമാണ് അനുമതി നൽകാൻ നിർവാഹമുള്ളു എന്ന വിവരം മാത്രമാണ് അറിയിച്ചിട്ടുള്ളത്.
2. അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള കൈവശാവകാശ സർട്ടിഫിക്കറ്റിൽ (No.66125641 Dt 05.07.2022, Palakkad-2 Village) കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ തരം നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഭൂമി തരം മാറ്റാതെ കമേഴ്സ്യൽ കെട്ടിടത്തിന് പെർമിറ്റ് നൽകിയത് ക്രമപ്രകാരമല്ല.
3. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഉപയോഗക്രമം മാറ്റിയ ഭൂമിയിൽ മാത്രമേ കെട്ടിട നിർമ്മാണം അനുവദിക്കാൻ കഴിയൂ എന്നും ആയതിന് ഫീസ് അടച്ച് ആർ.ഡി.ഒയുടെ ഉത്തരവ് ഹാജരാക്കേണ്ടതാണെന്നും, മാസ്റ്റർപ്ലാൻ പ്രകാരം കമേഴ്സ്യൽ കെട്ടിടം അനുവദിക്കാൻ കഴിയില്ലെന്നും മേൽ കാരണങ്ങളാൽ പ്ലാനിന് അനുമതി നൽകാൻ കഴിയില്ലെന്നും അസി.എഞ്ചിനീയർ 12.01.2023 ന് റിപ്പോർട്ട് ചെയ്യുകയും മുനിസിപ്പൽ എഞ്ചിനീയർ 12.01.2023 ന് അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പെർമിറ്റ് അനുവദിക്കാമെന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിച്ച് ഉത്തരവാകുന്നു എന്ന് സെക്രട്ടറി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
4. പെർമിറ്റ് റിവൈസ് ചെയ്യുന്നതിനായി <u>ശ്രീ.തസ്ലിം കാജ നൽകിയ അപേക്ഷയിലും പ്ലാനിലും, ഫയർ എൻ.ഒ.സി സംബന്ധിച്ച സാക്ഷ്യപത്രത്തിലും ഒപ്പിട്ടിരിക്കുന്നത് ശ്രീ.എം.എ.കാജാ മൊയ്തീൻ ആണ്.</u> അപേക്ഷകൻ അല്ലാത്ത വ്യക്തി ഒപ്പിട്ട അപേക്ഷ സ്വീകരിച്ച് പെർമിറ്റ് നൽകിയത് ചട്ടവിരുദ്ധമാണ്.
5. ഫയർ എൻ.ഒ.സി ഒരു മാസത്തിനകം ഹാജരാക്കാം എന്നും ഈ അപേക്ഷ പരിഗണിച്ച് റിവൈസ്ഡ് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കണമെന്നും 200 രൂപയുടെ മുദ്രപത്രത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്. 2019 ലെ KMBR ചട്ടങ്ങളിലെ ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് A1, A2, B, C, E, F, G1, G2, H ഗണത്തിലുള്ള 1000

ചതുരശ്രമീറ്ററിലധികം Built-up Area ഉള്ള കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രം നിർബന്ധമാണ്. എന്നാൽ ആയത് ഹാജരാക്കാതെ മുദ്രപത്രത്തിൽ സത്യവാങ്മൂലം വാങ്ങി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത് ചട്ടലംഘനമാണ്.

6. GO(Rt)No.2272/2020/LSGD Dt 03-12-2020 പ്രകാരം High Risk വിഭാഗത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ പരിശോധന നടത്തുന്നതിന് അസി. എക്സി. എഞ്ചിനീയറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ അപേക്ഷയിൻമേൽ പരിശോധന നടത്തിയിട്ടുള്ളത് ഓവർസിയർ ആണ്. ഈ ഓവർസിയർക്ക് കെട്ടിടം സ്ഥിതിചെയ്യുന്ന വാർഡിന്റെ ബിൽഡിംഗ് ഇൻസ്പെക്ടർ ആയി ചുമതല നൽകിയിട്ടില്ല.

7. റിവൈസ്ഡ് പെർമിറ്റ് നൽകാമെന്നുള്ള ഓവർസിയറുടെ ശുപാർശ മേലുദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, അസി. എക്സി. എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ ആരും തന്നെ കാണുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

8. GO(Rt)No.2272/2020/LSGD Dt 03-12-2020 പ്രകാരമുള്ള ഉത്തരവിന്റെ അനുബന്ധം ആയി ചേർത്തിട്ടുള്ള സൈറ്റ് ഇൻസ്പെക്ഷൻ ചെക്ക് ലിസ്റ്റ് ഫയലിൽ ഇല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.68/08-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടം 2019 ലെ KMBR ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-12 ഫീസ് അടവാക്കുന്നതിന് മുമ്പേ പെർമിറ്റ്/ക്രമവൽക്കരണം അനുവദിച്ച**

എ) താഴെപ്പറയുന്ന ബിൽഡിംഗ് പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷകളും പെർമിറ്റ്/കോമ്പൗണ്ടിംഗ് ഫീസ് അടവാക്കിയതിന്റെ സാംഖ്യയിലുള്ള വിവരങ്ങളും പരിശോധിച്ചതിൽ ഫീസ് അടവാക്കിയ തിയതിക്ക് മുമ്പേ തന്നെ ബിൽഡിംഗ് പെർമിറ്റ്/ക്രമവൽക്കരണം അനുവദിച്ചതായി കാണുന്നു.

| ക്രമ നം | ഫയൽ നം, അപേക്ഷന്റെ പേര് | പെർമിറ്റ് നൽകിയ തിയതി | പെർമിറ്റ് ഫീസ് അടവാക്കിയ തിയതി, രസീതി നം, തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | BA/282/22-23/E4, ശ്രീ.ഷാഹൽ ഹമീദ്.എം | **20-01-2023** | **17-02-2023,** 122420120010, ₹ 1092 | നോട്ട് ഫയലിൽ രസീതി നമ്പർ മാത്രമേ എഴുതിയിട്ടുള്ളു. തിയതി എഴുതിയിട്ടില്ല. |
| 2 | BA/302/22-23/E4, ശ്രീ.നൗഷാദ്, ശ്രീമതി.താഹിറ | **25-01-2023** | **27-01-2023,** 122390117515, ₹ 284 | നോട്ട് ഫയലിൽ 27-01-2023 ന് തുക അടച്ചതായി എഴുതിയിട്ടുണ്ടെങ്കിലും സെക്രട്ടറി 25-01-2023 ന് പെർമിറ്റ് അംഗീകരിച്ചിട്ടുണ്ട്. |
| 3 | BA/324/22-23/E6, ശ്രീ.ജനാർദ്ദനൻ.സി | **27-02-2023** | **28-02-2023,** 122400100920, ₹ 284 | നോട്ട് ഫയലിൽ രസീതി അടവാക്കിയ തിയതി 27-02-2023 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് |
| 4 | BA/325/22-23/E4, ശ്രീമതി.രാധ, ശ്രീ.ശിവദാസ്, ശ്രീ.ദേവദാസ് | **27-02-2023** | **28-02-2023,** 122390120221, ₹ 721 | നോട്ട് ഫയലിൽ രസീതി അടവാക്കിയ തിയതി 27-02-2023 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് |
| 5 | BA/273/22-23/E4 | **27-02-2023** | **28-02-2023,** | 27-02-23 ന് തന്നെ ഒക്യൂപെൻസി |

| | | | | |
|---|---|---|---|---|
| | ശ്രീ.മുത്തുകുമാർ.എൻ, ശ്രീമതി.അരുണ.ആർ (ക്രമവൽക്കരണം) | | 122390120219, 1090 | സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്തു. |

ബി) ഓഡിറ്റ് എൻക്വയറി നൽകിയിട്ടും ഫയലുകൾ ലഭ്യമാക്കാത്ത താഴെപ്പറയുന്ന അപേക്ഷകളിൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസടച്ചതിന്റെ വിവരങ്ങളും സാംഖ്യയിലുള്ള വിവരങ്ങളും പരിശോധിച്ചതിൽ അപേക്ഷ ഫീസ്/പെർമിറ്റ് ഫീസ് എന്നിവ അടവാക്കുന്നതിന് മുമ്പ് തന്നെ പെർമിറ്റ് /ക്രമവൽക്കരണം അനുവദിച്ചിട്ടുണ്ട്.

| ഫയൽ നം | അപേക്ഷകന്റെ പേര് | പെർമിറ്റ് / ക്രമവൽക്കരിച്ച് നൽകിയ തിയതി | രജിസ്റ്ററിൽ രേഖപ്പെടുത്തിയ രസീതി നം | സാംഖ്യ പ്രകാരം ഫീസ് അടച്ച തിയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| BA-341/22-23/E4 (ക്രമവൽക്കരണം) | ശ്രീ. പി.എസ്. സിംപ്സൺ & ശ്രീ. പി.എസ്. ജിറ്റ്സൺ | **12-01-2023** | 122390120161, ₹.130, അപേക്ഷ ഫീസ് | **28-02-2023** | അപേക്ഷ ഫീസ്, കോമ്പൗണ്ടിംഗ് ഫീസ് എന്നിവ ഒരുമിച്ച് അടവാക്കി. |
| | | | 122390120160, ₹.13271, കോമ്പൗണ്ടിംഗ് ഫീസ് | **28-02-2023** | |
| BA-287/22-23/E4 | ശ്രീമതി. ശേഷാംബാൾ Alias ലീല | **27-02-2023** | 122390121287, ₹.2727, പെർമിറ്റ് ഫീസ് | **15-03-2023** | ഫീസ് അടച്ച തിയതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| BA-332/22-23/E5 (ക്രമവൽക്കരണം) | ശ്രീ.മാത്യു തോമസ് | **27-02-2023** | 122390121266, ₹.130, അപേക്ഷ ഫീസ് | **15-03-2023** | അപേക്ഷ ഫീസ് അടച്ച തീയതി രജിസ്റ്ററിൽ 01.02.2023 എന്ന് തെറ്റായി രേഖപ്പെടുത്തി. |
| | | | രസീതി നം രേഖപ്പെടുത്തിയിട്ടില്ല. തുക ₹.1860, തിയതി 27.2.2023 | **03.04.2023** | രസീതി നം. 123390100048 പ്രകാരം 03.04.23 നാണ് പെർമിറ്റ് ഫീസ് ₹.1860 അടവാക്കിയിട്ടുള്ളത്. |

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.49/29-11-2023, 50/29-11-2023, 69/08-12-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ അടവാക്കുന്നതിന് മുമ്പ് തന്നെ പെർമിറ്റ് നൽകിയത് ക്രമവിരുദ്ധമാണ്. ഫയലിലും രജിസ്റ്ററിലും അപൂർണ്ണമായോ, തെറ്റിദ്ധരിപ്പിച്ചോ വിവരങ്ങൾ രേഖപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ നടപടി ചട്ടവിരുദ്ധമാണ്. പെർമിറ്റിനായോ ക്രമവൽക്കരിക്കുന്നതിനായോ ഉള്ള അപേക്ഷ സ്വീകരിച്ച് ഫയലിൽ തുടർനടപടികൾ സ്വീകരിച്ച് സൈറ്റ് പരിശോധന നടത്തി പെർമിറ്റ്/കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കിയശേഷമാണ് പെർമിറ്റ്/ക്രമവൽക്കരണം അനുവദിക്കുന്നതാണ് നടപടിക്രമം എന്നിരിക്കെ അപേക്ഷ ഫീസും കോമ്പൗണ്ടിംഗ് ഫീസും എപ്രകാരമാണ് ഒരുമിച്ച് അടവാക്കി ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12-13 പെർമിറ്റുമായി ബന്ധപ്പെട്ട പൊതു അപാകങ്ങൾ

എ) നഗരസഭയിൽ IBPMS നിലവിൽ വന്ന ശേഷവും പെർമിറ്റ്/റെഗുലറൈസേഷൻ അപേക്ഷകൾ നേരിട്ട് സ്വീകരിക്കുന്നു

നഗരകാര്യ ഡയറക്ടറുടെ 14.07.2021 ലെ DC2-8941/2015 നമ്പർ കത്ത് പ്രകാരം കേരളത്തിലെ 8 നഗരസഭകളിൽ 15.07.2021 മുതൽ IBPMS സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായും 300 ച.മീ വരെയുള്ള Low Risk ബിൽഡിംഗ് കാറ്റഗറിയിൽ ഉൾപ്പെടുന്ന പെർമിറ്റ് അപേക്ഷകൾ IBPMS വഴി സ്വീകരിക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. തുടർന്ന് നഗരകാര്യ ഡയറക്ടറുടെ തന്നെ 02.11.2022 ലെ DAU/6125/2022-DC2 സർക്കുലർ പ്രകാരം എല്ലാ ഒക്കുപ്പെൻസിയിലുള്ള (Except Podium Type Of Construction, Wells, Huts, Roof Change And Plot Sub Division) കെട്ടിടങ്ങളുടേയും നിർമ്മാണാനുമതി, അനുമതി പുതുക്കൽ, ദീർഘിപ്പിക്കൽ, ക്രമവൽക്കരണം, ഒക്കുപ്പെൻസി തുടങ്ങിയ സേവനങ്ങൾ 14.11.2022 മുതൽ IBPMS മുഖേന മാത്രമേ കൈകാര്യം ചെയ്യാൻ പാടുള്ളൂ എന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ മേൽ നിർദേശം മറികടന്ന് നിരവധി പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷകൾ നേരിട്ട് സ്വീകരിച്ചിട്ടുണ്ട്.

നഗരസഭയിൽ IBPMS നടപ്പാക്കിയ സാഹചര്യത്തിൽ പെർമിറ്റ്/റെഗുലറൈസേഷൻ അപേക്ഷകൾ ഓൺലൈനായി മാത്രം സ്വീകരിക്കേണ്ടതാണ്.

ബി) പെർമിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29-01-2020 ലെ തസ്വഭവ-ആർ.എ 1/444/2019 നമ്പർ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതാണെന്നും സെക്രട്ടറി ഇത് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12-02-2021 ലെ ആർ.എ 1/77/2021-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ അനുമതി/ഒക്യുപെൻസിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതാണെന്നും സെക്രട്ടറി ഇത് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്. സ്ഥലപരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിലും നോട്ട് ഫയലുകളിലും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഓഫീസ് വിലാസം, ഫോൺ നമ്പർ എന്നിവ വ്യക്തമായി മനസ്സിലാക്കുന്ന തരത്തിൽ പതിക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ ഉത്തരവുകൾ ഒന്നും തന്നെ കൃത്യമായി പാലിക്കാതെയാണ് നഗരസഭയിൽ പെർമിറ്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നത്. മുഴുവൻ കോളങ്ങളിലും വിവരങ്ങൾ എഴുതാതെയും ഫീസ് അടച്ചതിന്റെ വിവരങ്ങൾ അപൂർണ്ണമായും തെറ്റായും രേഖപ്പെടുത്തിയുമാണ് പെർമിറ്റ് രജിസ്റ്റർ എഴുതിയിട്ടുള്ളത്. പെർമിറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

സി) ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല

നഗരസഭയിൽ IBPMS നിലവിൽ വന്ന ശേഷവും നേരിട്ട് അപേക്ഷ സ്വീകരിച്ച് പെർമിറ്റ്/ക്രമവൽക്കരണം നടത്തിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രധാനപ്പെട്ട 84 ഫയലുകൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 13/27-09-2023, 24/17-10-2023, 37/20-11-2023 എന്നിവ നൽകിയിരുന്നുവെങ്കിലും താഴെപ്പറയുന്ന 27 ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

1. BA/25/22-23/E4
2. BA/38/22-23/E4
3. BA/58/22-23/E4
4. BA/59/22-23/E4
5. BA/73/22-23/E4
6. BA/254/22-23/E4
7. BA/291/22-23/E4
8. BA/292/22-23/E4
9. BA/293/22-23/E4
10. BA/302/22-23/E4
11. BA/322/22-23/E4
12. BA/341/22-23/E4
13. BA/41/21-22/E4
14. BA/70/21-22/E4
15. BA/169/21-22/E4
16. BA/222/21-22/E4
17. BA/347/21-22/E4
18. BA/382/21-22/E4
19. BA/97/22-23/E5
20. BA/286/22-23/E5
21. BA/289/22-23/E5
22. BA/296/22-23/E5
23. BA/332/22-23/E5
24. BA/426/21-22/E5
25. BA/130/22-23/E6
26. BA/255/22-23/E6
27. BA/293/21-22/E6

ഫയലുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12-14 പെർമിറ്റ് ഫീസ് അടവാക്കുന്നതിന് മുമ്പും അനുമതി പത്രങ്ങൾ ഇല്ലാതെയും ബിൽഡിംഗ് പെർമിറ്റ് നൽകി

ഫയൽ നമ്പർ:- BA/83/22-23/E5

ശ്രീമതി.ഷർഹാന മേദർ മൻസിൽ എന്നിവരുടെ 1463.94 $M^2$ ബിൽറ്റ്-അപ് ഏരിയ ഉള്ള കമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള 04-06-2022 ലെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷ നിരസിച്ചുകൊണ്ട് 22-06-2022 ന് അറിയിപ്പ് നൽകിയിരുന്നു (BA/68/22-23/E5). പാലക്കാട്-2 വില്ലേജ് ഓഫീസറുടെ 06-05-2022 ലെ 64867703 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടം നിർമ്മിക്കാൻ അപേക്ഷ സമർപ്പിച്ച പാലക്കാട് -2 വില്ലേജിലെ

റീസർവേ നമ്പർ 2/35 സ്ഥലം നിലം (DCW) ആണെന്നും, അംഗീകൃത മാസ്റ്റർ പ്ലാൻ പ്രകാരം നെൽപാട മേഖലയിൽ ഉൾപ്പെടുന്നതാണെന്നും, KMBR Rule 29(4) Iii, 29(5), 29(7) എന്നിവ പാലിക്കുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് അപേക്ഷക WP(C) 33696/2022 പ്രകാരം ബഹു.ഹൈക്കോടതിയിൽ നഗരസഭക്കെതിരെ കേസ് നൽകുകയും തുടർന്ന് ബഹു.ഹൈക്കോടതിയുടെ 20-01-2023 ലെ വിധി (Municipality To Process The Building Permit Applicaton Of The Petitioner As Per The Provisions Of The KMBR And The Kerala Town And Country Planning Act 2016. **The Building Permit Will Be Issued To The Petitioner If The Petitioner Satisfies All Other Statutory Requirements)** പ്രകാരം നഗരസഭയോട് പെർമിറ്റ് അപേക്ഷ പരിഗണിക്കാനും രണ്ട് മാസത്തിനകം തീരുമാനം സ്വീകരിക്കാനും ഉത്തരവായിരുന്നു.

തുടർന്ന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ടുള്ള പ്ലാൻ, നിർമ്മാണ ഭൂമി തരം മാറ്റിയ ശേഷമുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് അനുമതി നൽകാവുന്നതാണെന്ന് അസി.എക്സി. എഞ്ചിനീയർ **16-02-2023** ന് ഫയലിൽ രേഖപ്പെടുത്തുകയും അപേക്ഷകന് അറിയിപ്പ് നൽകാൻ സെക്രട്ടറി ഇൻ ചാർജ് **16-02-2023** ന് ഉത്തരവായിടുകയും ചെയ്തിട്ടുണ്ട്. എന്നാൽ നോട്ടീസ്/അറിയിപ്പ് നൽകിയിട്ടില്ല. **16-02-2023** ന് തന്നെ ന്യൂനതകൾ പരിഹരിച്ച് പ്ലാൻ ഹാജരാക്കിയിട്ടുണ്ടെന്നും തുടർ നടപടികൾക്കായി ബിൽഡിംഗ് ഇൻസ്പെക്ടർക്ക് നൽകാവുന്നതാണെന്നും സെക്ഷൻ ക്ലർക്ക് രേഖപ്പെടുത്തുകയും സെക്ഷൻ സൂപ്രണ്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഓവർസിയർക്ക് ഫയൽ നൽകുകയും പെർമിറ്റ് നൽകാവുന്നതാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കി പെർമിറ്റ് നൽകാൻ **16-02-2023** ന് തന്നെ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. 14,620 രൂപ രസീതി നമ്പർ 122400100344 പ്രകാരം അടച്ചതായി രേഖപ്പെടുത്തുകയും **16-02-2023** ന് തന്നെ പെർമിറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച അപാകങ്ങൾ താഴെ ചേർക്കുന്നു.

1. നിർമ്മാണ ഭൂമി തരം മാറ്റിയ ഉത്തരവ് ലഭ്യമാക്കാതെ പെർമിറ്റ് നൽകിയത് ക്രമപ്രകാരമല്ല.
2. നഗരസഭ നൽകിയ നോട്ടീസിൽ (BA/68/22-23/E5 തി 22-06-2022) പരാമർശിച്ചിട്ടുള്ള KMBR Rule 29(4)iii, 29(5), 29(7) എന്നിവയിലെ അപാകങ്ങൾ പരിഹരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല.
3. അപേക്ഷകന് അറിയിപ്പ് നൽകാൻ സെക്രട്ടറി ഇൻ ചാർജ് 16-02-2023 ന് ഉത്തരവായിട്ടുണ്ടെങ്കിലും അപേക്ഷകന് നോട്ടീസ്/അറിയിപ്പ് നൽകിയിട്ടില്ല.
4. 16-02-2023 ന് അറിയിപ്പ് നൽകാൻ ഉത്തരവായ തിയതിയിൽ തന്നെ അപേക്ഷൻ വീണ്ടും അപേക്ഷ നൽകിയിട്ടുണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നഗരസഭയിലെ ഫ്രണ്ട് ഓഫീസിൽ അപേക്ഷ സ്വീകരിച്ചിട്ടില്ല.
5. നഗരസഭ അസി.എക്സി. എഞ്ചിനീയറുടെ 06-12-2022 ലെ G10-1476/2022 ഉത്തരവ് പ്രകാരം അപേക്ഷകന്റെ വാർഡിന്റെ ചുമതല ഇല്ലാത്ത ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് നൽകിയിട്ടുണ്ട്. കൂടാതെ മേലുദ്യോഗസ്ഥരായ അസി.എഞ്ചിനീയർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് ഫയൽ നൽകിയിട്ടില്ല.
6. അപേക്ഷ നൽകിയ 16-02-2023 ന് തന്നെ സെക്ഷൻ ക്ലർക്കും സൂപ്രണ്ടും കണ്ട് ഓവർസിയർക്ക് ഫയൽ കൈമാറുകയും പ്ലാൻ, രേഖകൾ എന്നിവ പരിശോധിച്ച് ഓവർസിയർ റിപ്പോർട്ട് ചെയ്യുകയും അതേ തിയതിയിൽ തന്നെ സെക്രട്ടറി അംഗീകരിക്കുകയും പെർമിറ്റ് ഫീസ് അടവാക്കിയതായി രേഖപ്പെടുത്തി അന്ന് തന്നെ പെർമിറ്റ്

നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ **പെർമിറ്റ് ഫീസ് അടച്ചിട്ടുള്ള രസീതിന്റെ വിവരങ്ങൾ സാംഖ്യയിലുള്ള ചിട്ട/ഡേബുക്ക് പ്രകാരം പരിശോധിച്ചതിൽ 22-02-2023 ന് മാത്രമാണ് പെർമിറ്റ് ഫീസ് അടച്ചിട്ടുള്ളത്** (രസീതി നമ്പർ 12240010034 4). പെർമിറ്റ് ഫീസ് അടവാക്കാതെ പെർമിറ്റ് നൽകിയത് ചട്ടലംഘനമാണ്.

7. 30 ദിവസത്തിനകം ഫയർ NOC ഹാജരാക്കുന്നതാണെന്ന് സത്യവാങ്മൂലം നൽകിയിട്ടുണ്ട്. 2019 ലെ KMBR ചട്ടങ്ങളിലെ ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് A1, A2, B, C, E, F, G1, G2, H ഗണത്തിലുള്ള 1000 ചതുരശ്രമീറ്ററിലധികം Built-up Area ഉള്ള കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രം നിർബന്ധമാണ്. എന്നാൽ ആയത് ഹാജരാക്കാതെ മേൽ സാക്ഷ്യപത്രം സ്വീകരിച്ച് കെട്ടിടം ക്രമവൽക്കരിച്ച് നൽകിയത് ചട്ടലംഘനമാണ്.
8. അപേക്ഷയോടൊപ്പമുള്ള **ഫയർ NOC സത്യവാങ്മൂലത്തിൽ നോട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 21-02-2023 ന് മാത്രമാണ് എന്നിരിക്കെ 16-02-2023 ന് പെർമിറ്റ് അനുവദിച്ചത് ക്രമവിരുദ്ധമാണ്.**

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/26-10-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടം 2019 ലെ KMBR ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനായുള്ള IBPMS സോഫ്റ്റ്‌വെയറിൽ മുഴുവൻ വിവരങ്ങളും ലഭ്യമല്ല

Intelligent Building Plan Management Sysytem (IBPMS) സോഫ്റ്റ്‌വെയർ മുഖേന പെർമിറ്റിന് അപേക്ഷിക്കുന്ന അപേക്ഷകർ ഓൺലൈനായി അടവാക്കുന്ന അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ നഗരകാര്യ ഡയറക്ടറുടെ അക്കൗണ്ടിലാണ് വരവു വെക്കുന്നത്. പെർമിറ്റ് ഫീസ് അടവാക്കുന്ന മുറയ്ക്ക് സോഫ്റ്റ്‌വെയറിൽ രസീത് ജനറേറ്റ് ചെയ്യപ്പെടുകയും തുടർന്ന് നഗരസഭ പെർമിറ്റ് നൽകുകയും ചെയ്യുന്നുണ്ടെങ്കിലും അടവാക്കിയ ഫീസുകൾ നഗരസഭക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ സംവിധാനം ഒന്നും തന്നെയില്ല. ഫീസ് കളക്ഷൻ സംബന്ധിച്ച റിപ്പോർട്ടുകൾ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16(2) പ്രകാരം നഗരസഭക്ക് ലഭിക്കുന്ന എല്ലാ വരവുകളും അതാത് ദിവസം തന്നെ കാഷ്/ബാങ്ക് ബുക്കിൽ വരവു വെക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ IBPMS മുഖേന ലഭിക്കുന്ന തുകകൾ വിശദാംശങ്ങൾ നഗരസഭക്ക് യഥാസമയം ലഭ്യമാകാത്തതിനാൽ മേൽ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

നഗരകാര്യ വകുപ്പിന് ലഭിക്കുന്ന തുകകൾ നഗരസഭയുടെ കറന്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ടെങ്കിലും നഗരകാര്യ വകുപ്പ് ആയത് സംബന്ധിച്ച വിശദാംശങ്ങൾ നഗരസഭക്ക് നൽകുന്നില്ല. ആകെ ലഭിച്ച അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് എന്നിവ തരംതിരിച്ചും, ഓരോ അപേക്ഷകനും അടച്ച തുക സഹിതവുമുള്ള റിപ്പോർട്ട് നഗരസഭക്ക് ലഭ്യമാകുന്നില്ല. മാത്രവുമല്ല നഗരസഭക്ക് ലഭിക്കാനുള്ള മുഴുവൻ തുകയും ലഭിച്ചു എന്ന് ഉറപ്പുവരുത്താനും കഴിയുന്നില്ല. ഇത് സംബന്ധിച്ച അന്വേഷണത്തിന് IBPMS മുഖേന നൽകിയ പെർമിറ്റുകളുടെ ഫീസ് ഇനത്തിലെ തുകകൾ നഗരസഭക്ക് ലഭിച്ചത് തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലെന്നും, ആയത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് ബാങ്കുമായും IBPMS ഓഫീസുമായും ബന്ധപ്പെടുകയും നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ടെന്ന് നഗരസഭ ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

നിലവിൽ IBPMS സോഫ്റ്റ്‌വെയറിൽ നഗരസഭയിൽ ആകെ അപേക്ഷിച്ചവരുടെ വിവരങ്ങൾ MS Excel Format ൽ ലഭ്യമാണ്. ആയതിൽ അപേക്ഷ നം, അപേക്ഷകന്റെയും ആർക്കിടെക്റ്റ്/എഞ്ചിനീയറുടേയും പേര്, വിലാസം, ഫോൺ നമ്പർ, വാർഡ് നമ്പർ, ഫയൽ സ്റ്റാറ്റസ്, ഫയൽ പെൻഡിംഗ് വിവരങ്ങൾ, സ്രൂട്ടിനി തിയതികൾ എന്നിവ മാത്രമാണ് ഉള്ളത്. ചട്ടപ്രകാരം സൂക്ഷിക്കേണ്ട പെർമിറ്റ് രജിസ്റ്റർ,

റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ചെയ്യപ്പെടുന്നില്ല.

IBPMS സോഫ്റ്റ്‌വെയറിൽ ഓഡിറ്റിന് ലോഗിൻ സൗകര്യവും ലഭ്യമല്ലാത്തതിനാൽ IBPMS വഴി നൽകിയ പെർമിറ്റുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

### 1-14 വസ്തുനികുതി ഇളവ് (വേക്കൻസി റെമിഷൻ) അനുവദിച്ചതിലെ അപാകങ്ങൾ

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 239-ാം വകുപ്പ് പ്രകാരം സാധാരണയായി വാടകയ്ക്ക് കൊടുക്കുന്നതോ, ഉടമസ്ഥൻ തന്നെ താമസിക്കുന്നതോ ആയ ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ, ഒഴിഞ്ഞും, വാടകയ്ക്ക് കൊടുക്കാതെയും കിടന്നാൽ, ആ അർദ്ധവർഷത്തേക്കുള്ള നികുതി ഇളവ് ചെയ്ത് നൽകാവുന്നതാണ്. ആയത് പ്രകാരം നഗരസഭയിൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് ചെയ്ത് നൽകിയതിലെ അപാകങ്ങൾ 1-14-1 മുതൽ 1-14-2 വരെയുള്ള ഉപഖണ്ഡികകളായി ചേർക്കുന്നു.

### 1-14-1 നഗരസഭ ലൈസൻസ് നൽകിയ സ്ഥാപനങ്ങൾക്കും വേക്കൻസി റെമിഷൻ അനുവദിച്ചു

താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ടെങ്കിലും നഗരസഭയിലെ ലൈസൻസ് സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ടി കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനായി ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നു.

| ഫയൽ നം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം, തി | വാർഡ്/ കെട്ടിട നം | നികുതി ഇളവ് നൽകിയ അർദ്ധ വർഷം | അടിസ്ഥാന നികുതി | ലൈസൻസ് അപേക്ഷ Id, തിയതി | സ്ഥാപനം |
|---|---|---|---|---|---|---|
| R3-12556/22 | 696/4.4.2023 | 38/149/3 | 2022-23 1st | 4986 | 2230208000000682/ 18.5.22 | Western Connexions International |
| R2-10497/22 | 651/4.4.2023 | 21/385/2 | 2022-23 1st | 11993 | 2230208000000456/ 29.4.22 | Star Decor Inn |
| R4-5180/22 | 745/4.4.2023 | 45/783/16 | 2022-23 1st | 3287 | 2230208000000091/ 8.4.2022 | KKM Fire Works |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/07-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ തന്നെ ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചത് വിശദീകരിക്കേണ്ടതാണ്.

### 1-14-2 വേക്കൻസി റെമിഷൻ നൽകിയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിൽ തെറ്റായി രേഖപ്പെടുത്തി

എ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പേജ് നമ്പർ 16 ൽ 17/693/5, 6 എന്നീ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ R2-6074/22 എന്ന ഫയൽ പരിശോധിച്ചതിൽ 17/693/5 എന്ന കെട്ടിടത്തിന് മാത്രമാണ് വേക്കൻസി റെമിഷൻ അപേക്ഷിച്ചതായും സ്റ്റാന്റിംഗ് കമ്മിറ്റി അനുവദിച്ചതായും (തീരുമാനം 636/4.4.23) രേഖപ്പെടുത്തിയിട്ടുള്ളത്.

ബി) R2-10476/22 എന്ന ഫയൽ പ്രകാരം വേക്കൻസി റെമിഷൻ അനുവദിച്ച 17/1469/29 എന്ന കെട്ടിടത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പേജ് നമ്പർ 20 ൽ 17/1469/26 എന്ന കെട്ടിടത്തിന് വേക്കൻസി റെമിഷൻ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 17/1469/26 എന്ന കെട്ടിടത്തിന് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടില്ലാത്തതാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 15/07-10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് തയ്യാറാക്കുന്നതിൽ ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-15 തൊഴിൽ നികുതി - പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്

2022-23 വാർഷിക കണക്കുകൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 3,87,41,241 രൂപയും ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഇനത്തിൽ 72,88,720 രൂപയും വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള റിട്ടേണുകൾ, രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ എന്നിവ പൂർണ്ണമല്ല. 2022-23 വർഷത്തെ തൊഴിൽ നികുതി പരിശോധനയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245, 251 വകുപ്പുകൾ, 2005 ലെ കേരള മുനിസിപ്പൽ (തൊഴിൽ നികുതി) ചട്ടങ്ങളിലെ 3(1) ലെ ഉപചട്ടത്തിൽ പറയുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്നും, 4(2) പ്രകാരം നിക്ഷേപത്തിൽ നിന്ന് വരുമാനം ലഭിക്കുന്നവർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കമ്പനികൾ, ബിസിനസ്സ് നടത്തുന്നവർ എന്നിവരോട് അതത് സംഗതി പോലെ, തങ്ങളുടെ അർദ്ധവാർഷിക വരുമാനം, തൊഴിൽ അല്ലെങ്കിൽ ബിസിനസ്സിനെ സംബന്ധിച്ച വിവരങ്ങളടങ്ങിയ റിട്ടേണുകൾ സഹിതം ഓരോ വർഷവും സെപതംബർ 30-ാം തീയ്യതിക്കും മാർച്ച് 30ാം തീയ്യതിക്കും മുമ്പായി സമർപ്പിക്കുവാൻ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണെന്നും ബിസിനസ് നടത്തുന്നവർ നൽകേണ്ടതായ തൊഴിൽ നികുതി നിർണ്ണയിക്കേണ്ടതാണെന്നും വ്യക്തമാക്കുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭ മേൽ ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ ഉണ്ടെന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി (വിവരം അനുബന്ധം-4 ആയി ചേർക്കുന്നു). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 72/13.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)ഹോം ഗാർഡുമാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ 26.11.2009 ലെ സ.ഉ (കൈ) നം.190/2009/ഹോം ഉത്തരവു പ്രകാരം ഹോം ഗാർഡുകളെ നിയമിക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ ഫയർ ഓഫീസർമാർക്ക് ശമ്പളം വിതരണം നടത്തുന്നതിന് അനുമതിയും നൽകിയിട്ടുണ്ട്. ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെ ജില്ലാ ഓഫീസർ സമർപ്പിച്ച 2022-23 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ റിട്ടേണുകളിൽ ഹോം ഗാർഡുമാരുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെ പാലക്കാട് ജില്ലാ ഓഫീസറുടെ കീഴിൽ 2022-23 വർഷത്തിൽ ജോലി ചെയ്യുന്ന ഹോം ഗാർഡുമാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 59/04.12.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോം ഗാർഡുമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഫ്രണ്ട് ഓഫീസ് കളക്ഷൻ പരിശോധന- പരിശോധനയ്ക്ക് ഹാജരാക്കിയതിൽ രശീത് പ്രിന്റിംഗിനുള്ള സാംഖ്യ സ്റ്റേഷനറികൾ രണ്ടെണ്ണം കുറവ്

2023-24 കൺകറന്റ് ഓഡിറ്റിന്റെ ഭാഗമായി 30.09.2023 ലെ ഫ്രണ്ട് ഓഫീസ് മുഖേനയുള്ള കളക്ഷൻ രജിസ്റ്റർ, രശീത് പ്രിന്റിംഗിനുള്ള സാംഖ്യ സ്റ്റേഷനറി എന്നിവ പരിശോധിച്ചതിൽ 0119142 മുതൽ 0119214 വരെയുള്ളവയാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ രജിസ്റ്ററിലെ 31.05.2023ലെ രേഖപ്പെടുത്തൽ പ്രകാരം 0119139 വരെയുള്ള സാംഖ്യ സ്റ്റേഷനറിയാണ് ഉപയോഗിച്ചിട്ടുള്ളത്. 0119140, 0119141 എന്നീ സ്റ്റേഷനറികളും 30.09.2023, 31.05.2023 എന്നീ ദിവസങ്ങളിലെ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ പരിശോധനയ്ക്ക് അടിയന്തിരമായി ഹാജരാക്കേണ്ടതാണ് എന്ന് നിർദേശിച്ചുകൊണ്ട് 01/03.10.2023 നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയതിന് 09.10.2023 ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 0119142 എന്ന സ്റ്റേഷനറി നമ്പറിലാണ് 30.09.2023 ന് രസീത് പ്രിന്റിംഗ് തുടങ്ങിയതെന്നും രസീതുകൾക്ക് തുടർച്ച ഉണ്ടെന്നും 0119140, 0119141 എന്നീ സ്റ്റേഷനറികൾ പ്രിന്റ് ചെയ്തതിലെ അപാകത മൂലമാണ് ലഭ്യമല്ലാത്തത് എന്നും സ്റ്റേഷനറി നമ്പറുകൾ പ്രിന്റ് ചെയ്തതിന്റെ

കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ നാളിതുവരെ സൂക്ഷിച്ചിട്ടില്ലെന്നും തുടർന്ന് പരിപാലിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

സ്റ്റോക്ക് സ്വീകരിക്കുന്ന സമയത്ത് തന്നെ സാംഖ്യ സ്റ്റേഷനറി എണ്ണത്തിൽ കുറവാണെങ്കിൽ ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തുകയോ, വിവരം ഗ്രാമലക്ഷ്മി മുദ്രാലയത്തെ അറിയിക്കുകയോ ചെയ്തിട്ടില്ല. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 സിനിമാ തിയേറ്ററുകളുടെ വിനോദനികുതി പിരിവ്-അപാകങ്ങൾ

സ.ഉ.(കൈ)നം.63/2019/ത.സ്വ.ഭ.വ, തിയതി 10.06.2019 പ്രകാരം സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ നിന്നും സിനിമാ ടിക്കറ്റുകളിൻമേൽ 10 % വിനോദനികുതി ഈടാക്കേണ്ടതാണെന്ന് ഉത്തരവായിരുന്നതും, 31.08.2019ലെ സ.ഉ.(കൈ)നം.112/2019/ത.സ്വ.ഭ.വ പ്രകാരം 100 രൂപയിൽ താഴെയുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി പ്രാബല്യതിയതി 01.09.2019 ആയി നിശ്ചയിച്ചിട്ടുള്ളതുമാണ്. ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദനികുതിയിനത്തിൽ പിരിച്ച തുക തൊട്ടടുത്ത മാസം മൂന്നാം തിയതിക്കകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിലെ വിനോദനികുതി ഇളവ് അനുവദിച്ചിട്ടുള്ളതും 01.01.2022 മുതൽ ഈടാക്കേണ്ടതുമാണ്.

വിനോദനികുതി പിരിവ് സംബന്ധിച്ച് താഴെപ്പറയുന്ന അപാകങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

1)ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടും റിട്ടേണും ഹാജരാക്കിയിട്ടില്ല

1962ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ചട്ടങ്ങളിൽ 2016ലെ ഭേദഗതി പ്രകാരം കൂട്ടിച്ചേർത്ത പാർട്ട് V A - ഡെയ്‌ലി കളക്ഷൻ റിപ്പോർട്ട് (ഫോറം നം.VIII A) മാസാവസാനം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ പരിധിയിലുള്ള സിനിമ തിയേറ്ററുകളിൽ നിന്നും ഫോറം നം.VIII A സ്വീകരിച്ച് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2)ജി.എസ്.ടി റിട്ടേണിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല

01.01.2022 മുതൽ തിയേറ്ററുകളിൽ നിന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിനനുസരിച്ച് വിനോദനികുതി ഈടാക്കുന്നതിനു പകരം തിയേറ്ററുകൾ തയ്യാറാക്കി സമർപ്പിച്ച പ്രതിമാസ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് വിനോദനികുതി ഈടാക്കിയിട്ടുള്ളത്. തിയേറ്ററുകളിൽ നിന്നും ജി.എസ്.ടി റിട്ടേണിന്റെ പകർപ്പ് ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

3)വിനോദനികുതി വൈകി അടവാക്കുന്ന തിയേറ്റർ ഉടമകളിൽ നിന്നും പിഴ ഈടാക്കുന്നില്ല

ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദനികുതിയിനത്തിൽ പിരിച്ച തുക തൊട്ടടുത്ത മാസം മൂന്നാം തിയതിക്കകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നിരിക്കെ വൈകി അടവാക്കിയ മാസങ്ങളിൽ വൈകിയതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തിയേറ്ററിന്റെ പേര് | അടക്കേണ്ട തിയതി | അടച്ച തിയതി |
|---|---|---|
| പ്രിയ, പ്രിയദർശിനി, പ്രിയതമ | 03.05.2022 | 06.05.2022 |
| ശ്രീദേവി ദുർഗ്ഗ | 03.06.2022 | 22.06.2022 |
| സത്യ മൂവീസ് | 03.05.2022 | 17.09.2022 |
| | 03.06.2022 | |
| | 03.07.2022 | |

| | | |
|---|---|---|
| അരോമ, ന്യൂ അരോമ | 03.09.2022 | 22.11.2022 |

വൈകി അടവാക്കിയതിന് ബാധകമായ പിഴപ്പലിശ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)കേരള കൾച്ചറൽ ആക്റ്റിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡിലേക്ക് സെസ്സ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ടിലെ സെക്ഷൻ 3C (2013 ലെ ഭേദഗതി പ്രകാരം കൂട്ടിച്ചേർത്തത്) പ്രകാരം കേരള കൾച്ചറൽ ആക്റ്റിവിസ്റ്റ് വെൽഫെയർ ഫണ്ടിലേക്ക് ഇരുപത്തി അഞ്ച് രൂപയിൽ കൂടുതലുള്ള ഓരോ ടിക്കറ്റുകളിൻമേലും 3 രൂപയിൽ കൂടാതെയുള്ള തുക സെസ്സ് ആയി ഈടാക്കി കേരള കൾച്ചറൽ ആക്റ്റിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡിലേക്ക് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സെസ്സ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കേരള കൾച്ചറൽ ആക്റ്റിവിസ്റ്റ് വെൽഫെയർ ഫണ്ടിലേക്ക് സെസ്സ് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.14/05.10.2023)

### 1-18 ചിൽഡ്രൻസ് പാർക്ക് -ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്

പാലക്കാട് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ചിൽഡ്രൻസ് പാർക്ക് നടത്തിപ്പ് കരാർ അടിസ്ഥാനത്തിൽ OISCA (Organization For Industrial, Spiritual And Cultural Advancement) പാലക്കാട് ചാപ്റ്ററിന് അനുവദിച്ചിട്ടുണ്ട്. ചിൽഡ്രൻസ് പാർക്ക് നടത്തിപ്പിന് OISCA പാലക്കാട് ചാപ്റ്ററുമായി 29.04.2004 ൽ ചമച്ച കരാറിലെ നിബന്ധന 9 പ്രകാരം പ്രവേശന ടിക്കറ്റിന്റെ 5% വരുന്ന തുക മാസംതോറും ലൈസൻസ് ഫീസ് ഇനത്തിൽ അടവാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ഈയിനത്തിലെ വരവ്, നഗരസഭയിൽ നിന്നും പാർക്കിലേക്കുള്ള പ്രവേശന ടിക്കറ്റ് സീൽ ചെയ്തു കൊടുക്കുന്നത് സംബന്ധിച്ച രേഖകൾ, ഓരോ മാസവും വിറ്റ ടിക്കറ്റുകളുടെ എണ്ണം, ആകെ കളക്ഷൻ, നഗരസഭയിൽ ഒടുക്കിയ വിനോദനികുതി, ലൈസൻസ് ഫീസ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി 27/27.10.2023 നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാർ വ്യവസ്ഥ പ്രകാരം ചിൽഡ്രൻസ് പാർക്കിന്റെ പ്രവേശന ടിക്കറ്റിന്റെ 5% വരുന്ന തുക ഈടാക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

### 1-19 തറവാടകയിനത്തിൽ നഷ്ടം

നഗരസഭയുടെ അധീനതയിലുള്ള സ്റ്റേഡിയം ഗ്രൗണ്ടിലെ 1691m$^2$ സ്ഥലം 2022 ഡിസംബർ 23 മുതൽ 2023 ജനുവരി 1 വരെയുള്ള കാലയളവിൽ 'മലയാള മനോരമ'യ്ക്ക് എക്സിബിഷൻ നടത്തുന്നതിനായി അനുവദിച്ചിരുന്നു. ഇതിനായി തറവാടക ഇനത്തിൽ പെർമിറ്റ് ഫീസ്, ജി.എസ്.ടി എന്നിവ ഉൾപ്പെടെ ആകെ ഈടാക്കേണ്ടിയിരുന്ന 129038 രൂപയ്ക്ക് പകരം 128212 രൂപ 15.12.2022 ന് നഗരസഭയുടെ എസ്.ബി.ഐ അക്കൌണ്ടിലേക്ക് (1165) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പെർമിറ്റ് ഫീസ് ഇനത്തിൽ ഈടാക്കേണ്ട തുകയായ 22,974 രൂപ എന്നതിനു പകരം 22,274 രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയതുമൂലം വരവിനത്തിൽ 700 രൂപയുടെ കുറവുണ്ടായി. തറവാടക തെറ്റായി കണക്കാക്കിയതിനു വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം 36/18.11.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കുറവ് വന്ന തുകയും ബാധകമായ ജി.എസ്.ടി യും 'മലയാള മനോരമ'യിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-19-1 തറവാടക പിരിവ്- ഫയലുകൾ ഹാജരാക്കിയില്ല

നഗരസഭയുടെ അധീനതയിലുള്ള തുറസ്സായ സ്ഥലങ്ങൾ വാടകയ്ക്കു നൽകുന്നതിലെ തറവാടക പിരിവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1.E6-10189/22

2.E6-12477/22

3.E6-35276/22

4.E6-44319/22

5.E6-43852/22

6.E6-1613/23

29/06.11.2023, 36/18-11-2023 എന്നീ ഓഡിറ്റ് അന്വേഷണങ്ങൾ പ്രകാരം ആവശ്യപ്പെട്ടിട്ടും ഫയലുകൾ ഹാജരാക്കിയില്ല.

## 1-20 നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക- അപാകങ്ങൾ

2022-23 സാമ്പത്തിക വർഷം നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടക വരവ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ലൈസൻസികളുമായി കൃത്യമായി കരാർ ചമയ്ക്കുന്നില്ല

2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ ,ചട്ടം7(1) പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായ കെട്ടിടങ്ങൾ ആക്റ്റിന്റെ 215 -ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി കൌൺസിൽ നിശ്ചയിക്കുന്ന കാലയളവിലേക്ക് ലൈസൻസ് വ്യവസ്ഥയിൽ വാടകക്കോ പാട്ടത്തിനോ നൽകാവുന്നതാണെന്നും ഇപ്രകാരമുള്ള കൈമാറ്റം 2000ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2) ലെ അനുബന്ധം III ലെ ഫാറം III ബി ക്ക് അനുയോജ്യമായിരിക്കേണ്ടതുമാണ്. 2022-23 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം ആകെ 720 വാടകക്കാരിൽ 419 പേർ മാത്രമാണ് നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.യഥാസമയം കരാർ ചമക്കാത്തതു മൂലം നിബന്ധനകൾ / വ്യവസ്ഥകൾ ലംഘിക്കുന്ന വാടകക്കാർക്കെതിരെ നഗരസഭക്ക് നിയമ നടപടികൾ സ്വീകരിക്കുവാൻ കഴിയാതെ വരുന്നുണ്ട്. കെട്ടിടം, മുറി മുതലായവ കൈമാറുന്നതിനു മുമ്പോ / വാടക കാലാവധി ആരംഭിക്കുന്നതിനു മുമ്പോ മതിയായ നിബന്ധനകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കരാറിൽ ഏർപ്പെടേണ്ടതാണ്. കൃത്യമായ കരാർ ഉടമ്പടികൾ ഇല്ലാതെ കടമുറികൾ വാടകയ്ക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.17/09.10.2023).

കരാർ ഹാജരാക്കാത്തവർക്ക് അറിയിപ്പ് നൽകേണ്ടതും, മുദ്രപ്പത്ര ഇനത്തിൽ സർക്കാരിനുണ്ടായ നഷ്ടം (301x200= 60200രൂപ) ലൈസൻസികളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്.

2.ഒഴിഞ്ഞു കിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകേണ്ടതാണ്

വാടക രജിസ്റ്റർ പ്രകാരം താഴെ പറയുന്ന മുറികൾ വാടകക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്നു.

| ക്രമ നം. | കെട്ടിടം | റൂം നമ്പർ |
|---|---|---|
| 1 | സുൽത്താൻ പേട്ട കോംപ്ലക്സ് | സ്റ്റാൾ നം.1-6, ഹാൾ -4, ആർ 1, |
| 2 | ടൗൺ ബസ് സ്റ്റാന്റ് കോംപ്ലക്സ് | ക്രമ നം.6, D/102 |
| 3 | ഡാൻസ് മാർക്കറ്റ് | ക്രമ നം. 5, ഷോപ്പ് 10, 11, കർണക ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ഷോപ്പ് 45, 46 , 45 വെസ്റ്റ്, ഷോപ്പ് 47 ബി |
| 4 | കോർട്ട് റോഡ് കോംപ്ലക്സ് | ക്രമ നം.33 |

| | | |
|---|---|---|
| 5 | ചിന്നപിള്ള സത്രം കോംപ്ലക്സ് | ഹാൾ (ക്രമ നം.8) |
| 6 | കൽമണ്ഡപം SC/ST കോംപ്ലക്സ് | ഷോപ്പ് നം.2,10,12 (12/2022 മുതൽ),<br>ഷോപ്പ് നം.3,6,7 (08/2022 മുതൽ) |
| 7 | സ്റ്റേഡിയം മിനി മാർക്കറ്റ് | എഫ് 4,എഫ് 5 (03/2022 മുതൽ),<br>സ്റ്റേഡിയം മിനി ഹാൾ 1 |
| 8 | കൽമണ്ഡപം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | കൊപ്പം അക്ഷയ ഗാർമെന്റ്സ് |

മേൽ മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.വാടക കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

നഗരസഭ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നത് സംബന്ധിച്ച ബൈലോ പ്രകാരം "മുറികളുടെ പ്രതിമാസ ലൈസൻസ് ഫീസും നിയമാനുസൃത നികുതികളും എല്ലാ മാസവും 10-ാം തീയതിക്കു മുമ്പ് നഗരസഭയിൽ ഒടുക്കേണ്ടതും വീഴ്ചവരുത്തുന്ന പക്ഷം മുറി ഒഴിപ്പിച്ച് നിയമനടപടി സ്വീകരിക്കുന്നതിന് നഗരസഭ സെക്രട്ടറിക്ക് അധികാരം" ഉണ്ടായിരിക്കെ അനുബന്ധം 3 ആയി ചേർത്തിട്ടുള്ള കുടിശ്ശികയുള്ള ലൈസൻസികളിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ഒരു വർഷത്തിലധികമായി വാടക അടവാക്കാത്ത ലൈസൻസികളുടെ വിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് /ബാലൻസ് എന്നിവ ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

2022-23 സാമ്പത്തിക വർഷത്തിലെ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വരവ് /ബാലൻസ് എന്നിവ ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | വരവ് | | ബാലൻസ് | |
|---|---|---|---|---|---|---|
| | കറന്റ് | അരിയർ | കറന്റ് | അരിയർ | കറന്റ് | അരിയർ |
| രജിസ്റ്റർ പ്രകാരം | 47360263 | 26002967 | 32066636 | 10683976 | 15293627 | 15318991 |
| ധനകാര്യപത്രിക പ്രകാരം | 47293896 | 18339095.57 | 33483270 | 11162879 | 13814041 | 7176216.57 |

വാർഷിക ധനകാര്യപത്രികയിലെ വരവും, വാടക രജിസ്റ്റർ പ്രകാരമുള്ള വരവും തമ്മിലുള്ള വ്യത്യാസം പരിഹരിക്കേണ്ടതാണ്.

5.ലൈസൻസിയിൽ നിന്നും നിയമാനുസൃത നികുതി (ജി.എസ്.ടി) ഈടാക്കിയിട്ടില്ല

ടൗൺ ബസ് സ്റ്റാന്റ് കോംപ്ലക്സിലെ A-103 മുറി വാടകയ്ക്കെടുത്ത ലൈസൻസി 11/2021 മുതൽ 03/2022 വരെയുള്ള വാടക കുടിശ്ശിക 14,025/- രൂപ അടവാക്കിയതിന്റെ SGST, CGST എന്നിവ ഈടാക്കിയിട്ടില്ല. ടി ലൈസൻസിയിൽ നിന്നും നിയമാനുസൃത നികുതി (CGST 1262.25 രൂപ, SGST 1262.25 രൂപ) ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്കേണ്ടതാണ്.

**1-21 ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡിൽ നിന്നും 23,16,384 രൂപ വാർഷിക വാടക ഈടാക്കിയിട്ടില്ല**

ഫയൽ : ഇ6-21048/21

നഗരസഭയിലെ വിവിധ വാർഡുകളിൽ GI പോളുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിച്ച് അൾട്രാ സ്പീഡ് ഇന്റർനെറ്റ് കണക്ടിവിറ്റി, ഹൈ സ്പീഡ് ഡാറ്റാ/ ഇന്റർനെറ്റ് ആക്സസ് എന്നിവ ലഭ്യമാക്കുന്നതിനായി ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ റോഡ് കട്ടിംഗിനുള്ള അപേക്ഷകൾക്ക് 24.03.2022 നും, പോളുകൾ സ്ഥാപിക്കുന്നതിനുമായി 13.10.2022 നും അനുമതി നൽകിയിട്ടുണ്ട്.

സ.ഉ(സാധാ)നം.89/2020/പി.ഡബ്ലിയു.ഡി, തിയതി 23.01.2020 ലെ ഉത്തരവ് നിബന്ധന 2 പ്രകാരം സ്ഥാപിക്കുന്ന പോൾ ഒന്നിന് 360 രൂപ വാർഷിക വാടകയും പ്രതിവർഷം 5% വർദ്ധനവും നിശ്ചയിച്ചിട്ടുണ്ട്. ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡിന്റെ ROW/1019569/24065, ROW/1019624 /24142, ROW/1019624/24143 എന്നീ അപേക്ഷകൾ പ്രകാരം നഗരസഭ പരിധിയിൽ 6128 പോളുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ വാർഷിക വാടക ഇനത്തിൽ 2021-22 വർഷം 22,06,080.00 രൂപ ഈടാക്കിയിട്ടുണ്ട്.

മേൽ സർക്കാർ ഉത്തരവ് പ്രകാരം 2022-23 വർഷം 5% വർദ്ധനവ് ഉൾപ്പെടെ ഈടാക്കേണ്ട വാർഷിക വാടകയായ 23,16,384 രൂപ അടവാക്കുന്നതിന് ജിയോ ഡിജിറ്റൽ ഫൈബർ ലിമിറ്റഡിന് 30.06.2023 നാണ് അറിയിപ്പ് നൽകിയത്. എന്നാൽ ഓഡിറ്റ് തിയതി വരെ തുക അടവാക്കിയിട്ടില്ല. നഗരസഭയുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ നിബന്ധന 10 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ വാർഷിക വാടക അടവാക്കുമെന്നും ആയതിൽ വീഴ്ച ഉണ്ടാകുന്ന പക്ഷം നഗരസഭ തീരുമാനിക്കുന്ന നിരക്കിലുള്ള പിഴ ഒടുക്കാൻ സമ്മതമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം (74/14.12.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക വാടകയായ 23,16,384 രൂപയും ബാധകമായ പിഴപ്പലിശയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-22 ഒരേ ചെലവിന് രണ്ടു തവണ തുക നൽകി**

ഔദ്യോഗിക വാഹനത്തിൽ ഇന്ധനം നിറച്ച വകയിൽ സെക്രട്ടറി ഇൻ ചാർജ്ജ് ആയിരുന്ന ശ്രീമതി.അനിതാദേവി.എ.എൻ ന് 1500/- രൂപ രണ്ടു തവണ റീഇമ്പേഴ്സ് ചെയ്തു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

**1-23 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക – ആംനസ്റ്റി സ്കീം പ്രയോജനപ്പെടുത്തണം**

ഫയൽ നമ്പർ E8-40076/09

കേരള വാട്ടർ അതോറിറ്റിയുടെ 28.10.2022ലെ നമ്പർ KWA/PH/PKD/AMNESTY/1420/2022 കത്ത് പ്രകാരം 52 വാർഡുകളിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ നഗരസഭ അടവാക്കാനുണ്ടായിരുന്ന കുടിശ്ശിക തുക 6,63,55,753/- രൂപ നഗരസഭയുടെ അപേക്ഷ പരിഗണിച്ച് ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി 3,71,21,118/- രൂപയാക്കി പുനർനിർണ്ണയിച്ച് നൽകിയിരുന്നു. തുടർന്ന് 2022-23 വർഷം കേരള വാട്ടർ അതോറിറ്റിയുടെ ആംനസ്റ്റി സ്കീമിന്റെ ആനുകൂല്യം ലഭിക്കുന്നതിനായി ചെക്ക് നമ്പർ 208865/31.03.2023 (കാനറ ബാങ്ക്) പ്രകാരം 25 ലക്ഷം രൂപ തനതു ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. എന്നാൽ കേരള വാട്ടർ അതോറിറ്റിയുടെ ബിൽ നമ്പർ 74518 തീ.03.06.2023 പ്രകാരം 6,63,55,753/- രൂപ നഗരസഭ അടവാക്കാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇതു പ്രകാരം നഗരസഭയ്ക്ക് ആംനസ്റ്റി സ്കീമിന്റെ ആനുകൂല്യം ലഭിച്ചതായി കാണുന്നില്ല.

ആംനസ്റ്റി സ്കീമിന്റെ ആനുകൂല്യം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വർദ്ധിച്ച വരുന്ന വെള്ളക്കരം കുടിശ്ശിക - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

സ.ഉ(കൈ)നം.11/2023/ജവിവ തീ.03.02.2023, കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 07.02.2023 ലെ KW/H/HO/RMC/941/2011 നടപടിക്രമം എന്നിവ പ്രകാരം നഗരസഭകളിലെ പൊതു ടാപ്പുകളുടെ പ്രതിവർഷ വെള്ളക്കരം 03.02.2023 പ്രാബല്യത്തിൽ ടാപ്പൊന്നിന് 21838.68 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. നഗരസഭയിൽ ലഭ്യമായ കണക്കു പ്രകാരം 1331 ടാപ്പുകൾക്ക് 2,90,67,283.08 രൂപ പ്രതിവർഷം അടവാക്കേണ്ടതുണ്ട്.

നഗരസഭ ചെയർപേഴ്സൺ 20.01.2023ൽ കൗൺസിലർമാർക്ക്, വിവിധ വാർഡുകളിൽ നിലനിർത്തേണ്ടതും, ഒഴിവാക്കേണ്ടതുമായ പൊതു ടാപ്പുകളുടെ വിവരം നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതിനെ തുടർന്ന് നാളിതുവരെ 7 വാർഡുകളിലെ കൗൺസിലർമാർ വിവരങ്ങൾ നൽകിയിട്ടുണ്ട്.

| വാർഡ് നമ്പർ | ആകെ പൊതുടാപ്പുകൾ | ഒഴിവാക്കേണ്ടവ | നില നിർത്തേണ്ടവ |
|---|---|---|---|
| 8 | 19 | 17 | 2 |
| 30 | 45 | 35 | 10 |
| 33 | 27 | 26 | 1 |
| 39 | 23 | 20 | 3 |
| 42 | 30 | 28 | 2 |
| 51 | 22 | 11 | 11 |
| 52 | 16 | 0 | 16 |
| ആകെ | 182 | 137 | 45 |

7 വാർഡുകളിലെ ഒഴിവാക്കുവാൻ നിർദ്ദേശിച്ച 137 ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് അറിയിപ്പ് നൽകുന്നതിനും, മറ്റു വാർഡുകളിൽ നിലനിർത്തേണ്ടതും, ഒഴിവാക്കേണ്ടതുമായ പൊതു ടാപ്പുകളുടെ വിവരം സമാഹരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 VEELS - വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ Www.veels.kerala.gov.in ൽ രജിസ്റ്റർ ചെയ്യണമെന്ന് ധനകാര്യ വകുപ്പിന്റെ 11.11.2019 ലെ 88/2019/ധന നമ്പർ പരിപത്രം പ്രകാരം നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ 22.10.2020 ലെ 59/2020/ധന നമ്പർ പരിപത്രം പ്രകാരം VEELS പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുന്നതിനും, 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 02.11.2021 ലെ 103/2021/ധന പരിപത്രം പ്രകാരം ഇതു സംബന്ധിച്ചുള്ള തുടർനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ വാഹനങ്ങൾ ഒന്നും തന്നെ Www.veels.kerala.gov.in ൽ രജിസ്റ്റർ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.60/05.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ VEELS പോർട്ടലിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്ക്രാപ്പേജ് പോളിസി പ്രയോജനപ്പെടുത്തിയില്ല

പാലക്കാട് നഗരസഭയുടെ 20 വാഹനങ്ങൾ 15 വർഷ കാലാവധി പൂർത്തിയാക്കിയതിനാൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്ക്രാപ്പേജ് പോളിസി പ്രകാരം നിലവിൽ ഉപയോഗിക്കുന്നില്ല.

സർക്കാർ ഉത്തരവ് (പി) നമ്പർ 11/2023/ഫിൻ തീയതി 31.01.2023 പ്രകാരം ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്ക്രാപ്പേജ് പോളിസി അനുസരിച്ച് 15 വർഷത്തിലധികം പഴക്കമുള്ള സർക്കാർ വാഹനങ്ങൾ സ്ക്രാപ്പായി മാറ്റുന്നതിന് സംസ്ഥാനത്തിനർഹമായ 150 കോടി രൂപ ലഭിക്കുന്നതിനാവശ്യമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് സ്ക്രേപ്പേജ് പോളിസിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി "VEELS" സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 15 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങളുടെ വിശദാംശങ്ങൾ ധനവകുപ്പിന് കൈമാറുവാനും നിർദ്ദേശിച്ചിരുന്നു.

ധനകാര്യ വകുപ്പിന്റെ 11.11.2019ലെ 88/2019-ധന നമ്പർ പരിപത്രം പ്രകാരവും തുടർനിർദ്ദേശങ്ങളിലൂടെയും സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ വിശദാംശങ്ങൾ "VEELS" സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നഗരസഭയിലെ വാഹനങ്ങൾ ഒന്നും തന്നെ നാളിതുവരെ "VEELS" സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്തിട്ടില്ല. "VEELS" സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്യാത്തതുമൂലം സർക്കാർ ഉത്തരവ് (പി) നമ്പർ 11/2023/ഫിൻ തീയതി 31.01.2023 നിർദ്ദേശപ്രകാരം സ്ക്രാപ്പേജ് പോളിസിയുടെ ആനുകൂല്യം നഗരസഭയ്ക്ക് ലഭിക്കാതെ പോയത് നഗരസഭയുടെ വീഴ്ചയാണ്.

ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്ക്രാപ്പേജ് പോളിസി പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള 15 വർഷം പൂർത്തിയാക്കിയ സർക്കാർ വാഹനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 വാഹന പരിപാലനം

നഗരസഭയിൽ നിലവിൽ ഉള്ള വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1)വാഹനങ്ങളുടെ പരിപാലനം

“പരിവാഹൻ” പോർട്ടലിൽ പാലക്കാട് നഗരസഭ സെക്രട്ടറിയുടെ ഉടമസ്ഥതയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പാസഞ്ചർ/ നോൺ പാസഞ്ചർ വാഹനങ്ങളുടെ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാഹനതരം | രജിസ്റ്റർ നമ്പർ | വർഷം |
|---|---|---|---|
| 1 | ടിപ്പർ | കെ എൽ 09 എ ഡബ്ല്യൂ 6237 | 2023 |
| 2 | ടിപ്പർ | കെ എൽ 09 എ ഡബ്ല്യൂ 6277 | 2023 |
| 3 | ട്രാക്ടർ | കെ എൽ 09 എ ഡബ്ല്യൂ4944 | 2023 |
| 4 | ടാറ്റാ യോദ്ധാ | കെ എൽ 09 എ വി 2062 | 2022 |
| 5 | എച്ച് ഡി വി ഡംപർ | കെ എൽ 09 എ ഇ 483 | 2012 |
| 6 | മിനി ടിപ്പർ | കെ എൽ 09 എ ഇ 6103 | 2012 |

| | | | |
|---|---|---|---|
| 7 | ജെ.സി.ബി | കെ എൽ 09 എ സി 7769 | 2012 |
| 8 | ട്രാക്ടർ | കെ എൽ 09 എ സി 8399 | 2012 |
| 9 | ട്രാക്ടർ | കെ എൽ 09 വി 1778 | 2007 |
| 10 | ട്രാക്ടർ | കെ എൽ 09 വി 1773 | 2007 |
| 11 | ട്രാക്ടർ | കെ എൽ 09വി 1774 | 2007 |
| 12 | ട്രാക്ടർ | കെ എൽ 09വി 1744 | 2007 |
| 13 | ട്രാക്ടർ | കെ എൽ 09വി 1759 | 2007 |
| 14 | അമ്പാസിഡർ കാർ | കെ എൽ 09വി 5653 | 2007 |
| 15 | ട്രാക്ടർ | കെ എൽ 09വി 1762 | 2007 |
| 16 | മഹീന്ദ്ര ഓട്ടോ | കെ എൽ 09വി 1720 | 2007 |
| 17 | മഹീന്ദ്ര ഓട്ടോ | കെ എൽ 09വി 1726 | 2007 |
| 18 | മഹീന്ദ്ര ഓട്ടോ | കെ എൽ 09 വി 1721 | 2007 |
| 19 | ആംബുലൻസ് | കെ എൽ 09 വി 9034 | 1995 |
| 20 | ഡിസിഎം ടൊയോട്ട | കെഎൽ09ബി-4339 | 1993 |
| 21 | ജെ സി ബി | കെ എൽ 09 എഫ് 9268 | 1999 |
| 22 | ട്രാക്ടർ | കെ എൽ 09എ സി 8329 | 2012 |
| 23 | LMV ഗുഡ്സ് കാര്യേജ് | കെ എൽ 09എ എഫ് 1203 | 2013 |
| 24 | LMV ഗുഡ്സ് കാര്യേജ് | കെ എൽ 09എ എഫ് 1231 | 2013 |
| 25 | LMV ഗുഡ്സ് കാര്യേജ് | കെ എൽ 09എ എഫ് 1156 | 2013 |
| 26 | LMV ഗുഡ്സ് കാര്യേജ് | കെ എൽ 09എ എഫ് 1177 | 2013 |
| 27 | LMV ഗുഡ്സ് കാര്യേജ് | കെ എൽ 09എ എഫ് 1165 | 2013 |
| 28 | LMV ഗുഡ്സ് കാര്യേജ് | കെ എൽ 09 എ എഫ് 1196 | 2013 |
| 29 | പവർടില്ലർ | കെ.എൽ.09- 539 | 1991 |
| 30 | പവർടില്ലർ | കെ.എൽ.09- 635 | 1991 |
| 31 | പവർടില്ലർ | കെഎൽജി-4733 | 1982 |
| 32 | പവർടില്ലർ | കെഎൽജി-4736 | 1982 |
| 33 | പവർടില്ലർ | കെആർപി-1277 | 1986 |
| 34 | പവർടില്ലർ | കെആർപി-1276 | 1986 |
| 35 | പവർടില്ലർ | കെആർപി-1275 | 1986 |
| 36 | പവർടില്ലർ | കെആർപി-1282 | 1986 |
| 37 | പവർടില്ലർ | കെഎൽ09സി-8152 | 1993 |
| 38 | പവർടില്ലർ | കെഎൽ09സി-8153 | 1993 |
| 39 | പവർടില്ലർ | കെഎൽ09സി-8088 | 1993 |
| 40 | പവർടില്ലർ | കെഎൽ09സി-8087 | 1993 |

| | | | |
|---|---|---|---|
| 41 | എച്ച്.എം.ടി | കെആർപി-8093 | 1986 |
| 42 | S-Cross | KL 09 AS 2277 | 2019 |
| 43 | ബൊലേറോ | KL 09 AE 8888 | 2013 |
| 44 | ബൊലേറോ ജീപ്പ് | KL 09 AS 6111 | 2019 |
| 45 | ഇന്നോവ | KL 09 AG 9000 | 2015 |
| 46 | ബൊലേറോ ജീപ്പ് | KL 09V 155 | 2007 |

നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, ലോഗ് ബുക്കുകൾ എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

എ) ലോഗ് ബുക്കുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

ഭൂരിഭാഗം ലോഗ് ബുക്കുകളിൽ ഇന്ധനം നിറച്ചതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കൂടാതെ ഇന്ധനക്ഷമതാ സാക്ഷ്യ പത്രം പതിപ്പിച്ചിട്ടില്ല. ലോഗ് ബുക്കുകൾ കൃത്യമായ ഇടവേളകളിൽ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ(കസ്റ്റോഡിയൻ ഓഫീസർ) പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

ബി) രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

2000ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടം അനുസരിച്ച് പരിപാലിക്കേണ്ട പെട്രോൾ, ഡീസൽ, ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്, റിപ്പെയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

സി) ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധിക്കപ്പെടുന്നില്ല.

2000ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം വാഹനത്തിന്റെ ഇന്ധനടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കണമെന്നും, ടാങ്ക് നിറച്ചതിനുശേഷം വാഹനം ഓടിയ ദൂരവും വീണ്ടും പൂർണ്ണമായും നിറയ്ക്കുന്നതിന് ആവശ്യമായ ഇന്ധനത്തിന്റെ അളവും കണക്കിലെടുത്തും 1 കി.മീ. ദൂരം സഞ്ചരിക്കുന്നതിനു വേണ്ട ഇന്ധനത്തിന്റെ അളവ് എത്രയെന്ന് കസ്റ്റോഡിയൻ ഓഫീസർ കണക്കാക്കേണ്ടതാണ്. ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

## 1-27-1 ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്യേണ്ടതാണ്

**1) ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്യുന്നില്ല**

പാലക്കാട് നഗരസഭയിൽ നിലവിലുള്ള ഭൂരിഭാഗം വാഹനങ്ങളും ഉപയോഗ്യശൂന്യമായവയോ/ 15 വർഷം പൂർത്തിയാക്കിയവയോ ആണ്. സ.ഉ.(കൈ)നം.45/2019/പൊ.മ.വ തീയതി 14.10.2019 പ്രകാരം സർക്കാർ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2) ഭാരത സർക്കാരിന്റെ സ്ക്രാപ്പേജ് പോളിസിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തണം**

കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 16.01.2023ലെ നോട്ടിഫിക്കേഷൻ പ്രകാരം സർക്കാർ ഉടമസ്ഥതയിലുള്ള 15 വർഷം പൂർത്തിയാക്കിയ വാഹനങ്ങൾ "Motor Vehicles (Registration & Functions Of Vehicle Scrapping Facility) Rules 2021 പ്രകാരം കണ്ടം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ കണ്ടം ചെയ്യുന്ന വാഹനങ്ങൾക്ക് വെഹിക്കിൾ സ്ക്രാപ്പിങ് പോളിസി അനുസരിച്ച് വിവിധ ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 വളർത്തുനായകൾക്ക് ടോക്കൺ ഘടിപ്പിച്ച ബെൽറ്റ് - വാങ്ങൽ നടത്തിയതിലെ അപാകങ്ങൾ

ഫയൽ നം. H7-7439/17

നഗരസഭാ പരിധിയിലുള്ള വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിനൊപ്പം ടോക്കൺ - ബെൽറ്റ് നൽകുന്നതിനായി 27.05.2017 ൽ ക്വട്ടേഷൻ ക്ഷണിച്ച് I-Vach എന്ന സ്ഥാപനത്തിൽ നിന്നും 500 ബെൽറ്റുകൾ വാങ്ങുന്നതിനായി 20.07.2017 ന് സപ്ലൈ ഓർഡർ നൽകുകയും ബെൽറ്റുകൾ ലഭ്യമാക്കി ബിൽ തുകയായ 1,05,000 രൂപ തനത് ഫണ്ടിൽ നിന്നും 20-04-2022 ന് നൽകുകയും ചെയ്തിട്ടുണ്ട്. ബജറ്റിൽ തുക വകയിരുത്താതെയും കൗൺസിൽ അനുമതിയില്ലാതെയും പ്രൊജക്ട് ആവിഷ്കരിക്കാതെയുമാണ് ഈ വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് 2020-21 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-23 പ്രകാരം പരാമർശിച്ചിട്ടുള്ളതാണെങ്കിലും 2022-23 വർഷത്തിലും ഇത്തരത്തിലുള്ള വാങ്ങൽ നടത്തിയിട്ടുണ്ട്. വിശാംശങ്ങൾ താഴെ ചേർക്കുന്നു.

മേൽ ഫയലിലെ 20/10/2022 ലെ കുറിപ്പ് പ്രകാരം നിലവിൽ സ്റ്റോക്കുള്ള ടോക്കണുകൾ തുരുമ്പ് പിടിച്ചവയാണെന്നും, ആയതിനാൽ പുതിയ ടോക്കൺ ബെൽറ്റുകൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ നടപടികൾ ആരംഭിക്കാവുന്നതാണെന്നും ക്ലർക്ക് രേഖപ്പെടുത്തുകയും ഹെൽത്ത് സൂപ്പർവൈസർ 01.11.2022ന് ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കെ.ആർ. ലെതേഴ്സ് എന്ന സ്ഥാപനം 23.11.2022ന് സമർപ്പിച്ച ക്വട്ടേഷനിൽ 1 ഇഞ്ച് വീതി 70cm നീളം എന്ന അളവിലുള്ള ബെൽറ്റിന് 220 രൂപ + GST ക്വാട്ട് ചെയ്തിട്ടുണ്ട്. 05.12.2022ലെ ഇ-മെയിൽ മുഖേന ടി നിരക്ക് നെഗോഷിയേറ്റ് ചെയ്ത് 210 രൂപ + GST നിരക്കിൽ വിതരണം ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും എന്നാൽ 24.11.2022ലെ ഓഫീസ് കുറിപ്പിൽ തന്നെ ടി സ്ഥാപനവുമായി നെഗോസിയേഷൻ നടത്തിയതായി സെക്ഷൻ ക്ലർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് കെ.ആർ. ലെതേഴ്സിന് 05.05.2023ൽ സപ്ലൈ ഓർഡർ നൽകി. ഇൻവോയ്സ് നം. DA0004/23.05.23, DA0005/24.05.23 എന്നിവ പ്രകാരം 300 ബെൽറ്റുകൾ വിതരണം ചെയ്തതിന് ആകെ 70,560/- രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് നം.589685/27.06.23, 589815/24.08.23 എന്നീ തീയതികളിലായി അനുവദിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് അപാകങ്ങൾ താഴെപ്പറയുന്നു.

1. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 22 (ഡി) Viii പ്രകാരം മുനിസിപ്പൽ കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയും കൗൺസിൽ അനുമതി നൽകിയിട്ടുള്ള ബജറ്റിൽ വകയിരുത്തിയിട്ടുള്ളതാണോ എന്നും അതിലേക്ക് ആവശ്യമായ തുക ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. ബജറ്റിൽ തുക വകയിരുത്താതെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെയും, ഏത് ഫണ്ടിൽ നിന്നാണ് തുക നൽകേണ്ടത്, ഏത് പ്രൊജക്ടിൽ ഉൾപ്പെടുത്തിയാണ് വാങ്ങലുകൾ നടത്തേണ്ടത് എന്നതൊന്നും തീരുമാനിക്കാതെ വാങ്ങൽ നടപടികൾ സ്വീകരിച്ചത് ക്രമപ്രകാരമല്ല.
2. വളർത്തുനായകൾക്ക് ബെൽറ്റ് വാങ്ങുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്ന വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി, നഗരസഭ ചെയർപേഴ്സൺ, നഗരസഭ കൗൺസിൽ എന്നീ അധികാരസ്ഥാനങ്ങളിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടില്ല.
3. വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം നൽകിയിട്ടില്ല.
4. I-Vach എന്ന സ്ഥാപനത്തിൽ നിന്നും 2017 ൽ വാങ്ങിയ വാങ്ങിയ 500 ബെൽറ്റുകൾ വിൽപ്പന നടത്തിയ ഇനത്തിൽ നാളിതുവരെ നഗരസഭയ്ക്ക് ലഭിച്ച തുകയുടെ വിവരം, വിതരണം ചെയ്ത ബെൽറ്റുകളുടെ എണ്ണം, നിലവിലെ നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
5. ബെൽട്ടുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ ഒരേ നമ്പറിലുള്ള ടോക്കൺ വ്യത്യസ്ത ഉടമസ്ഥർക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ടോക്കൺ നം. | ഉടമസ്ഥന്റെ പേര് |
|---|---|

| | |
|---|---|
| 32 | അച്ചുത് നായർ, ഭരണി വലിയപാടം, സി.എൻ.പുരം |
| 32 | റിയ ജോസ് ചീരൻ, അക്ഷര നഗർ, പള്ളിപ്പുറം |
| 34 | രഞ്ജിത്ത്, ഒലവക്കോട് |
| 34 | മനോഹരൻ, ന്യൂ സിവിൽ നഗർ |
| 85 | വാസുദേവൻ. സി.ടി, ചെമ്പകശ്ശേരി |
| 85 | ഹരിദാസ്, കല്ലേപ്പുള്ളി |
| 134 | മണി. ടി, മുരുകണി |
| 134 | കെ. കിരൺ കുമാർ, എടയാർ സ്ട്രീറ്റ് |
| 351 | എ.ബി. യേശുദാസൻ, പുതുപ്പള്ളി സ്ട്രീറ്റ് |
| 351 | കാർത്തിക, പുത്തൂർ |

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ നമ്പർ ഓഡിറ്റ് അന്വേഷണത്തിന് (28/03.11.2023) ഗുണഭോക്തൃ വിഹിതം ലഭിക്കുന്നതിനാൽ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാൻ 10.01.2023 ലെ 299 ാം നമ്പറായി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദേശം

1) 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 22 (ഡി) Viii പ്രകാരം മുനിസിപ്പൽ കൗൺസിൽ ചെലവാക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയും കൗൺസിൽ അനുമതി നൽകിയിട്ടുള്ള ബജറ്റിൽ വകയിരുത്തി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2) സ്റ്റോക്ക് രജിസ്റ്ററിൽ ടോക്കൺ ബെൽറ്റ് വിതരണം ചെയ്തതിന്റെയും നീക്കിയിരിപ്പ് ഉള്ളതിന്റെയും വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തേണ്ടതും ആയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**1-29 ജി.എസ്.ടി.ടി.ഡി.എസ് ഈടാക്കിയിട്ടില്ല**

1.പ്രോജക്ട് നം. 72/23,ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ നഗരപരിധിയിൽ സ്ഥാപിക്കുക(ഓർഗാനിക് കംപോസ്റ്റർ ബിൻ)

2.പ്രോജക്ട് നം.491/23, ഹരിതകർമസേനയ്ക്ക് വാഹനം വാങ്ങൽ

3.പ്രോജക്ട് നം.68/23, മാലിന്യങ്ങൾ ശേഖരിച്ച് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ശുചീകരണ വാഹനങ്ങൾ വാങ്ങൽ

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി.ഡി.എസ് സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും

എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം | വിതരണം ചെയ്ത സ്ഥാപനം | ഇൻവോയ്സ് നം | ബിൽ നം/ തീയതി | തുക |
|---|---|---|---|---|---|
| 1 | 72/23,ഓർഗാനിക് കംപോസ്റ്റർ ബിൻ | എസ്.ഇ.യു.എഫ് | 101/608, 17.03.23 | 27/23, 24.03.23 | 8,48,000 |
| 2 | 491/23, ട്രെയിലർ ഘടിപ്പിച്ച ട്രാക്ടർ | KAICO | PKD871/15.03.23 | 26/23,24.03.23 | 9,80,000 |
| 3 | 68/23 | VE Commercial Vehicles Ltd | MP2321156381, MP2321156383 /06.03.23 | 21/23, 14.03.23 | 33,00,002 |

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണവും സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജി.എസ്.ടി.ആർ-വൺ റിട്ടേണിന്റെ പകർപ്പും പരിശോധനക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല (21/11.10.2023).

ഭാവിയിൽ നടത്തുന്ന വാങ്ങലുകളിൽ ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-30 നഗരത്തിലെ ഉത്സവങ്ങൾക്കുള്ള പ്രത്യേക ശുചീകരണം -അംശദായം വാങ്ങിയിട്ടില്ല**

പ്രോജക്ട്-നഗരത്തിലെ ഉത്സവങ്ങൾക്കുള്ള പ്രത്യേക ശുചീകരണം, S001/23

നിർവഹണം-ഹെൽത്ത് ഓഫീസർ

അടങ്കൽ-10,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്-9,80,100

നഗരത്തിലെ ഉത്സവങ്ങൾക്കുള്ള പ്രത്യേക ശുചീകരണം പദ്ധതിയിൽ ഡി.എൽ.ആർ തൊഴിലാളികൾക്ക് 1452 തൊഴിൽ ദിനങ്ങൾക്കായി 675 രൂപ നിരക്കിൽ ആകെ 9,80,100 രൂപ വേതനം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | Man Days | തുക | ബിൽ നം. / തീയതി |
|---|---|---|---|
| വാർഡ് 14 ശേഖരീപുരം അഗ്രഹാര രഥോത്സവം | 10 | 6,750/- | 38/22-23, 18.11.22 |
| ഡിവിഷൻ 1 കൽപ്പാത്തി രഥോത്സവം | 612 | 413100 | 73/22-23, 31.01.23 |
| ഡിവിഷൻ 3 നൂറണി അഗ്രഹാരം ശാസ്താ പ്രീതി മഹോത്സവം | 100 | 67500 | 116/22-23, 21.02.23 |

| | | | |
|---|---|---|---|
| ഡിവിഷൻ 4 മണപ്പുള്ളിക്കാവ് വേല | 100 | 67500 | 158/22-23, 16.03.23 |
| ഡിവിഷൻ 5 മണപ്പുള്ളിക്കാവ് വേല | 150 | 101250 | 159/22-23, 16.03.23 |
| ഡിവിഷൻ 1-6 വിവിധ ഉത്സവങ്ങളുടെ ഭാഗമായുള്ള ശുചീകരണം | 80*6 | 324000 | 163,164,165, 166,167,168/22-23, 16.03.23 |

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 333 അനുസരിച്ച് തീർത്ഥാടന സ്ഥലങ്ങൾ മേളകളോ, ഉൽസവങ്ങളോ നടത്തുന്നതിനോ അതു പോലുള്ള മറ്റു കാര്യങ്ങൾക്കോ ഉപയോഗപ്പെടുത്തുന്ന ഏതെങ്കിലും സ്ഥലമോ ഒരു മുനിസിപ്പൽ പ്രദേശത്ത് അതിന്റെ പരിസരങ്ങളിലോ സ്ഥിതി ചെയ്യുകയോ വർഷം മുഴുവനോ പ്രത്യേക സന്ദർഭങ്ങളിലോ വലിയ ജനക്കൂട്ടത്തെ അതു ആകർഷിക്കുകയും ചെയ്യുന്ന പക്ഷം പൊതുജനാരോഗ്യത്തിനോ പൊതുരക്ഷയ്ക്കോ ആവശ്യമായ സ്ഥിരമോ താൽക്കാലികമോ ആയ പ്രത്യേക ഏർപ്പാടുകൾ മുനിസിപ്പാലിറ്റി ചെയ്യേണ്ടതും ആ പ്രദേശത്തിന് മേൽ നിയന്ത്രണമുള്ള ട്രസ്റ്റിയോടോ മറ്റേതെങ്കിലും ആളോടോ സർക്കാർ ആ മുനിസിപ്പാലിറ്റിയുടെ നിധിയിലേക്കു നിശ്ചയിക്കുന്ന അങ്ങനെയുള്ള ആവർത്തകമോ അനാവർത്തകമോ ആയ അംശദായം ആവശ്യപ്പെടാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതു പ്രകാരം നഗരത്തിലെ ഉത്സവങ്ങൾക്കുള്ള പ്രത്യേക ശുചീകരണത്തിനായി അംശദായം വാങ്ങിയ വിവരം ഫയലിൽ ഇല്ല. അംശദായം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ/ഇല്ലെങ്കിൽ കാരണം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ 10/15.09.2023 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 05.10.2023 ന് ലഭ്യമാക്കിയ മറുപടിയിൽ "ഉത്സവങ്ങളോടനുബന്ധിച്ച് നഗരവീഥികൾ വൃത്തിയാക്കുന്നത് നഗരസഭയുടെ കർത്തവ്യവും ബാധ്യതയുമായി കണക്കാക്കിയാണെന്നും ജില്ലാ ആസ്ഥാനത്തുള്ള നഗരസഭ എന്ന നിലയ്ക്ക് മാലിന്യങ്ങൾ അടിയന്തിരമായി നീക്കുന്നതിനുമാണ് ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത് എന്നും തുടർന്ന് നടത്തുന്ന പ്രവർത്തനങ്ങളിൽ അംശദായം ആവശ്യപ്പെടുന്ന വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്".

വരും വർഷങ്ങളിൽ ഇപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളിന്മേൽ അംശദായം വാങ്ങാവുന്നതാണെന്ന വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതും കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ അംശദായം ആവശ്യപ്പെട്ട് തനതു ഫണ്ടിൽ വരവു വെയ്ക്കാവുന്നതുമാണ്.

**1-31 ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തൊഴിലാളികൾക്ക് വേതനം -വേതന ബിൽ ഇല്ല**

പ്രോജക്ട്- ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തൊഴിലാളികൾക്കുള്ള വേതനം

നിർവഹണം-ഹെൽത്ത് ഓഫീസർ

അടങ്കൽ-11,00,000(വികസന ഫണ്ട്)

ചെലവ്-11,00,000

ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തൊഴിലാളികൾക്ക് വേതനം അനുവദിക്കൽ എന്ന പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 04/22, 05/22, 06/22, 07/22, 02/23, 03/23 എന്നീ മാസങ്ങളിൽ വേതനം (7,580,25രൂപ) താഴെപ്പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്.

| മാസം | ബിൽ നം./തിയതി | അനുവദിച്ച തുക |
|---|---|---|

| | | |
|---|---|---|
| 04/22 | 260580/24.05.2022 | 157275 |
| 05/22 | 260658/29.06.2022 | 168075 |
| 06/22 | 260710/18.07.2022 | 108000 |
| 07/22 | 376124/24.08.2022 | 99225 |
| 02/23 | 20/23/14.03.2023 | 104625 |
| 03/23 | 208926/20.04.2023 | 120825 |

ടി മാസങ്ങളിലെ മസ്റ്റർ റോൾ /വേതന ബിൽ ഫയലിൽ ഇല്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 20/11.10.2023 നമ്പറായി ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ മേൽ ഇനത്തിൽ ചെലവഴിച്ച 7,58,025 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

### 1-32 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ ബയോബിന്നുകൾ വാങ്ങി

പ്രോജക്ട് നം -72/2023- ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ നഗരപരിധിയിൽ സ്ഥാപിക്കുക

നിർവഹണം-ഹെൽത്ത് ഓഫീസർ

അടങ്കൽ-10,00,000 (9,00,000 ധനകാര്യ കമ്മീഷൻ അവാർഡ് + 1,00,000 ഗുണഭോക്തൃ വിഹിതം)

ചെലവ്- 8,52,212 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) (8,48,000+ 4,212 പരസ്യച്ചെലവ്)

ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ നഗരപരിധിയിൽ സ്ഥാപിക്കുക എന്ന പ്രൊജക്ടിൽ 8,52,212 രൂപ ചെലവഴിച്ച് 400 ഗുണഭോക്താക്കൾക്കായി ബയോബിന്നുകൾ വാങ്ങിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവഹണത്തിലുള്ള അപാകങ്ങൾ മൂലം 84,800.00 രൂപയുടെ ചെലവ് നിരാകരിക്കുകയും, 7,63,200.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച വിശദമായ പരാമർശം ഖണ്ഡിക 3-4ൽ ചേർത്തിട്ടുണ്ട്.

### 1-33 ഹരിതകർമ്മ സേനയ്ക്ക് സുരക്ഷാ സാമഗ്രികൾ വാങ്ങൽ-GeM മുഖേന പർച്ചേസ് നടത്തിയിട്ടില്ല

പ്രോജക്ട് നമ്പർ 39/23

അടങ്കൽ -5,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 2,53,955

ബിൽ നമ്പർ 139/22-23/09.03.23/12,638 രൂപ

ബിൽ നമ്പർ 149/22-23/13.03.23/1,64,000 രൂപ

ബിൽ നമ്പർ 208/22-23/29.03.23/77,317 രൂപ

മേൽ പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഹരിതകർമ്മ സേനയ്ക്ക് യൂണിഫോം ഓവർകോട്ട്(1000മീറ്റർ) HEADCO എന്ന സ്ഥാപനത്തിൽ നിന്നും 1,64,000 രൂപ ചെലവിലും, 200 ജോഡി ഗ്ലൗസ്, 164 ക്യാപ്പ് എന്നിവ 77,317 രൂപയ്ക്ക് KAICOൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയിട്ടുണ്ട്.

സ.ഉ(പി)നം.7/19/ എസ്.പി.ഡി തീയതി 26.04.2019 പ്രകാരം 25,000 രൂപയിൽ കൂടുതൽ ചെലവു വരുന്ന വാങ്ങലുകൾക്ക് GeM മുഖേനയുള്ള പർച്ചേസ് നിർബന്ധമാക്കിയിട്ടുള്ളതാണ്. 25,000 രൂപയിൽ കൂടിയതും 5 ലക്ഷത്തിൽ കുറഞ്ഞതുമായ പർച്ചേസുകൾക്ക്, GeM ൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൂന്ന് വിതരണ

സ്ഥാപനങ്ങളിലെ സാധനങ്ങളുടെ വിലകൾ തമ്മിൽ താരതമ്യം ചെയ്തതിനു ശേഷം വാങ്ങൽ നടപടി കൈകൊള്ളേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എതെങ്കിലും പ്രത്യേക ഇനം GeMൽ ലഭ്യമല്നഗരസഭയുടെ വാഹനങ്ങൾനഗരസഭയുടെ വാഹനങ്ങൾലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനുശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. അപ്രകാരമുള്ള രേഖപ്പെടുത്തലുകൾ വരുത്താതെ നടപടിക്രമങ്ങൾക്ക് വിരുദ്ധമായി ടെണ്ടർ/ക്വട്ടേഷൻ മുഖേന HEADCO, KAICO എന്നീ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.ഇതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല (19/11.10.2023).

**ഓഡിറ്റ് നിർദേശം**

25,000 രൂപയിൽ അധികരിച്ച വാങ്ങലുകൾ GeM മുഖേന നടപ്പിലാക്കേണ്ടതാണെന്ന സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദേശം കർശനമായും വരും വർഷങ്ങളിൽ പാലിക്കേണ്ടതാണ്.

## 1-34 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം- അപാകങ്ങൾ

വരൾച്ച മൂലം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കറുകളിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് നഗരസഭകൾക്ക് സർക്കാർ അനുമതി നൽകുകയും ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി കുടിവെള്ള വിതരണത്തിന് പ്രൊജക്ടുകൾ ആവിഷ്കരിക്കുകയും (പ്രോജക്ട് നം.24/23, 7/23) നഗരസഭയുടെ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം നടത്തുന്നതിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
എന്നാൽ സർക്കാർ അനുമതി ഇല്ലാതിരുന്ന കാലയളവിൽ കുടിവെള്ളം വിതരണം നടത്തിയതിലൂടെയും, കേരള വാട്ടർ അതോറിറ്റിയുടെ സ്രോതസ്സിൽ നിന്നു മാത്രമേ വെള്ളം എടുത്ത് വിതരണം ചെയ്യാവൂ എന്ന ഉത്തരവ് ലംഘിച്ച് സ്വകാര്യ സ്രോതസ്സിൽ നിന്നും ഉള്ള വെള്ളം വിതരണം നടത്തിയിതിലൂടെയും, GPS - Vehicle Daily Trip Report പ്രകാരം വിതരണം നടത്താത്ത ട്രിപ്പുകൾക്ക് തുക നൽകിയതിലൂടെയും നഗരസഭ ഫണ്ടിന് 6,78,672 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

## 1-35 മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - ക്യു ആർ കോഡ് പതിപ്പിക്കൽ -പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

1.പ്രോജക്ട്- സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം (S0025/23)

നിർവഹണം- ഹെൽത്ത് ഓഫീസർ

അടങ്കൽ- 90,000 (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ്- 89,530 രൂപ

2.പ്രോജക്ട്- ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം കസ്റ്റമർ എൻറോൾമെന്റ്- ക്യു ആർ കോഡ് പതിപ്പിക്കൽ (S0473/23)

നിർവഹണം- ഹെൽത്ത് ഓഫീസർ

അടങ്കൽ- 3,50,000 (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ്- 2,67,236 രൂപ

ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.വീടുകളിൽ / സ്ഥാപനങ്ങളിൽ ക്യു.ആർ കോഡ് പതിപ്പിക്കൽ, കസ്റ്റമർ എൻറോൾമെന്റ് എന്നിവ

നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം (S0025/23) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യു.ആർ കോഡ് 42,000 എണ്ണം പ്രിന്റ് ചെയ്ത വകയിൽ 28.11.2022 ലെ 44/22-23 നമ്പർ വൌച്ചർ പ്രകാരം കെൽട്രോണിന് 39,530/- രൂപ അനുവദിച്ചിട്ടുണ്ട്. H3-21265/21 നമ്പർ ഫയലിലെ 28.01.2023 ലെ ഓഫീസ് കുറിപ്പിൽ 20,280 എണ്ണം വീടുകളുടെ മാത്രം എൻറോൾമെന്റ് പൂർത്തീകരിച്ചിട്ടുള്ളായി രേഖപ്പെടുത്തിയിട്ടുണ്ട്.

2. സർവേ പൂർത്തിയാക്കിയിട്ടില്ല

26.09.2022 ലെ സ.ഉ.(സാധാ)നം.2341/2022/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഹരിതമിത്രം- സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ പ്രവർത്തന മാർഗരേഖ അംഗീകരിച്ചിട്ടുള്ളതിൽ കസ്റ്റമർ എൻറോൾമെന്റ് പ്രവർത്തനത്തിന്റെ ഭാഗമായി ക്യൂ ആർ കോഡ് പതിപ്പിക്കലും സർവേയും നടത്തേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ "ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം കസ്റ്റമർ എൻറോൾ മെന്റ്- ക്യൂ ആർ കോഡ് പതിപ്പിക്കൽ" എന്ന പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട H3-45748/22 നമ്പർ ഫയൽ പരിശോധിച്ചതിൽ ക്യൂ ആർ കോഡ് പതിപ്പിച്ചതിൽ ഹെൽത്ത് ഡിവിഷൻ 5 ലെ 1546 വീടുകളുടെയും ഡിവിഷൻ 2, 3 എന്നിവിടങ്ങളിൽ യഥാക്രമം 105, 190 വീടുകളുടെയും സർവേ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്.

3.പദ്ധതിയുടെ പുരോഗതി അവലോകനം, മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ പ്രവർത്തന മാർഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളായി പരാമർശിച്ചിട്ടുള്ള പ്രകാരം മേൽ പദ്ധതിയുടെ പുരോഗതി അവലോകനം, മോണിറ്ററിംഗ് എന്നിവ നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (38/22.11.2023).

ഓഡിറ്റ് നിർദേശം

1) ക്യു.ആർ കോഡ് പതിപ്പിച്ച് എൻറോൾമെന്റ് പൂർത്തിയാക്കേണ്ടതും സമയബന്ധിതമായി സർവേ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ പ്രവർത്തന മാർഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളായി പരാമർശിച്ചിട്ടുള്ള പ്രകാരം മേൽ പദ്ധതിയുടെ പുരോഗതി അവലോകനം, മോണിറ്ററിംഗ് എന്നിവ നടത്തേണ്ടതാണ്.

**1-36 ശുചീകരണ വാഹനങ്ങളിലെ ജി.പി.എസ് ട്രാക്കിംഗ് സംവിധാനം- മറ്റു വാഹനങ്ങളിലേക്ക് മാറ്റി ഘടിപ്പിക്കേണ്ടതാണ്**

പ്രോജക്ട്-മാലിന്യ പരിവഹണം നടത്തുന്ന നഗരസഭാ വാഹനത്തിൽ ജി പി എസ് ട്രാക്കിംഗ് സംവിധാനം (S0492/23)

നിർവഹണം- ഹെൽത്ത് ഓഫീസർ

അടങ്കൽ- 1,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 23,600

ബിൽ നം.- 19/23, 24.03.2023

ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ മാലിന്യ പരിവഹണം നടത്തുന്ന നഗരസഭാ വാഹനത്തിൽ ജി പി എസ് ട്രാക്കിംഗ് സംവീധാനം (S0492/23) എന്ന പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് ശുചീകരണ വാഹനങ്ങളിൽ ജി പി എസ് ഘടിപ്പിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ 10.01.2023 തിയതിയിൽ സ്റ്റാർ ഓട്ടോ ഇലക്ട്രിക്കൽ വർക്ക് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിൽ GPS

Tracking Device **MERCYDA 140-A** With Single Panic Button Including GST ഇനത്തിൽ ഒരു വാഹനത്തിന് 6200/-രൂപ ക്വാട്ട് ചെയ്തിട്ടുണ്ട്. ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ടി സ്ഥാപനത്തിന്റെ ക്വട്ടേഷൻ 09.02.2023 ലെ 318-ാം നമ്പർ ആയി ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് 23.02.2023ന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അധികമായി 8 Panic Button പർച്ചേസ് ചെയ്തു

സ്ഥാപനം ഹാജരാക്കിയ 1359/07.03.2023 നമ്പർ ഇൻവോയ്സിൽ 4 ജി പി എസ് ഡിവൈസ് & 12 Panic Button എന്ന് രേഖപ്പെടുത്തി 23600 രൂപയുടെ ബിൽ ആണ് ഹാജരാക്കിയിട്ടുള്ളത്. 24.03.2023 ലെ 19/23 നമ്പർ ബിൽ പ്രകാരം തുക അനുവദിക്കുകയും ചെയ്തു. എന്നാൽ H3-45740/22 നമ്പർ ഫയൽ, 06.03.2023 തിയതിയിലെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ KL09V1774, KL09V 1778, KL09V 1759, KL09V 1773 എന്നീ വാഹനങ്ങളിൽ ആണ് GPS Tracking Device ഘടിപ്പിച്ചിട്ടുള്ളത്. ഒരു ജി പി എസ് ഡിവൈസിന് ഒരു ബട്ടൺ മാത്രമാണ് ആവശ്യമായി വരുന്നതെന്ന് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അധികമായി 8 Panic Button വാങ്ങിയത് എപ്രകാരം ഉപയോഗപ്പെടുത്തി എന്നത് വ്യക്തമല്ല. സ്റ്റാർ ഓട്ടോ ഇലക്ട്രിക്കൽ വർക്സ് സമർപ്പിച്ച ഇൻവോയ്സ് പ്രകാരം ഒരു ജി പി എസ് ഡിവൈസിന് 5000 രൂപയും Panic Button ന് 300 രൂപയുമാണ് രേഖപ്പെടുത്തിയത്, ആയതു പ്രകാരം 4 ഡിവൈസിന് 21,200 രൂപ മാത്രമാണ് ചെലവ് വരുന്നത് അധികമായി അനുവദിച്ച 2,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങളിലും ജി.പി.എസ്.ഘടിപ്പിച്ചു

KL09V1774 വാഹനത്തിന്റെ ലോഗ് ബുക്കിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടാത്തതിനാൽ 21.01.2023 മുതൽ വാഹനം ഓഫീസിൽ നിർത്തിയിട്ടിട്ടുള്ളതായി രേഖപ്പെടുത്തി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. അപ്രകാരം നിർത്തിയിട്ടിരിക്കുന്ന വാഹനത്തിൽ ആണ് ജി പി എസ് ഘടിപ്പിച്ചിട്ടുള്ളത്. 26.10.23 തിയതിയിൽ 5-ാം ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ KL09V 1774, KL09V 1744, KL09V 1778, KL09V 1773, KL09V 1759 എന്നീ വാഹനങ്ങൾ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല(41/27.11.2023).

വാഹനങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ കഴിയാത്തപക്ഷം, ഉപയോഗ ശൂന്യമായ വാഹനങ്ങൾ കയ്യൊഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരാമർശിച്ചു കൊണ്ടുള്ള 16.10.2019 തിയതിയിലെ സ.ഉ.(കൈ).നം.45/2019/പൊ.മ.വ. ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും അപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ മേൽ നമ്പർ വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ജി.പി.എസ് ട്രാക്കിംഗ് സംവിധാനം നഗരസഭയുട തന്നെ മറ്റു വാഹനങ്ങളിൽ റീ ഇൻസ്റ്റാൾ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-37 മാലിന്യ നിർമാർജ്ജന വാഹനങ്ങളുടെ പരിപാലനവും ഇന്ധന ചെലവും-പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ**

ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ മാലിന്യനിർമ്മാർജന വാഹനങ്ങളുടെ പരിപാലനവും ഇന്ധനചെലവും (S071/23) എന്ന പദ്ധതിയുടെ ലക്ഷ്യം മാലിന്യങ്ങൾ ശേഖരിച്ച് മാലിന്യ സംസ്കരണ പ്ലാന്റിൽ എത്തിക്കുന്ന വാഹനങ്ങളുടെ പരിപാലനവും ഇന്ധനച്ചെലവിനുള്ള തുക നൽകലുമാണ്. എന്നാൽ ടി പദ്ധതി പ്രകാരം ബ്രഷ് കട്ടറിന് ഇന്ധനം നിറച്ചതിനും ഓയിൽ പർച്ചേസിനും തുക അനുവദിച്ചിട്ടുണ്ട്.പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതിന് വിരുദ്ധമായി ചെലവഴിച്ച 6,413.40 രൂപയും 1,500 രൂപയും ചേർത്ത് ആകെ 7,913.40 രൂപയുടെ ചെലവ് നിരാകരിക്കുന്നു വിശദാംശങ്ങൾ ഖണ്ഡിക 3-3 ആയി ചേർത്തിട്ടുണ്ട്.

**1-38 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്**

നഗരസഭാ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റുകളിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1)ഐ.കെ.എം.ന് വിഹിതം നല്കൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | 31/23 |
| അടങ്കൽ | 395187/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 310704/-<br>ട്രഷറി ബിൽ നം. 8/22-23/06.09.22 |

ഐ.കെ.എം. ൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നത് വരെ 3,10,704/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)വയോമിത്രം -സാമൂഹ്യ സുരക്ഷമിഷന് വിഹിതം നല്കൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | 69/22-23 |
| അടങ്കൽ | 15,00,000/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 15,00,000/-<br>ട്രഷറി ബിൽ നം. 7/22-23 /06.09.2022 |

ഫയൽ പരിശോധനയിൽ സാമൂഹ്യ സുരക്ഷാമിഷനിൽ നിന്നും സാക്ഷ്യപത്രം നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. മേൽ അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 40/തിയ്യതി 27.11.2023) മറുപടി ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നത് വരെ 15,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-39 എസ്.സി.ഡി.ഒ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ**

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ **വീട് വാസയോഗ്യമാക്കൽ** പദ്ധതികളുടെ (പ്രോജക്ട് നം.27, 49) ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ഖ.1-39-1, 1-39-2 ആയി ചുവടെ ചേർക്കുന്നു.

**1-39-1 വീട് വാസയോഗ്യമാക്കൽ - വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ രണ്ടാം ഗഡു അനുവദിച്ചു**

| | |
|---|---|
| പ്രൊജക്ട് നം. | 27/23 (സ്പിൽ ഓവർ) |
| അടങ്കൽ | 32,48,000/- |
| ചെലവ് | 23,25,000/- |

സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി 14.02.2018ലെ 2021-22 വരെയുള്ള വർഷങ്ങളിലെ സബ്സിഡി ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖ ഖ.6.7 പ്രകാരം വീട് വാസയോഗ്യമാക്കാൻ പട്ടികജാതി വിഭാഗക്കാർക്ക് 1,50,000 രൂപ വകയിരുത്തിയിട്ടുള്ളതും ആയതിന് കരാറിലേർപ്പെട്ടശേഷം 50% തുക

മുൻകൂറായി നൽകാവുന്നതുമാണെന്ന് ഉത്തരവായിട്ടുള്ളതാണ്. അവസാന ഗഡു ആയ 75,000 രൂപ അനുവദിക്കേണ്ടത് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തിയതിനു ശേഷമായിരിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 31/523(1) നമ്പർ വീടിന്റെ ഉടമസ്ഥയായ ശ്രീമതി.കമലം, പഴയകുളം, വെസ്റ്റ് യാക്കര എന്നവർക്ക് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ അവസാന ഗഡു 75,000 രൂപ ബിൽ നം. 01/22-23 തീയതി 19.08.22 പ്രകാരം അനുവദിച്ചിട്ടുണ്ട്.

ഓവർസിയറുടെ 10.06.22ലെ അന്വേഷണ റിപ്പോർട്ടിൽ പണി പൂർത്തീകരിച്ചിട്ടില്ലെന്നും ബാക്കി പണി പൂർത്തിയാക്കിയാൽ മാത്രമേ രണ്ടാം ഗഡു നൽകാൻ സാധിക്കൂ എന്നും ആയത് ഗുണഭോക്താവിനെ അറിയിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതു പ്രകാരം അറിയിപ്പ് നൽകിയതിന്റെയും പണി പൂർത്തീകരിച്ചതിന്റെയും എൽ.എസ്.ജി.ഡി എഞ്ചിനീയർ വാല്യുവേഷൻ നടത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 75,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. (09/14.09.2023)

### 1-39-2 വീട് വാസയോഗ്യമാക്കൽ - കെട്ടിട ഉടമയുടെ സമ്മതപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം. | 49/23 (New) |
| അടങ്കൽ | 90,00,000/- |
| ചെലവ് | 33,75,000/- |

2022-23 സാമ്പത്തിക വർഷത്തെ വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകരിൽ സ്വന്തം ഉടമസ്ഥതയിൽ വീടുള്ളവരുടെ എണ്ണം കുറവായതിനാൽ പദ്ധതിയുടെ പൂർണ്ണ നടത്തിപ്പ് ലക്ഷ്യമിട്ട് അച്ഛന്റെയോ അമ്മയുടേയോ പേരിൽ വീടുള്ള അപേക്ഷകരെ കൂടി പരിഗണിക്കുന്നതിനും അപേക്ഷകർ ഉടമസ്ഥന്റെ സമ്മതപത്രവും റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റും താമസ സർട്ടിഫിക്കറ്റും ലഭ്യമാക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കാൻ 25.02.2023ലെ 84-ാം നമ്പറായി കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം 42/1475 നമ്പർ കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ഒന്നാം ഗഡു, 75,000 രൂപ ബിൽ നം. 52/22-23 തിയതി 28.03.2023 പ്രകാരം അനുവദിച്ചിട്ടുള്ളതിൽ അപേക്ഷക ശ്രീമതി. രാജാമണി. വി, നൊച്ചുകുളം എന്നവരും കെട്ടിടത്തിന്റെ ഉടമസ്ഥൻ ചാമി എന്നവരുമാണ്. ഗുണഭോക്താവ് ഹാജരാക്കിയിട്ടുള്ള റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റിൽ കെട്ടിട ഉടമയുടെ പേരില്ല. കൂടാതെ ഉടമസ്ഥന്റെ സമ്മതപത്രവും സമർപ്പിച്ചിട്ടില്ല. സ്വന്തമായി വീടുള്ളവരോ അല്ലെങ്കിൽ അച്ഛന്റെയോ അമ്മയുടേയോ പേരിൽ വീടുള്ളവർക്ക് ആനുകൂല്യം അനുവദിക്കാമെന്നിരിക്കെ മേൽപ്രകാരം ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതയ്ക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതും, ലഭ്യമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ആനുകൂല്യം അനുവദിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.09/14.09.2023)

### 1-40 കോക്ലിയർ ഇംപ്ലാന്റേഷൻ - രേഖകൾ ഹാജരാക്കണം

പ്രൊജക്ട് നമ്പർ-381/21- കോക്ലിയർ ഇംപ്ലാന്റേഷൻ

അടങ്കൽ : രൂ.50,000.00 (വികസന ഫണ്ട്)

ചെലവ്- രൂ.50,000.00 (ബിൽ നം.26 തീ.27.02.23)

നിർവഹണം-ഐ സി ഡി എസ് സൂപ്പർവൈസർ

2022-23 വർഷത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പ്രൊജക്ട്

പ്രകാരം നഗരസഭയിലെ അഞ്ജന. എം, D/o മനോജ് എം, ഉപ്പത്ത് വീട്, അമ്പലപറമ്പ്, കണ്ണകി നഗർ, വടക്കന്തറ, പാലക്കാട് എന്ന ഗുണഭോക്താവിന് കോക്ലിയർ ഇംപ്ലാന്റേഷനുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 50,000.00 രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) സർക്കാർ ഉത്തരവ്(ആർ ടി) 79/2020/SJD തീ.14.2.20 ഉത്തരവനുസരിച്ച് കോക്ലിയർ ഇംപ്ലാന്റേഷൻ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറേണ്ടതുണ്ട്. ഗുണഭോക്താവിന്റെ വിവരങ്ങൾ ഉൾപ്പെടുത്തി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയ കത്തിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

2)സർക്കാർ ഉത്തരവ്(ആർ ടി) 79/2020/SJD തിയതി 14.2.2020 ഉത്തരവിലെ നിർദ്ദേശ പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ചെലവിന്റെ വിശദാംശങ്ങളും, വിനിയോഗ സാക്ഷ്യപത്രവും തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും ലഭിച്ച ചെലവിന്റെ വിശദാംശങ്ങളും, വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) നഗരസഭയിലെ ആകെയുള്ള 52 വാർഡുകളിലെ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാവുന്ന രീതിയിൽ അടങ്കൽ തുക വകയിരുത്തി പ്രൊജക്ട് നടപ്പിലാക്കായിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.22/19.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും ലഭിച്ച ചെലവിന്റെ വിശദാംശങ്ങളും, വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കുന്നതിനു വിധേയമായി 50,000.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-41 അങ്കണവാടികൾക്ക് പ്രഷർകുക്കർ വാങ്ങൽ-പ്രൊക്വർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല

പ്രൊജക്ട് നമ്പർ-84/23- അങ്കണവാടികൾക്ക് പ്രഷർകുക്കർ വാങ്ങൽ

അടങ്കൽ : 49,400.00 (വികസന ഫണ്ട്-ജനറൽ)

ചെലവ്: 47,800.00 (ബിൽ നം 36/22-23 തീയതി.29.3.23)

നിർവ്വഹണം: ഐ സി ഡി എസ് സൂപ്പർവൈസർ

പാലക്കാട് നഗരസഭയിലെ വിവിധ അങ്കണവാടികൾക്ക് നൽകുന്നതിനായി 40 പ്രഷർകുക്കറുകൾ ഈ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുണ്ട്. പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) സർക്കാർ ഉത്തരവ് (പി) 7/19/ എസ് പി ഡി തീയതി 26.04.2019 പ്രകാരം 25,000 രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് GeM പോർട്ടൽ മുഖേനയാകണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ന്യായ വിലക്ക് GeM പോർട്ടലിൽ ISI മുദ്രയുള്ള 3 ലിറ്റർ പ്രഷർ കുക്കറുകൾ ലഭ്യമായിരുന്നിട്ടും GeM പോർട്ടൽ മുഖേന വാങ്ങൽ നടത്തിയിട്ടില്ല.

2) 10.02.2023 ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ഐ എസ് ഐ മുദ്രയുള്ള 3 ലിറ്റർ പ്രഷർ കുക്കറുകൾ വിതരണം നടത്തുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചിരുന്നത്. THE BUREAU OF INDIAN STANDARDS ACT, 2016 അനുസരിച്ച് രാജ്യത്തെ വ്യവസായ സേവന മേഖലകളിൽ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും നിശ്ചിത നിലവാരം ഉറപ്പാക്കുന്നതിനായി പ്രവർത്തിക്കുന്ന നാഷണൽ സ്റ്റാൻഡേർഡ്സ് ബോഡിയായ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് (ബിസ്) നൽകുന്ന ഗുണമേന്മാ സർട്ടിഫിക്കേഷനായ ഐഎസ്ഐ മുദ്ര (ഇന്ത്യൻ സ്റ്റാൻഡേർഡ് ഇൻസ്റ്റിറ്റ്യൂട്ട് മാർക്ക്) ഉൽപ്പന്നത്തിന് നിശ്ചിത ഇന്ത്യൻ ഗുണനിലവാരം ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നതാണ്. ക്വട്ടേഷൻ നോട്ടീസ് അനുസരിച്ച് നിരക്കുകൾ സമർപ്പിച്ച 7 സ്ഥാപനങ്ങളുടെയും ക്വട്ടേഷനുകളിൽ ഐ എസ് ഐ മുദ്രയുള്ള പ്രഷർ കുക്കറുകളാണെന്ന് രേഖപ്പെടുത്തിയിരുന്നില്ല. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. Konku Enterprises, Koduvayur

(Rs.908.00 Per Piece) ന പകരം M/s.Effar Trading, Palakkad (Rs.1195.00 Per Piece) ന്റെ ക്വട്ടേഷൻ 07.03.2023 ലെ പ്രൊക്വർമെന്റ് കമ്മിറ്റി യോഗവും, 18.03.2023 ലെ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗവും അംഗീകരിച്ചിട്ടുണ്ട്.

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s. Konku Enterprises, Koduvayur ന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതിനു പകരം ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ M/s.Effar Trading, Palakkad ൽ നിന്നും വാങ്ങൽ നടത്തിയതു മൂലം നഗരസഭ ഫണ്ടിന് 11,480 രൂപയുടെ അധികചെലവുണ്ടായിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം നം.25/19.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാവിയിൽ സർക്കാർ ഉത്തരവ്(പി)259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന പ്രൊക്വർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കു വിധേയമായി വാങ്ങലുകൾ നടത്തേണ്ടതാണ്.

## 1-42 വീട് വാസയോഗ്യമാക്കൽ -മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ ഹാജരാക്കണം

1. പ്രൊജക്ട് നമ്പർ- 34/23 വീട് വാസയോഗ്യമാക്കൽ

അടങ്കൽ : 52 ലക്ഷം (വികസന ഫണ്ട്)

ചെലവ്- 33,50,000.00

| ക്രമ നം | ട്രഷറി ബിൽ നം/ തീയതി | തുക |
|---|---|---|
| 1 | 4/14.02.2023 | 1050000.00 |
| 2 | 5/22.02.2023 | 1075000.00 |
| 3 | 6/17.03.2023 | 300000.00 |
| 4 | 8/27.03.2023 | 400000.00 |
| 5 | 9/29.03.2023 | 525000.00 |

2. പ്രൊജക്ട് നമ്പർ- 14/23 ഭവന പുനരുദ്ധാരണം

അടങ്കൽ : 29,50,000.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 20,37,500.00

| ക്രമ നം | ബിൽ നം/ തീയതി | തുക |
|---|---|---|
| 1 | PFMS-308/20.02.2023 | 225000.00 |
| 2 | PFMS-309/20.02.2023 | 525000.00 |
| 3 | PFMS-310/20.02.2023 | 475000.00 |
| 4 | PFMS-311/20.02.2023 | 287500.00 |
| 5 | PFMS-388/07.03.2023 | 425000.00 |
| 6 | PFMS-389/07.03.2023 | 62500.00 |
| 7 | PFMS-447/16.03.2023 | 37500.00 |

പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജ്ജന സെൽ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ടുകൾ പ്രകാരം ഭവന പുനരുദ്ധാരണം/ വീട് വാസയോഗ്യമാക്കൽ എന്നിവയ്ക്കായി 104 ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡുവായി 25,000 രൂപ വീതവും 102 ഗുണഭോക്താക്കൾക്ക് 25,000 രൂപ

വീതം രണ്ടാം ഗഡുവും നൽകിയിട്ടുണ്ട്.

സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7(4) പ്രകാരം വീട് വാസയോഗ്യമാക്കൽ പ്രൊജക്ടുകൾക്ക് ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തണമെന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓവർസീയർ മൂല്യനിർണ്ണയം നടത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. അപേക്ഷകളോടൊപ്പമുള്ള എസ്റ്റിമേറ്റ് നഗരസഭയിലെ ഓവർസീയർമാർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. രണ്ടാം ഗഡു കൈപ്പറ്റിയ 102 ഗുണഭോക്താക്കളുടെ ഫയലിൽ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിനു പകരം അപേക്ഷകളോടൊപ്പമുള്ള കുറിപ്പിൽ നഗരസഭയിലെ Overseer III (PMAY), Palakkad എന്ന ഉദ്യോഗസ്ഥൻ "Site Inspected, ............ House Repair Work Completed, 2nd Installment May Be Sanctioned" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഓവർസീയർ മൂല്യനിർണ്ണയം നടത്തി, മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ ഹാജരാക്കണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായിതെ ഗുണഭോക്താക്കൾക്ക് പണം അനുവദിച്ചിട്ടുണ്ട്.

3. (എ) ശ്രീ. കണ്ണപ്പൻ H/O കൃഷ്ണവേണി, തോണിപ്പാടം, അംബികാപുരം (ബി) സലീന W/O ഗഫൂർ, പുതുപ്പള്ളി സ്ട്രീറ്റ്, നൂറണി എന്നീ 2 ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.ഒന്നാം ഗഡു കൈപ്പറ്റി വീട് വാസയോഗ്യമാക്കാത്ത ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.71/12.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മൂല്യനിർണ്ണയ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാതെ രണ്ടാം ഗഡുവായി 102 ഗുണഭോക്താക്കൾക്ക് അനുവദിച്ച 25,50,000.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-43 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്-ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണം**

പ്രൊജക്ട് നമ്പർ-28/23 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
നിർവ്വഹണം-ഐ സി ഡി എസ് സൂപ്പർവൈസർ

അടങ്കൽ : രൂ.45 ലക്ഷം (വികസന ഫണ്ട്)

ചെലവ്- രൂ.44,99,970

| ബിൽ നം. | തീയതി | തുക |
|---|---|---|
| 21 | 30.12.22 | 1672200.00 |
| 22 | 30.12.22 | 1470600.00 |
| 24 | 27.12.22 | 479950.00 |
| 28 | 27.12.22 | 685770.00 |
| 35 | 29.03.23 | 191450.00 |
| ആകെ | | 4499970.00 |

മേൽ പ്രൊജക്ടിലെ ആനുകൂല്യം കൈപ്പറ്റിയ മുഹമ്മദ് ഹാഷിം. പി. എ, പൂഴിക്കൽ, മണലാഞ്ചേരി, തിരുനെല്ലായി, പാലക്കാട് എന്ന ഗുണഭോക്താവിന് 4,800 രൂപ (ബിൽ നം.22/30.12.22 രൂ. -3,600.00 + ബിൽ നം.24/27.12.22 രൂ.- 1,200.00) ടിയാന്റെ എസ്.ബി.ഐ-യിലുള്ള അക്കൗണ്ടിലേക്ക് (നം. 41338734943) നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ മെഡിക്കൽ ബോർഡിൽ നിന്നും അനുവദിച്ച ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.67/08.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ബോർഡിൽ നിന്നുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ 4,800.00 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-44 അങ്കണവാടികൾക്ക് പോഷകാഹാരം - ജി എസ് ടി -ടി ഡി എസ് കിഴിവ് നടത്തിയിട്ടില്ല**

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി,ഡി,എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 18.08.2021ലെ ഐ.സി.ഡി.എസ്.ബി3/13220/21 നമ്പർ നിർദ്ദേശം പ്രകാരം അമൃതം ന്യൂട്രീമിക്സ് മിശ്രിതത്തിന് ജി.എസ്.ടി ബാധകമാണെന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

2022-23 വർഷം ഐ.സി.ഡി.എസ് ഓഫീസർ നടപ്പിലാക്കിയ നം. 06/23- അങ്കണവാടികൾക്ക് പോഷകാഹാരം എന്ന പ്രൊജക്ട് പ്രകാരം താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നുമുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

എ) അമ്മു ഫുഡ്സ് 14/383എ, കല്ലേക്കാട് റോഡ്, കൊടുന്തിരപ്പുള്ളി, പാലക്കാട് (GSTIN: 32ATQPB1192F1ZZ)

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 312 | 22.11.21 | 161884.80 |
| 2 | 354 | 23.12.21 | 151029.00 |
| 3 | 393 | 22.01.22 | 166177.20 |
| 4 | 427 | 24.02.22 | 139750.80 |
| 5 | 467 | 18.03.22 | 13012230 |
| 6 | 466 | 18.03.22 | 304607.10 |
| 7 | 465 | 18.03.22 | 360617.25 |
| 8 | 031 | 28.04.22 | 148302.00 |
| 9 | 030 | 28.04.22 | 63159.10 |

| | | | |
|---|---|---|---|
| 10 | 037 | 04.06.22 | 288762.00 |
| 11 | 071 | 14.07.22 | 342230.70 |
| 12 | 073 | 14.07.22 | 40101.10 |
| 13 | 072 | 14.07.22 | 144144.00 |
| 14 | 108 | 16.08.22 | 337050.00 |
| 15 | 141 | 03.09.22 | 292125.00 |
| 16 | 140 | 03.09.22 | 233044.00 |
| 17 | 192 | 13.10.22 | 324975.00 |
| 18 | 224 | 03.11.22 | 271800.00 |
| 19 | 425 | 21.02.23 | 258889.00 |

ബി) ഐശ്വര്യ ഫുഡ്സ്, മണ്ണാർക്കാട്ടുപറമ്പ്, കാടാങ്കോട്, കരിങ്കരപ്പുള്ളി, പാലക്കാട് (GSTIN: 32ABAFA3641E2ZS)

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 156 | 12.12.22 | 302730.00 |
| 2 | 166 | 16.01.23 | 306642.00 |
| 3 | 183 | 23.03.23 | 302963.00 |

മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർമാർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല.

സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ GST രജിസ്ട്രേഷൻ എടുക്കേണ്ടതും, ബാധകമായ എല്ലാ വാങ്ങലുകളിലും ജി എസ് ടി- ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണ്.( ഓഡിറ്റ് അന്വേഷണം നം.66/8.12.2023)

**1-45 കാലിത്തീറ്റ വാങ്ങൽ - അധിക ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തിയില്ല**

പ്രൊജക്ട് നമ്പർ 77/2023 - കറവപശുക്കൾക്കുള്ള കാലിത്തീറ്റ വിതരണ പദ്ധതി

അടങ്കൽ - 7,50,000.00 (വികസന ഫണ്ട് 3,75,000.00 + ഗു.ഭോ. വിഹിതം 3,75,000.00)

ചെലവ് - 1,87,500.00 (വികസന ഫണ്ട്)

നിർവ്വഹണം - വെറ്ററിനറി സർജ്ജൻ

മേൽ പ്രൊജക്ട് പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും താഴെ പറയുന്ന വാങ്ങലുകൾ നടത്തിയിട്ടുണ്ട്.

| ക്രമ | ഇൻവോയിസ് | ചാക്കുകളുടെ | ഇൻവോയ്സ് | ട്രഷറി | ബിൽ |
|---|---|---|---|---|---|

| നം | നമ്പർ/ തീയതി | എണ്ണം | തുക | ബിൽ നം/ തീയതി | തുക |
|---|---|---|---|---|---|
| 1 | 045605/ 13.01.2023 | 100 | 139500.00 | 2/ 28.01.2023 | 62500.00 |
| 2 | 050411/ 07.02.2023 | 100 | 139500.00 | 4/ 15.03.23 | 62500.00 |
| 3 | 055930/ 06.03.23 | 100 | 139500.00 | 7/ 15.03.23 | 62500.00 |

കേരള ഫീഡ്സ് ലിമിറ്റഡ് മാർക്കറ്റിംഗ് ഓഫീസറുടെ 10.01.2023ലെ കെ.എഫ്.എൽ/430/99(3)/180/23 നമ്പർ കത്തിലെ ഖണ്ഡിക 7(i),(ii) എന്നിവയിലെ നിബന്ധനകൾ പ്രകാരം ഇറക്കുകൂലിയും അനുബന്ധചെലവുകളും നൽകുന്നതാണെന്നും, വില മുൻകൂർ അടവാക്കിയ ചാക്ക് ഒന്നിന് 20 രൂപ തിരികെ നൽകുന്നതാണെന്നും അറിയിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

I) കേരള ഫീഡ്സ് ലിമിറ്റഡ് മാർക്കറ്റിംഗ് ഓഫീസറുടെ 10.01.2023ലെ കെ.എഫ്.എൽ/430/99(3) /180/23 നമ്പർ കത്തിലെ ഖണ്ഡിക 7(i) പ്രകാരം "കാലിത്തീറ്റയുടെ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ചാക്ക് ഒന്നിന് 30/- രൂപ (മുപ്പത് രൂപ മാത്രം) നിരക്കിൽ കൈകാര്യചെലവ് നൽകുന്നതായിരിക്കും. ഈ തുക കാലിത്തീറ്റ വിതരണ പദ്ധതി പൂർത്തീകരിച്ച് മേൽ സൂചിപ്പിച്ച നിരക്ക് പ്രകാരം കാലിത്തീറ്റയുടെ വില പൂർണമായും കമ്പനിയിൽ ലഭിച്ചതിന് ശേഷം പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നൽകുക" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 2022-23 വർഷത്തിൽ കേരള ഫീഡ്സിൽ നിന്നും വാങ്ങിയ 300 ചാക്ക് കാലിത്തീറ്റയ്ക്ക് അർഹമായ 9,000 രൂപ ലഭ്യമാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

Ii) കത്തിലെ ഖണ്ഡിക 7(ii) അനുസരിച്ച് "കാലിത്തീറ്റയുടെ വില മുഴുവനായും മുൻകൂറായി കമ്പനിയിൽ അടയ്ക്കുകയാണെങ്കിൽ അതിലേക്കുള്ള പ്രത്യേക ആനുകൂല്യമായി ചാക്ക് ഒന്നിന് 20/- രൂപ (ഇരുപത് രൂപ മാത്രം) അധികമായി അനുവദിക്കുന്നതായിരിക്കും. ഈ തുകയും പദ്ധതി പൂർത്തീകരിച്ച ശേഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ആയിരിക്കും നൽകുക" എന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) 1466/2020/ത.സ്വ.ഭ.വ തീയതി 06.08.2020 പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും കാലിത്തീറ്റ് നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്.

കേരള ഫീഡ്സിൽ നിന്നുള്ള പെർഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ മുൻകൂറായി പണം നൽകിയിരുന്നുവെങ്കിൽ മേൽ വാങ്ങലുകൾക്ക് 6,000 രൂപ (300x20) അധികം ആനുകൂല്യം ലഭിക്കുമായിരുന്നു. ഈ ആനുകൂല്യം പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

2022-23 വർഷം വാങ്ങിയ 300 ചാക്ക് കാലിത്തീറ്റയ്ക്ക് അർഹമായ ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകൾക്കുമുള്ള 9,000 രൂപ കേരള ഫീഡ്സിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. കൂടാതെ മുൻകൂർ പണം നൽകി ചാക്ക് ഒന്നിന് ലഭിക്കുന്ന 20 രൂപയുടെ അധിക ആനുകൂല്യം പ്രയോജനപ്പെടുത്തി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

**1-46 ലെഗസി വേസ്റ്റ് പദ്ധതി - ബയോ റെമഡിയേഷൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്**

നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ

പദ്ധതി - ലെഗസി വേസ്റ്റ് - 358/23

അടങ്കൽ - 6,50,00,000 (CFC – 1,00,00,000 + മറ്റുള്ളവ 5,50,00,000)

ചെലവ് - 4,13,000 (CFC)

ഫയൽ നം. - E2-19266/22

2022-23 സാമ്പത്തിക വർഷം മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ലെഗസി വേസ്റ്റ് പദ്ധതി പ്രകാരം 4,13,000 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

പാലക്കാട് നഗരസഭയുടെ ഉടമസ്ഥതയിലുള്ള കൊടുമ്പ് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ട്രെഞ്ചിംഗ് ഗ്രൗണ്ടിൽ 8.65 ഏക്കർ സ്ഥലത്ത് വർഷങ്ങളായി കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ 2016ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന് വിധേയമായി ബയോ മൈനിംഗ്/ ബയോ റെമഡിയേഷൻ ചെയ്യുന്നതിനു ലക്ഷ്യമിട്ട് 2021-22 വർഷത്തിൽ 479/2022-ാം നമ്പറായി 26.03.2022ന് അംഗീകാരം ലഭിച്ച ലെഗസി വേസ്റ്റ് എന്ന ബഹുവർഷ പദ്ധതിക്ക് CFC Tied ഫണ്ടിൽ നിന്ന് 50 ലക്ഷവും മറ്റുള്ളവ എന്നയിനത്തിൽ 5 കോടി രൂപയുമാണ് വകയിരുത്തിയിരുന്നത്. 2021-22 വർഷത്തിൽ ഈ പദ്ധതി പ്രകാരം ചെലവുകൾ ഒന്നുംതന്നെ നടന്നിട്ടില്ല.
2022-23 വർഷത്തിൽ സ്പിൽ ഓവറായ ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി ട്രഞ്ചിംഗ് ഗ്രൗണ്ടിലെ വേസ്റ്റിന്റെ അളവ് ടോട്ടൽ സ്റ്റേഷൻ സർവ്വേ വഴി കണക്കാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും (ക്വട്ടേഷൻ നോട്ടീസ് - 23.08.2022/19266/22) അതുപ്രകാരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT) കോഴിക്കോട് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. ഡ്രോൺ സർവ്വേ നടത്തി ട്രഞ്ചിംഗ് ഗ്രൗണ്ടിലെ വേസ്റ്റിന്റെ അളവ് കണക്കാക്കുകയും ആയതിന്റെ ചെലവ് തുക 4,13,000 രൂപ NIT കോഴിക്കോടിന് നൽകുകയും ചെയ്തിട്ടുണ്ട്. തൻവർഷം ഈ പദ്ധതി പ്രകാരം മറ്റു ചെലവുകൾ ഒന്നുംതന്നെ നടന്നിട്ടില്ല.

NIT കോഴിക്കോട് 17.10.2022ൽ ഡ്രോൺ സർവ്വേ പൂർത്തീകരിച്ച് ഡ്രോൺ സർവ്വേ റിപ്പോർട്ട് പ്രകാരം ആകെ വേസ്റ്റിന്റെ അളവ് 76,191.90$m^3$ ആണെന്ന് കണക്കാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം ബയോ മൈനിംഗ്/ ബയോ റെമഡിയേഷൻ പ്രവൃത്തികൾക്കായി 9,45,60,000 രൂപയുടെ വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി (76191.90$m^3$ @ 1051.76/$m^3$ + GST 18%). നഗരസഭ സെക്രട്ടറി 02-05-2023 ന് ശുചിത്വമിഷന് നൽകിയ കത്ത് പ്രകാരം ലെഗസി വേസ്റ്റ് പദ്ധതിക്കായി 9.5 കോടി രൂപ ആവശ്യമുണ്ടെന്നും, അധികമായി ആവശ്യമായ തുക KSWMP യിൽ നിന്നും ലഭ്യമാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. സ്വച്ഛ്ഭാരത് മിഷൻ (നഗരം) എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ വരുന്ന തുക KSWMP ലഭ്യമാക്കുന്നതാണെന്ന് ശുചിത്വ മിഷൻ ഡയറക്ടർ 283/D1/2023/SM തി 25.05.2023 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 2016ലെ നിബന്ധനകൾ പാലിക്കാത്തതിനാൽ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും 22.09.2020ന് Ref:9CB/PLKD/TG-88/MSW-GEN/2019 ഷോക്കോസ് നോട്ടീസ് ലഭ്യമായിട്ടുണ്ട്. ബയോ മൈനിംഗിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ മാർച്ച് 20ന് ശേഷം ഓരോ മാസവും 1 ലക്ഷം രൂപ EC ചുമത്തി റൂൾ 22 പാലിക്കാത്തതിനാൽ 01.04.2020 മുതൽ 31.08.2022 വരെ 29 മാസം 29 ലക്ഷം രൂപ അടവാക്കേണ്ടി വരും എന്ന് നം.PCB/PKD/TG.68/MSW-GEN/2019/03.09.2022 കത്ത് പ്രകാരം കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്, പാലക്കാട് എൻവയോൺമെന്റൽ എഞ്ചിനീയർ പാലക്കാട് നഗരസഭ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.02.2022 ലെ ഡബ്ല്യൂ.എം.1/40/2022/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (MCF, RRF) തീപ്പിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നിർദേശങ്ങൾ നൽകിയിരുന്നു. ട്രഞ്ചിംഗ് ഗ്രൗണ്ടിൽ തീപിടുത്തവും മറ്റ് അപകടങ്ങളും ഒഴിവാക്കുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതും പരിശോധനാ ടീം നടപടികൾ മോണിറ്റർ ചെയ്യേണ്ടതുമാണ്.

മേൽ സാഹചര്യത്തിലും 2021-22 മുതൽ ബഹുവർഷ പദ്ധതിയായി തുടരുന്ന ലെഗസി വേസ്റ്റ് പദ്ധതി നാളിതുവരെയായും പൂർത്തീകരിച്ചിട്ടില്ല. ഡ്രോൺ സർവ്വേ നടത്തി വേസ്റ്റിന്റെ അളവ് കണക്കാക്കൽ

മാത്രമാണ് ചെയ്തിട്ടുള്ളത്. അടിയന്തിരമായി ചെയ്യേണ്ടിയിരുന്ന ബയോ മൈനിംഗ്/ ബയോ റെമഡിയേഷൻ പ്രവർത്തികൾ പൂർത്തീകരിക്കാൻ നാളിതുവരെയായും സാധിച്ചിട്ടില്ല.

ഈ പദ്ധതിയിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതു സംബന്ധിച്ചും സ്വീകരിച്ച തുടർനടപടികളെക്കുറിച്ചും നിലവിലെ സ്ഥിതിയെക്കുറിച്ചുമുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.55/01.12.2023) ബയോ മൈനിംഗ്/ ബയോ റെമഡിയേഷൻ പ്രവർത്തിക്കുള്ള ഡി.പി.ആർ തയ്യാറാക്കുന്നത് കെ.എസ്.ഡബ്ല്യു.എം.പി ആണെന്നും എന്നാൽ നാളിതുവരെയായും ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ചിട്ടില്ലാത്തതിനാലാണ് പ്രവർത്തി നടപ്പിലാക്കാൻ കഴിയാത്തത് എന്നും മറുപടി നൽകിയിട്ടുണ്ട്.

വാർഷിക പദ്ധതികളുടെ ഭാഗമായി പ്രോജക്ട് തയ്യാറാക്കി KSWMP (Kerala Solid Waste Management Project) പദ്ധതിയിൽ ഉൾപ്പെടുത്തി ബയോ മൈനിംഗ്/ ബയോ റെമഡിയേഷൻ പ്രവർത്തികൾ പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-47 മുനിസിപൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം – Phase I – പദ്ധതി രൂപീകരണം നിർദ്ദേശങ്ങൾ പാലിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ - അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

പദ്ധതി - മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - Phase I

പ്രോജക്റ്റ് നം.344/23 - അടങ്കൽ-1,90,000 -ചെലവ് - 1,90,000 (CFC Basic Grant)

മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ടിൽ നിലവിൽ ഗാന്ധിജിയുടെ പ്രതിമ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കോർട്ട് റോഡിന് അഭിമുഖമായി Underground Parking സഹിതം നിർമ്മിക്കാനാണ് പദ്ധതി. ഈ പ്രവൃത്തിയുടെ ഒന്നാം ഘട്ടമായി Soil Study, Plan, Structural Design, Elevation എന്നിവ തയ്യാറാക്കി നൽകുന്നതിന് 02.02.2022 ന് നടപടികൾ സ്വീകരിക്കുകയും, ആയതു പ്രകാരം Structures India ANZ Project Management Service Private Ltd., Palakkad എന്ന സ്ഥാപനത്തിന് Soil Test Report ഉൾപ്പെടെയുള്ള DPR തയ്യാറാക്കിയതിന് (ഇൻവോയ്സ് നം.3339/13.3.2022) 1,90,000/- രൂപ വൗച്ചർ നം.16/23/16.11.22 പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. തുടർ വർഷത്തിൽ മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ടിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - രണ്ടാം ഘട്ടം - പദ്ധതിക്കു വേണ്ടി തുക വകയിരുത്തുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ 1,90,000രൂപയുടെ ചെലവ് പാഴ്ചെലവായി ഓഡിറ്റിൽ വിലയിരുത്തുന്നു.

19-04-2022ലെ സ.ഉ.(കൈ) നം.86/2022/LSGD പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച മാർഗ്ഗ രേഖ ഖണ്ഡിക 3.5 പദ്ധതികൾ തയ്യാറാക്കൽ - 3.5.1 (6) - പുതിയ കെട്ടിട നിർമ്മാണം നിർദ്ദേശിക്കുന്ന അവസരത്തിൽ നിർജ്ജീവ ആസ്തിയുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഉപയോഗപ്പെടുത്താൻ കഴിയുമോ എന്നും പരിശോധിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-50 ൽ നഗരസഭയിലെ 8 കെട്ടിടങ്ങളുടെ(ഓഫീസ് അനക്സ് കെട്ടിടം, മോയൻസ് എൽ.പി സ്കൂൾ, കംഫർട്ട് സ്റ്റേഷൻ ഒലവക്കോട്, ജൈവവിപണന കേന്ദ്രം, സുൽത്താൻപേട്ട ഷോപ്പിംഗ് കോംപ്ലക്സ്, ചിന്മയ നഗർ കമ്മ്യൂണിറ്റി ഹാൾ, ടൗൺഹാൾ അനക്സ്, ഐശ്വര്യ നഗർ കമ്മ്യൂണിറ്റി ഹാൾ) നിർമ്മാണം പൂർത്തിയായിട്ടില്ല എന്ന പരാമർശം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാതെ പുതിയ കെട്ടിടനിർമ്മാണത്തിന് പദ്ധതി നടപ്പാക്കിയത് മാർഗ്ഗരേഖയിലെ മേൽ നിർദ്ദേശത്തിനു വിരുദ്ധമായതിനാൽ 1,90,000രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. ഓഡിറ്റ് അന്വേഷണം നമ്പർ 12/18.09.2023.

## 1-48 ധനവിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതിഫണ്ട് വാട്ടർ അതോറിറ്റിയിൽ

**ഡെപ്പോസിറ്റ് ചെയ്തു – 84,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു**

ധനവിനിയോഗ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി തുക വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

1. പ്രൊജക്ട് നം. 95/23 - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

ഫയൽ നമ്പർ - E8/10902/22

അടങ്കൽ – 5,00,000 (CFC)

ചെലവ് - ഇല്ല

2. പ്രൊജക്ട് നം. 525/23 – വാട്ടർ അതോറിറ്റി, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ഡെപ്പോസിറ്റ് തുക

അടങ്കൽ – 84,00,000 (CFC)

ചെലവ് - 84,00,000

വൗച്ചർ നമ്പർ - 220/22-23/29.03.2023

2022-23 സാമ്പത്തിക വർഷം പ്രൊജക്ട് നം. 95 പ്രകാരം 5,00,000 രൂപ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിക്ക് വകയിരുത്തുകയും പിന്നീട് പ്രൊജക്ട് നം. 525/23 പ്രകാരം 84,00,000 രൂപ കൂടി വകയിരുത്തുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ള താഴെ പറയുന്ന 8 വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തികൾക്കു വേണ്ടി 36,86,000 രൂപയുടെ എസ്റ്റിമേറ്റ് ആണ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടുണ്ടായിരുന്നത്.

| ക്രമ നം. | വാർഡ് | എസ്റ്റിമേറ്റ് | തുക |
|---|---|---|---|
| 1 | 48 | 2022/5850/11.03.22 | 8,30,000 |
| 2 | 51 | 2022/15362/21.04.22 | 3,24,000 |
| 3 | 40 | 2022/15432/21.04.22 | 3,19,000 |
| 4 | 38 | 2022/2460/24.05.22 | 3,85,000 |
| 5 | 8 | 2022/28684/01.08.22 | 2,50,000 |
| 6 | 10 | 2022/27108/01.08.22 | 8,20,000 |
| 7 | 39 | 2022/10746/09.02.23 | 4,57,000 |
| 8 | 49 | 2022/15546/04.03.23 | 3,01,000 |
| | ആകെ | | 36,86,000 |

എന്നാൽ എസ്റ്റിമേറ്റ് ലഭിച്ചിട്ടുള്ള 36,86,000 രൂപക്കു പകരം പ്രൊജക്ട് നമ്പർ 525/23 പ്രകാരം വകയിരുത്തിയ 84,00,000 രൂപയും വൗച്ചർ നമ്പർ - 220/22-23/29.03.2023 പ്രകാരം പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു.

മേൽ പറഞ്ഞ 8 വാർഡുകളുടെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും 36,86,000 രൂപയുടെ വിനിയോഗ

സാക്ഷ്യപത്രം ലഭ്യമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് KWA എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മുനിസിപ്പൽ സെക്രട്ടറി 11.04.2023ൽ E8/10902/22 നമ്പർ കത്ത് നൽകിയിട്ടുണ്ട്.

പിന്നീട് നഗരസഭ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 26.04.2023 ലെ കത്ത് പ്രകാരം താഴെ ചേർക്കുന്ന പ്രവർത്തികൾ കൂടി ഡെപ്പോസിറ്റ് തുകയിൽ ഉൾപ്പെടുത്തുവാനും, പൂർത്തീകരിക്കുന്ന പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം അടിയന്തിരമായി നൽകുവാനും KWAയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

| വാർഡ് | എസ്റ്റിമേറ്റ് | തുക |
|---|---|---|
| 16 | 3224/2023/ 27.03.23 | 73,000 |
| 16 | 8026/2023/ 27.03.23 | 90,000 |
| 45 | 8739/2023/ 27.03.23 | 1,02,000 |
| ആകെ | | 2,65,000 |

ആകെ 39,51,000 രൂപയുടെ (36,86,000 + 2,65,000) പ്രവർത്തികൾ ചെയ്യുന്നതിന് ലിസ്റ്റ് അയച്ചിരുന്നു എന്നും, 11,900 രൂപ(വാർഡ് നം. 17, മേട്ടുപാളയം ഡയാറ സ്ട്രീറ്റ് അഴുക്കുചാൽ നിർമ്മാണം പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ) കൂടി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സൂചിപ്പിച്ച് നഗരസഭ സെക്രട്ടറി 17.06.2023ന് വാട്ടർ അതോറിറ്റിക്ക് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. ആയത് പ്രകാരം ആകെ 39,62,900 രൂപയുടെ പ്രവർത്തികൾ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ 24.05.2023ലെ കത്തിൽ 39,48,000 രൂപയുടെ എസ്റ്റിമേറ്റ് എടുക്കുകയും അവ പ്രവൃത്തി ചെയ്യുന്നതിന് ഏർപ്പാടാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ഡെപോസിറ്റ് തുകയുടെ വിശദാംശങ്ങൾ KWAൽ ലഭ്യമാക്കേണ്ടതാണ് എന്നും നഗരസഭയെ അറിയിച്ചിട്ടുണ്ട്.

10.10.2023ലെ ഓഫീസ് നോട്ടിൽ ആകെ KWAൽ ഡെപ്പോസിറ്റ് ചെയ്തതിൽ നിന്നും പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവർത്തികൾക്കായി 39,62,900 രൂപ വിനിയോഗിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുള്ളതാണ്, 44,37,100 രൂപ ബാക്കിയുണ്ട് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ KWAൽ പ്രവൃത്തി ചെയ്യാൻ നിർദ്ദേശം നൽകിയ തുക സംബന്ധിച്ച് 14,900 രൂപയുടെ വ്യത്യാസം കാണുന്നു (39,62,900 – 39,48,000).

<u>പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ</u>

- ഡെപ്പോസിറ്റ് വർക്ക് - ജി.ഒ(എം.എസ്)84&86/2022/തസ്വഭവ തിയതി 19.04.2022 പ്രകാരം KWA, KSEB, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകുന്നതിനുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂറായി തുക നൽകാവൂ. ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതും,
- ഡെപ്പോസിറ്റ് പ്രവർത്തികളുടെ നിർവ്വഹണപുരോഗതി വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. എന്നാൽ മേൽപറഞ്ഞ നിബന്ധനകൾ ഒന്നുംതന്നെ പാലിക്കാതെയാണ് 84,00,000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്.
- വാർഡ് സഭ മിനിറ്റ്സുകൾ പരിശോധിക്കുമ്പോൾ കുടിവെള്ളപദ്ധതികൾ, പൈപ്പ് ലൈൻ നീട്ടൽ, ഇവയുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായുള്ള ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുള്ളതായി

രേഖപ്പെടുത്തലുകളില്ല. കൂടാതെ എവിടെയെല്ലാമാണ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾ ആവശ്യമുള്ളത് എന്ന പ്രൊജക്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല. തുക വകയിരുത്തുമ്പോൾ വേണ്ടത്ര ആസൂത്രണം നടത്തിയിട്ടില്ല എന്നും ആവശ്യകത കൃത്യമായി വിലയിരുത്തിയിട്ടില്ല എന്നും കാണുന്നു. കൃത്യമായ ആസൂത്രണമില്ലാതെ ഭാവിയിൽ വന്നേക്കാവുന്ന പ്രവൃത്തികൾക്കുവേണ്ടി മുൻകൂറായി പദ്ധതിഫണ്ട് പിൻവലിച്ച് കേരളാ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചത് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായുള്ള പദ്ധതിഫണ്ട് ധനവിയോഗ മാർഗ്ഗ നിർദ്ദേശങ്ങളുടെ ലംഘനമാണ്.

- തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിയും നഗരസഭയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
- നഗരസഭയുടെ വിവിധ വാർഡുകളിലേക്ക് അവശ്യമായ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തികൾ മുൻഗണനാക്രമത്തിൽ വാർഡ് സഭ, വർക്കിംഗ് ഗ്രൂപ്പ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, മുനിസിപ്പൽ കൗൺസിൽ എന്നിവയിൽ അംഗീകരിച്ചശേഷം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമായ ശേഷം ഇതിനെ അടിസ്ഥാനമാക്കി വാട്ടർ അതോറിറ്റിയുമായി ഉടമ്പടി വച്ചശേഷമാണ് നിർവ്വഹണോദ്യോഗസ്ഥൻ പ്രതീക്ഷിത ചെലവു തുക മുൻകൂറായി ഡെപ്പോസിറ്റ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ 84,00,000 രൂപ ഡെപ്പോസിറ്റ് ചെയ്യുമ്പോൾ 36,86,000 രൂപയുടെ എസ്റ്റിമേറ്റ് മാത്രമാണ് വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചിട്ടുണ്ടായിരുന്നത് എന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നത്. വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കാതെ പദ്ധതി അടങ്കൽ തുക മുഴുവനും പിൻവലിച്ച് ഡെപ്പോസിറ്റ് ചെയ്തത് ക്രമവിരുദ്ധമായ നടപടിയാണ്. ഇത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് എതിരാണ്.
- 2022-23 വർഷത്തിൽ വാട്ടർ അതോറിറ്റിയിൽ നഗരസഭ ഡെപ്പോസിറ്റായി ഒടുക്കിയിട്ടുള്ള തുകയിൽ നിന്നും നാളിതുവരെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവർത്തികൾക്ക് വിനിയോഗിച്ചത് സംബന്ധിച്ച വിവരങ്ങൾ, ബാക്കി ക്രമീകരിക്കാനുള്ള ഡെപ്പോസിറ്റ് തുക, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഇല്ല.
- മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനും, രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണത്തിന് (നം.15/13.11.23) 20.12.23 ന് ലഭ്യമാക്കിയ മറുപടി അപാകതകൾ പരിഹരിക്കുന്നതല്ല.

മേൽ പരാമർശിച്ച കാരണങ്ങളാൽ 84,00,000/- രൂപയുടെ ചെവല് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-49 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നം. - 421/2023

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഫയൽ നമ്പർ - E8-26564/22

അടങ്കൽ – 47,15,400

ചെലവ് - 2,90,000 (ചെക്ക് നം. 260731/26.07.2022- തനത് ഫണ്ട്)

ആനപ്പാറ എസ്.സി കോളനി വാർഡ് നം. 15 പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ പ്രവൃത്തിക്ക് വേണ്ടി കേരള വാട്ടർ അതോറിറ്റിയിൽ (പി.എച്ച് ഡിവിഷൻ, കൽമണ്ഡപം) 2,90,000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിയുമായുള്ള എഗ്രിമെന്റ്, പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ, ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (നം.70/11.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-50 കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

1. പ്രൊജക്ട് നം. - 97/2023 (New)

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഫയൽ നമ്പർ - E8-12033/22

അടങ്കൽ – 23,63,553 (CFC)

ചെലവ് - 23,06,040

നഗരസഭയുടെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി കെ.എസ്.ഇ.ബി-യിൽ നിന്നുമുള്ള എസ്റ്റിമേറ്റ് പ്രകാരം താഴെ പറയും പ്രകാരം തുക കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | കെ.എസ്.ഇ.ബി ഡിവിഷൻ | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | വിനിയോഗ സാക്ഷ്യപത്രം |
|---|---|---|---|---|
| 1 | ബിഗ് ബസാർ ഡിവിഷൻ | 153/14.03.2023 | 262333.00 | ലഭ്യമായിട്ടില്ല |
| 2 | കൽപ്പാത്തി ഡിവിഷൻ | 152(1)/14.03.2023 | 1175490.00 | ലഭ്യമായിട്ടില്ല |
| 3 | മേലാമുറി ഡിവിഷൻ | 152(2)/14.03.2023 | 269462.00 | ലഭ്യമായി (10.08.2023) |
| 4 | ബിഗ് ബസാർ ഡിവിഷൻ | 152(3)/14.03.2023 | 59364.00 | ലഭ്യമായിട്ടില്ല |
| 5 | മരുത റോഡ് ഡിവിഷൻ | 152(4)/14.03.2023 | 64053.00 | ലഭ്യമായി (20.06.2023) |
| 6 | സുൽത്താൻപേട്ട ഡിവിഷൻ | 152(5)/14.03.2023 | 452533.00 | ലഭ്യമായിട്ടില്ല |
| 7 | കൽപ്പാത്തി ഡിവിഷൻ | 185/24.03.2023 | 22805.00 | ലഭ്യമായിട്ടില്ല |

സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തികൾക്കു വേണ്ടി കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്ത ക്രമ നമ്പർ 3, 5 ഡിവിഷനുകൾ ഒഴികെ മറ്റ് ഡിവിഷനുകളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും എല്ലാ ഡിവിഷനിലേയും പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഓഡിറ്റ് അന്വേഷണം 70/11.12.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-51 സ്ട്രീറ്റ് ലൈറ്റ് എ എം സി.ചെലവു രേഖകൾ ലഭ്യമായില്ല 3826501/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

പദ്ധതി - സ്ട്രീറ്റ് ലൈറ്റ് എ എം സി(നം.87/23)

അടങ്കൽ - 50,00,000

കരാറുകാരൻ- പ്രിൻസ് .ജെ, അക്ഷര ഇലക്ട്രിക്കൽസ്

ചെലവ് - 38,26,501

ഫയൽ നം. E8-32833/21

2022-23 സാമ്പത്തിക വർഷം സ്ട്രീറ്റ് ലൈറ്റ് എ എം സി ഇനത്തിലുള്ള ചെലവിന്റെ വിശദവിവരങ്ങൾ

താഴെ കൊടുക്കുന്നു.

| വൗച്ചർ നം. | തുക |
|---|---|
| 142/9.3.23 | 500000 |
| 143/9.3.23 | 3193441 |
| 144/9.3.23 | 66530 |
| 145/9.3.23 | 66530 |
| ആകെ | 3826501 |

മേൽ ചെലവിനാസ്പദമായ രേഖകൾ - സ്ട്രീറ്റ് ലൈറ്റ് AMC സ്ഥാപനത്തിന്റെ ഇൻവോയ്സ്, കാലയളവ്, റിപ്പയർ ചെയ്തത സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം, ഇനം(പോസ്റ്റ് നമ്പർ സഹിതം), വാർഡ് കൗൺസിലർമാരുടെ സാക്ഷ്യ പത്രം തുടങ്ങിയ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ 38,26,501/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നഗരസഭയുടെ വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്ക് പരിശോധനക്ക് ലഭ്യമായിട്ടില്ല. തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിച്ച് ആയതിന്റെ അടിസ്ഥാനത്തിലായിരിക്കണം AMC നടപടികൾ സ്വീകരിക്കേണ്ടത്.

AMC കാലയളവ് അവസാനിച്ച് മാസങ്ങൾ കഴിഞ്ഞാണ് പുതിയ AMCക്കുവേണ്ടി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നത്. ഉദാഹരണമായി 2020- ലെ AMC 18.6.2021 ന് അവസാനിച്ചതിനു ശേഷം 25.10.2021 നാണ് 8 മാസത്തേക്ക് ടെണ്ടർ ചെയ്തത്, അതുവരെ നിലവിലുള്ള ഏജൻസിയെ തുടരാൻ അനുവദിച്ചു. പിന്നീട് 18.8.2022 ന് ടെണ്ടർ അവസാനിച്ചതിനാൽ അടുത്ത AMC വരെ നിലവിലുള്ള ഏജൻസിയെ തുടരാൻ തീരുമാനമെടുത്തു. AMC ഓരോ വർഷവും നിലവിലുള്ള AMC കാലയളവ് അവസാനിക്കുന്നതോടൊപ്പം പുതിയ AMC വെക്കുന്നതിനുള്ള വേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.75/14.12.23 ന് മറുപടി ലഭ്യമായിട്ടില്ല.

**1-51-1 കരാർ ചമക്കുന്നതിലെ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല**

സ്ട്രീറ്റ് ലൈറ്റ് എ.എം.സി ഫയൽ നമ്പർ E8-32833/21 പരിശോധിച്ചതിൽ 2021-22ൽ സ്ട്രീറ്റ് ലൈറ്റ് എ.എം.സിപ്രൊജക്റ്റ് നം. 471/22 പ്രകാരം സ്ട്രീറ്റ് ലൈറ്റ് എ.എം.സി ഇ-ടെണ്ടറിൽ കുറവ് നിരക്ക് ക്വോട്ട് ചെയ്ത (PAC 4200325/- രൂപ) ശ്രീ. പ്രിൻസ്. ജെ, അക്ഷര ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ വർക്ക് സെലക്ഷൻ ഓർഡർ തീയതി 15.12.2021 ആണ്. എന്നാൽ എ.എം.സി എഗ്രിമെന്റ് വെച്ചിരിക്കുന്നത് 18.01.2022 തീയതിയിലാണ് (നമ്പർ 59/471 /AEE/LSGD/21-22/18.01.2022). എഗ്രിമെന്റ് സമർപ്പിച്ചിരിക്കുന്നത് ഫേം കാലയളവിൽ അല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്ക് PAC-യുടെ (42,00,325/- രൂപ) - 1% പരമാവധി 25,000/- രൂപ ഫൈൻ ഈടാക്കിയാണ് എഗ്രിമെന്റ് വെയ്ക്കേണ്ടത്. ആയത് ഈടാക്കിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. 2022-23 വർഷം AMC ഇനത്തിൽ ടി സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്നും ഫൈൻ കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 77/16.12.23 നൽകിയതിന് മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ഫൈൻ 25,000/- രൂപ ഈടാക്കേണ്ടതാണ്.

**1-52 എഗ്രിമെന്റ് വെക്കുന്നതിലും, പ്രവർത്തി പൂർത്തീകരണത്തിലും കാലതാമസം ഫൈൻ ഈടാക്കിയില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊജക്റ്റ് - പേച്ചിയമ്മൻ അമ്പലത്തിനു സമീപവും ശാസ്താപുരി അയ്യപുരം അമ്പലത്തിനു സമീപവും ഇന്റർലോക്കിംഗ്, കോൺക്രീറ്റിംഗ്, ഓട പുനർനിർമ്മാണം - വാർഡ് 4

പ്രൊജക്റ്റ് നമ്പർ - 151/21, 192/22, 334/23

ഫയൽ നമ്പർ – E3-15257/20

അടങ്കൽ - 20 ലക്ഷം(CFC)

P.A.C - 16,88,250.00

A.P.A.C – 16,88,250.00

കോൺട്രാക്ടർ - ശ്രീ. എം. പ്രദീപ്

Ist Part Bill-7,80,938.00

2nd &Final Bill – 9,31,450.00

വൗച്ചർ നമ്പർ 86/13.02.2023 - 8,98,182.00

89/13.02.2023 - 8,317.00

90/13.02.2023 - 8,317.00

91/13.02.2023 - 16,634.00

2020-21 വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മേൽ പ്രവൃത്തി രണ്ട് തവണ ടെണ്ടർ ചെയ്തും ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ ശ്രീ.എം.പ്രദീപ് എന്ന കരാറുകാരന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള(1688250) ഓഫർ 13.10.2020 ലെ 2718 നമ്പർ കൗൺസിൽ തീരുമാനമായി അംഗീകരിച്ചു. മേൽ പ്രവൃത്തിയുടെ വർക്ക് സെലക്ഷൻ ഓർഡർ E3-15257/20 തീയതി 23.10.2020 ആണ്. വർക്ക് സെലക്ഷൻ ഓർഡർ അംഗീകരിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 23.10.2020ൽ ഓഫീസ് കുറിപ്പിലും ഒപ്പ് വെച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രവൃത്തിയുടെ എഗ്രിമെന്റ് വെക്കുന്നതിനായി 06.11.2020നോ അതിനു മുമ്പോ ഹാജരാവാൻ WSOൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ് വെച്ചിട്ടുള്ളത് 15.02.2021നാണ് (എഗ്രിമെന്റ് നമ്പർ- 126/2021/15.02.2021). വർക്ക് സെലക്ഷൻ ഓർഡറിന്റെ ഫയലിലുള്ള കാർബൺ കോപ്പിയിൽ 06.11.2020 തീയതി വട്ടം വരച്ച് 15.02.2021 എന്നും 23.10.2020 എന്നത് 1.02.2021 എന്നും പിന്നീട് പേന കൊണ്ട് എഴുതി ചേർത്തിട്ടുണ്ട്.

സ.ഉ.(പി)നം.13/2012/PWD തീയതി 01.12.2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നമ്പർ വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവ് എങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (വർക്ക് സെലക്ഷൻ ഓർഡർ) കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർതുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെക്കാവുന്നതാണ്. പിഴയുടെ പരിധി കുറഞ്ഞത് 1,000 രൂപയും കൂടിയത് 25,000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്.

ആയതിനാൽ നിശ്ചിത തീയതിയിൽ എഗ്രിമെന്റ് വെക്കാത്തതിന് പിഴ 16,88,250/- (APAC) രൂപയുടെ 1% 16,882/- രൂപ ഈടാക്കേണ്ടതാണ്.

വർക്ക് സെലക്ഷൻ ഓർഡറിൽ 23.10.2020 റൗണ്ട് ചെയ്ത് 01.02.2021 എന്നും 06.11.2020 റൗണ്ട് ചെയ്ത് 15.02.2021 എന്നും ആക്കിയിട്ടുണ്ട്. തീയതി തിരുത്തുന്നതിന് മേലധികാരികൾ ആരും നിർദ്ദേശം നൽകുകയോ തിരുത്തൽ ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.

പിന്നീട് 15.02.2021ൽ സൈറ്റ് കൈമാറി 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരണ കാലയളവാണ്.

പ്രവൃത്തി തുടങ്ങുമ്പോഴേക്ക് പെരുമാറ്റച്ചട്ടം നിലവിൽ വരുകയും അതിനു ശേഷം ലോക്ക്ഡൗൺ വന്നതിനാലും പ്രവൃത്തിയിൽ തടസ്സം വന്നതിനാൽ പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ള സമയം നീട്ടി തരുവാൻ കോൺട്രാക്ടറുടെ അപേക്ഷ തീയതിയില്ലാതെ ഫയലിലുണ്ട്. പൂർത്തീകരണ കാലയളവ് 13.11.2021 വരെ പിഴ കൂടാതെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പിന്നീട് പൂർത്തീകരണ കരണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടില്ല.

പ്രവർത്തിയുടെ അവസാന ചെക്ക് മെഷർമെന്റ് തിയതി 12.3.2022- MB471/18-19 പേജ് നം.12(MB NO. 93/20-21 & 471/18-19.

പൊതുമരാമത്ത് മാന്വൽ 2012 (ജി.ഒ(പി)നം.13/2012/PWD/01.02.2012)ലെ സെക്ഷൻ 2112 പ്രകാരം പൊതുമരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനാ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി PACയുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതും തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50%-ൽ അധികരിക്കാവുന്നതല്ല.

എന്നാൽ നിശ്ചിത തീയതിയിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല. പിഴ 16,88,250/- (APAC) രൂപയുടെ 3%(1%+2%) 50,648/- രൂപ ഈടാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.80/18.12.23 നല്കിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-53 കരാറുകാരൻ സ്റ്റാംപ് പേപ്പർ വാങ്ങുന്നതിനു മുൻപുള്ള തിയതിയിൽ എഗ്രിമെന്റ് വെച്ചതിൽ ക്രമക്കേട്-വിശദീകരണം ആവശ്യപ്പെടുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഫയൽ നമ്പർ - E2-1667/23

പ്രവൃത്തി-വാർഡ്-23-അംഗനവാടി മെയിന്റനൻസ്

പ്രൊജക്ട് നമ്പർ -374/22-23

അടങ്കൽ - 3 ലക്ഷം (MGNR)

കരാർ തുക - 2,76,879.00

09.01.2023ൽ മേൽ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ എം. ശശികുമാർ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് ലെറ്റർ ഓഫ് അക്സപ്പ്റ്റെൻസ് 18.02.2023ന് നൽകിയിട്ടുണ്ട്. കരാറുകാരൻ 24.02.2023ന് നം.65/374/AEE/LSGD/PKD/2022-23 ആയി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. എഗ്രിമെന്റ് പരിശോധിച്ചതിൽ 100 രൂപ വീതം മൂല്യമുള്ള 3 സ്റ്റാംപ് പേപ്പറുകളിലായാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. എന്നാൽ ഈ സ്റ്റാംപ് പേപ്പറുകൾ കരാറുകാരൻ വാങ്ങിയിട്ടുള്ളത് 27.02.2023ൽ ആണ്. സ്റ്റാംപ് പേപ്പറുകളുടെ വിശദാംശങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. നം. EC-533109 തീയതി 27.02.2023

2. നം. EC-533110 തീയതി 27.02.2023

3. നം. EC-533111 തീയതി ഇല്ല.

കരാറുകാരൻ സ്റ്റാംപ് പേപ്പർ വാങ്ങിയ 27.02.2023 നു മുൻപായ 24.02.2023ന് എഗ്രിമെന്റ് വെച്ചത് ക്രമക്കേടാണ്. ഇതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു നൽകിയ 85/20.12.2023 നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-54 പട്ടിക്കര ഷൺമുഖ സ്ട്രീറ്റ്, കർണകിയമ്മൻ കോവിൽ സ്ട്രീറ്റ് റോഡ് മെയിന്റനൻസ് & റിപ്പെയർ – വാർഡ് നമ്പർ 42-പ്രവൃത്തിയിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഫയൽനം.-ഇ3-25290/21-22

പ്രൊജക്ട് നമ്പർ - 111/22, 301/23

അടങ്കൽ - 20 ലക്ഷം (MGR)

കരാറുകാരൻ - വി.കെ.ചാമി

കരാർ തുക – 1963737.21

എഗ്രിമെന്റ് -നം.87/111/AEE/LSGD/PKD/03.02.2022

ചെലവ്-ബിൽനം.-170/30.03.2022-534299, 56/09.01.2023-261059, 123/29.03.2023-724689

അളവു പുസ്തകം-393/18-19,289/21-22

പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് വർക്ക് സെലക്ഷൻ ഓർഡർ 15.01.2022ന് നൽകിയിട്ടുണ്ട്. ഇതു പ്രകാരം 31.01.2022നകം എഗ്രിമെന്റ് വെക്കുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ കരാറുകാരൻ 03.02.2022നാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. നിശ്ചിത തീയതിക്കകം എഗ്രിമെന്റ് വെക്കാതിരുന്നതിന് കരാറുകാരനിൽ നിന്നും 2012 ലെ PWD മാന്വൽ ഖണ്ഡിക2009-6 പ്രകാരം കരാർ തുകയുടെ 1% പിഴയായ 19637/- രൂപ ഈടാക്കേണ്ടതാണ്. (കുറിപ്പ് - ടെണ്ടർ സ്വീകരിച്ചതായുള്ള രേഖാമൂലമായ അറിയിപ്പ്-സെലക്ഷൻ നോട്ടീസ്-രജിസ്റ്റേർഡ് പോസ്റ്റ്/കൊറിയർ/ഇ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്)

കൂടാതെ പ്രവൃത്തിയുടെ ഫൈനൽ ബിൽ, അളവ് പുസ്തകം എന്നിവ പരിശോധിക്കുമ്പോൾ ഇനം 2.001 ഐറ്റം 2.5.1.B പ്രകാരം “Dismantling Of Structures, Dismantling Of Existing Structures Like Culverts, Bridges, Retaining Walls, And Other Structure Comprising Of Masonry, Cement Concrete, Wood Work, Steel Work, Including T&P And Scaffolding Wherever Necessary, Sorting The Dismantled Material, Disposal Of Unserviceable Material And Stacking The Serviceable Material With All Lifts And Lead... Etc.” എന്ന ഇനം ആകെ 23.42$m^3$ ചെയ്തതിന് 729.21/$m^3$ നിരക്കിൽ 17078.10 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പ്രകാരം പൊളിച്ചുമാറ്റിയതിലൂടെ ലഭ്യമായ മെറ്റീരിയൽസ് പ്രവൃത്തിയിൽ ഉപയോഗിച്ചതായോ ആയവ ഉപയോഗ യോഗ്യമല്ല എന്നോ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു നൽകിയ 85/20.12.2023 നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-55 മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു**

അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധനയിൽ താഴെ പറയുന്ന പ്രോജക്ടുകളുടെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| Sl. No. | പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | ഫണ്ട് | ചെലവ് തുക | ബിൽ / വൗച്ചർ നം. |
|---|---|---|---|---|---|
| 1 | 485 (New) | സെക്രട്ടറി കാബിൻ റിനോവേഷൻ ബാലൻസ് വർക്ക് | PLAN GENERAL | 110637 | 82/04.03.2023 |
| 2 | 411 (New) | പൂക്കാരത്തോട്ടം കനാൽ സൈഡ് തോട് | CFC | 3000000 | 213/29.03.2023 |
| 3 | 145(SO) | വാർഡ് 28ൽ പാടത്ത് കോളനി റോഡ് റീ-കോൺക്രീറ്റിംഗ് ഡ്രൈനേജ് | PLAN SCP | 373781 | 7/30.09.2022 |
| 4 | 129(SO) | ഇന്റീരിയർ വർക്ക് സെക്രട്ടറി, എ.ഇ, എ.എ.ഇ, എഞ്ചിനീയറിംഗ് സെക്ഷൻ, ജനറൽ സെക്ഷൻ | CFC | 457127 | 23/30.09.2022 |
| 5 | 136(SO) | വാർഡ് 37 – ഇസത് റോഡ് ഫോർമേഷൻ | CFC | 637900 | 47/14.12.2022 |
| 6 | 131(SO) | ചിറക്കാട് ഗോപാൽ കോളനി എൻ.എച്ച് ലിങ്ക് റോഡ് ടാറിംഗ് വാർഡ് 26 | CFC | 687771 | 67/21.02.2023 |

| | | | | | |
|---|---|---|---|---|---|
| 7 | 245(NEW) | വാർഡ് 38- വെങ്കിടേശ്വര കോളനി കൈക്കുത്ത് പറമ്പ് മുത്തുകളം ശ്രീനിവാസ ഗാർഡൻ അയോദ്ധ്യ നഗർ എന്നിവിടങ്ങളിൽ റോഡ് ഡ്രൈൻ പുനരുദ്ധാരണം | MG Road | 95073 | 158/29.03.2023 |
| 8 | 150(SO) | കാളംപുഴ ബൈലൈൻ കേശവനഗർ റോഡ് മൂത്താൻതറ റോഡ് അഭിവൃദ്ധി പ്രവൃത്തി വാർഡ് 49 | MG Road | 108480 | 81/04.03.2023 |
| 9 | 126(NEW) | വാർഡ് 7ൽ എൻ.കെ. പാളയം, എൻ.എൻ.പുരം ശങ്കര പനംതൊടി അംബികാപുരം, വെങ്കിടേശ്വര കോളനി ഭാഗങ്ങളിൽ ഡ്രൈൻ, റോഡ് എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം | MG Road | 121924 | 141/29.03.2023 |
| 10 | 252(New) | തട്ടാതറ ഇന്ദ്രാണി നഗർ, റാംനഗർ, പ്രാണംകുളം, തരവനാട്ടു ലൈൻ റോഡ്, ഡ്രൈൻ പുനരുദ്ധാരണം | MG Road | 144644 | 151/29.03.2023 |
| 11 | 260(New) | വാർഡ് 51- കാസിം കോളനി, താമരക്കുളം റോഡ്, തട്ടാതറ റോഡ്, എസ്.എൻ. കോളനി റോഡ്, ഡ്രൈൻ പുനരുദ്ധാരണം | MG Road | 183903 | 154/29.03.2023 |
| 12 | 240(New) | വാർഡ് 33- മുത്തുകളം, ഐശ്വര്യ നഗർ, പുതുപ്പള്ളി തെരുവ്, സ്ട്രീറ്റ് നമ്പർ 4 എന്നിവിടങ്ങളിൽ റോഡ്, ഡ്രൈനേജ് പുനരുദ്ധാരണം | MG Road | 227163 | 125/29.03.2023 |
| 13 | 233(New) | വാർഡ് 26- ന്യൂ സിവിൽ നഗർ, ദുർഗ്ഗാ നഗർ, ഫോർട്ട് കോളനി, ഫയർ സ്റ്റേഷൻ പിൻവശം, കല്ലേക്കാട് റോഡ്, ഡ്രൈനേജ് നിർമ്മാണവും പുനരുദ്ധാരണവും | MG Road | 252711 | 148/29.03.2023 |
| 14 | 130(SO) | വാർഡ് 12ൽ ദുർഗ്ഗാ ലൈൻ 1 റീടാറിംഗ് & അഴുക്കുചാൽ നിർമ്മാണം, ദുർഗ്ഗാ ലൈൻ 2 റീടാറിംഗ് & സൈഡ് വീതി കൂട്ടൽ, പറമ്പുതറ റീടാറിംഗ് & കൽവേർട്ട് | MG Road | 360000 | 5/30.09.2022 |
| 15 | 258(New) | വാർഡ് 49- ഭജനമഠം ബാല മാരിയമ്മൻ കോവിൽ ശിവാജി റോഡ് കാളംപുഴ വൃന്ദാവൻ കോളനി, വിനായക കോളനി, റോഡ്, ഡ്രൈൻ പുനരുദ്ധാരണം | MG Road | 378312 | 144/29.03.2023 |
| 16 | 125(New) | വാർഡ് 6ൽ കാരേക്കാട്ട് പറമ്പ്, തോണിപാളയം | MG Road | 469927 | 142/29.03.2023 |

| | | | | | |
|---|---|---|---|---|---|
| | | വൈറ്റീശ്വര നഗർ എന്നിവിടങ്ങളിൽ റോഡ് ഡ്രൈൻ നിർമ്മാണം, പുനരുദ്ധാരണം | | | |
| 17 | 121(New) | വാർഡ് 2- സിൽവർ ലൈൻ കോളനി, സന്യാസി പറമ്പ്, പമ്പ് എഞ്ചിൻ റോഡ്, മുത്തുപട്ടണം, നീലിക്കാട് എന്നിവിടങ്ങളിൽ റോഡ് ഡ്രൈൻ പുനരുദ്ധാരണ പ്രവൃത്തികൾ | MG Road | 500000 | 139/29.03.2023 |
| 18 | 221(New) | വാർഡ് 14- അഗ്രഹാരത്തിലേക്കുള്ള റോഡ്, ഹാർമണി സഞ്ചയ് നഗർ, ആർ.കെ. നഗർ റോഡ് ഡ്രൈനേജ് നിർമ്മാണവും പുനരുദ്ധാരണവും | MG Road | 500000 | 147/29.03.2023 |
| 19 | 225(New) | വാർഡ് 18- കൃഷ്ണകാന്തി കോളനി, രാജ സ്ട്രീറ്റ്, മന്ദം അമ്പലം റോഡ് ഡ്രൈനേജ് നിർമ്മാണവും പുനരുദ്ധാരണവും | MG Road | 500000 | 140/29.03.2023 |
| 20 | 248(New) | വാർഡ് 41- ടൈലർ സ്ട്രീറ്റ്, ശാന്തി നഗർ, വലിയപാളയം പേട്ട മിഷൻ കോമ്പൗണ്ട്, ആശാ നഗർ, എ.ആർ കോളനി റോഡ് ഡ്രൈൻ പുനരുദ്ധാരണം | MG Road | 500000 | 122/29.03.2023 |
| 21 | 253(New) | വാർഡ് 44- ശ്രീരാമപാളയം, അമൃതനഗർ, കുണ്ട്തോട്, ദേവിനഗർ, വേപ്പൻകോട് റോഡ് ഡ്രൈൻ പുനരുദ്ധാരണം | MG Road | 500000 | 129/29.03.2023 |
| 22 | 257(New) | വാർഡ് 48- ഗണേശ് കോളനി, കാളമ്പുഴ, കറുകോടി, ഗുരുദേവൻപാളയം, തിരുപുരിക്കൽ നഗർ, മേപ്പറമ്പ് റോഡ് ഡ്രൈൻ പുനരുദ്ധാരണം | MG Road | 500000 | 155/29.03.2023 |
| 23 | 259(New) | വാർഡ് 50- രാധാ ബിൽഡിംഗ് റോഡ്, ഭവഗതി നഗർ, വിവേകാനന്ദ കോളനി, വിവരാവകാശ റോഡ് ഡ്രൈൻ പുനരുദ്ധാരണം | MG Road | 500000 | 5/31.03.2023 |
| 24 | 261(New) | വാർഡ് 52- ടി.ആർ.എസ് കോളനി അഷറഫ് റോഡ് പമ്പ് എഞ്ചിൻ റോഡ് പൂക്കാരത്തോട്ടം റോഡ് ഡ്രൈൻ പുനരുദ്ധാരണം | MG Road | 500000 | 161/30.03.2023 |
| 25 | 133(SO) | വാർഡ് 29ൽ മുറ്ക്കാവ് കറ്റക്കളം മുതൽ വിവിധ ഭാഗങ്ങളിൽ റോഡ് ഇന്റർലോക്കിംഗ് | MG Road | 666762 | 159/29.03.2023 |

| | | | | | |
|---|---|---|---|---|---|
| | | ഡ്രൈനേജ് റിപ്പെയറിംഗ് റോഡ് ടാറിംഗ് | | | |
| 26 | 328(New) | വാർഡ് 11- പൂജ നഗർ അർച്ചന കോളനി റോഡ് ഡ്രൈൻ വിവേകാനന്ദ ലൈൻ റീടാറിംഗ് അമ്പലക്കാട് റോഡ് ഡ്രൈൻ | MG Road | 703941 | 133/29.03.2023 |
| 27 | 341(New) | വാർഡ് 24ൽ ചിറക്കാട് റോഡ് റീടാറിംഗ് ഡ്രൈനേജ് നെഹ്റു കോളനി ഡ്രൈനേജ് | MG Road | 798489 | 99,98/20.03.2023 |
| 28 | 332(New) | വാർഡ് 7- ശ്രീറാംനഗർ റോഡ് ഡ്രൈൻ എൻ.കെ.പാളയം റോഡ് ഡ്രൈൻ മനംതൊടി റോഡ് മൈത്രി നഗർ വലിയപാടം ലിങ്ക് റോഡ് ഫോർമേഷൻ | MG Road | 1007285 | 25/29.10.2022 |
| 29 | 307(New) | വാർഡ് 51- കാസിം കോളനി മാധവനഗർ എസ്.എൻ. കോളനി റോഡ് പുനരുദ്ധാരണവും ഡ്രൈനേജ് റിപ്പെയറിംഗും | MG Road | 1220279 | 95,96/20.03.2023 |
| 30 | 320(New) | വാർഡ് 38ൽ കൈക്കുത്ത് പറമ്പ് ശ്രീനിവാസ ഗാർഡൻ ശാലിമാർ ഗാർഡൻ വെങ്കിടേശ്വര ഗാർഡൻ പൊരിക്കാര തെരുവ് മൈത്രി നഗർ എന്നീ സ്ഥലങ്ങളിൽ റോഡ് റീടാറിംഗ് ഡ്രൈനേജ് പുനരുദ്ധാരണം ഇന്റർലോക്കിംഗ് | MG Road | 1753332 | 24/29.10.2022 |
| 31 | 94(New) | കമ്പ്യൂട്ടർ എ.എം.സി 2021-22 ബാലൻസ് തുക | CFC | 133200 | 18/16.11.2022 |
| 32 | 106(New) | യു.പി.എസ് എ.എം.സി 2022-23 | CFC | 37500 | 190/23.03.2023 |
| 33 | 164(SO) | വാർഡ് 40- ബിഗ് ബസാർ സ്കൂൾ ചുറ്റു മതിൽ നിർമ്മാണം | MG NR | 120440 | 2/31.03.2023 |
| 34 | 167(SO) | വാർഡ് 41- സുൽത്താൻപേട്ട സ്കൂൾ അറ്റകുറ്റ പണി | MG NR | 67488 | 12/30.09.2022 |
| 35 | 181(SO) | വാർഡ് 30- ചാടനാംകുറിശ്ശി അംഗൻവാടി പുനരുദ്ധാരണം | MG NR | 251000 | 3/31.03.2023 |
| 36 | 195(SO) | വാർഡ് 20- പി.എം.ജി.എച്ച്.എസ്.എസ് ട്രസ് ഫ്ലോർ ടൈൽ & വാട്ടർ സ്റ്റോറേജ് | MG NR | 296656 | 27/29.10.2022 |
| 37 | 185(SO) | വാർഡ് 37- കള്ളിക്കാട് സ്കൂൾ അറ്റകുറ്റ പണികൾ | MG NR | 360758 | 44/30.11.2022 |
| | | ആകെ | | 19026483 | |

ഓഡിറ്റ് എൻക്വയറി നമ്പർ 8/13.9.23&54/30.11.23 പ്രകാരം രേഖകൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയവ പരിശോധനയ്ക്ക് ഹാജരാക്കുകയോ, പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് കാരണം ബോധ്യപ്പെടുത്തുകയോ ചെയ്തില്ല. കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും) ചട്ടങ്ങൾ 12 (1) പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും, രജിസ്റ്ററുകളും കണക്കുകളും നിർവഹണോദ്യോഗസ്ഥൻ നൽകേണ്ടതാണ്. ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച്ച വരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 1,90,26,483 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-56 കള്ളിക്കാട് കാപ്പുകുളം മഹാത്മാഗാന്ധി നഗർ PVR നഗർ ഗ്രാമം റോഡ് മെയിന്റനൻസ് & ഡ്രൈനേജ് റിപ്പെയർ - വാർഡ് 47—പ്രവൃത്തിയിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഫയൽ നം.-E325294/21-22

പ്രൊജക്റ്റ് നമ്പർ - 114/22, 304/23

അടങ്കൽ - 20 ലക്ഷം (MGR)

കരാർ തുക - 1572349.87

എഗ്രിമെന്റ് -നം.57 A/114/AEE/LSGD/PKD/04.01.2022

കരാറുകാരൻ - അബ്ദുൾ റഹ്മാൻ. എച്ച്

ചെലവ്- ബിൽ നം.-163/30.03.2022-651290, 01/31.08.2023- 822405

മേൽ പ്രവർത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 04.12.2021ലെ കൗൺസിൽ തീരുമാനം 38/04.12.2021 പ്രകാരം അംഗീകരിച്ചിട്ടുള്ള ഈ ടെണ്ടറിന്റെ വർക്ക് സെലക്ഷൻ ഓർഡർ 13.12.2023ന് ഇഷ്യൂ ചെയ്തതിൽ 24.12.2021നകം എഗ്രിമെന്റ് വെക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ 04.01.2022നാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. നിശ്ചിത തീയതിക്കകം എഗ്രിമെന്റ് വെക്കാതിരുന്നതിന് കരാറുകാരനിൽ നിന്നും 2012 ലെ PWD മാന്വൽ ഖണ്ഡിക2009-6 പ്രകാരം കരാർ തുകയുടെ 1% പിഴയായ 15723/- രൂപ ഈടാക്കേണ്ടതാണ്. (കുറിപ്പ് - ടെണ്ടർ സ്വീകരിച്ചതായുള്ള രേഖാമൂലമായ അറിയിപ്പ്- സെലക്ഷൻ നോട്ടീസ്-രജിസ്റ്റേർഡ് പോസ്റ്റ്/കൊറിയർ/ഇ-മെയിൽ ആയി കരാറുകാരന് നൽകണം.അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്)

2. പ്രവൃത്തിയുടെ പ്രധാന രേഖകളിലെല്ലാം എഗ്രിമെന്റ് തീയതി 24.12.2021 എന്നത് തിരുത്തി 04.01.2022 എന്നാക്കിയോ 24.12.2021 എന്നാക്കിയോ കാണുന്നു. ഉദാഹരണം - എഗ്രിമെന്റ് രജിസ്റ്റർ, വർക്ക് ഓർഡർ, സൈറ്റ് ഹാൻഡ് ഓവർ ഡോക്യുമെന്റ്, ഓഡിറ്റ് സ്ലിപ്പ്, അളവ് പുസ്തകം.

3. എഗ്രിമെന്റിൽ പേര് ചേർത്തിരിക്കുന്നത് ശ്രീ. ബാലകൃഷ്ണൻ, AEE-യുടെ പേര് ആണെങ്കിലും ശ്രീ. മനോജ് കുമാർ. സി.ബി, AEE ആണ് ഒപ്പ് വെച്ചിരിക്കുന്നത്.

4. സൈറ്റ് ഹാൻഡോവർ ചെയ്തതിൽ 01.01.2022ന് ടേക്കൺ ഓവർ സൈറ്റ് എന്ന് തീയതി ചേർത്തിട്ടുണ്ടെങ്കിലും AE-യും കരാറുകാരനും ഒപ്പ് വെച്ചതിൽ തീയതി 01.01.2022 തിരുത്തി 07.01.2022 എന്നാക്കി മാറ്റിയിട്ടുണ്ട്.

5. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ ഡ്രൈനേജിനുള്ളിലുള്ള പൈപ്പ് ലൈൻ പല സ്ഥലങ്ങളിലും പൊട്ടിയതിനാൽ ആയത് മാറ്റി സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയോട് എസ്റ്റിമേറ്റ് ആവശ്യപ്പെട്ടതനുസരിച്ച് 88,000 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റി AEE എസ്റ്റിമേറ്റ് തുക വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ അടവാക്കി വിവരം അറിയിച്ച് എഗ്രിമെന്റ് വെക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ് വെക്കാതെയാണ് ബിൽ നമ്പർ 109/22 പ്രകാരം 88,000 രൂപ നൽകിയിട്ടുള്ളത്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

6. മേൽ തുക, എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന PVR നഗർ 140 മീറ്റർ റോഡ് റീടാറിംഗ് എന്ന ഇനം പ്രവൃത്തി PWD മുഖേന നടപ്പിലാക്കിയിട്ടുള്ളതിനാൽ ആയതിന് വകയിരുത്തിയ തുക യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എന്ന ഇനത്തിൽ LS പ്രൊവിഷനിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് നൽകിയിട്ടുള്ളത്. ഇത് ആസൂത്രണത്തിലുള്ള പാളിച്ചയാണ്. വിശദീകരണം നൽകേണ്ടതാണ്.

7. പ്രവൃത്തിയുടെ അളവ് പുസ്തകം, ഫൈനൽ ബിൽ എന്നിവ പരിശോധിച്ചതു പ്രകാരം ഇനം 1-2.5.1.B പ്രകാരം "Dismantling Of Structures, Dismantling Of Existing Structures Like Culverts, Bridges, Retaining Walls, And Other Structure Comprising Of Masonry, Cement Concrete, Wood Work, Steel Work, Including T&P And Scaffolding Wherever Necessary, Sorting The Dismantled Material, Disposal Of Unserviceable Material And Stacking The Serviceable Material With All Lifts And Lead... Etc." എന്ന ഇനം ആകെ 47.89$m^3$ ചെയ്തതിന് 150/$m^3$ നിരക്കിൽ 7183.50 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പ്രകാരം പൊളിച്ചുമാറ്റിയതിലൂടെ ലഭ്യമായ മെറ്റീരിയൽസ് പ്രവൃത്തിയിൽ ഉപയോഗിച്ചതായോ ആയവ ഉപയോഗ യോഗ്യമല്ല എന്നോ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

8. പ്രവൃത്തിയുടെ അളവുപുസ്തകം(123/20-21) പ്രകാരം മേൽ ഇനം പേജ് 1 മുതൽ രേഖപ്പെടുത്തിയിരിക്കുന്നത് AE ഒപ്പ് വെച്ചിരിക്കുന്നത് 01/01/2022 നും AEE ചെക്ക് മെഷർ ചെയ്ത് ഒപ്പ് വെച്ചിരിക്കുന്നത് 02.01.2022 നുമാണ്. എഗ്രിമെന്റ് തീയതിയായ 04.01.2022 ന് മുൻപ് അളവ് രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ 85/20.12.2023 നമ്പർ എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല.

**1-57 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു അവലോകനം**

1. ആകെ വകയിരുത്തിയ 374225747 രൂപയിൽ 157298308 രൂപയാണ് ചെലവഴിച്ചത്.വകയിരുത്തിയ തുകയുടെ 42 ശതമാനമാണ് ചെലവഴിച്ചത്.

2. കാഷ്ബുക്കിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ചെലവ് രേഖപ്പെടുത്തുന്നില്ല. ബിൽ ബുക്കിൽ ബില്ലിന്റെ വിശദാംശം ചേർക്കുന്നില്ല, പ്രൊജക്ട് നമ്പർ ആണ് ചേർക്കുന്നത്.

3. എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് അംഗീകാരം ലഭിച്ചശേഷം മിക്ക പ്രോജക്ടുകളിലും, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. സൈറ്റ് പരിശോധനയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മൂലമാണ് ഇപ്രകാരം സംഭവിക്കുന്നത് എന്ന് വിലയിരുത്തുന്നു.

4.പ്രവർത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷയിൽ തീയതി രേഖപ്പെടുത്തുന്നില്ല. സപ്ലിമെന്ററി എഗ്രിമെന്റിൽ രേഖപ്പെടുത്തലുകൾ ഇല്ല.

5.കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ നിർവ്വഹണ കലണ്ടർ PWD മാന്വൽ എന്നിവ അനുസരിച്ചുള്ള സമയക്രമം പാലിക്കുന്നില്ല.

6.പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി നൽകുന്നില്ല.

7.പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷമുള്ള മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ഫയലിലില്ല.

8.നിർവ്വഹണോദ്യോഗസ്ഥൻ പ്രവൃത്തിയുടെ അളവെടുത്ത് ബില്ല് തയ്യാറാക്കുന്നതിനു മുൻപായി കരാറുകാരൻ അളവുകൾ ശരിയാണെന്ന് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

9.കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി)13/2012/പി ഡബ്ലിയു ഡി/1.2.2012 ഉത്തരവു പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 അനുസരിച്ച് പ്രവൃത്തികളിൽ കരാറുകാരൻ കരാർ ചമക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ

ഈടാക്കിയിട്ടില്ല.

10. പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി ലഭ്യമാകുന്ന ഉപയോഗയോഗ്യമായ മെറ്റീരിയൽസ് അതാത് പദ്ധതികളിൽ പ്രയോജനപ്പെടുത്തുന്നതായി അളവ് പുസ്തക പ്രകാരം സാക്ഷ്യപ്പെടുത്തലുകളില്ല.

ഓഡിറ്റ് നിർദ്ദേശം :

1. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നൽകി ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

3. മരാമത്ത് പ്രവൃത്തികളുടെ നടപടിക്രമങ്ങൾ സമയബന്ധിതമായി ആരംഭിക്കുന്നുണ്ടെന്നും എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്നും ഉറപ്പാക്കുന്നതിനായി മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്.

5. പ്രവൃത്തി പൂർത്തീകരണത്തിനുശേഷം മോണിറ്ററിംഗ് സമിതി പദ്ധതി നിർവ്വഹണം പരിശോധിച്ചതിന്റെ റിപ്പോർട്ട് പ്രവൃത്തിയുടെ ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

6. നിർവ്വഹണോദ്യോഗസ്ഥൻ പ്രവൃത്തിയുടെ അളവെടുത്ത് ബില്ല് തയ്യാറാക്കുന്നതിനു മുൻപായി കരാറുകാരൻ അളവുകൾ ശരിയാണെന്ന് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം അളവുപുസ്തകത്തിൽ ലഭ്യമാക്കേണ്ടതാണ്.

7.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-58 ശ്മശാനം പ്രവർത്തന സജ്ജമാക്കേണ്ടതാണ്

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം ഒന്നാം പട്ടികയിൽ നഗരസഭയുടെ അനിവാര്യ ചുമതലകളായി ഇനം തിരിച്ച് പറഞ്ഞിട്ടുള്ള സംഗതിയിൽ ഒന്നായ "ശവപ്പറമ്പുകളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക" എന്നതിലൂടെ മുനിസിപ്പൽ പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനം ലഭ്യമാക്കേണ്ടത് നഗരസഭയുടെ കർത്തവ്യമായിരിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ നഗരസഭയുടെ അധീനതയിലുള്ള ജൈനിമേട് ശ്മശാനത്തിന്റെ വാർഷിക അറ്റകുറ്റപ്പണികൾ സംബന്ധിച്ച H7/H6/E2/20328/18 നം. ഫയൽ പരിശോധിച്ചതിൽ ശ്മശാനം നിലവിൽ പ്രവർത്തനരഹിതമാണെന്ന് ബോധ്യപ്പെട്ടു. എ.എം.സി നല്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 10.10.2018മുതൽ 09.10.2019 വരെ ജൈനിമേട് ക്രിമറ്റോറിയത്തിന്റെ വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള കരാർ ഹൈടെക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിരുന്നതും കാലാവധി കഴിഞ്ഞതിനെ തുടർന്ന് പ്രസ്തുത പ്രവൃത്തിക്കായി ടി സ്ഥാപനത്തിന് തന്നെ 07.05.2021 ന് വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സ്ഥാപനം സമർപ്പിച്ച എസ്റ്റിമേറ്റ് മാത്രം പരിഗണിച്ചാണ് വർക്ക് ഓർഡർ നൽകിയത്. ഹൈടെക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടില്ലെന്ന് 14.06.2021 ന് നോട്ട് ഫയലിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനവുമായി കരാർ ചമയ്ക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് സ്ഥാപനത്തിന് എതിരെ നിയമനടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടില്ല. ശുചിത്വ മിഷൻ ഡയറക്ടറുടെ 23.12.2019 ലെ 2241/സി1/2019/എസ്.എം നം. ഉത്തരവ് പ്രകാരം സേവനദാതാക്കൾ പാലിക്കേണ്ട നിബന്ധനകൾ ഖ.3 ൽ "പ്രൊക്യൂർമെന്റ് റൂൾസിലെ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടു മാത്രമേ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്നും സേവനദാതാക്കൾ ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ടുമാത്രമേ പ്രവൃത്തി ഏറ്റെടുക്കുവാൻ പാടുള്ളൂ എന്നും

വ്യക്തമാക്കിയിട്ടുണ്ട്". എന്നാൽ നടപടികൾ സ്വീകരിക്കാതെ എസ്റ്റിമേറ്റ് മാത്രം പരിഗണിച്ചാണ് ഹൈടെക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡിന് വർക്ക് ഓർഡർ നൽകിയത്. ടി സ്ഥാപനവുമായി കരാർ ചമച്ചതിന്റെ രേഖകളും പരിശോധനയ്ക്ക് ഫയലിൽ ലഭ്യമായിട്ടില്ല. കരാർ ചമയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം ഒന്നാം പട്ടിക പ്രകാരം ശ്മശാനങ്ങൾ സംരക്ഷിക്കേണ്ടത് നഗരസഭയുടെ അനിവാര്യ ചുമതലയായിരിക്കെ നാളിതുവരെയായും ജൈനിമേട് ശ്മശാനം പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

2.ജൈനിമേട്, വാഴക്കടവ് എന്നീ ശ്മശാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കുന്നതിനും, 2022-23 സാമ്പത്തിക വർഷത്തിൽ ക്രിമറ്റോറിയം ഫീസിനത്തിൽ ലഭിച്ച തുക, ശ്മശാനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ ചെലവഴിച്ച തുക എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് അന്വേഷണം നം.76/15.12.23 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം ഒന്നാം പട്ടിക പ്രകാരം ശ്മശാനങ്ങൾ സംരക്ഷിക്കേണ്ടത് നഗരസഭയുടെ അനിവാര്യ ചുമതലയായതിനാൽ ശ്മശാനങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-59 കല്പാത്തി പുഴയിലെ കടവുകൾ, നടപ്പാലം നിർമ്മാണം - നിലവിലെ സ്ഥിതി ലഭ്യമാക്കേണ്ടതാണ്**

ഫയൽ നം: E3-63374/17

പാലക്കാട് നഗരസഭയിലെ മധുരവീരൻ കോളനി, സുന്ദരം കോളനി, ശങ്കുവാരമേട്, ശങ്കുവാരത്തോട്, പൂക്കാരത്തോട്ടം എന്നീ ചേരിപ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കുള്ള ജലദൗർലഭ്യം മൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് കൽപ്പാത്തിപുഴയിൽ ഒരു തടയണ നിർമ്മിച്ച് പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിന് മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് ആയി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് 24.11.2017 ലെ 1347-ാം നമ്പർ കൗൺസിൽ തീരുമാനിക്കുകയും പ്രൊജക്ട് ആവിഷ്കരിച്ച് 2,09,25,000 രൂപ ചെറുകിട എഞ്ചിനീയറിംഗ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 2018-19 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതുമാണ്.

| ക്രമ നം | പ്രൊജക്ട് | ബിൽ നമ്പർ, തിയതി | തുക | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 933/18, 463/19 | 3/2018-19/ 21.5.2018 | 1,83,00,000 വികസന ഫണ്ട് ജനറൽ | മുനിസിപ്പൽ എഞ്ചിനിയർ |
| 2 | 860/19 | 577/2018-19/ 27.3.19 | 26,25,000 CFC ഗ്രാന്റ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

എന്നാൽ തടയണ വന്നാൽ 2018, 2019 പ്രളയകാലത്ത് പുഴയോരത്ത് താമസിക്കുന്ന വീടുകളിൽ വെള്ളം കയറുന്ന സ്ഥിതി വരുമെന്നതിനാൽ തടയണ നിർമ്മാണം നിർത്തിവെക്കണമെന്ന് ഒലവക്കോട് പൂക്കാരത്തോട്ടം, ആശാരിപൊറ്റ ഭാഗത്ത് കൽപ്പാത്തി പുഴയോരത്ത് താമസിക്കുന്നവർ പരാതി നൽകിയിരുന്നു. സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ കെ.ഇ.ആർ.എ. പീച്ചിയുടെ നേതൃത്വത്തിൽ 8.12.2019 ൽ ആരംഭിച്ചപ്പോൾ സ്ഥലവാസികൾ കുറച്ചുപേർ ചേർന്ന് ഈ പ്രവർത്തനങ്ങൾ ഇവിടെ ആവശ്യമില്ല എന്ന് പറഞ്ഞ് നിറുത്തിവെക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി തുടരാൻ നിർവാഹമില്ല എന്നും ബോറിംഗ് പ്ലാന്റ് സൈറ്റിൽ നിന്നും നീക്കം ചെയ്തു എന്നും മൈനർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനിയർക്ക് നൽകിയ കത്ത് (ഡി1-കൽപ്പാത്തി ചെക്ക് ഡാം/2018-19

തിയതി 16.12.19) ന്റെ പകർപ്പ് പാലക്കാട് നഗരസഭക്ക് നൽകിയിട്ടുണ്ട്.

ജനകീയ പ്രക്ഷോഭം മൂലം പ്രവൃത്തി നിർത്തിവെക്കേണ്ടി വന്നതിനാൽ തടയണക്ക് പകരം സിൽവർലൈൻ കോളനി, സുന്ദരം കോളനി വഴി വട്ടമല ക്ഷേത്രപരിസരം എന്നിവിടങ്ങളിൽ അരികുഭിത്തി, കുളിക്കടവ് എന്നിവ നിർമ്മിക്കണമെന്നും ബാക്കി സംഖ്യക്ക് വട്ടമല ക്ഷേത്രത്തിലേക്ക് ഒരു നടപ്പാലം നിർമ്മിക്കണമെന്നും കൂടാതെ മുക്കൈ ശിവക്ഷത്ര പരിസരത്തും ഇതുപോലുള്ള പ്രവൃത്തി നടത്തണമെന്നും 30-03-2020 ലെ നം.2503 പ്രകാരം മുനിസിപ്പൽ കൗൺസിൽ തീരുമാനമെടുക്കുകയും മേൽ പ്രവൃത്തികൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ മൈനർ ഇറിഗേഷൻ വകുപ്പ് എക്സി. എഞ്ചിനീയർക്ക് 03-04-2020 ന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് വട്ടമല മുരുക ക്ഷേത്രപരിസരിത്ത് കടവ് നിർമ്മാണത്തിന് 50,00,000 രൂപയുടേയും മുക്കൈ ശിവക്ഷേത്ര പരിസരത്ത് കടവ് നിർമ്മാണത്തിന് 76,00,000 രൂപയുടേയും എസ്റ്റിമേറ്റ് മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 23-04-2020 ന് നഗരസഭക്ക് നൽകുകയും നഗരസഭ 27-04-2020 ന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വട്ടമല മുരുകക്ഷേത്രത്തിന് സമീപം നടപ്പാലം നിർമ്മാണത്തിന് 95,36,000 രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും 10-09-2021 ന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

മൈനർ ഇറിഗേഷൻ വകുപ്പ് എക്സി. എഞ്ചിനീയറുടെ 09-01-2023 ലെ ഇസി5-General/2016 കത്ത് പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പുരോഗതിയും ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരങ്ങളും പ്രകാരം നഗരസഭയെ അറിയിച്ചിട്ടുണ്ട്. ആയത് താഴെക്കൊടുത്തിരിക്കുന്നു.

| പ്രവൃത്തി | സാങ്കേതിക അനുമതി തുക | എഗ്രിമെന്റ് തുക | ബിൽ തുക | റിമാർക്സ് |
|---|---|---|---|---|
| വട്ടമല മുരുക ക്ഷേത്രപരിസരിത്ത് കടവ് നിർമ്മാണം | 50,00,000 | 36,30,399 | 45,55,574 | പൂർത്തീകരിച്ചു. |
| മുക്കൈ ശിവക്ഷേത്ര പരിസരത്ത് കടവ് നിർമ്മാണം | 76,00,000 | 55,46,541.53 | 69,67,186 | പൂർത്തീകരിച്ചു. |
| വട്ടമല മുരുകക്ഷേത്രത്തിന് സമീപം നടപ്പാലം നിർമ്മാണം | 90,59,400 | 62,41,406 | - | 60 % പൂർത്തീകരിച്ചു. |

ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ വിവരങ്ങൾ :

| | |
|---|---|
| നഗരസഭ ഡെപ്പോസിറ്റ് ചെയ്ത തുക | 2,09,25,000 |
| പ്രവൃത്തികൾക്ക് ചെലവഴിച്ച തുക | 1,15,22,760 |
| പര്യവേക്ഷണത്തിന് ചെലവഴിച്ച തുക | 3,33,084 |
| ആകെ ചെലവായ തുക | 1,18,55,844 |
| ബാക്കി തുക | 90,69,156 |

ഓഡിറ്റ് നിർദേശം:

പൂർത്തിയാകാൻ ബാക്കിയുള്ള വട്ടമല മുരുകക്ഷേത്രത്തിന് സമീപം നടപ്പാലം നിർമ്മാണം എന്ന പ്രൊജക്ടിന്റെ നിലവിലെ വിവരം ലഭ്യമാക്കേണ്ടതാണ്. മൈനർ ഇറിഗേഷൻ വകുപ്പിൽ നിന്നുമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**1-60 ആസൂത്രണത്തിലെ വീഴ്ച - 250 ലക്ഷത്തിന്റെ പദ്ധതി നടപ്പിലായില്ല**

ഫയൽ നമ്പർ : NULM/33308/16

പാലക്കാട് നഗരസഭയിൽ NULM (National Urban Livelihood Mission)ന്റെ ഭാഗമായി തെരുവോരങ്ങളിൽ അധിവസിക്കുന്നവർക്കായി ഷെൽട്ടർ ഹോം നിർമ്മിക്കുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 6701/എഫ്/2013/കെ.എസ്.എച്ച്.ഒ തി 26.06.2015 പ്രകാരം സ്ഥലം കണ്ടെത്തി ഡി.പി.ആർ തയ്യാറാക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. പാലക്കാട് നഗരസഭ പരിധിയിൽ രാത്രികാലങ്ങളിൽ തെരുവോരങ്ങളിൽ ഉറങ്ങിക്കിടക്കുന്നവരുടെ സർവ്വേ 2017 ജൂലായ് മാസത്തിൽ നടത്തുകയും 77പേരെ കണ്ടെത്തുകയും ചെയ്തിരുന്നു. നഗരസഭയിലെ 28 -ാം വാർഡിൽ യാക്കര റെയിൽവേ ഗേറ്റിന് സമീപത്തുള്ള സ്ഥലത്ത് ഷെൽട്ടർ ഹോം നിർമ്മിക്കുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്നതിന് ഹാബിറ്റാറ്റ്, തൊടുപുഴ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിന് നഗരസഭ കൗൺസിൽ തീരുമാനിക്കുകയും (നം.1105/07.08.2017) ഹാബിറ്റാറ്റ് നൽകിയ 5 കോടി 53 ലക്ഷം രൂപയുടെ ഡി.പി.ആർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് (കൗൺസിൽ തീരുമാനം നം.1191/25.09.2017). എന്നാൽ പാലക്കാട് നഗരസഭ സമർപ്പിച്ച തുക കൂടുതലാണെന്നും 250 ലക്ഷം രൂപയുടെ പുതിയ ഡി.പി.ആർ സമർപ്പിക്കുകയോ അല്ലെങ്കിൽ നിലവിലുള്ള ഡി.പി.ആറിലെ 250 ലക്ഷം രൂപയിൽ അധികമുള്ള തുക നഗരസഭ കണ്ടെത്തുകയോ ചെയ്യണമെന്ന് കുടുംബശ്രീ സ്റ്റേറ്റ് ലെവൽ പ്രൊജക്ട് സാങ്ഷൻ കമ്മിറ്റി (SLPSC) അറിയിച്ചതിനെ തുടർന്ന് ഹാബിറ്റാറ്റ് 250 ലക്ഷം രൂപയുടെ പുതിയ ഡി.പി.ആർ കുടുംബശ്രീ സംസ്ഥാന മിഷനിൽ സമർപ്പിക്കുകയും കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം 11564/F/2018 തിയതി 08-03-2019 പ്രകാരം ഭരണാനുമതി നൽകിയിട്ടുമുണ്ട്.

നഗരസഭ കൗൺസിലിന്റെ 23-07-2019 ലെ 2270 -ാം നമ്പർ തീരുമാന പ്രകാരം പ്രവൃത്തിയുടെ നിർമ്മാണ ചുമതല ഹാബിറ്റാറ്റിനെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഷെൽട്ടർ ഹോം നിർമ്മാണത്തിനുള്ള ആദ്യ ഗഡുവായി 1 കോടി രൂപ NULM അക്കൗണ്ടിൽ ക്രെഡിറ്റ് ആവുകയും ആയത് സൗത്ത് ഇന്ത്യൻ ബാങ്കിൽ പ്രത്യേകം അക്കൗണ്ടിലേക്ക് (നം.63053000042409) മാറ്റുകയും ചെയ്തിട്ടുണ്ട്. 09-02-2021 ൽ ഹാബിറ്റാറ്റുമായി കരാറിലേർപ്പെട്ടിട്ടുണ്ട് (125/20-21). ഹാബിറ്റാറ്റ് നൽകിയ 06-03-2021 ലെ 1317/2021/713 നമ്പർ കത്തിൽ സ്ഥലം സർവ്വേ നടത്തി നൽകണമെന്നും സ്ട്രക്ചറൽ ഡിസൈൻ ഫൈനലൈസ് ചെയ്യുന്നതിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സർവേയും സോയിൽ ടെസ്റ്റും നടത്തി എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് Re- TS നൽകിയാൽ മാത്രമേ എഗ്രിമെന്റ് നടപടികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ എന്ന് ഹാബിറ്റാറ്റ് 17-08-2021 ന് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് വർക്ക് സെലക്ഷൻ ഓർഡർ നൽകാനും സൈറ്റ് കൈമാറാനുള്ള നടപടികൾ സ്വീകരിക്കാനും മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തി സെക്രട്ടറി 06-09-2021 ന് നിർദേശം നൽകിയിട്ടുണ്ട്.

സൈറ്റിന്റെ രണ്ട് വശത്തുള്ള റോഡുകൾക്ക് സ്ഥലം എടുത്തിട്ടുള്ളതിനാൽ വസ്തുവിന്റെ ഏരിയയിൽ വ്യത്യാസം ഉണ്ടെന്നും പ്ലോട്ടിൽ ഒരാൾ പൊക്കത്തിൽ പുല്ല് വളർന്ന് നിൽക്കുന്നതിനാൽ അളന്ന് തിട്ടപ്പെടുത്താൻ പ്രയാസം ഉണ്ടെന്നും അസി.എഞ്ചിനീയർ 16-09-2021 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ആരോഗ്യവിഭാഗം ജീവനക്കാരെ ഉപയോഗിച്ച് പുല്ല് വെട്ടിമാറ്റുകയും പ്രവൃത്തി ആരംഭിക്കുന്നതിന് ഹാബിറ്റാറ്റിന് 29-10-2021 ന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ഹാബിറ്റാറ്റ് 08-12-2021 ന് നൽകിയ മറുപടി കത്തിൽ (നം. 1317/2019/858) നാളിതുവരെയായി സ്ഥലം അളന്ന് തിട്ടപ്പെടുത്തി സർവ്വേ സ്കെച്ച് തയ്യാറാക്കി നൽകിയിട്ടില്ലെന്നും സർവേ സ്കെച്ച് ലഭ്യമായതിനുശേഷം മാത്രമേ കെട്ടിടത്തിന്റെ ഡിസൈൻ തീർച്ചപ്പെടുത്തി സോയിൽ ടെസ്റ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നും അതിനനുസൃതമായി എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടതുണ്ട് എന്നും സാങ്കേതിക അനുമതി പുതുക്കി വാങ്ങേണ്ടതായിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് ഹാബിറ്റാറ്റും നഗരസഭ അധികാരികളും തമ്മിൽ 19-01-2022 ൽ ചർച്ച നടത്തുകയും ഷെൽട്ടർ ഹോം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം, ഡി.പി.ആർ എന്നിവയിൽ മാറ്റം വരുത്താനാകുമോ എന്ന് കുടുംബശ്രീയോട് ആരായാൻ തീരുമാനിച്ചു. ഡി.പി.ആർ അംഗീകാരം ലഭിച്ച തുകയ്ക്ക് പ്രവൃത്തി ചെയ്യാൻ കഴിയില്ല എന്ന് അറിയിച്ചതിനാൽ ഈ വിഷയത്തിൽ വിശദമായ റിപ്പോർട്ട് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നൽകുവാൻ ചെയർപേഴ്സൺ 18-02-2022 ന് നിർദേശിച്ചിട്ടുണ്ട്.

വിശദമായ പ്രൊജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി തയ്യാറാക്കി ലഭ്യമാക്കിയതും ഹാബിറ്റാറ്റ് ആണെന്നും സ്ഥലപരിശോധന നടത്തി മാത്രമാണ് ഡി.പി.ആർ തയ്യാറാക്കുന്നത് എന്നതിനാൽ ഹാബിറ്റാറ്റ് ഉന്നയിച്ച പരാമർശങ്ങൾ അംഗീകരിക്കാവുന്നതല്ലെന്നും അസി. എഞ്ചിനീയർ 23-02-2022 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹാബിറ്റാറ്റ് 24-03-2022 ന് നൽകിയ 1317/2019/940 നമ്പർ കത്തിൽ നഗരസഭയുടെ ആവശ്യപ്രകാരം ഫണ്ട് ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയ പ്രാഥമിക എസ്റ്റിമേറ്റും ഡിസൈനും മാത്രമാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളതെന്നും സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് മണ്ണ് പരിശോധന നടത്തി ഡിസൈനിലും എസ്റ്റിമേറ്റിലും ആവശ്യമായ മാറ്റങ്ങൾ വരുത്തി അതിന് സാങ്കേതിക അനുമതി ലഭ്യമാക്കി മാത്രമേ എഗ്രിമെന്റ് ഷെഡ്യൂൾ തയ്യാറാക്കി കരാർ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. തുടർന്ന് റീടെണ്ടർ ചെയ്യാനും പുതിയ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക ചെലവുകൾ ഹാബിറ്റാറ്റിൽ നിന്നും ഈടാക്കാനും 12-07-2022 ലെ 80-ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ 2022 സെപ്തംബർ 30 ന് NULM ഒന്നാം ഘട്ടം അവസാനിക്കുന്നതിനാൽ പുതിയ ഡി.പി.ആർ തയ്യാറാക്കി പ്രവൃത്തി പൂർത്തിയാക്കാൻ കഴിയില്ലെന്ന് അസി.എഞ്ചിനീയർ 29-07-2022 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 27-09-2022 ൽ നടന്ന SLPSC യോഗത്തിൽ ഷെൽട്ടർ ഹോം ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതി അവസാനിപ്പിക്കാൻ 29-09-2022 ലെ 34 -ാം നമ്പർ പ്രകാരം നഗരസഭ കൗൺസിലും തീരുമാനിച്ചിട്ടുണ്ട്. ആദ്യ ഗഡുവായി ലഭിച്ച തുക പലിശ സഹിതം 10130809.25 രൂപ കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിലുള്ള കനറാബാങ്കിലെ 249910104801 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് സൗത്ത് ഇന്ത്യൻ ബാങ്കിലെ അക്കൗണ്ട് ക്ലോസ് ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യമായി പിന്നാക്കം നിൽക്കുന്നവരും അതിദരിദ്രരുമായവരെ പുനരധിവസിപ്പിക്കുവാൻ കഴിയുന്ന ഷെൽട്ടർ ഹോമിന്റെ നിർമ്മാണം ഹാബിറ്റാറ്റിന്റെ അനാസ്ഥ മൂലം ഉപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. മതിയായ മുന്നൊരുക്കങ്ങളും പഠനങ്ങളും നടത്താതെ ഡി.പി.ആർ തയ്യാറാക്കലും നിർമ്മാണ ചുമതലയും അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റിനെ ഏൽപ്പിച്ചത് മൂലം 250 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നഗരസഭക്ക് നഷ്ടപ്പെട്ടിട്ടുള്ളത്. ഭാവിയിൽ പദ്ധതികളുടെ ആസൂത്രണവും നടപ്പാക്കലും കാര്യക്ഷമമായി ചെയ്യേണ്ടതാണ്.

## 1-61 അമൃത് പദ്ധതി- അവലോകനം

നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അമൃത് (AMRUT- Atal Mission For Rejuvenation & Urban Transformation). വാട്ടർ സപ്ലൈ, സ്വീവറേജ്/സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, ഗ്രീൻ സ്പേസ് ആന്റ് പാർക്ക് എന്നീ മേഖലകളിലുള്ള പദ്ധതികളാണ് അമൃത് വഴി നടപ്പാക്കുന്നത്. പദ്ധതി ചെലവിന്റെ 50 ശതമാനം കേന്ദ്രസർക്കാരും 30 ശതമാനം സംസ്ഥാനസർക്കാരും ബാക്കി 20 ശതമാനം തദ്ദേശസ്ഥാപനവും വഹിക്കുന്ന രീതിയിലാണ് അമൃത് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

പാലക്കാട് നഗരസഭയിൽ ആകെ 150 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും 31-03-2023 വരെയും ആരംഭിക്കാത്ത പ്രവൃത്തികൾ ഉപേക്ഷിക്കാനും വകയിരുത്തിയ തുക സ്വീവറേജ്/സെപ്റ്റേജ് മേഖയിലുള്ള പ്രവൃത്തികൾക്കായി വിനിയോഗിക്കാനും 27-10-2022 ന് ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന അമൃത് സ്റ്റേറ്റ്ലെവൽ ഹൈപവർ സ്റ്റിയറിംഗ് കമ്മിറ്റി (SHPSC) നിർദേശം നൽകുകയും G.O.(Rt)No.3259/2022/LSGD Dated 31-12-2022 പ്രകാരം നഗരസഭയിലെ 5 പ്രവൃത്തികൾ റദ്ദ് ചെയ്തിട്ടുമുണ്ട്. തുടർന്ന് നഗരസഭയുടെ ആവശ്യപ്രകാരം Bus Shelter For Palakkad City – Model-2 എന്ന പ്രൊജക്ട് റദ്ദ് ചെയ്ത തീരുമാനം പിൻവലിച്ച് പ്രവൃത്തി തുടരാൻ അനുമതി നൽകിയതിനാൽ ആകെ 146 പ്രൊജക്ടുകളാണ് അമൃത് പദ്ധതിയുടെ ഭാഗമായി നിലവിലുള്ളത്. ആയതിൽ 22 പ്രൊജക്ടുകൾ പൂർത്തീകരിക്കാൻ ബാക്കിയുള്ളതായി നഗരസഭയിലെ അമൃത് കോർ കമ്മിറ്റിയുടെ 13-03-2023

തിയതിയിലെ മിനിറ്റ്സിൽ ചേർത്തിട്ടുണ്ട്. വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

A) Work Not Awarded

1. SEW- 100 KLD Septage Treatment Plant At Yakkara

B) Work Awarded But Not Started

1. SWD - Mettuppalayam Street Drain Near Jos Alukkas
2. SWD - Karim Nagar – Near Pulinchuvadu

C) Work Started But Progressing Slowly

1. SWD - Rejuvenation Of Drain Around Sakunthala Jn And Construction Of Tertiary Drain Near Overbridge – Part 3
2. SWD - Thirunellayi- Manappullikavu Thodu
3. UT - Bus Terminal Near Stadium Stand
4. UT - Yard At Staduim Bus Terminal
5. GSP - Aiswarya Nagar Park
6. GSP - Ganesh Nagar Park- Kalpathy
7. UT - Paved Footpath Along Stadium Byepass- IMA Road
8. UT - Construction Of Skew Slab Culvert In Chainage 0/690 To 0/705 -Near Mathrubhumi Office
9. UT - Melamuri Kalmadapam Footpath
10. UT - Construction Of River Side Walkway Along Kalpathy Riverbank Part-2
11. UT - Construction Of River Side Walkway Along Kalpathy Riverbank Part-3

D) Work In Progress

1. UT - Bus Shelters For Palakkad City- Model 2
2. UT - Providing Pedesrian Network & Bicycle Track On Both Sides Of 100 Ft Road
3. UT - Victoria College – Anchuvilakku Foot Path
4. UT - Escalators At GB Road Phase -2
5. GSP - Venkiteswara Garden Park
6. SWD - Kalmandapam Chittur Road – Near Polyclinic Jn To Bavanagar Part-3
7. SWD - Widening Of Manappullikavu Thirunellayi Stream And Construction Of Culvert – Near Padath Colony
8. SWD - Widening Of Manappullikavu Thirunellayi Stream- Near Yakkara Part-2

പ്രൊജക്ടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-62 ഹെൽത്ത് ഗ്രാന്റ് ആയി ലഭിച്ച 6.64 കോടി രൂപ ചെലവഴിച്ചില്ല**

പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച 2021-22 ലെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ പാലക്കാട് നഗരസഭക്ക് താഴെപ്പറയും പ്രകാരം തുക ലഭിച്ചിട്ടുണ്ട്.

| ക്രമ നം | ലഭിച്ച തുക | അക്കൗണ്ട് നം | തുക ക്രഡിറ്റ് ചെയ്ത തിയതി | ഗ്രാന്റ് നൽകിയ സ്കീം |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| 1 | 2,25,00,000 | 110050623692 - കനറാ ബാങ്ക് | 12-07-2022 | 1) Urban Health And Wellness Centers | 2,25,00,000 |
| 2 | 1,74,00,000 | 110050623692 - കനറാ ബാങ്ക് | 06-08-2022 | 1) Poly Clinic Establishment | 30,00,000 |
| | | | | 2) Recurring Expenses | 1,08,00,000 |
| | | | | 3) Other Activites | 36,00,000 |
| 3 | 2,65,94,500 | 110050623692 - കനറാ ബാങ്ക് | 08-05-2023 | 1) Universalisation Of Palliative Care In Urban Areas | 24,00,000 |
| | | | | 2) Comprehensive Programme For Prevention, Early Detection And Management Of Oral, Breast And Cervial Cancer | 2,05,000 |
| | | | | 3) Reccuring Cost Of UPHCs | 8,67,000 |
| | | | | 4) Reccuring Cost Of CHC/PHC/FHC In Urban Area | 2,89,000 |
| | | | | 5) Establishing PHU | 80,95,000 |
| | | | | 6) Establising Urban Multi-Disciplinary Unit For The Total Health Care Of The Elderly And The Diffently Abled Elderly | 1,02,38,500 |
| | | | | 7) 360 NCD Care Canters | 45,00,000 |

തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച 2021-22 ലെ ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ സ.ഉ(സാധാ)നം.2132/2022.LSGD തിയതി 31-08-2022 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉള്ള നഗരസഭകളിൽ ഒരു അർബൻ കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ 3 ഹെൽത്ത് & വെൽനെസ് സെന്ററുകൾ ആരംഭിക്കാവുന്നതാണെന്നും, അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലോ ഹെൽത്ത് & വെൽനെസ് സെന്ററുകളിലോ അർബൻ പോളിക്ലിനിക്കുകൾ ആരംഭിക്കാവുന്നതാണെന്നും, ഹെൽത്ത് & വെൽനെസ് സെന്ററുകൾ, അർബൻ പോളിക്ലിനിക്കുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന ഉപകരണങ്ങളും മരുന്നുകളും KMSCL ലഭ്യമാക്കുന്നതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആരോഗ്യ മേഖല വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ടുകൾ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഭരണസമിതി പരിഗണിച്ച് പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതാണെന്നും ഈ പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ ക്ലിയറൻസ് ആവശ്യമില്ലെന്നും, വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടെ നിർവഹണ നടപടികൾ

ആരംഭിക്കാവുന്നതാണെന്നും നിർദേശിച്ചിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് ആയി ലഭിച്ച തുകയിൽ 15-12-2023 വരെയും യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ലഭിച്ച ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-63 IHSDP പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റുകൾ മുഴുവനും കൈമാറിയിട്ടില്ല**

ചേരിപ്രദേശങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച IHSDP (Integrated Housing & Slum Development Programme) പദ്ധതി പ്രകാരം ശംഖുവാരത്തോട് ഭാഗത്ത് ഫ്ലാറ്റ് മോഡലിൽ ഭവനനിർമ്മാണം നടത്തുവാനും ഡി.പി.ആർ തയ്യാറാക്കി പ്രവൃത്തി ചെയ്യുന്നതിനായി ഹാബിറ്റാറ്റിനെ ചുമതലപ്പെടുത്തി 20-01-2015 ലെ 493-ാം നമ്പർ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. ഹാബിറ്റാറ്റ് നൽകിയ 7.42 കോടി രൂപയുടെ ഡി.പി.ആർ 29-04-2015 ലെ 625-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള കോർപ്പസ് ഫണ്ടിൽ നിന്നും 3.67 കോടി രൂപ ഭവന നിർമ്മാണത്തിനായി നഗരസഭക്ക് ലഭിച്ചിട്ടുണ്ട്. എട്ട് ഫ്ലാറ്റുകൾ വീതമുള്ള എട്ട് ക്ലസ്റ്ററുകളായി 64 കുടുംബങ്ങൾക്കായി ഫ്ലാറ്റുകളിൽ നിർമ്മിച്ചതിൽ 45 ഫ്ലാറ്റുകൾ 16-09-2019 ന് ബഹു. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട നഗരസഭയിലെ PW7/E3-5493/06 എന്ന ഫയലിൽ 15-11-2017 വരെയുള്ള നോട്ട് ഫയലുകൾ ഇല്ല. പദ്ധതിക്കായി പ്ലാൻ ഫണ്ടിൽ നിന്നും 2,05,45,000 രൂപയും IHSDP ഫണ്ടിൽ നിന്നും 66,60,000 രൂപയും പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള കോർപ്പസ് ഫണ്ടിൽ നിന്നും 3,21,61,982 രൂപയും ആകെ ചെലവഴിച്ചിട്ടുള്ളതായി ഫയലിലെ ലഭ്യമായ കുറിപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഫ്ലാറ്റ് നിർമ്മാണത്തിന് ചുമതലപ്പെടുത്തിയ ഹാബിറ്റാറ്റ് 13-10-2021 ന് ഫൈനൽ ബിൽ നൽകിയിട്ടുണ്ടെങ്കിലും തുക നൽകിയിട്ടില്ല. IHSDP പദ്ധതിക്കായുള്ള പഞ്ചാബ് നാഷണൽ ബാങ്കിലെ 0392000101083797 നമ്പർ അക്കൗണ്ടിൽ 03-06-2023 ന് 1,86,98,965രൂപ ബാക്കിയുണ്ട്.

നിർമ്മാണം പൂർത്തിയാക്കിയ ബാക്കി 19 ഫ്ലാറ്റുകൾ നാളിതുവരെ ആർക്കും കൈമാറിയിട്ടില്ല. കേരള ചക്കിലിയൻ സമുദായ സംഘം 19 പേരുടെ ലിസ്റ്റ് സഹിതം വാർഡ് കൗൺസിലർ നഗരസഭയിൽ നൽകിയിതിനെ തുടർന്ന് എല്ലാ പാർട്ടിയിലേയും അംഗങ്ങളേയും ബന്ധപ്പെട്ട വാർഡ് കൗൺസിലറേയും ഉൾപ്പെടുത്തി സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കാനും അർഹരെ കണ്ടെത്തി ലിസ്റ്റ് കൗൺസിലിൽ

പ്രസിദ്ധപ്പെടുത്താനും 29-09-2022 ലെ 1-ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനിച്ചു. സ്റ്റിയറിംഗ് കമ്മിറ്റി നിർദേശ പ്രകാരം എഞ്ചിനീയറിംഗ് വിഭാഗം സൂപ്രണ്ട്, സി.ഡി.എസ് മെമ്പർ സെക്രട്ടറി, പട്ടികജാതി വികസന ഓഫീസർ, റവന്യൂ ഇൻസ്പെക്ടർ എന്നിവരെ പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ നൽകിയ ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം നൽകിയിട്ടുണ്ടോ എന്ന വിവരം ആരായുന്നതിന് പട്ടികജാതി വികസന ഓഫീസർക്ക് 07-07-2023 ന് കത്ത് നൽകുകയും ആയത് പരിശോധിക്കുന്നതിനായി ഫീൽഡ് പരിശോധന ആവശ്യമാണെന്നും എല്ലാ അപേക്ഷകരും മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ലെന്നും പട്ടികജാതി വികസന ഓഫീസർ 16-10-2023 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലപരിശോധന നടത്തുന്നതിന് വാർഡിന്റെ ചുമതലയുള്ള റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തി 30-11-2023 ന് സെക്രട്ടറി ഉത്തരവ് നൽകിയിട്ടുണ്ട്.

അർഹരായ ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ കൈമാറുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-64 PMAY ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2016-17 വർഷത്തിൽ ആരംഭിച്ച PMAY അർബൻ ഭവനനിർമ്മാണ പദ്ധതിയിൽ നാളിതുവരെ 11 DPR-ുകൾ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭവനനിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ട്. ഭവനനിർമ്മാണത്തിന്റെ പുരോഗതി താഴെ ചേർക്കുന്നു.

| DPR നം | ആരംഭിച്ച വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | കരാർ ചമച്ച ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ(ലക്ഷത്തിൽ) | | | ചെലവഴിച്ചതുക (ലക്ഷത്തിൽ) | | | ഒന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | മൂന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | നാലാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | | | | | |
| 1 | 2016-17 | 407 | 400 | 610.5 | 203.5 | 664 | 796.6 | 188.3 | 448.1 | 400 | 393 | 383 | 331 | 76 |
| 2 | 2017-18 | 233 | 232 | 349.5 | 116.5 | 466 | 481.2 | 112.1 | 313.1 | 232 | 231 | 226 | 207 | 26 |
| 3 | 2017-18 | 228 | 223 | 342 | 114 | 456 | 445.8 | 105.2 | 303.7 | 223 | 221 | 212 | 186 | 42 |
| 4 | 2017-18 | 153 | 150 | 229.5 | 76.5 | 306 | 277 | 67.6 | 213.2 | 150 | 145 | 140 | 106 | 47 |
| 5 | 2017-18 | 113 | 112 | 169.5 | 56.5 | 226 | 215.6 | 52.5 | 163.5 | 112 | 111 | 110 | 83 | 30 |
| 6 | 2017-18 | 86 | 84 | 129 | 43 | 172 | 158.2 | 38.5 | 120.5 | 84 | 82 | 80 | 61 | 25 |
| 7 | 2018-19 | 597 | 509 | 895.5 | 398.5 | 1094 | 869.4 | 212.1 | 665.7 | 509 | 502 | 492 | 283 | 314 |
| 8 | 2019-20 | 479 | 385 | 718.5 | 239.5 | 958 | 424.4 | 139.6 | 700.4 | 385 | 363 | 331 | 8 | 471 |
| 9 | 2021-22 | 146 | 90 | 219 | 73 | 292 | 48.6 | 16.2 | 100.8 | 90 | 75 | 6 | 0 | 146 |
| 10 | 2021-22 | 207 | 28 | 310.5 | 103.5 | 414 | 0 | 0 | 9.2 | 28 | 0 | 0 | 0 | 207 |
| 11 | 2022-23 | 180 | 22 | 270 | 90 | 360 | 171.6 | 57.2 | 250.49 | 22 | 0 | 0 | 0 | 180 |

സർക്കാർ ഉത്തരവ് (സാധാ) നം.2803/2016/ത.സ്വ.ഭ.വ തീയതി 04.10.2016- PMAY പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക VI(a) പ്രകാരം ഗുണഭോക്താക്കൾ പരമാവധി 1 വർഷത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 1 മുതൽ 9 വരെയുള്ള DPR-ുകളിൽ ഉൾപ്പെട്ട 1177 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കേണ്ട സമയപരിധി അവസാനിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) നം.2803/2016/ത.സ്വ.ഭ.വ തീയതി 04.10.2016-ലെ നിർദ്ദേശങ്ങളനുസരിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-65 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതാണ്

അയ്യങ്കാളി തൊഴിലുറപ്പപദ്ധതിയുടെ 2022-23 സാമ്പത്തിക വർഷത്തെ കാഷ് ബുക്ക്, പാസ്സ്ബുക്ക് എന്നിവ പരിശോധിച്ചതിൽ എല്ലാ പിൻവലിക്കലുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കാഷ് ബുക്കിൽ എല്ലാ വരവ് ചെലവുകളുടെയും സംക്ഷിപ്തം, അൺകാഷ്ഡ് ചെക്കുകളുടെ വിശദാംശം എന്നിവ ചേർത്ത് റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2022-23 ലെ ആക്ഷൻ പ്ലാൻ അംഗീകരിച്ചു ലഭിക്കാത്തതിനാൽ 2021-22 വർഷത്തെ ആക്ഷൻപ്ലാൻ പ്രകാരമുള്ള പ്രവൃത്തികളാണ് 2022-23 വർഷത്തിൽ ചെയ്തിരിക്കുന്നത്.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി പഞ്ചാബ് നാഷ്ണൽ ബാങ്കിലുള്ള അക്കൗണ്ടിൽ (നം.4260000108046908) 03.6.2023 തീയതിയിൽ 24031.80 രൂപ നീക്കിയിരിപ്പുണ്ട്. നിലവിൽ നിഷ്ക്രിയമായ ഈ അക്കൗണ്ടിൽ 17.10.2018 ന ശേഷം ഇടപാടുകൾ നടന്നിട്ടില്ല. ആയതിനാൽ നിഷ്ക്രിയമായ ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്ത് അക്കൗണ്ടിലുള്ള മുഴുവൻ തുകയും നിലവിലുള്ള HDFC ബാങ്ക് അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

## 1-66 നഗരത്തിലെ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കൽ - രണ്ട് പ്രൊജക്ടുകളും ഫലവത്തായില്ല

നഗരത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ ട്രാഫിക് സിഗ്നലുകളും സർവൈലൻസ് ക്യാമറകളും സ്ഥാപിക്കുന്നതിനായി 2013 ലും, കൊച്ചിൻ ഷിപ്പ്യാർഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനായി 2018 ലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും രണ്ട് പദ്ധതികളും നാളിതുവരെ പൂർത്തിയായിട്ടില്ല. വിശദാംശങ്ങൾ ഉപഖണ്ഡികകൾ 1-66-1, 1-66-2 ആയി ചേർത്തിട്ടുണ്ട്.

## 1-66-1 ട്രാഫിക് സിഗ്നലുകളും ക്യാമറകളും സ്ഥാപിക്കൽ- 10 വർഷം കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല

ഫയൽ നമ്പർ :- PW6-42054/13

പാലക്കാട് നഗരത്തിലെ കുറ്റകൃത്യങ്ങൾ, ട്രാഫിക് നിയമലംഘനങ്ങൾ, അപകടങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നതിനാൽ നഗരത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകൾ, റോഡുകൾ എന്നിവിടങ്ങളിലും സുരക്ഷാ ക്യാമറകളും ട്രാഫിക് സിഗ്നൽ ലൈറ്റുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ 12-08-2013 ന് കൂടിയ ട്രാഫിക് ക്രമീകരണ സമിതി ശുപാർശ ചെയ്തിരുന്നു. തുടർന്ന് 14-08-2013 ലെ 993-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭക്ക് സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകളും ക്യാമറകളും സ്ഥാപിക്കുന്നതിനും സിഗ്നൽ ലൈറ്റ് പോളുകളിൽ പരസ്യം സ്ഥാപിച്ച് പരസ്യനികുതി നഗരസഭയിൽ ഈടാക്കുന്ന രീതിയിൽ "ഓഫർ" ക്ഷണിക്കാൻ തീരുമാനമെടുത്തു. 24-08-2013 ന് ക്വട്ടേഷൻ ക്ഷണിക്കുകയും ക്യാമറകളും ട്രാഫിക് സിഗ്നൽ ലൈറ്റുകളും സ്ഥാപിച്ച് 12 വർഷത്തേക്ക് പരിപാലിക്കുന്നതിനും ചതുരശ്ര മീറ്ററിന് 10 രൂപ നഗരസഭയിൽ അടവാക്കി പരസ്യം സ്ഥാപിക്കുന്നതിനായി ഓഫർ നൽകിയ M/s മെട്രോ ആർട്സ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട് (കൗൺസിൽ തീരുമാനം നം.1016/04-09-2013). 19-09-2013 ന് മെട്രോ ആർട്സുമായി സെക്രട്ടറി കരാർ ചമച്ചിട്ടുണ്ട്. കരാറിലെ പ്രധാന വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

1. പാലക്കാട് നഗരത്തിലെ ജംഗ്ഷനുകളിൽ 2013 ഒക്ടോബർ 1 മുതൽ 2023 സെപ്തംബർ 30 വരെയുള്ള 10 വർഷ കാലയളവിലേക്ക് ട്രാഫിക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തുന്നതിനും, നിലവിലുള്ള ട്രാഫിക് സിഗ്നലുകൾ നവീകരിക്കുന്നതിനും, പ്രധാന ജംഗ്ഷനുകളിൽ ക്യാമറ നിരീക്ഷണം ഏർപ്പെടുത്തി ദൃശ്യങ്ങൾ ടൗൺ സൗത്ത് പോലീസ് ട്രാഫിക് സ്റ്റേഷൻ കൺട്രോൾ റൂമിൽ ലഭ്യമാക്കുന്നതിനുമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിനായി പത്ത് മീറ്റർ ഇടവിട്ട് പോസ്റ്റുകൾ സ്ഥാപിച്ച് കേബിൾ ലൈനുകൾ വലിക്കാനും, മറ്റ് സിഗ്നൽ പോസ്റ്റുകളിലെ ക്യാമറ നിരീക്ഷണം DVR വഴി റെക്കോർഡ് ചെയ്ത് സൂക്ഷിച്ച് യഥാസമയം പോലീസിന് കൈമാറാനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.
2. ട്രാഫിക് സിഗ്നൽ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ മെട്രോ ആർട്സ് നടത്തേണ്ടതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.
3. സൗത്ത് പോലീസ് സ്റ്റേഷനിൽ ഒരു മുറി ഏർപ്പെടുത്തേണ്ടതും അവിടെ കമ്പ്യൂട്ടറുകളും സെർവറുകളും മോണിറ്ററുകളും മറ്റ് ബന്ധപ്പെട്ട ഉപകരണങ്ങളും നഗരസഭ സ്ഥാപിക്കേണ്ടതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.
4. സിഗ്നൽ പോസ്റ്റുകളുടെ മുകളിൽ 10x3 അടി (ഡബിൾ സൈഡ്) വലിപ്പത്തിലും താഴെ 2x4 അടി

(സ്ക്വയർ) വലിപ്പത്തിലും, കേബിൾ ലൈൻ വലിക്കുന്നതിനായി സ്ഥാപിക്കുന്ന പോസ്റ്റുകളിൽ 3x4 അടി (ഡബിൾ സൈഡ്) വലിപ്പത്തിലും ലൈറ്റ് സംവിധാനമുള്ള പരസ്യ ബോർഡുകൾ പൊതു ജനങ്ങൾക്കു ട്രാഫിക്കിനും തടസ്സം സൃഷ്ടിക്കാത്ത രീതിയിൽ സ്ഥാപിക്കുന്നതിനും കരാറിൽ വ്യവസ്ഥയുണ്ട്.

5. M/s മെട്രോ ആർട്സ് പരസ്യനികുതി ഇനത്തിൽ സ്ക്വയർ മീറ്ററിന് ഒരു വർഷത്തേക്ക് 10 രൂപയായും ഓരോ വർഷാവസാനവും കൗൺസിൽ തീരുമാനിക്കുന്ന വർദ്ധനവ് വരുത്താനുമുള്ള വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. കരാർ കാലാവധിക്ക് ശേഷം കരാർ പുതുക്കാതിരുന്നാൽ സ്ഥാപിച്ച മുഴുവൻ സാധന സാമഗ്രികളും മെട്രോ ആർട്സിന് എടുക്കാവുന്നതാണെന്നും സാധന സാമഗ്രികളുടെ മുഴുവൻ ഉടമസ്ഥാവകാശം മെട്രോ ആർട്സിന് ആണെന്നും കരാറിൽ ഉൾപ്പെടുന്നുണ്ട്.

7. നിലവിലുള്ള 16 ട്രാഫിക് സിഗ്നലുകളും 27 പുതിയ സിഗ്നലുകളുടേയും ലിസ്റ്റ് കരാറിന്റെ ഷെഡ്യൂളായി ചേർത്തിട്ടുണ്ട്.

19-09-2023 ലെ PW6-42054/2013 പ്രകാരം മെട്രോ ആർട്സിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മൂന്ന് മാസത്തിനകം സിഗ്നൽ സിസ്റ്റം പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കേണ്ടതാണെന്നും നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിലായിരിക്കണം സംവിധാനങ്ങൾ സ്ഥാപിക്കേണ്ടത് എന്നും വർക്ക് ഓർഡറിൽ നിബന്ധന വെച്ചിട്ടുണ്ട്. സിഗ്നൽ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ കാലതാമസം കണക്കിലെടുത്ത് 19-09-2014 വരെ സമയപരിധി നീട്ടി നൽകണമെന്ന് മെട്രോ ആർട്സ് 27-11-2013 ന് കത്ത് നൽകിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ 25-10-2014 ലെ നം.20404/പി.എസ്.1/14/പൊ.മ.വ കത്ത് പ്രകാരം നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് എൻ.ഒ.സി ലഭിക്കുന്നതിനായി പരസ്യങ്ങൾ ഒഴിവാക്കിയുള്ള പ്രത്യേകം പ്രപ്പൊസൽ സമർപ്പിക്കാൻ നിർദേശിച്ചിരുന്നു. പാലക്കാട് പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 22/12/2014 ലെ D8-RSW/2014 കത്ത് പ്രകാരം പാലക്കാട് നഗരസഭ അതിർത്തിക്കുള്ളിൽ വരുന്ന പ്രധാന റോഡുകളിൽ പരസ്യങ്ങൾ ഒഴിവാക്കിയും വാഹന ഗതാഗതത്തിന് തടസ്സമുണ്ടാകാത്ത വിധത്തിലും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് എൻ.ഒ.സി നൽകിയിട്ടുണ്ട്.

പരസ്യനികുതി നിരക്ക് 20 ശതമാനം വീതം വർദ്ധിപ്പിച്ച് 2014-15 വർഷത്തേക്ക് Rs.12 ആയും 2015-16 ലേക്ക് Rs.14.4 ആയും നിശ്ചയിച്ചിട്ടുണ്ട്. 2016-17 ലേക്ക് 25 ശതമാനം വർദ്ധിപ്പിക്കാനും ബോർഡുകളിൽ തിരിഞ്ഞ് പോകേണ്ട സ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങൾ കാണിക്കണം എന്നും 10 വർഷം കഴിഞ്ഞാൽ നഗരസഭക്ക് കൈമാറണമെന്ന നിബന്ധനയുംവെക്കാൻ കൗൺസിൽ തീരുമാനിച്ചിരുന്നു. (നം.588/18-11-2016). എന്നാൽ 2016-17 മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള പരസ്യനികുതി ഈടാക്കിയിട്ടില്ല.

ട്രാഫിക് സിഗ്നൽ ലൈറ്റുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നത് അപകടം സംഭവിക്കാൻ കാരണമാകുന്നു എന്ന് കാണിച്ച് ശ്രീ.ഡാനിയർ തോമസ് എന്നിവർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.18133/16 നമ്പർ കേസിന്റെയും ശ്രീ.നെയിൽ ജൂഡ് എന്നിവർ സർക്കാരിന് നൽകിയ പരാതിയുടേയും അടിസ്ഥാനത്തിൽ കേരള റോഡ് സുരക്ഷ അതോറിറ്റി കമ്മീഷണർ 23-01-2018 ലെ 454/എ2/കെ.ആർ.എസ്.എ/2016 കത്ത് പ്രകാരം നൽകിയ നിർദേശം നൽകിയിരുന്നു. ട്രാഫിക് സിഗ്നലുകളിലെ പരസ്യങ്ങൾ മാറ്റുന്നതിന് മെട്രോ ആർട്സിന് നഗരസഭ 24-02-2018നും 03.03.2018 നും അറിയിപ്പ് നൽകിയിരുന്നു. ആയതിനെതിരെ ബഹു.ഹൈക്കോടതി മുമ്പാകെ WP(C)No.10216/18 ആയി മെട്രോ ആർട്സ് കേസ് നൽകിയിട്ടുണ്ട്.

മെട്രോ ആർട്സുമായുള്ള കരാർ 30-09-2023 ന് കരാർ അവസാനിക്കുന്ന സാഹചര്യത്തിൽ നിലവിലെ സ്ഥിതി പരിശോധിക്കുന്നതിന് സെക്രട്ടറി 16-09-2023 ന് നിർദേശം നൽകിയതിനെ തുടർന്ന്

നഗരസഭയിലെ ഓവർസിയർ 24-11-2023 ന് നൽകിയ റിപ്പോർട്ടിൽ 43 സ്ഥലങ്ങളിൽ സിഗ്നൽ ലൈറ്റ് & ക്യാമറ സ്ഥാപിക്കുന്നതിനായാണ് കരാറിൽ ഏർപ്പെട്ടതെന്നും 26 സ്ഥലങ്ങളിൽ മാത്രമാണ് ട്രാഫിക് സിഗ്നൽ സ്ഥാപിച്ചതെന്നും ആയത് കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്നും ക്യാമറ ഒരു സ്ഥലത്തും സ്ഥാപിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. കരാറിലേർപ്പെട്ട സ്ഥാപനം കരാർ പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ കൗൺസിലിന് ശുപാർശ ചെയ്യാൻ 29-11-2023 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച താഴെപ്പറയുന്ന അപാകങ്ങൾക്ക് മറുപടി/വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. 2013 ൽ ആരംഭിച്ച ഈ ഫയൽ പരിശോധിച്ചതിൽ 31-12-2019 മുതലുള്ള നോട്ട് ഫയൽ മാത്രമാണ് ഉള്ളത്. ഫയൽ നഷ്ടപ്പെട്ടതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.
2. മെട്രോ ആർട്സ്സുമായി 13-09-2013 ൽ ചമച്ച കരാർ പ്രകാരം കരാർ കാലാവധിക്ക് ശേഷം കരാർ പുതുക്കാതിരുന്നാൽ സ്ഥാപിച്ച മുഴുവൻ സാധന സാമഗ്രികളും എടുക്കാവുന്നതാണെന്നും സാധന സാമഗ്രികളുടെ മുഴുവൻ ഉടമസ്ഥാവകാശം മെട്രോ ആർട്സിന് ആണെന്നും 12-ാം വ്യവസ്ഥയായി ഉൾപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 18-11-2016 ലെ നഗരസഭ കൗൺസിലിന്റെ 588-ാം നമ്പർ തീരുമാനം പ്രകാരം 10 വർഷം കഴിഞ്ഞാൽ നഗരസഭക്ക് കൈമാറണമെന്ന നിബന്ധനയും വെക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് പുതുക്കിയ നിബന്ധനകൾ ഉൾപ്പെടുത്തി കരാർ ചമച്ചിട്ടില്ല.
3. മൂന്ന് മാസത്തിനകം സിഗ്നൽ സിസ്റ്റം പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കേണ്ടതാണെന്നും നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിലായിരിക്കണം സംവിധാനങ്ങൾ സ്ഥാപിക്കേണ്ടത് എന്നും വർക്ക് ഓർഡറിൽ നിബന്ധന വെച്ചിട്ടുണ്ടെങ്കിലും ഇതനുസരിച്ച് എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല.
4. സൗത്ത് പോലീസ് സ്റ്റേഷനിൽ ഒരു മുറി ഏർപ്പെടുത്തേണ്ടതും അവിടെ കമ്പ്യൂട്ടറുകളും സെർവറുകളും മോണിറ്ററുകളും മറ്റ് ബന്ധപ്പെട്ട ഉപകരണങ്ങളും നഗരസഭ സ്ഥാപിക്കേണ്ടതാണെന്നും കരാറിലെ 3-ാം നമ്പർ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ സൗകര്യം ഏർപ്പെടുത്തുന്നതിനായി നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല.
5. നഗരസഭ പരിധിയിലെ 43 സ്ഥലങ്ങളിൽ സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനായാണ് കരാറിൽ ഏർപ്പെട്ടതെങ്കിലും 26 സ്ഥലങ്ങളിൽ മാത്രമാണ് ട്രാഫിക് സിഗ്നൽ സ്ഥാപിച്ചതെന്ന് 24-11-2023 ന് ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കരാർ ലംഘനത്തിന് മെട്രോ ആർട്സിനെതിരെ നടപടി സ്വീകരിച്ചിട്ടില്ല.
6. മെട്രോ ആർട്സിൽ നിന്നും നഗരസഭക്ക് ആകെ 29,877 രൂപ + സർവീസ് സെസ് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 2015-16ന് ശേഷം യാതൊരു തുകയും നഗരസഭയിൽ അടവാക്കിയിട്ടില്ല. തുക ഈടാക്കാത്തതിനെതിരെ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.
7. ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.18133/16 നമ്പർ കേസിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 78/16-12-2023)

## 1-66-2 കൊച്ചിൻ ഷിപ്പ്യാർഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കൽ- പദ്ധതി പൂർത്തിയായിട്ടില്ല

ഫയൽ നം: E8-13523/18

കൊച്ചിൻ ഷിപ്പ്യാർഡിന്റെ Corporate Social Responsibility (CSR) പദ്ധതിയിൽ പാലക്കാട് നഗരസഭക്ക് 100 ലക്ഷം രൂപ അനുവദിക്കുകയും ഈ ഫണ്ട് ഉപയോഗിച്ച് നഗരത്തിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ട്രഞ്ചിംഗ് ഗ്രൗണ്ടിൽ ആവശ്യമായ വാഹനങ്ങൾ വാങ്ങുന്നതിനുമായി 147 ലക്ഷം രൂപയുടെ ഡി.പി.ആർ നഗരസഭ കൗൺസിലിന്റെ 14-05-2018 ലെ 1709 നമ്പർ തീരുമാന പ്രകാരം

അംഗീകരിക്കുകയും CSR ഫണ്ടിനു പുറമേ പദ്ധതിക്ക് ആവശ്യമായ 47 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ട്രഞ്ചിംഗ് ഗ്രൗണ്ടിലേക്ക് വാഹനങ്ങൾ വാങ്ങുന്നതിനായി 56,77,215 രൂപ ചെലവായിട്ടുണ്ട്. കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിന്നും ലഭ്യമായ 50,00,000 രൂപയും ബാക്കി 6,77,215 രൂപ തനത് ഫണ്ടിൽ നിന്നുമായിട്ടാണ് ചെലവഴിച്ചിട്ടുള്ളത്.

നഗരത്തിലെ 55 ജംഗ്ഷനുകളിൽ 177 ക്യാമറകളിൽ സ്ഥാപിക്കുന്നതിന് എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജിന്റെ സഹകരണത്തോടെ സ്പെസിഫിക്കേഷൻ തയ്യാറാക്കി 23-11-2018 ന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ഇ-ഡിജിറ്റ് ബിസ്സനസ് സൊല്യൂഷൻസ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ 76,18,292 രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും 25-01-2019 ന് വർക്ക് സെലക്ഷൻ ഓർഡർ നൽകുകയും 25-01-2019 ൽ സ്ഥാപനവുമായി സെക്രട്ടറി കരാറിലേർപ്പെടുകയും (നം.247/2018-19) 02-02-2019 ന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിന്നും ലഭിച്ച 40,00,000 രൂപ 07-09-2020 ന് സെക്രട്ടറിയുടെ പേരിൽ HDFC ബാങ്കിൽ പുതിയ അക്കൗണ്ട് (നം.50100374798446) ആംഭിച്ച് അതിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ക്യാമറകൾ പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതി, ബാറ്ററി ബാക്ക് അപ് തുടങ്ങിയവയും പോലീസ് കൺട്രോൾ റൂമിലേക്കുള്ള കണക്ടിവിറ്റി നൽകുകയും ആയത് 10 വർഷത്തേക്ക് സൗജന്യമായും തുടർന്ന് 7 വർഷത്തേക്ക് സൗജന്യ Extended Maintanance ഉം നൽകാമെന്നും പോളുകളിൽ സ്ഥാപിക്കുന്ന 10x3 അടി വലിപ്പമുള്ള പരസ്യ ബോർഡുകളിൽ നിന്നുള്ള വരുമാനം 10 വർഷത്തേക്ക് ഇ-ഡിജിറ്റ് ബിസിനസ് സൊല്യൂഷൻസിന് നൽകണമെന്നുമുള്ള 23 അധിക നിബന്ധനകൾ 06-11-2020 ലെ 2831 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

തുടർന്ന് പോളുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെയും ദേശീയ പാത വിഭാഗത്തിന്റെയും അനുമതികൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 13-08-2020, 26-07-2021 03-08-2021 തിയതികളിൽ നഗരസഭ നോട്ടീസ് നൽകിയിട്ടുണ്ട്. 2021 നവംബർ മാസം പ്രവൃത്തി പൂർത്തീകരിച്ച് ടെസ്റ്റിംഗ് നടത്തി 2021 ഡിസംബറിൽ നഗരസഭക്ക് കൈമാറുന്നതാണെന്ന് സ്ഥാപനം 07-09-2021 ന് മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാത്തിനെ തുടർന്ന് നഗരസഭ കക്ഷിക്ക് വീണ്ടും കത്തുകൾ നൽകിയിട്ടുണ്ട്.

ഇ-ഡിജിറ്റ് ബിസിനസ് സൊല്യൂഷൻ 11-05-2023 ന് നൽകിയ കത്ത് പ്രകാരം 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിക്കുകയും പരസ്യം സ്ഥാപിക്കാൻ അനുമതി നൽകണമെന്ന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നഗരസഭ ചെയർപേഴ്സന്റെ നിർദേശം നൽകിയതിനെ തുടർന്ന് തൂണുകൾ സ്ഥാപിച്ചതായും വൈദ്യുതി, ഇന്റർനെറ്റ് കണക്ഷൻ എടുത്തിട്ടുള്ളതായും എന്നാൽ ക്യാമറയും മറ്റ് ഹാർഡ്‌വെയറുകളും സ്ഥാപിച്ചിട്ടില്ലെന്നും അസി.എഞ്ചിനീയർ 03-06-2023 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്യാമറകൾ സ്ഥാപിച്ച് പൂർണ്ണമായും പ്രവർത്തന സജ്ജമായി പോലീസിന് ഇതിന്റെ Live View ലഭിച്ചതിന് ശേഷം മാത്രമേ പരസ്യം പ്രദർശിപ്പിക്കാവൂ എന്ന് 26-06-2023 ന് അറിയിപ്പ് നൽകിയിട്ടുണ്ട്. പോളുകളിൽ പരസ്യം സ്ഥാപിക്കുന്നതിനെതിരെ നഗരസഭ കൗൺസിലർമാരായ ശ്രീ.സെയ്തുമീരാൻ, ശ്രീ.ബി.സുഭാഷ് എന്നിവർ ബഹു.ഹൈക്കോടതി മുമ്പാകെ WP(C)No.17793/22 പ്രകാരം ഹർജി നൽകിയിട്ടുണ്ട്.

CSR ഫണ്ട് ഉപയോഗിച്ച് സുരക്ഷ ക്യാമറകൾ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള 55 ജംഗ്ഷൻ/സ്ഥലങ്ങളിൽ പലതും 2013 ൽ തന്നെ മെട്രോ ആർട്സ് എന്ന സ്ഥാപനത്തിന് ക്യാമറ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളവയാണ്. പട്ടിക താഴെ ചേർക്കുന്നു.

1. ഒലവക്കോട് ജംഗ്ഷൻ
2. വിക്ടോറിയ കോളേജ് ജംഗ്ഷൻ
3. മോയൻസ് സ്കൂൾ ജംഗ്ഷൻ
4. സുൽത്താൻപേട്ട ജംഗ്ഷൻ

5. സ്റ്റേഡിയം ബസ് സ്റ്റാന്റ് ജംഗ്ഷൻ
6. കൽമണ്ഡപം ജംഗ്ഷൻ
7. SBI ജംഗ്ഷൻ
8. പാലാട്ട് ജംഗ്ഷൻ
9. BEM സ്കൂൾ ജംഗ്ഷൻ
10. സിവിൽ സ്റ്റേഷൻ ജംഗ്ഷൻ

ഒരേ സ്ഥലത്ത് രണ്ട് പ്രൊജക്ടുകൾ പ്രകാരം ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകത അറിയിക്കേണ്ടതാണ്. 02-02-2019 ന് വർക്ക് ഓർഡർ നൽകി നാല് വർഷം പൂർത്തിയായിട്ടും പ്രൊജക്ട് പൂർത്തീകരിക്കാത്തത് ആശാസ്യമല്ല. സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് തൽസമയ ദൃശ്യങ്ങൾ പോലീസ് കൺട്രോൾ റൂമിൽ ലഭ്യമാക്കി പ്രൊജക്ട് പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൊച്ചിൻ ഷിപ്പ്യാർഡിൽ നിന്നും ആകെ ലഭ്യമായിരിക്കുന്നത് 90,00,000 രൂപയാണ്. ബാക്കി 10,00,000 രൂപ ലഭ്യമാക്കാനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-67 കണ്ടിജന്റ് പെൻഷനേഴ്സ് / കുടുംബ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിച്ചിട്ടില്ല**

ജി.ഒ.(പി) നം.168/2021/ധന തീയതി 08.12.2021 പ്രകാരം കണ്ടിജന്റ് പെൻഷനേഴ്സ് / കുടുംബ പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പെൻഷനർമാർക്ക് നാളിതുവരെയായി കുടുംബ പെൻഷൻ പരിഷ്കരിച്ചതായി കാണുന്നില്ല.

| ക്രമ നം | പേര് | നിലവിലെ കുടുംബ പെൻഷൻ | ക്ഷാമാശ്വാസം |
|---|---|---|---|
| 1 | സുലോചന/ കെ.സി. മുത്തു | 4500 | 6975 |
| 2 | മയിലമ്മ | 5810 | 9006 |
| 3 | മുരുകമ്മാൾ | 6275 | 9727 |
| 4 | കോമളം/ കെ.സി. മുത്തു | 4050 | 6278 |
| 5 | കനകം/ മണി | 7850 | 12168 |
| 6 | തങ്കമ്മ/ സുബ്രഹ്മണ്യൻ | 8648 | 13405 |
| 7 | ശ്യാമള/ കൃഷ്ണകുമാർ | 9191 | 14247 |
| 8 | ലക്ഷ്മി/ രാമൻ | 0 | 0 |
| 9 | രാധ/ ബാലചന്ദ്രൻ വി. മന്നാടിയാർ | 1450 | 102 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല (52/29.11.2023).

ജി.ഒ.(പി)168/2021/ധന, തിയതി 08.12.2021 ലെ ഖ.XX പ്രകാരം 01.04.2022 മുതൽ പ്രീ -റിവൈസ്ഡ് റേറ്റിൽ പെൻഷൻ നൽകേണ്ടതില്ല. പെൻഷൻ പുതുക്കുന്നതിനുള്ള അപേക്ഷ 31.03.2022 വരെ അതത് മുനിസിപ്പൽ /നഗരസഭ കാര്യാലയത്തിൽ സമർപ്പിക്കാത്തവർക്ക് 01/07/2019 ന് മുൻപുള്ള അടിസ്ഥാന പെൻഷനും പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി പുതുക്കിയ നിരക്കിലുള്ള ക്ഷാമാശ്വാസം മാത്രവും അനുവദിക്കേണ്ടതാണ് എന്ന് ഉത്തരവായിട്ടുണ്ട്. ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-68 സ്ഥിരം കണ്ടിജന്റ് ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി -അവലോകനം**

2022-23 സാമ്പത്തിക വർഷത്തെ കണ്ടിജന്റ് എസ്റ്റാബ്ലിഷ്മെന്റ് സാലറി ബിൽ, എച്ച്1(എച്ച്3)3077/19 നമ്പർ ഫയൽ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRAN നമ്പർ ലഭ്യമാകാത്ത ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും എൻ പി എസ് വിഹിതം കുറവ് ചെയ്യുന്നു

സാനിറ്റേഷൻ വർക്കർ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ.വെങ്കയ്യൻ സുബ്രഹ്മണ്യൻ, ശ്രീമതി.രാജി.ആർ, 24.06.2020ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.വിശ്വനാഥൻ എന്നിവർക്ക് PRAN നമ്പർ ലഭിക്കാത്തതിനാൽ ടിയാളുകളുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്തിട്ടുള്ള പങ്കാളിത്ത പെൻഷൻ വിഹിതം നാളിതുവരെ LSGD അർബൻ ഡയറക്ടർക്ക് അടവാക്കിയിട്ടില്ല.

2) PRAN നമ്പർ ലഭ്യമായ ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നില്ല

18.10.2022ന് ജോലിയിൽ പ്രവേശിച്ച ശ്രീ.കെ.മാരിമുത്തുവിന് PRAN നമ്പർ (110138688366) അനുവദിച്ചുകൊണ്ട് NSDL E-governance പോർട്ടലിൽ നിന്നും (03.03.2023ലെ കത്ത്) ഇ-മെയിലായി അറിയിപ്പ് ലഭ്യമായിട്ടുണ്ടെങ്കിലും ടിയാന്റെ ശമ്പളത്തിൽ നിന്നും നാളിതുവരെയായി പങ്കാളിത്ത പെൻഷൻ വിഹിതം കുറവ് ചെയ്തിട്ടില്ല.

3) ശ്രീമതി. ആഞ്ചല.ജി എന്നവർക്ക് PRAN Card ലഭ്യമാക്കുന്നതിനായി അപേക്ഷയും കത്തും നൽകിയത് 21.06.2022ന് ഒപ്പ് വെച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

4) ജീവനക്കാരിൽ നിന്നുമുള്ള എൻ.പി.എസ് വിഹിതം അടവാക്കിയത് ഓൺലൈൻ എൻട്രി വരുത്തുന്നില്ല

എച്ച്1(എച്ച്3)3077/19 നമ്പർ ഫയലിലെ 24.11.2023ലെ കുറിപ്പ് പ്രകാരം “2022 വർഷം മുതൽ പങ്കാളിത്ത പെൻഷൻ വിഹിതം അടവാക്കിയ വിവരം സ്ഥാപന വെബ്ബിൽ ഓൺലൈൻ എൻട്രി വരുത്തിയിട്ടില്ലെന്ന്" രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല(57/04.12.2023).

ഓഡിറ്റ് നിർദേശം

1.ജീവനക്കാരിൽ നിന്നും കുറവ് ചെയ്തിട്ടുള്ള തുക എങ്ങനെ അക്കൗണ്ട് ചെയ്യുന്നു എന്നതും PRAN നമ്പർ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ കുറവു ചെയ്ത തുക എപ്രകാരം സൂക്ഷിക്കുന്നു എന്നതിനും വിശദീകരണം നൽകേണ്ടതാണ്.

2.18.10.2022ന് ജോലിയിൽ പ്രവേശിച്ച ശ്രീ.കെ.മാരിമുത്തുവിന്റെ (PRAN നമ്പർ 110138688366) ശമ്പളത്തിൽ നിന്നും പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3. ശ്രീമതി. ആഞ്ചല.ജി എന്നവർക്ക് PRAN നമ്പർ അനുവദിച്ചതിന്റെയും വിഹിതം ശമ്പളത്തിൽ നിന്നും ഈടാക്കിയതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

4.പങ്കാളിത്ത പെൻഷൻ വിഹിതം സംബന്ധിച്ച് യഥാസമയം സ്ഥാപന ഓൺലൈൻ വെബ്ബിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

**1-69 സോളാർ പ്ലാന്റ് - മീറ്റർ റീഡിംഗ് നിരീക്ഷിക്കേണ്ടതാണ്**

ഫയൽ നം - ഇ1/ഇ8/57447/16- സോളാർ പ്ലാന്റ്

പാലക്കാട് നഗരസഭ റോബിൻസൺ റോഡിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പ്ലാന്റിൽ നിന്നുള്ള (KSEB Consumer No: 1165172000746) 01.04.2022 മുതലുള്ള പ്രൊഡക്ഷൻ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ഹാജരാക്കുന്നതിന് ഓഡിറ്റ്

അന്വേഷണത്തിന്(63/06.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സോളാർ പ്ലാന്റിൽ നിന്നുള്ള പ്രൊഡക്ഷൻ സംബന്ധിച്ച മീറ്റർ റീഡിങ്ങ് രേഖപ്പെടുത്തിയ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

**1-70 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ – വാർഷിക പദ്ധതി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കുന്നില്ല**

സ.ഉ(കൈ)നം.86/2022/ത.സ്വ.ഭ.വ തീയതി 19.04.2022 - മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 14ാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിലെ മാർഗ്ഗരേഖ ഖണ്ഡിക 12.3 അനുസരിച്ച് വ്യക്തികൾക്കും കുടുംബങ്ങൾക്കുമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ട്.

(എ) അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം ലഭിക്കുന്ന തരത്തിൽ അവസാന തീയതിയും, സമയവും നിശ്ചയിച്ച് നൽകണം. എല്ലാവിധ പൊതുസാമൂഹ്യസംഘടനാ സംവിധാനങ്ങളിലൂടെയും അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യണം. വ്യാപകമായ പ്രചാരണം നൽകണം.

(ബി) അപേക്ഷ സ്വീകരിച്ചശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് അതാത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കണം.

(സി) അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം. ഒരേ മാർക്ക് വരുന്ന സാഹചര്യത്തിൽ അപേക്ഷകന്റെ വയസ്സിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകണം.

(ഡി) അർഹരായ അപേക്ഷകരുടെ കരട് മുൻഗണനാ ലിസ്റ്റ് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പ്രസിദ്ധീകരിക്കണം. പത്ത് ദിവസത്തെ സമയം നൽകണം.

(ഇ) ആക്ഷേപങ്ങൾ പരിഗണിച്ച് പരിഷ്കരിക്കുന്ന കരട് മുൻഗണനാലിസ്റ്റ്, അപേക്ഷകൾ സഹിതം വാർഡ് സഭ/ വാർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും, ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റ് വാർഡ് സഭ വാർഡ് കമ്മിറ്റി അംഗീകരിച്ച് മിനിട്സിൽ തീരുമാനം രേഖപ്പെടുത്തുകയും വേണം.

(എഫ്) വാർഡ് സഭ/ വാർഡ് കമ്മിറ്റി അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ മുൻഗണനാക്രമം മാറ്റാതെ ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്.

(ജി) അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം.

(എച്ച്) കൗൺസിൽ അംഗീകരിച്ച തദ്ദേശഭരണ സ്ഥാപന മുൻഗണനാ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറണം.

(ഐ) പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകുന്നതിന് ഉദ്ദേശിക്കുന്ന എണ്ണത്തെക്കാൾ കൂടുതലാണ് ഗുണഭോക്താക്കളുടെ എണ്ണമെങ്കിൽ ഓരോ വാർഡിലെയും അർഹരായ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി വേണം ആനുകൂല്യം നൽകേണ്ടത് .

(ജെ) അപേക്ഷകരുടെ എണ്ണത്തെ എല്ലാ വാർഡുകളിലെയും അർഹരായ അപേക്ഷകരുടെ ആകെ എണ്ണം കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന സംഖ്യയെ പ്രോജക്ട് പ്രകാരം തൻവർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ച് ആ വാർഡിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കണം .

(കെ) അംഗീകരിച്ച മുൻഗണനാലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം സമാനസ്വഭാവമുള്ള പ്രോജക്ട് മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാവൂ. വേണ്ട തുടർവർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിനു ഗുണഭോക്താക്കളേയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് മുൻഗണനാക്രമത്തിൽ എടുക്കേണ്ടതാണ്.

(എൽ) ഗുണഭോക്താവിന് ആനുകൂല്യങ്ങൾ നൽകുന്നതിന് മുമ്പ് ഗുണഭോക്താവിന്റെ അർഹത നിർവ്വഹണ ഉദ്യോഗസ്ഥ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതും ആനുകൂല്യങ്ങൾക്ക് തികച്ചും അർഹനാണെന്ന് ബോധ്യപ്പെട്ട ശേഷം മാത്രം ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്.

(എം) ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പ്രോജക്ടുകളുടെ കാര്യത്തിൽ പ്രോജക്ട് പൂർത്തിയായാലുടൻ പ്രോജക്ടിൽ ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അത് നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

2022-23 വർഷം വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ "ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ നഗരസഭ പരിധിയിൽ സ്ഥാപിക്കുക, ഭവന പുനരുദ്ധാരണം, വീട് വാസയോഗ്യമാക്കൽ, പെണ്ണാട് വളർത്തൽ, കന്നുകുട്ടി പരിപാലനം, കോക്ലിയർ ഇംപ്ലാന്റേഷൻ" എന്നീ പ്രൊജക്ടുകൾ മേൽ വ്യവസ്ഥകൾ പാലിക്കാതെയാണ് നടപ്പിലാക്കിയിരിക്കുന്നത്. കൂടാതെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും, വിവിധ പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ വിവരവും നഗരസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

വിവിധ പ്രൊജക്ടുകൾ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സ.ഉ(കൈ)നം.86/2022 /ത.സ്വ.ഭ.വ തീയതി 19.04.2022 - മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 14ാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിലെ മാർഗ്ഗരേഖ ഖണ്ഡിക 12.3-ലെ വ്യവസ്ഥകൾ അനുസരിച്ചാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരേ ചെലവിന് രണ്ടു തവണ തുക നൽകി

27.09.2022 ന് തിരുവനന്തപുരത്ത് നടന്ന യോഗത്തിൽ പങ്കെടുക്കുന്നതിനായി യാത്ര ചെയ്ത വേളയിൽ KL 09 AG 9000 എന്ന ഔദ്യോഗിക വാഹനത്തിൽ ഇന്ധനം നിറച്ചതിന് സെക്രട്ടറി ഇൻ ചാർജ്ജ് ആയിരുന്ന ശ്രീമതി.അനിതാദേവി.എ.എൻ ന് 1500/- രൂപ രണ്ടു തവണ റീഇമ്പേഴ്സ് ചെയ്തു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | ഇൻവോയ്സ് നമ്പർ | ചെക്ക് നമ്പർ | തനത് ഫണ്ട് വൗച്ചർ നമ്പർ | തുക |
|---|---|---|---|---|
| ജി1-34830/22 | 245640 Dt 27.09.2022 | 458370 Dt 25.10.2022 | 726/10-22 | 1500 |
| ഇ2-4089/06 | 245640 Dt 27.09.2022 | 458380 Dt 28.10.2022 | 740/10-22 | 1500 |

ഒരേ ചെലവിന് രണ്ടു തവണ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (65/07.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**3-2 ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - അപാകതകൾ**

**I പ്രൊജക്ട് നമ്പർ- 24/23 (സ്പിൽ ഓവർ)**

നിർവഹണം- ഹെൽത്ത് സൂപ്പർവൈസർ

പ്രൊജക്ട് – കുടിവെള്ള വിതരണം

അടങ്കൽ : 15,94,102 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 15,93,632 രൂ.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | വൗച്ചർ നം & തീയതി | തുക | കൈപ്പറ്റിയ ആൾ |
|---|---|---|---|
| 1 | 39/22-23,40/22-23,18.11.2022 | 9,43,840 | ശ്രീ.ശിവാനന്ദൻ |
| 2 | 79/22-23&80/22-23, 08.02.2023 | 1,63,195 | ശ്രീ.ശിവാനന്ദൻ |
| 3 | 141/22-23, 09.03.2023 | 8,082 | കേരള വാട്ടർ അതോറിറ്റി |
| 4 | 160/2-23, 16.03.2023 | 90,000 | ശ്രീ.ശിവാനന്ദൻ |
| 5 | 174/22-23&175/22-23, 20.03.2023 | 388515 | ശ്രീ.ശിവാനന്ദൻ |

വരൾച്ച മൂലം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി പി എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം നഗരസഭകൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു

| ക്രമ നം | സർക്കാർ ഉത്തരവ് നം & തിയതി | അനുവദനീയമായ കാലയളവ് | പരമാവധി ചെലവഴിക്കാവുന്ന തുക |
|---|---|---|---|
| 1 | സ.ഉ(സാധാ) നം.652/2022 /LSGD, 16.03.2022 | 16.03.2022-31.03.2022 | 11 ലക്ഷം |
| | | 01.04.2022-31.05.2022 | 16.50 ലക്ഷം |

ഈ പ്രൊജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് അപാകതകൾ ചുവടെ ചേർക്കുന്നു.

1. <u>ടെണ്ടർ നിബന്ധനയ്ക്ക് വിരുദ്ധമായി സ്വകാര്യ സ്രോതസ്സിൽ നിന്നുള്ള വെള്ളം വിതരണം ചെയ്തു</u>

A) ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് കരാറുകാരനെ കണ്ടെത്തുന്നതിനുള്ള ഇ-ടെണ്ടർ നോട്ടീസിലെ ( നം.H3-40026/21, 04.01.2022) നിബന്ധന ക്രമ നമ്പർ 3, 4എന്നിവ താഴെ ചേർക്കുന്നു.

"വിതരണത്തിന് മുമ്പ് വെള്ളത്തിന്റെ ഗുണമേന്മ സർട്ടിഫിക്കറ്റ് ഹാജരാക്കണം"

"കേരള വാട്ടർ അതോറിറ്റിയുടെ സ്രോതസ്സിൽ നിന്നു മാത്രമേ വെള്ളം സപ്ലൈ ചെയ്യുവാൻ പാടുള്ളൂ".

വർക്ക് ഓർഡർ നം നം.H3-40026/21, തീയതി 08.03.2022 പ്രകാരം ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകൾക്ക് വിധേയമായി മാത്രം നഗരസഭാ പ്രദേശത്ത് കേരള വാട്ടർ അതോറിറ്റിയുടെ

ശുദ്ധീകരിച്ച പ്ലാന്റിൽ നിന്നും വെള്ളം ശേഖരിച്ച് വിതരണം നടത്തുവാനാണ് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുള്ളത്.

മേൽപറഞ്ഞവയനുസരിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ശുദ്ധീകരിച്ചതും ഗുണമേന്മയുള്ളതുമായ വെള്ളം വിതരണം ചെയ്യുന്നതിനാണ് കരാർ ചമച്ചിരിക്കുന്നത്. ആയതിനു വിരുദ്ധമായി പല ദിവസങ്ങളിലും "തിരുനെല്ലായ്, കല്ലേക്കാട്, മണപ്പുള്ളിക്കാവ്" എന്നീ സ്ഥലങ്ങളിൽ നിന്നും നിരവധി ട്രിപ്പുകൾ ആരംഭിച്ച് വെള്ളം വിതരണം ചെയ്തതിന് തുക അനുവദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റ്, ട്രിപ്പ് ഷീറ്റ് എന്നിവ പരിശോധിച്ചതിൽ നിന്നും ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| തീയതി | KWA യിൽ നിന്നും വിതരണം ചെയ്തത് | KWA യിൽ നിന്നുമല്ലാതെ വിതരണം ചെയ്ത ട്രിപ്പുകളുടെ എണ്ണം /വാഹനത്തിന്റെ നമ്പർ |
|---|---|---|
| 26.03.2022 | 3 ട്രിപ്പ്<br>8000 ലി.വീതം<br>KL09AG1425 | 1 (മേഴ്സി കോളേജ്) (5000 ലിറ്റർ, @ 1175)<br>KL-09 AE 5554 |
| 28.03.2022 | 4ട്രിപ്പ്<br>8000 ലി.വീതം<br>KL09AG1425 | 1 (മേഴ്സി കോളേജ്)(5000 ലിറ്റർ, @ 1175)<br>KL-09 AE 5554 |
| 06.04.2022-10.04.2022 | വിതരണം ഇല്ല | 31(@1175)<br>KL-09 AE 5554 |
| 06.04.2022-10.04.2022 | ,, | 37(@1770)<br>KL-09 AG1425 |
| 11.04.2022-17.04.2022 | 18ട്രിപ്പ് 8000 ലിറ്റർ വീതം<br>KL09AG1425 | 64<br>(46*1175രൂപ-5000ലിറ്റർ, 18*1770രൂപ-8000ലിറ്റർ)<br>KL04AC2816,<br>KL09AG1425,<br>KL09 AE 5554 |
| 18.04.2022-24.04.2022 | 11ട്രിപ്പ് 5000 ലിറ്റർ വീതം, 15 ട്രിപ്പ് 8000 ലിറ്റർ വീതം | 30<br>(18*1175രൂപ-5000ലിറ്റർ, 12*1770രൂപ-8000ലിറ്റർ)<br>KL09AG1425,<br>KL09 AE 5554 |
| 25.04.2022-01.05.2022 | 16ട്രിപ്പ് 8000 ലിറ്റർ വീതം, 1 ട്രിപ്പ് 5000 ലിറ്റർ വീതം | 72<br>(55*1175രൂപ-5000ലിറ്റർ, 17*1770രൂപ-8000ലിറ്റർ)<br>KL09AG1425,<br>KL09 AE 5554 |

B) കേരള വാട്ടർ അതോറിറ്റിയുടെ സ്രോതസ്സിൽ നിന്നല്ലാതെ വെള്ളം വിതരണം നടത്തുവാനുണ്ടായ കാരണം, സ്വകാര്യ സ്രോതസ്സിൽ നിന്നും വിതരണം നടത്തിയ കുടിവെള്ളത്തിന്റെ (കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള) ലാബ് പരിശോധന റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

C) ശ്രീ.ശിവാനന്ദൻ 01.04.2022 ന് ഹെൽത്ത് സൂപ്പർവൈസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ "01.04.2022 മുതൽ മലമ്പുഴയിൽ നിന്നുള്ള സപ്ലൈ ഇല്ലാത്തതിനാൽ സ്വന്തം നിലയ്ക്ക് വെള്ളം സപ്ലൈ ചെയ്യാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു". എന്നാൽ അത്തരമൊരു അപേക്ഷ പരിഗണിക്കാതെ 29.12.2022 ന് സമർപ്പിച്ച അപേക്ഷ പ്രകാരം വാട്ടർ അതോറിറ്റിയുടെ സ്രോതസ്സിൽ നിന്നല്ലാതെയുള്ള വെള്ളം വിതരണം ചെയ്തതിന് 90,000 രൂപ ബിൽ നമ്പർ 160/22-23 Dtd 16.03.2023 പ്രകാരം അനുവദിക്കുകയും ചെയ്തു.

സ്വകാര്യ സ്രോതസ്സിൽ നിന്നും വെള്ളം എടുത്ത് വിതരണം നടത്തിയതിന് കരാറുകാരന് നഗരസഭ നൽകിയ അനുമതിയുടെ വിശദാംശങ്ങൾ, ഇത് സംബന്ധിച്ച് ഭരണ സമിതി തീരുമാനം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ വെള്ളം വിതരണം ചെയ്തതിന് തുക നൽകിയത് ക്രമപ്രകാരമല്ല.

D) നഗരസഭ കരാറുകാരനുമായി ഏർപ്പെട്ട കരാർ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ മലമ്പുഴയിലുള്ള സ്രോതസ്സിൽ നിന്നും ശേഖരിച്ച് നഗരസഭ പ്രദേശത്ത് വിതരണം നടത്തുന്നതിനാണ് ട്രിപ്പ് ഒന്നിന് തുക നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ "തിരുനെല്ലായ്, കല്ലേക്കാട്, മണപ്പുള്ളിക്കാവ് " എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് വിതരണം നടത്തിയ ട്രിപ്പുകൾക്കും ഒരേ തുക നൽകിയത് മൂലം വൻ നഷ്ടം സംഭവിച്ചു.

വാട്ടർ അതോറിറ്റിയിൽ നിന്നുമല്ലാതെ ശേഖരിച്ച വെള്ളം വിതരണം ചെയ്തതിന് അനുവദിച്ച 3,27,280 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

2) GPS – Vehicle Daily Trip Report ലെ വിവരങ്ങളുമായി ഒത്തുനോക്കാതെ തുക അനുവദിച്ചു

A) സർക്കാർ ഉത്തരവ് നം.652/2022/ത.സ്വ.ഭ.വ തിയതി 16.03.2022 ഖണ്ഡിക 2 പ്രകാരം "GPS ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള ഗുണനിലവാരം ഉറപ്പ് വരുത്തി ജനങ്ങൾക്ക് സൗകര്യപ്രദമായ സമയങ്ങളിൽ ആവശ്യത്തിനനുസൃതമായി കുടിവെള്ള വിതരണം നടത്തേണ്ടതും, ചെലവഴിക്കുന്ന തുകയുടെ പൂർണ്ണമൂല്യം ഉറപ്പ് വരുത്തേണ്ടതുമാണ്" എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കുടിവെള്ള വിതരണത്തിന് തുക നൽകിയിരിക്കുന്നത് GPS – Vehicle Daily Trip Report ലെ വിവരങ്ങളുമായി ഒത്തുനോക്കാതെയാണ്. പല ദിവസങ്ങളിലും GPS – Vehicle Daily Trip Report പ്രകാരം വിതരണം നടത്താത്ത ട്രിപ്പുകൾക്കും തുക നൽകിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| തീയതി | വണ്ടി നം | GPS – Vehicle Daily Trip Report | ലോഗ് ബുക്ക് (ട്രിപ്പ് ഷീറ്റ്) |
|---|---|---|---|
| 06.05.2022 | KL09AG 1425 | 12.22.09 Pm ന് ഒളുങ്ങോട് നിർത്തിയ ശേഷം 18.04.41 നാണ് അടുത്ത യാത്ര ആരംഭിച്ചിട്ടുള്ളത് | 3pm ന് കല്ലേക്കാട് To വെണ്ണക്കര |
| ,, | ,, | 11.18.41 Am നാണ് ട്രിപ്പ് ആരംഭിച്ചിട്ടുള്ളത് | 9.30am, 10am എന്നീ സമയങ്ങളിൽ ഒലവക്കോട് നിന്നും ശേഖരീപുരം & മേഴ്സി കോളേജ് എന്നിവിടങ്ങളിലേക്ക് |
| 09.05.2022 | KL09AE 5554 | 19.10.46 ന് ട്രിപ്പ് അവസാനിപ്പിച്ചു | 07.15 Pmന് തിരുനെല്ലായ് To മിഷൻ കോമ്പൗണ്ട്, 08.00pm ന് തിരുനെല്ലായ് |

| | | | |
|---|---|---|---|
| | | | To വെണ്ണക്കര |
| 11.05.2022 | ” | 18.56.09 ന് ട്രിപ്പ് അവസാനിപ്പിച്ചു | 07.30pm ന് തിരുനെല്ലായ് To മിഷൻ കോമ്പൌണ്ട് |
| 12.05.2022 | ” | 18.30.30 ന് ട്രിപ്പ് അവസാനിപ്പിച്ചു | 06.45pm ന് തിരുനെല്ലായ് To മിഷൻ കോമ്പൌണ്ട്, 07.35pm തിരുനെല്ലായ് To കോട്ടമൈതാനം |

GPS – Vehicle Daily Trip Report ലെ വിവരങ്ങൾ പ്രകാരം യഥാർത്ഥത്തിൽ വിതരണം നടത്താത്ത ട്രിപ്പുകൾക്ക് പണം നൽകിയത് നിർവഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ്.

B) 01.06.2022 മുതൽ 30.11.2022 വരെയും 01.12.2022 മുതൽ 15.12.2022 വരെയും കുടിവെള്ളം വിതരണം ചെയ്ത വകയിൽ ശ്രീ.ശിവാനന്ദൻ എന്നവർക്ക് 1,63,195 രൂപ (ബിൽ നമ്പർ)79/22-23,80/22-23 Dtd 08.02.2023) അനുവദിച്ചിട്ടുമുണ്ട്. ടി തിയതികളിലെ വിതരണത്തിനുപയോഗിച്ച വാഹനങ്ങളുടെ GPS – Vehicle Daily Trip Report ഹാജരാക്കിയിട്ടില്ല. GPS – Vehicle Daily Trip Report പരിശോധിച്ച് ഉറപ്പുവരുത്താതെ തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

<u>3) സർക്കാർ ഉത്തരവില്ലാത്ത കാലയളവിൽ കുടിവെള്ളം വിതരണം ചെയ്തതിന് തുക അനുവദിച്ചു- 5,51,710 രൂപയുടെ ചെലവ് നിരാകരിക്കുന്നു</u>

സർക്കാർ അനുമതിയില്ലാതിരുന്ന താഴെപ്പറയുന്ന കാലയളവിൽ കുടിവെള്ളം വിതരണം ചെയ്തതിന് ശ്രീ.ശിവാനന്ദന് തുക അനുവദിച്ചു.

| കാലയളവ് | തുക | ബിൽ നം./തിയതി |
|---|---|---|
| 01.06.2022 – 30.11.2022 | 1,34,935 | 79/22-23, 80/22-23, 08.02.2023 |
| 01.12.2022 – 15.12.2022 | 28,260 | |
| 23.01.2023 – 13.02.2023 | 3,88,515 | 174/22-23, 175/22-23, 20.03.2023 |

മേൽ പ്രകാരം തുക അനുവദിച്ചത് സർക്കാർ ഉത്തരവുകളുടെ ലംഘനവും , ക്രമപ്രകാരമല്ലാതെ തുക ചെലവഴിക്കലുമാണ്. സർക്കാർ ഉത്തരവില്ലാത്ത കാലയളവിൽ കുടിവെള്ളം വിതരണം ചെയ്തതിന് അനുവദിച്ച 5,51,710 രൂപയുടെ ചെലവ് നിരാകരിക്കുന്നു

<u>**II പ്രൊജക്ട് നമ്പർ- 7/23 (New)**</u>

നിർവഹണം- ഹെൽത്ത് സൂപ്പർവൈസർ

പ്രൊജക്ട് – കുടിവെള്ള വിതരണം (New)

അടങ്കൽ : 5,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 4,94,396രു.

| ക്രമ നം | വൗച്ചർ നം & തീയതി | തുക | കൈപ്പറ്റിയ ആൾ |
|---|---|---|---|
| 1 | 177/22-23, 178/22-23 | 4,89,341 | ശിവാനന്ദൻ |

| | | | |
|---|---|---|---|
| 2 | 138/22-23, 09.03.2023 | 5,055 | വീക്ഷണം പത്രം |

വരൾച്ച മൂലം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി പി എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം നഗരസഭകൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു

| ക്രമ നം | സർക്കാർ ഉത്തരവ് നം & തിയതി | അനുവദനീയമായ കാലയളവ് | പരമാവധി ചെലവഴിക്കാവുന്ന തുക |
|---|---|---|---|
| 1 | സ.ഉ(സാധാ) നം. 564/2023/LSGD, 06.03.2023 | 06.03.2023 – 31.03.2023 | 12 ലക്ഷം |
| | | 01.04.2023 – 31.05.2023 | 17ലക്ഷം |

ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് കരാറുകാരനെ കണ്ടെത്തുന്നതിനുള്ള ഇ-ടെണ്ടർ നോട്ടീസിലെ (നം.H3-19453/22 തിയതി 15.12.2022) നിബന്ധന ക്രമ നമ്പർ 2,3 എന്നിവ താഴെ ചേർക്കുന്നു.

"മലമ്പുഴ വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ളം ശേഖരിച്ച് വിതരണം ചെയ്യുന്നതിനുള്ള ഗതാഗത ചെലവും വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം ലഭ്യമാവാത്ത സാഹചര്യത്തിൽ വെള്ളം വിതരണം ചെയ്യുമ്പോഴുള്ള ഗതാഗത ചെലവും വെള്ളത്തിന്റെ ചെലവും പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്."

"കരാറുകാരൻ നഗരസഭ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിലും സമയത്തും വാട്ടർ അതോറിറ്റി പമ്പിംഗ് സ്റ്റേഷനിൽ നിന്നും നടത്തേണ്ടതും വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം ലഭ്യമാവാത്ത സാഹചര്യത്തിൽ വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടത് കരാറുകാരന്റെ ചുമതലയായിരിക്കും"

വർക്ക് ഓർഡർ നം നം.H3-19453/22, തീയതി 19.01.2023 പ്രകാരം ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകൾക്ക് വിധേയമായി മാത്രം നഗരസഭാ പ്രദേശത്ത് കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധീകരിച്ച പ്ലാന്റിൽ നിന്നും വെള്ളം ശേഖരിച്ച് വിതരണം നടത്തുവാനാണ് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുള്ളത്.

ടാങ്കർ ലോറിയിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് നഗരസഭ സെക്രട്ടറിയും , കരാറുകാരനായ ശ്രീ. ശിവാനന്ദനും തമ്മിൽ 19.01.2023 ന് ഒപ്പു വെച്ച കരാർ ഉടമ്പടിലെ വ്യവസ്ഥ താഴെ ചേർക്കുന്നു.

"നഗരസഭ പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ വാർഡുകളിൽ വാട്ടർ അതോറിറ്റിയുടെ ശുദ്ധീകരിച്ച പ്ലാന്റിൽ നിന്നും , ടെൻഡർ നോട്ടീസിലെ നിബന്ധനകൾക്ക് വിധേയമായും ആയിരിക്കുമെന്നുമാണ് ".

മേൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) സർക്കാർ ഉത്തരവില്ലാതിരുന്ന കാലയളവിൽ കുടിവെള്ളം വിതരണം ചെയ്തു

സർക്കാർ ഉത്തരവില്ലാതിരുന്ന താഴെപ്പറയുന്ന കാലയളവിൽ കുടിവെള്ളം വിതരണം ചെയ്തതിന് ശ്രീ.ശിവാനന്ദന് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല.

| കാലയളവ് | തുക |
|---|---|
| 26.02.2023 – 04.03.2023 | 1,11,440 (560 കിലോ ലിറ്റർ) |

| | |
|---|---|
| 05.03.2023 | 15,522 (78 കിലോ ലിറ്റർ) |

മേൽ പ്രകാരം തുക അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 1,26,962 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

2) വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല

26.02.2023 മുതൽ 18.03.2023 വരെ കുടിവെള്ളം ശേഖരിച്ചിട്ടുള്ളത് തിരുനെല്ലായ്, കല്ലേക്കാട് എന്നിവിടങ്ങളിൽ നിന്നുമാണ്. വാട്ടർ അതോറിറ്റിയുടെ ശുദ്ധീകരിച്ച പ്ലാന്റിൽ നിന്നും വെള്ളം ലഭ്യമാക്കാതെ ടിയാൻ വിതരണം ചെയ്ത വെള്ളത്തിന് 4,89,341 രൂപ അനുവദിച്ചു. വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം ലഭിക്കാത്ത സാഹചര്യത്തിൽ മാത്രമാണ് വിതരണം ചെയ്യുന്ന വെള്ളത്തിന് 199/രൂപ Per Kilo Litre എന്ന് അംഗീകരിച്ചിട്ടുള്ളത്. ഇപ്രകാരം വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (51/30.11.2023).

**ഓഡിറ്റ് നിർദേശം**

1. സർക്കാർ ഉത്തരവിലെ നിർദേശങ്ങൾക്കനുസരിച്ച് മാത്രം പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

2. GPS – Vehicle Daily Trip Report ഉം കുടിവെള്ളം വിതരണം ചെയ്ത വാഹനത്തിന്റെ ലോഗും പരിശോധിച്ചതിന് ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്.

3. വാട്ടർ അതോറിറ്റിയിൽ നിന്നുമല്ലാതെ ശേഖരിച്ച വെള്ളം വിതരണം ചെയ്തതിനും ആയതിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്താതെ വൻ തുക കരാറുകാരന് അനുവദിച്ചതിൻമേലും വ്യക്തമായ അന്വേഷണം വകുപ്പ് തലത്തിൽ നടത്തേണ്ടതാണ്.

**3-3 മാലിന്യനിർമ്മാർജന വാഹനങ്ങളുടെ പരിപാലനവും ഇന്ധനചെലവും-പദ്ധതി നിർവഹണത്തിലെ അപാകതകൾ**

പ്രോജക്ട്-മാലിന്യനിർമ്മാർജന വാഹനങ്ങളുടെ പരിപാലനവും ഇന്ധനചെലവും (S071/23)

നിർവഹണം-ഹെൽത്ത് ഓഫീസർ

അടങ്കൽ-8,00,000 (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ്-7,42,613രൂപ

ഹെൽത്ത് ഓഫീസർ നിർവഹണോദ്യോഗസ്ഥനായ മാലിന്യനിർമ്മാർജന വാഹനങ്ങളുടെ പരിപാലനവും ഇന്ധനചെലവും (S071/23) എന്ന പദ്ധതിയുടെ ലക്ഷ്യം മാലിന്യങ്ങൾ ശേഖരിച്ച് മാലിന്യ സംസ്കരണ പ്ലാന്റിൽ എത്തിക്കുന്ന വാഹനങ്ങളുടെ പരിപാലനവും ഇന്ധനച്ചെലവിനുള്ള തുക നൽകലുമാണ്. എന്നാൽ ടി പദ്ധതി പ്രകാരം ബ്രഷ് കട്ടറിനും ഇന്ധനം നിറച്ചതിന് തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ലോഗ് ബുക്കിലെ ഫ്യുവൽ അക്കൌണ്ട് സാക്ഷ്യപ്പെടുത്തുന്നില്ല

മുനിസിപ്പാലിറ്റികളിലെ വാഹന പരിപാലനത്തിനായുള്ള 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടിക്രമങ്ങളനുസരിച്ച് ഇന്ധനം നിറച്ച തിയതി, കിലോമീറ്റർ റീഡിംഗ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന വാഹനങ്ങളുടെ ഫ്യുവൽ അക്കൗണ്ട് താഴെ സൂചിപ്പിച്ചിരിക്കുന്ന തിയതികളിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| വാഹനത്തിന്റെ നമ്പർ | ഇന്ധനം നിറച്ച തിയതി |
|---|---|
| KL09AE 6103 | 06.10.22, 13.10.22, 01.11.22, 05.11,22, 10.11.22, 14.11.22, 18.11.22, 23.11.22, 29.11.22, 05.12.22, 09.12.22, 14.12.22, 19.12.22, 24.12.22, 29.12.22 |
| KL09AC 7769 | 02.10.22, 11.10.22, 01.11.22, 04.11.22, |
| BOBCAT | 30.11.22, 21.12.22 |
| KL09AE 483 | 01.12.22, 08.12.22, 15.12.22, 22.12.22, |
| 05KL09V 1759 | 24.01.23 |

2.മാലിന്യ നിർമ്മാർജ്ജന വാഹനങ്ങളുടെ ഇന്ധനചെലവിന് തുക അനുവദിക്കുന്നതിനൊപ്പം ബ്രഷ് കട്ടറിന് ഇന്ധനം നിറച്ചത്, ഓയിൽ പർച്ചേസ് എന്നിവയ്ക്ക് തുക അനുവദിച്ചു-ചെലവ് തുക നിരാകരിക്കുന്നു.

1.2022 ഒക്ടോബർ മാസത്തിൽ ശുചീകരണ വാഹനങ്ങളിൽ ഇന്ധനം നിറച്ച വകയിൽ M/s.N.R.ശ്രീനിവാസൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകേണ്ടിയിരുന്നത് 1,38,703.34 രൂപയാണ്. മേൽ നമ്പർ പദ്ധതി പ്രകാരം മാലിന്യ നിർമ്മാർജ്ജന വാഹനങ്ങളുടെ ഇന്ധനചെലവിന് തുക അനുവദിക്കുന്നതിനൊപ്പം 3-ാം ഡിവിഷനിലെ ബ്രഷ് കട്ടറിന് താഴെപ്പറയുന്ന മൂന്ന് തിയതികളിൽ ഇന്ധനം നിറച്ചതിൽ രണ്ടു ദിവസത്തെ ഇന്ധനം നിറച്ചതിന്റെ തുകയായ (3206.70*2= 6413.40 രൂപ) കൂടി ചേർത്ത് 29.12.2022 ലെ 64/22-23 വൌച്ചർ പ്രകാരം 1,45,117 രൂപ അനുവദിച്ചിട്ടുണ്ട്.

| തിയതി | ഇൻഡന്റ് നം. | ബിൽ നം. | തുക |
|---|---|---|---|
| 01.10.2022 | 1246 | 45199 | 3206.70 |
| 13.10.2022 | 1248 | 45661 | 3206.70 |
| 26.10.2022 | 3552 | 46225 | 3206.70 |

2.27.12.22 ലെ 3477 നമ്പർ ഇൻഡന്റ് പ്രകാരം എ.ആർ.മേനോൻ പാർക്കിലേക്ക് 5ലിറ്റർ ഓയിൽ പർച്ചേസ് ചെയ്ത ഇനത്തിൽ 1500/-രൂപ M/s.N.R.ശ്രീനിവാസൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നവർക്ക് അനുവദിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന വാഹനങ്ങളുടെ ഇന്ധന ചെലവിനോടൊപ്പം മേൽ പ്രകാരം 1500 രൂപ അനുവദിച്ചു.

പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതിന് വിരുദ്ധമായി ചെലവഴിച്ച 6,413.40 രൂപയും 1,500 രൂപയും ചേർത്ത് ആകെ 7,913.40 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

3.ഇന്ധനം നിറച്ചതിന്റെ വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

KL09AC 8399നമ്പർ മിനി ട്രാക്ടറിൽ 24.11.22 തിയതിയിൽ ഹെൽത്ത് ഡിവിഷൻ 5 ൽ നിന്നും നൽകിയ 3388, 3389, 3387 നം. ഇൻഡന്റുകൾ പ്രകാരം 10 ലിറ്റർ ഡീസൽ, 5 ലിറ്റർ ഹൈഡ്രോളിക് ഓയിൽ, ഓരോ ലിറ്റർ വീതം എൻജിൻ ഓയിൽ & ഗിയർ ഓയിൽ നിറച്ചത്, 26.11.22 ലെ 3390 നം. ഇൻഡന്റ് പ്രകാരം 10 ലിറ്റർ ഡീസൽ നിറച്ചത് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 09.06.22 ലെ രേഖപ്പെടുത്തലിന് ശേഷം 06.12.2022 നാണ് രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളത്.

4.ലോഗ്ബുക്കിലെ മീറ്റർ റീഡിംഗിൽ വ്യത്യാസം കാണുന്നു.

26.10.23 തിയതിയിൽ 5-ാം ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ വാഹനങ്ങളുടെ മീറ്റർ റീഡിംഗും ലോഗ് ബുക്കിലെ മീറ്റർ റീഡിംഗും രേഖപ്പെടുത്തിയതിൽ വ്യത്യാസം കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനത്തിന്റെ | മീറ്റർ | ലോഗ് | റിമാർക്സ് |
|---|---|---|---|

| നമ്പർ | റീഡിംഗ് (KM) | ബുക്കിലെ അവസാന റീഡിംഗ്/ തിയതി (KM) | |
|---|---|---|---|
| KL09V 1773 | 4831 | 6237.30/ 20.05.2023 | |
| KL09V 1759 | 9522 | 10789.80/ 30.08.2023 | |
| KL09V 1778 | 6667 | 8558.30/ 20.05.2023 | |
| KL09V 1744 | 5601 | 6734.80 (As On 30.09.2022) 6226.80 (As On 09.12.2022) | KM കുറഞ്ഞുവരുന്ന ക്രമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. |
| KL09V 1774 | 3872 | 7984.80/ 20.01.2023 | |

KL09V 1744 എന്ന വാഹനത്തിന്റെ ലോഗ് ബുക്കിൽ കിലോമീറ്റർ കുറഞ്ഞുവരുന്ന ക്രമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം കസ്റ്റോഡിയൻ ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹന ഉപയോഗം ക്രമപ്രകാരമാണോയെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്, എന്നാൽ അപ്രകാരം പരിശോധിച്ചിട്ടില്ല ആയത് കസ്റ്റോഡിയൻ ഓഫീസറുടെ വീഴ്ചയാണ്.

5.ഉപയോഗശൂന്യമായ വാഹനങ്ങൾ കയ്യൊഴിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

26.10.23 തിയതിയിൽ 5-ാം ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ KL09V 1774, KL09V 1744, KL09V 1778, KL09V 1773, KL09V 1759 എന്നീ വാഹനങ്ങൾ നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. KL09V 1774, KL09V 1744 എന്നീ വാഹനങ്ങളുടെ ലോഗ് ബുക്കിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കിട്ടാത്തതിനാൽ ഓഫീസിൽ വാഹനങ്ങൾ നിർത്തിയിട്ടിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

(39/24.11.2023)

ഓഡിറ്റ് നിർദേശം

1.മുനിസിപ്പാലിറ്റികളിലെ വാഹന പരിപാലനത്തിനായുള്ള 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടിക്രമങ്ങളനുസരിച്ച് ഇന്ധനം നിറച്ച തിയതി, കിലോമീറ്റർ റീഡിംഗ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2.വാഹനത്തിൽ ഇന്ധനം നിറച്ചതിന്റെ വിശദാംശങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

3.2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം കസ്റ്റോഡിയൻ ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹന ഉപയോഗം ക്രമപ്രകാരമാണോയെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

4.വാഹനങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ കഴിയാത്തപക്ഷം, ഉപയോഗ ശൂന്യമായ വാഹനങ്ങൾ കയ്യൊഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരാമർശിച്ച കൊണ്ടുള്ള 16.10.2019 തിയതിയിലെ സർക്കാർ ഉത്തരവ്(കൈ).നം.45/2019/പൊ.മ.വ. ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും അപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

**3-4 ബയോബിൻ വാങ്ങൽ - അപാകങ്ങൾ**

പ്രോജക്ട് നം -72/2023 : ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ നഗരപരിധിയിൽ സ്ഥാപിക്കുക

നിർവഹണം : ഹെൽത്ത് ഓഫീസർ

അടങ്കൽ : 10,00,000 (9,00,000 ധനകാര്യ കമ്മീഷൻ അവാർഡ് + 1,00,000 ഗുണഭോക്തൃ വിഹിതം)

ചെലവ് : 8,52,212 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) (8,48,000+ 4,212-പരസ്യച്ചെലവ്)

ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ നഗരപരിധിയിൽ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയിൽ 400 ഗുണഭോക്താക്കൾക്കായി ബയോബിന്നുകൾ വാങ്ങുന്നതിനായി 8,48,000 രൂപ ബിൽ നം. 26/23, 24.03.23 പ്രകാരം പിൻവലിച്ച് സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (എസ്.ഇ.യു.എഫ്), മലപ്പുറം എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

**എ.ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല**

സർക്കാർ ഉത്തരവ് (കൈ)നം.86/2022/എൽ.എസ്.ജി.ഡി തിയതി 19.04.2022 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 12.3 ൽ പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയ്ക്ക് മുൻപ് ആവശ്യകത നിർണ്ണയിക്കാതെ 400 ബയോബിന്നുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ പ്രൊജക്ടിന് വേണ്ട ഗുണഭോക്തൃ ലിസ്റ്റ് കൗൺസിൽ അംഗീകാരത്തിനായി അജണ്ട സമർപ്പിച്ചിട്ടുള്ളത് 14.08.2023 ന മാത്രമാണ്.

**ബി.ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല**

സർക്കാർ ഉത്തരവ് (കൈ)നം.115/2022/ത.സ്വ.ഭ.വ തിയതി 28.05.2022 -സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8(എ) അനുസരിച്ച് ഗാർഹിക ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് 10% ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കാതെ 400 ബയോബിന്നുകൾക്കുള്ള മുഴുവൻ തുകയായ 8,48,000 രൂപയും (2120*400) എസ്.ഇ.യു.എഫ് എന്ന സ്ഥാപനത്തിന് പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചത് സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിരുദ്ധമാണ്.

**സി.ബിന്നുകൾ വിതരണം ചെയ്തിട്ടില്ല**

ബയോബിന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നം.28 ൽ ചേർത്തിട്ടുണ്ടെങ്കിലും ആയത് ഓഡിറ്റ് തീയതി വരെ വിതരണം നടത്തിയിട്ടില്ല. കൗൺസിൽ അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് പ്രകാരം അടിയന്തിരമായി ഗുണഭോക്താക്കൾക്ക് ബയോബിന്നുകൾ വിതരണം നടത്തേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം.21/11.10.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് (കൈ)നം.115/2022/ത.സ്വ.ഭ.വ തിയതി 28.05.2022 -സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം ധനദുർവിനിയോഗമായി കണക്കാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഈടാക്കാതെ പദ്ധതിഫണ്ടിൽ നിന്നും പിൻവലിച്ച 84,800.00 രൂപ നിരാകരിക്കുന്നു.

10% ഗുണഭോക്തൃ വിഹിതം ഇനത്തിൽ നൽകേണ്ടതിനു പകരം പദ്ധതി ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 84,800.00 രൂപ ഗുണഭോക്താക്കൾ/നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് മതിയായ വിശദീകരണത്തിന്റെ അഭാവത്തിൽ 7,63,200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രികയുടെ പരിശോധന സാക്ഷ്യപത്രം ഖണ്ഡിക 1-1 ആയി ചേർത്തിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾ ഇല്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | പ്രൊജക്ട് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 525/23<br>421/23 | 84,00,000<br>2,90,000 | വിനിയോഗ വിവരങ്ങൾ ഇല്ല | 86,90,000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 97/23 | 23,06,040 | 3,33,515 | 19,72,525 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

നഗരസഭ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ (വായ്പ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ) ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| PMAY- LIFE HUDCO | 22,18,53,333 | 66,00,000 | 1,82,80,002 | 0 | 21,01,73,331 |

### 4-6 സ്ഥിരനിക്ഷേപം

1) ബാലൻസ് ഷീറ്റിലെ B-13 ഷെഡ്യൂൾ പ്രകാരം 31-03-2023 ന് 7,99,99,999 രൂപയുടെ സ്ഥിര നിക്ഷേപം ഉണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2) പഞ്ചാബ് നാഷണൽ ബാങ്കിൽ 7,25,400രൂപ യുടെ സ്ഥിരനിക്ഷേപം (നം:426000PU00006401, Maturity Date: 28/04/2020) ഉണ്ടെന്ന് 13.02.2020 ൽ ബാങ്ക് നൽകിയ Interest Certificate ൽ കാണുന്നു. ഇത്തരത്തിലൊരു സ്ഥിരനിക്ഷേപത്തിന്റെ വിവരം വാർഷികക്കണക്കിൽ കാണുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുകളില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2000-01 | 25 | 2000-01 | 120,121 | വാർഷിക ധനകാര്യ പത്രികയും ഡിസിബി പത്രികയും തയ്യാറാക്കിയത് സ്വകാര്യ ഏജൻസിക്ക് പ്രതിഫലം നൽകിയ തുക 1,20,000/- രൂപ തടസ്സപ്പെടുത്തുന്നു. | തുക അടവാക്കുവാൻ ബാക്കിയുള്ള ജീവനക്കാ രിൽ നിന്നും തുക ഈടാക്കി അയച്ചു തരുന്നതിനുള്ള നടപടികൾക്കായി ഗവ.സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പിന് ലിസ്റ്റ് സഹിതം 24.11.2017, 27.12.2018 എന്നീ തിയതികളിലായി എ4-14445/11 പ്രകാരം കത്തു നൽകിയിട്ടുണ്ട് |
